# സാമൂഹ്യശാസ്ത്രം I

X



TB/X/2016/900(M)

കേരളസർക്കാർ

വിദ്യാഭ്യാസവകുപ്പ്

# ഭാരതത്തിന്റെ ഭരണഘടന

## ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ്:**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയു ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയ ദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക കയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാ തത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവു പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സംസ്കാരസമന്വയത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറ ത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിര സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയു ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്ത ക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽക ഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക.

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാന ത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

TB/ X/ 2016/ 900 (ഗ)

# സാമൂഹ്യശാസ്ത്രം I

## സ്റ്റാൻഡേർഡ് X

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2016

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീസഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695 012, Kerala
*Website* : www.scertkerala.gov.in
*e-mail* : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT; Printed at : KBPS, Kakkanad, Kochi
© Department of Education, Government of Kerala

പ്രിയപ്പെട്ട കുട്ടികളേ,

സാമൂഹ്യശാസ്ത്രപഠനം സമൂഹത്തെക്കുറിച്ചുള്ള സമഗ്രമായ പഠനമാണ്. മനുഷ്യരാശിയുടെ മഹത്തായ പുരോഗതിയാണതിൽ ചർച്ച ചെയ്യുന്നത്. സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക, പാരിസ്ഥിതിക വീക്ഷണകോണിലൂടെ വസ്തുതകളെ വിശകലനം ചെയ്യുന്നതും മനുഷ്യന്റെ ബഹുമുഖമായ വളർച്ചയുടെ ചിത്രം നൽകുന്നതുമാവണം സാമൂഹ്യശാസ്ത്രപഠനം.

വർത്തമാനകാലവും ഭൂതകാലവും തമ്മിലുള്ള നിരന്തര സംഭാഷണമാണ് ചരിത്രം. ഭൂതകാലത്തെക്കുറിച്ചാണ് പ്രതിപാദിക്കുന്നതെങ്കിലും വർത്തമാനകാലത്തിലേക്കാണ് അത് വെളിച്ചം പകരുന്നത്. ഭാവിയിലേക്കുള്ള ദിശാബോധവും അത് നൽകുന്നു. രാഷ്ട്രതന്ത്രശാസ്ത്രവും സമൂഹശാസ്ത്രവും സമകാലിക ജീവിതത്തിന്റെ നേർക്കാഴ്ചകളായി പുതിയ അനുഭവതലമൊരുക്കുകയും പൗരബോധം, സാമൂഹികപ്രതിബദ്ധത എന്നിവ വളർത്തിയെടുക്കുകയും ചെയ്യുന്നു. വ്യത്യസ്തമായ വിജ്ഞാനശാഖകളാണെങ്കിലും ചരിത്രവും രാഷ്ട്രതന്ത്രവും സമൂഹശാസ്ത്രവും നിരവധി സമാനതകൾ പുലർത്തുന്നുണ്ട്.

മനുഷ്യസാഹോദര്യം, സാർവലൗകികവീക്ഷണം, മതേതര – ജനാധിപത്യ ബോധം എന്നിവ വളർത്താനും മൂല്യബോധമുള്ള ഒരു സമൂഹം സൃഷ്ടിക്കാനും സാമൂഹ്യശാസ്ത്രപഠനം അനിവാര്യമാണെന്ന കാഴ്ചപ്പാടിലാണ് ഈ പാഠപുസ്തകം തയാറാക്കിയിട്ടുള്ളത്. ചരിത്രം, രാഷ്ട്രതന്ത്രശാസ്ത്രം, സമൂഹശാസ്ത്രം എന്നീ വിഷയമേഖലകൾ ഉൾച്ചേർത്ത് ലളിതവും ആകർഷകവുമായാണ് ഈ പാഠപുസ്തകം നിങ്ങളിലേക്കെത്തുന്നത്.

വസ്തുതകളെ സർഗാത്മകമായും വിമർശനാത്മകമായും വിലയിരുത്താൻ സാമൂഹ്യശാസ്ത്ര പാഠപുസ്തകവും പഠനപ്രവർത്തനങ്ങളും സഹായിക്കും. സാമൂഹ്യശാസ്ത്രപഠനം ആസ്വാദ്യകരമായ അനുഭവമാക്കി മാറ്റാൻ ഇതു നിങ്ങൾക്കു പ്രചോദനമാവും; തുടർജീവിതത്തിന് വഴികാട്ടിയാവുകയും ചെയ്യും.

സ്നേഹാശംസകളോടെ,

**ഡോ. പി.എ ഫാത്തിമ**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

# പാഠപുസ്തക രചനാസമിതി

| | |
|---|---|
| അബ്ദുൽ അസീസ് വി.പി. | വി.പി.കെ.എം.എം.എച്ച്.എസ്.എസ്.,പൂത്തൂർ പള്ളിക്കൽ, മലപ്പുറം |
| അബ്ദുൽസമദ് കെ.സി. | ഗവ.എച്ച്.എസ്.എസ്., വടകര, കോഴിക്കോട് |
| ജമാൽ കെ. | ആർ.എ.സി.എച്ച്.എസ്.എസ്., കടമേരി, കോഴിക്കോട് |
| ജയകൃഷ്ണൻ ഒ.കെ. | കെ.പി.സി.എച്ച്.എസ്.എസ്., പട്ടാന്നൂർ, കണ്ണൂർ |
| ജ്യോതിഷ്കുമാർ ബി. | എം.ജി.എച്ച്.എസ്.എസ്., ഇടത്തറ, പത്തനാപുരം, കൊല്ലം |
| നിജോ ജോസഫ് | എസ്.എച്ച്.ഒ. ഹൈസ്കൂൾ മൂക്കന്നൂർ, തൃശൂർ |
| പ്രദീപൻ ടി. | ജി.എച്ച്.എസ്.എസ്., കല്ലാച്ചി, കോഴിക്കോട് |
| മുരളീധരൻ നായർ പി.എൻ. | എൻ.എസ്.എസ്. എച്ച്.എസ്.എസ്., ആനിക്കാട്, കോട്ടയം |
| യൂസഫ് കുമാർ എസ്.എം. | ഗവ. മോഡൽ ബോയ്സ് എച്ച്.എസ്.എസ്., ആറ്റിങ്ങൽ, തിരുവനന്തപുരം |
| രത്നാകരൻ ടി. | ജി.ബി.എച്ച്.എസ്.എസ്., മലപ്പുറം |
| ഡോ.പി.ടി. ശ്രീകുമാർ | എം.എൻ.കെ.എം. എച്ച്.എസ്.എസ്., പാലക്കാട് |
| ഹുസൈൻ പി. വി. | ഒ.എച്ച്.എസ്.എസ്., തിരൂരങ്ങാടി, മലപ്പുറം |
| ഹരിപ്രദീപ് എസ്. | എസ്.വി.എച്ച്.എസ്., പുല്ലാട്, തിരുവല്ല, പത്തനംതിട്ട |
| ചിത്രാ മാധവൻ | റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി. |
| യഹിയ പി. | ജി.ജി.എം.ജി.എച്ച്.എസ്.എസ്., ചാലപ്പുറം, കോഴിക്കോട് (പ്രൂഫ് റീഡിംഗ്) |
| വിനോദ് | കോഴിക്കോട് (ചിത്രരചന) |

## വിദഗ്ധർ

| | |
|---|---|
| ഡോ. അബ്ദുൽ റസാഖ് പി.പി. | അസോസിയേറ്റ് പ്രൊഫസർ, ഡിപാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി, പി.എസ്.എം.ഒ. കോളേജ്, തിരൂരങ്ങാടി |
| ഡോ. ബി. ശോഭനൻ | ഹെഡ്, ഡിപാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി (റിട്ട.), കേരള യൂണിവേഴ്സിറ്റി |
| ഡോ.എൻ.പി. ഹാഫിസ് മുഹമ്മദ് | കോ- ഓർഡിനേറ്റർ, ഡിപാർട്ട്മെന്റ് ഓഫ് സോഷ്യോളജി, കാലിക്കറ്റ് യൂണിവേഴ്സിറ്റി |
| ഡോ. വിജയലക്ഷ്മി | ഹെഡ്, ഡിപാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി (റിട്ട.), എൻ.എസ്.എസ്. കോളേജ്, മഞ്ചേരി, മലപ്പുറം |
| ഡോ. വി. കുഞ്ഞാലി | ഹെഡ്, ഡിപാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി (റിട്ട.), കാലിക്കറ്റ് യൂണിവേഴ്സിറ്റി |
| ഡോ. സി. സെയ്തലവി | മലയാളം സർവകലാശാല, തിരൂർ, മലപ്പുറം |
| ഡോ. സ്റ്റാനിതോമസ് | അസോസിയേറ്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് പൊളിറ്റിക്കൽ സയൻസ്, സെന്റ് തോമസ് കോളേജ്, പാല, കോട്ടയം |

## അക്കാദമിക് കോ-ഓർഡിനേറ്റർ

മനോജ് കെ. വി. റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം-695 012

# ഉള്ളടക്കം


| | | |
|---|---|---|
| 01. | ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ | 09-30 |
| 02. | ലോകം ഇരുപതാം നൂറ്റാണ്ടിൽ | 31-54 |
| 03. | ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും | 55-72 |
| 04. | സംസ്കാരവും ദേശീയതയും | 73-90 |
| 05. | സമരവും സ്വാതന്ത്ര്യവും | 91-106 |
| 06. | സ്വാതന്ത്ര്യാനന്തര ഇന്ത്യ | 107-122 |
| 07. | കേരളം ആധുനികതയിലേക്ക് | 123-144 |
| 08. | പൊതുഭരണം | 145-158 |
| 09. | രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും | 159-170 |
| 10. | പൗരബോധം | 171-180 |
| 11. | സമൂഹശാസ്ത്രം : എന്ത്? എന്തിന്? | 181-191 |

ഈ പുസ്തകത്തിൽ പഠനസൗകര്യത്തിനായി ചില ചിഹ്നങ്ങൾ ഉപയോഗിച്ചിരിക്കുന്നു.


അധികവായനയ്ക്ക് - വിലയിരുത്തലിന് വിധേയമാക്കേണ്ടതില്ല


പഠനപുരോഗതി നിർണയിക്കുന്ന ചോദ്യങ്ങൾ


പ്രവർത്തനങ്ങൾ


പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ


വിലയിരുത്താം


തുടർപ്രവർത്തനങ്ങൾ


ഐ.സി.ടി. സാധ്യതകൾ

## പാഠപുസ്തകത്തെക്കുറിച്ച്

പത്താം ക്ലാസിലെ സാമൂഹ്യശാസ്ത്രപാഠപുസ്തകം ഒന്നാംഭാഗത്തിൽ ചരിത്രം, രാഷ്ട്രതന്ത്രശാസ്ത്രം, സമൂഹശാസ്ത്രം എന്നീ വിഷയങ്ങളിലായി ആകെ പതിനൊന്ന് അധ്യായങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഏഴ് അധ്യായങ്ങളിലായാണ് ചരിത്രപാഠഭാഗങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. ആദ്യ രണ്ട് അധ്യായങ്ങൾ ലോകചരിത്രവുമായി ബന്ധപ്പെട്ടതും തുടർന്നുള്ള നാല് അധ്യായങ്ങൾ ആധുനിക ഇന്ത്യയുടെ ചരിത്രവുമായി ബന്ധപ്പെട്ടതുമാണ്. ഒരു അധ്യായം ആധുനിക കേരളത്തിന്റെ ചരിത്രമാണ് ചർച്ചചെയ്യുന്നത്. ചരിത്രസ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്തി 'തീമാറ്റിക്' അവതരണത്തിന്റെ സാധ്യതകൾ പരിഗണിച്ചുകൊണ്ടാണ് പാഠഭാഗങ്ങൾ രൂപപ്പെടുത്തിയിട്ടുള്ളത്. ഏഴാം ക്ലാസിലെ ചരിത്രപാഠങ്ങളുടെ വികസിത രൂപമാണ് പത്താംക്ലാസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മുൻ ക്ലാസുകളിലെ ഉള്ളടക്കമേഖലകളുടെ തുടർച്ചയും വളർച്ചയും ഉറപ്പാക്കുന്ന വിധത്തിലാണ് പാഠഭാഗങ്ങളുടെ ക്രമീകരണം. ഏഴാം ക്ലാസിൽ കാലഗണനയ്ക്കനുസൃതമായി വ്യക്തികൾക്കും പ്രസ്ഥാനങ്ങൾക്കും വസ്തുതകൾക്കും പ്രാധാന്യം നൽകുന്ന സമീപനമാണ് സ്വീകരിച്ചിരുന്നത്. എന്നാൽ പത്താം ക്ലാസിൽ ചരിത്രവസ്തുതകളേക്കാൾ ആശയങ്ങളുടെ വിശകലനത്തിന് ഊന്നൽ നൽകി ചരിത്രപ്രക്രിയ പരിചയപ്പെടുത്താനാണ് ശ്രമിച്ചിട്ടുള്ളത്.

ആധുനിക മനുഷ്യന്റെ ജീവിതത്തിന് അനിവാര്യമായ ആശയങ്ങളായ സ്വാതന്ത്ര്യം, ജനാധിപത്യം, മതേതരത്വം, ദേശീയത തുടങ്ങിയവ രൂപപ്പെട്ടത് വിവിധ വൻകരകളിലായി നടന്ന സ്വാതന്ത്ര്യപ്രക്ഷോഭങ്ങളിലൂടെയും വിപ്ലവങ്ങളിലൂടെയുമായിരുന്നു. ഇത്തരം ആധുനികാശയങ്ങളുടെ ക്രമാനുഗതമായ വളർച്ചയും വികാസവും പരിചയപ്പെടുത്തുകയും വിശകലനം ചെയ്യുകയുമാണ്. 'ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ' എന്ന ആദ്യ അധ്യായത്തിലൂടെ ലക്ഷ്യമിടുന്നത്. ഇരുപതാംനൂറ്റാണ്ടിലെ പ്രധാന സംഭവങ്ങളും അവയുടെ പ്രത്യാഘാതങ്ങളുമാണ് 'ലോകം ഇരുപതാം നൂറ്റാണ്ടിൽ' എന്ന അധ്യായത്തിൽ ചർച്ച ചെയ്യുന്നത്. സംഭവവിവരണങ്ങളേക്കാൾ പ്രത്യാഘാതങ്ങൾക്കാണ് ഊന്നൽ നൽകിയിരിക്കുന്നത്. മനുഷ്യമനസ്സുകളിലാണ് യുദ്ധം ആരംഭിക്കുന്നത്. അതുകൊണ്ട് മനുഷ്യമനസ്സുകളിൽ തന്നെയാണ് പ്രതിരോധങ്ങൾ പടുത്തുയർത്തേണ്ടതും എന്ന കാഴ്ചപ്പാടാണ് ഈ അധ്യായത്തിന്റെ അടിസ്ഥാന ആശയം. തുടർന്ന് ആധുനിക ഇന്ത്യയുടെ ചരിത്രം ചർച്ച ചെയ്യുന്നു.

ബ്രിട്ടീഷ് സാമ്രാജ്യത്വചൂഷണവും അതിനോടുള്ള പ്രതികരണമെന്ന നിലയിൽ വളർന്നുവന്ന ഇന്ത്യൻ ദേശീയതയുമാണ് ആധുനിക ഇന്ത്യയുടെ ചരിത്രം രൂപപ്പെടുത്തിയത്.

ബ്രിട്ടീഷ് ചൂഷണം ഇന്ത്യയിലെ വിവിധ ജനവിഭാഗങ്ങളെ സാമ്രാജ്യത്വവിരുദ്ധ ബോധത്തിലേക്ക് - സാമ്പത്തികദേശീയതയിലേക്ക് - നയിച്ചതെങ്ങനെയെന്നാണ് 'ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും' എന്ന അധ്യായം ചർച്ച ചെയ്യുന്നത്.

ദേശീയത ഇന്ത്യയുടെ സാംസ്കാരികമേഖലയിൽ ഏതെല്ലാം അനുരണനങ്ങൾ സൃഷ്ടിച്ചുവെന്നാണ് 'സംസ്കാരവും ദേശീയതയും' വ്യക്തമാക്കുന്നത്. ഇന്ത്യയിലെ വിദ്യാസമ്പന്നർക്കും ഉയർന്ന വിഭാഗങ്ങൾക്കുമിടയിൽ ഒതുങ്ങിനിന്നിരുന്ന ദേശീയപ്രസ്ഥാനം ജനകീയസ്വഭാവം കൈവരിച്ചതെങ്ങനെയെന്ന് 'സമരവും സ്വാതന്ത്ര്യവും' എന്ന അധ്യായം വിശദമാക്കുന്നു.

സ്വാതന്ത്ര്യാനന്തര ഇന്ത്യ നേരിട്ട വെല്ലുവിളികളും പുരോഗതിയിലേക്കുള്ള ഇന്ത്യയുടെ യാത്രയുമാണ് 'സ്വാതന്ത്ര്യാനന്തര ഇന്ത്യ' എന്ന അധ്യായത്തിലൂടെ വ്യക്തമാക്കുന്നത്.

ആധുനികതയിലേക്കുള്ള കേരളത്തിന്റെ പ്രയാണത്തിന്റെ വിവിധ വശങ്ങൾ പരിശോധിക്കുകയാണ് 'കേരളം ആധുനികതയിലേക്ക്' എന്ന അധ്യായം.

രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ ഭാഗമായി 'പൊതുഭരണം' എന്ന അധ്യായത്തിൽ ഇന്ത്യയിലെ പൊതുഭരണ സംവിധാനത്തിന്റെ ആവശ്യകതയും പ്രത്യേകതകളും ഘടനയും ഭരണനവീകരണ നടപടികളും വ്യക്തമാക്കുന്നു.

രാഷ്ട്രത്തിന്റെ രൂപീകരണവും ഘടകങ്ങളും ചുമതലകളും പൗരനും രാഷ്ട്രവും തമ്മിലുള്ള ബന്ധവും രാഷ്ട്രതന്ത്രപഠനത്തിന്റെ അനിവാര്യതയും വ്യക്തമാക്കുന്നതാണ്. 'രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും' എന്ന അധ്യായം.

'പൗരബോധം' എന്ന അധ്യായം ഒരു ജനാധിപത്യസമൂഹത്തിൽ പൗരബോധത്തിന്റെ പ്രസക്തിയും പ്രാധാന്യവും ചർച്ച ചെയ്യുന്നു.

'സമൂഹശാസ്ത്രം : എന്ത്? എന്തിന്?' എന്ന അധ്യായം സമൂഹശാസ്ത്രമെന്ന പഠനമേഖലയുടെ പ്രാധാന്യവും അതിന്റെ പഠനരീതികളും വിശദമാക്കുന്നു.

ജ്ഞാനനിർമാണ പ്രക്രിയയെ സഹായിക്കുന്ന തരത്തിലുള്ള ഉള്ളടക്കമേഖലകളും പഠനപ്രവർത്തനങ്ങളും പ്രതിഫലന ചോദ്യങ്ങളും സ്വയംവിലയിരുത്തൽ ചോദ്യങ്ങളും തുടർപ്രവർത്തനങ്ങളും എല്ലാ അധ്യായങ്ങളിലും ഉൾപ്പെടുത്തിയിട്ടുണ്ട്. പാഠപുസ്തകത്തിന്റെ സാധ്യതകളെ വിപുലീകരിച്ച് അറിവുനിർമാണം കൂടുതൽ ഫലപ്രദവും പ്രവർത്തനാധിഷ്ഠിതവുമാക്കാൻ ശ്രമിക്കുമല്ലോ.





# ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ




കുമാരനാശാൻ സ്മാരകം – കായിക്കര

കുമാരനാശാന്റെ 'ഒരു ഉദ്ബോധനം' എന്ന കവിതയിൽ നിന്നുള്ള വരികൾ രേഖപ്പെടുത്തിയ ഫലകമാണ് ചിത്രത്തിൽ കാണുന്നത്.

മനുഷ്യജീവിതത്തിൽ സ്വാതന്ത്ര്യത്തിന് എത്രമാത്രം പ്രാധാന്യമുണ്ടെന്ന് ഈ വരികൾ ഓർമപ്പെടുത്തുന്നു. നാമോരോരുത്തരും നിത്യജീവിതത്തിൽ എന്തെല്ലാം സ്വാതന്ത്ര്യം അനുഭവിക്കുന്നുണ്ട്?

എല്ലായിടത്തും എല്ലാവർക്കും ഇതുപോലെ സ്വാതന്ത്ര്യം ലഭിച്ചിരുന്നോ? പല നാട്ടിലും സാധാരണക്കാർക്ക് നാം ഇന്നനുഭവിക്കുന്നതുപോലുള്ള സ്വാതന്ത്ര്യം ലഭിച്ചിരുന്നില്ല. സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട ജനതയ്ക്ക് അത് നേടിയെടുക്കാൻ സമരമാർഗങ്ങൾ സ്വീകരിക്കേണ്ടി വന്നു. ചിലർ സഹനസമരത്തിന്റെ മാർഗം തിരഞ്ഞെടുത്തപ്പോൾ മറ്റു ചിലർ സായുധസമരത്തിന്റെ പാത സ്വീകരിച്ചു. സ്വാതന്ത്ര്യവും അവകാശങ്ങളും നിഷേധിക്കുന്ന നിലവിലിരുന്ന വ്യവസ്ഥിതിയെ മാറ്റി പുതിയ ഒന്നിനെ സ്ഥാപിക്കാനാണ് ഈ സമരങ്ങളോരോന്നും ശ്രമിച്ചത്. അതുകൊണ്ട് അവ വിപ്ലവങ്ങൾ എന്നറിയപ്പെട്ടു.

ആദ്യകാല വിപ്ലവങ്ങൾക്ക് പ്രേരകമായ പ്രധാന ഘടകം നവോത്ഥാനമാണ്. നവോത്ഥാനത്തെക്കുറിച്ച് (Renaissance) മുൻക്ലാസുകളിൽ ചർച്ചചെയ്തത് ഓർക്കുമല്ലോ. നവോത്ഥാനം മനുഷ്യന്റെ ചിന്തയിലും കാഴ്ചപ്പാടിലും ജീവിതത്തിലും ശ്രദ്ധേയമായ മാറ്റങ്ങളുണ്ടാക്കി. അവ ഏതൊക്കെയെന്ന് പരിശോധിക്കാം.

- മാനവികത
- ശാസ്ത്രബോധം
- 

യുക്തിരഹിതമായ വിശ്വാസങ്ങളെയും സമ്പ്രദായങ്ങളെയും ചോദ്യം ചെയ്യാൻ നവോത്ഥാനത്തിന്റെ ഫലമായി രൂപംകൊണ്ട ഈ പുതിയ കാഴ്ചപ്പാടുകൾ മനുഷ്യനെ പ്രേരിപ്പിച്ചു. നവോത്ഥാനത്തിന്റെ ഫലമായി ശാസ്ത്രരംഗത്തുണ്ടായ പുരോഗതി പതിനെട്ടാം നൂറ്റാണ്ടിൽ യൂറോപ്പിൽ ജ്ഞാനോദയത്തിന് (Enlightenment) രൂപം നൽകി. സ്വാതന്ത്ര്യം, ജനാധിപത്യം, സമത്വം, ദേശീയത തുടങ്ങിയ ആശയങ്ങൾ ജ്ഞാനോദയ ചിന്തകർ പ്രചരിപ്പിച്ചു. അന്ന് നിലവിലുണ്ടായിരുന്ന ഏകാധിപത്യവ്യവസ്ഥകളെ എതിർക്കാൻ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ജനങ്ങൾക്ക് ഇത് പ്രചോദനം നൽകി. ഈ എതിർപ്പുകൾ പല നാടുകളിലും ജനകീയവിപ്ലവമായി വികസിച്ചു. അത്തരം ചില വിപ്ലവങ്ങളെയും അവയുടെ ഫലങ്ങളെയുംകുറിച്ച് ചർച്ചചെയ്യാം.

**ജ്ഞാനോദയം**

യൂറോപ്പിൽ ശാസ്ത്രരംഗത്തുണ്ടായ കണ്ടുപിടിത്തങ്ങളാണ് ജ്ഞാനോദയം എന്ന ബൗദ്ധികവും സാംസ്കാരികവുമായ പ്രസ്ഥാനത്തിന് രൂപം നൽകിയത്. യുക്തിചിന്തയ്ക്ക് പ്രാധാന്യം നൽകിയ ജ്ഞാനോദയ ചിന്തകർ സമൂഹം നിരന്തരം പുരോഗതിയിലേക്കു വളരുകയാണെന്ന് അഭിപ്രായപ്പെട്ടു.

## അമേരിക്കൻ സ്വാതന്ത്ര്യസമരം

**പ്രാതിനിധ്യമില്ലാതെ നികുതിയില്ല**

പതിനെട്ടാം നൂറ്റാണ്ടിന്റെ രണ്ടാംപകുതിയിൽ വടക്കേ അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ മുഴങ്ങിക്കേട്ട മുദ്രാവാക്യമായിരുന്നു ഇത്. ജെയിംസ് ഓട്ടിസ് രൂപം നൽകിയ ഈ മുദ്രാവാക്യത്തിലൂടെ ജനങ്ങൾ എന്തെല്ലാമാണ് ആവശ്യപ്പെട്ടത്?

- ഭരണപങ്കാളിത്തം
- 
- 

ശക്തമായ ഒരു പ്രക്ഷോഭത്തിന്റെ ഭാഗമായാണ് അമേരിക്കൻ ജനത ഈ മുദ്രാവാക്യം ഉയർത്തിയത്. അതിനിടയാക്കിയ സാഹചര്യം എന്താണെന്ന് പരിശോധിക്കാം.

പതിനാറാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ യൂറോപ്പിൽനിന്ന് വടക്കേ അമേരിക്കയിലേക്ക് ജനങ്ങൾ കുടിയേറാൻ തുടങ്ങി. വിഭവങ്ങൾ കൈയടക്കുക എന്നതായിരുന്നു കുടിയേറ്റത്തിന്റെ പ്രധാന ലക്ഷ്യം. പതിനെട്ടാം നൂറ്റാണ്ടോടെ ഇംഗ്ലണ്ട് വടക്കേ അമേരിക്കയുടെ കിഴക്കൻതീരങ്ങളിൽ പതിമൂന്ന് കോളനികൾ സ്ഥാപിച്ചു. അവ ഭൂപടത്തിൽനിന്ന് കണ്ടെത്താം.



അമേരിക്കയിലെ പതിമൂന്ന് കോളനികൾ

**ഭൂപടം നിരീക്ഷിച്ച് വടക്കേ അമേരിക്കയിലെ 13 ഇംഗ്ലീഷ് കോളനികൾ പട്ടികപ്പെടുത്തുക.**

### കോളനി

ഭരണപരമായും സാമ്പത്തികമായും സൈനികമായും ഒരു രാജ്യം നിയന്ത്രണം സ്ഥാപിച്ച പ്രദേശം കോളനി എന്നറിയപ്പെടുന്നു. നിയന്ത്രണം സ്ഥാപിക്കുന്ന രാഷ്ട്രം കൊളോണിയൽ മേധാവി എന്നു വിളിക്കപ്പെടുന്നു.

### അമേരിക്കയിലെ കുടിയേറ്റം

1492 ൽ സ്പാനിഷ് ഗവൺമെന്റിന്റെ നാവികനായി വടക്കേ അമേരിക്കയിലെത്തിയ ക്രിസ്റ്റഫർ കൊളംബസ് തദ്ദേശീയരായ ജനങ്ങളെ ഇന്ത്യക്കാർ എന്നു വിളിച്ചു. ഇന്ത്യയിലെ ജനങ്ങൾ എന്നു കരുതിയാണ് അവരെ അങ്ങനെ വിളിച്ചത്. പിൽക്കാലത്ത് ഇവർ 'റെഡ് ഇന്ത്യൻസ്' എന്നറിയപ്പെട്ടു. ഇംഗ്ലണ്ടിലെ രാജാവിന്റെ മതപീഡനത്തെത്തുടർന്ന് പതിനേഴാം നൂറ്റാണ്ടിൽ മേഫ്ളവർ എന്ന കപ്പലിൽ അമേരിക്കയിലെത്തിയ ഒരു വിഭാഗം ഇംഗ്ലീഷുകാരാണ് അവിടെ ആദ്യമായി കോളനികൾ സ്ഥാപിച്ചത്. ഇവർ തീർത്ഥാടകപിതാക്കൾ (Pilgrim fathers) എന്നറിയപ്പെട്ടു. യൂറോപ്യൻ കുടിയേറ്റം വ്യാപകമായതോടെ റെഡ് ഇന്ത്യാക്കാർ ഉൾപ്രദേശങ്ങളിലേക്ക് ആട്ടിയോടിക്കപ്പെട്ടു. അവരുടെ ഭൂമിയും ആട്ടിൻപറ്റവും യൂറോപ്യർ കവർന്നു.

തങ്ങളുടെ വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃതവസ്തുക്കൾ ശേഖരിക്കാനുള്ള കേന്ദ്രമായും ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള കമ്പോളമായും ഇംഗ്ലീഷുകാർ ഈ കോളനികളെ കണക്കാക്കി. മാതൃരാജ്യമായ ഇംഗ്ലണ്ടിന്റെ സഹായത്താൽ കച്ചവടക്കാർ അമേരിക്കൻ കോളനികളിൽ നടപ്പിലാക്കിയ ഈ നയം മെർക്കന്റലിസം എന്നറിയപ്പെടുന്നു. മെർക്കന്റലിസത്തിന്റെ ഭാഗമായി നിരവധി നിയമങ്ങൾ ഇംഗ്ലീഷുകാർ കോളനികളിൽ നടപ്പിലാക്കി. അവയിൽ ചിലത് പരിചയപ്പെടാം.

### മെർക്കന്റലിസ്റ്റ് നിയമങ്ങൾ

- കോളനികളിൽ നിന്നോ കോളനികളിലേക്കോ സാധനങ്ങൾ കൊണ്ടുപോകുന്നത് ഇംഗ്ലീഷ് കപ്പലുകളിലോ കോളനികളിൽ നിർമിച്ച കപ്പലുകളിലോ മാത്രമായിരിക്കണം.
- കോളനികളിൽ ഉൽപ്പാദിപ്പിച്ചിരുന്ന പഞ്ചസാര, കമ്പിളി, പരുത്തി, പുകയില തുടങ്ങിയവ ഇംഗ്ലണ്ടിലേക്ക് മാത്രമേ കയറ്റി അയക്കാവൂ.
- കോളനികളിലെ നിയമപരമായ പ്രമാണങ്ങൾ, വർത്തമാനപത്രങ്ങൾ, ലഘുലേഖകൾ, ലൈസൻസുകൾ തുടങ്ങിയവയിലെല്ലാം ഇംഗ്ലണ്ടിന്റെ സ്റ്റാമ്പ് പതിക്കണം.
- കോളനിയിൽ നിലനിർത്തിയിട്ടുള്ള ഇംഗ്ലീഷുകാരുടെ സൈന്യത്തിനുള്ള താമസസ്ഥലവും അത്യാവശ്യ സൗകര്യങ്ങളും കോളനിക്കാർ നൽകണം.
- കോളനികളിലേക്ക് ഇറക്കുമതി ചെയ്യുന്ന തേയില, ഗ്ലാസ്, കടലാസ് എന്നിവയ്ക്ക് ഇറക്കുമതിച്ചുങ്കം നൽകണം.

### ബോസ്റ്റൺ ടീപാർട്ടി

ഇംഗ്ലീഷ് ഗവൺമെന്റ് തേയിലയുടെ മേൽ ഉയർന്ന നികുതി ചുമത്തിയതിനെതിരായി അമേരിക്കയിൽ ശക്തമായ പ്രതിഷേധം ഉയർന്നുവന്നു. 1773 ഡിസംബർ 16 ന് രാത്രിയിൽ റെഡ് ഇന്ത്യക്കാരുടെ വേഷം ധരിച്ച ബോസ്റ്റണിലെ ഒരു വിഭാഗം ജനങ്ങൾ ബോസ്റ്റൺ തുറമുഖത്ത് നങ്കൂരമിട്ടിരുന്ന ഇംഗ്ലീഷ് കപ്പലിൽ കയറി അതിലുണ്ടായിരുന്ന 342 പെട്ടി തേയില കടലിലേക്ക് വലിച്ചെറിഞ്ഞു. ഇത് ബോസ്റ്റൺ ടീപാർട്ടി എന്നറിയപ്പെടുന്നു.

ഇംഗ്ലീഷുകാർ കോളനികളിൽ നടപ്പിലാക്കിയ നിയമങ്ങൾ കോളനികളിലെ ജനങ്ങളെ എങ്ങനെയാണ് ബാധിച്ചതെന്ന് ചുവടെ തന്നിട്ടുള്ള സൂചനകളുടെ അടിസ്ഥാനത്തിൽ ചർച്ചചെയ്യുക.

- കോളനികളിലെ തദ്ദേശവാണിജ്യം
- അവകാശനിഷേധം
- വിലക്കയറ്റം
- ചൂഷണം
- സ്വേച്ഛാധിപത്യം

"യുദ്ധം ആരംഭിക്കുന്നതിനു മുമ്പു തന്നെ വിപ്ലവം നടപ്പിലായിക്കഴിഞ്ഞിരുന്നു. അത് ജനങ്ങളുടെ ഹൃദയത്തിലായിരുന്നു" അമേരിക്കൻ സ്വാതന്ത്ര്യസമരത്തിന്റെ നേതാക്കളിലൊരാളായ ജോൺ ആഡംസ് നടത്തിയ ഈ അഭിപ്രായത്തിന്റെ പ്രസക്തി വിലയിരുത്തുക.

ഇംഗ്ലീഷുകാരുടെ ചൂഷണനിയമങ്ങൾക്കെതിരായി പോരാടാൻ ചില ചിന്തകരുടെ ആശയങ്ങൾ കോളനിക്കാർക്ക് പ്രചോദനം നൽകി. ചിന്തകരെയും അവരുടെ ആശയങ്ങളും പരിചയപ്പെടാം.

**ജോൺ ലോക്ക്**

മനുഷ്യന് ചില മൗലികാവകാശങ്ങളുണ്ട്. അതിനെ ഹനിക്കാൻ ഒരു ഗവൺമെന്റിനും അവകാശമില്ല.

**തോമസ് പെയിൻ**

ഏതെങ്കിലും വിദേശശക്തിക്ക് (ഇംഗ്ലണ്ട്) ഈ വൻകര (വടക്കേ അമേരിക്ക) ദീർഘകാലം കീഴടങ്ങിക്കഴിയണമെന്നത് യുക്തിക്ക് നിരക്കുന്നതല്ല.

അമേരിക്കൻ സ്വാതന്ത്ര്യസമരത്തിന് പ്രചോദനമേകിയ ചിന്തകരെയും അവരുടെ ആശയങ്ങളെയും അടിസ്ഥാനമാക്കി ഒരു ലഘുകുറിപ്പ് തയാറാക്കുക.

## വൻകര ഒന്നാകെ സമ്മേളിക്കുന്നു


കോണ്ടിനെന്റൽ കോൺഗ്രസ്

മാതൃരാജ്യമായ ഇംഗ്ലണ്ടിന്റെ നയങ്ങൾക്കും നിയമങ്ങൾക്കുമെതിരെ പ്രതികരിക്കാനായി വെർജീനിയ ഒഴികെയുള്ള കോളനികളുടെ പ്രതിനിധികൾ 1774 ൽ ഫിലാഡൽഫിയയിൽ സമ്മേളിച്ചു. ഇത് ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ് എന്നറിയപ്പെടുന്നു. തുടർന്ന് വ്യവസായങ്ങൾക്കും വ്യാപാരത്തിനും ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ നീക്കണമെന്നും തങ്ങളുടെ അംഗീകാരമില്ലാതെ നികുതി ചുമത്തരുതെന്നും ആവശ്യപ്പെട്ട് കോളനിജനത ഇംഗ്ലണ്ടിലെ രാജാവിന് നിവേദനം നൽകി.



ജോർജ് വാഷിങ്ടൺ

എന്നാൽ രാജാവ് ജനങ്ങളെ അടിച്ചമർത്താനായി സൈന്യത്തെ അയച്ചു. ഇത് ഇംഗ്ലണ്ടും കോളനികളും തമ്മിലുള്ള യുദ്ധത്തിന് വഴിതെളിച്ചു. 1775 ൽ ഫിലാഡൽഫിയയിൽ ചേർന്ന രണ്ടാം കോണ്ടിനെന്റൽ കോൺഗ്രസ് ജോർജ് വാഷിങ്ടണിനെ കോണ്ടിനെന്റൽ സൈന്യത്തിന്റെ തലവനായി തിരഞ്ഞെടുത്തു. ഈ സമയം തോമസ് പെയിൻ തന്റെ 'കോമൺ സെൻസ്' എന്ന ലഘുലേഖയിലൂടെ ഇംഗ്ലണ്ടിൽ നിന്നു വേർപിരിയുകയാണ് അമേരിക്കക്കാരെ സംബന്ധിച്ച് വിവേകപൂർവമായ പ്രവൃത്തിയെന്ന് പ്രഖ്യാപിച്ചു. 1776 ജൂലൈ 4 ന് അമേരിക്കൻ കോണ്ടിനെന്റൽ കോൺഗ്രസ് ലോകപ്രശസ്തമായ സ്വാതന്ത്ര്യപ്രഖ്യാപനം നടത്തി. തോമസ് ജെഫേഴ്സൺ, ബെഞ്ചമിൻ ഫ്രാങ്ക്ളിൻ എന്നിവർ തയാറാക്കിയ സ്വാതന്ത്ര്യപ്രഖ്യാപനത്തിന്റെ ഒരു ഭാഗമാണ് നൽകിയിട്ടുള്ളത്. മനുഷ്യന്റെ സ്വാതന്ത്ര്യത്തെയും അവകാശങ്ങളെയും സംബന്ധിച്ച എന്തെല്ലാം കാര്യങ്ങൾ ഈ പ്രഖ്യാപനത്തിൽനിന്നു കണ്ടെത്താം?



COMMON SENSE;

INHABITANTS

AMERICA,

തോമസ് പെയിനിന്റെ കോമൺസെൻസ് എന്ന ലഘുലേഖ

- എല്ലാ മനുഷ്യരും തുല്യരാണ്.
- എല്ലാവർക്കും ചില അവകാശങ്ങളുണ്ട്.
- 
- 



IN CONGRESS, JULY 4, 1776.

A DECLARATION

BY THE REPRESENTATIVES OF THE

UNITED STATES OF AMERICA,

IN GENERAL CONGRESS ASSEMBLED.

"എല്ലാ മനുഷ്യരും തുല്യരായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവരുടെ സ്രഷ്ടാവ് എല്ലാവർക്കും ഒഴിവാക്കാനാകാത്ത ചില അവകാശങ്ങൾ നൽകിയിട്ടു്. ജീവിതം, സ്വാതന്ത്ര്യം, ജീവിതസൗഖ്യം എന്നിവയ്ക്കുള്ള അവകാശങ്ങൾ അവയിൽ ഉൾപ്പെടുന്നവയാണ്. ഈ അവകാശങ്ങൾ നേടിയെടുക്കാൻ ഭരിക്കപ്പെടുന്നവരുടെ അംഗീകാരം ലഭിച്ച ഭരണകൂടങ്ങൾ രൂപീകരിക്കപ്പെടണം. ഏതെങ്കിലും ഭരണം ഈ ലക്ഷ്യങ്ങളെ നശിപ്പിക്കുന്ന തരത്തിലാവുകയാണെങ്കിൽ അതിനെ മാറ്റുകയോ ഇല്ലാതാക്കുകയോ ചെയ്യാനുള്ള അവകാശം ജനങ്ങൾക്കു്".

JOHN HANCOCK, PRESIDENT.

അമേരിക്കൻ സ്വാതന്ത്ര്യപ്രഖ്യാപനം

സ്വാതന്ത്ര്യപ്രഖ്യാപനത്തോടെ ഇംഗ്ലണ്ടും അമേരിക്കൻ കോളനികളും തമ്മിൽ ആരംഭിച്ച യുദ്ധം 1781 ൽ അവസാനിച്ചു. 1783 ലെ പാരിസ് ഉടമ്പടി പ്രകാരം ഇംഗ്ലണ്ട് പതിമൂന്ന് കോളനികളുടെ സ്വാതന്ത്ര്യം അംഗീകരിച്ചു. തുടർന്ന് ഫിലാഡൽഫിയയിൽ ചേർന്ന ഭരണഘടനാസമ്മേളനം ജയിംസ് മാഡിസന്റെ നേതൃത്വത്തിൽ അമേരിക്കയ്ക്കായി ഭരണഘടന തയാറാക്കി. പുതിയ ഭരണഘടനപ്രകാരം രൂപീകരിക്കപ്പെട്ട അമേരിക്കൻ ഐക്യനാടുകളുടെ ആദ്യ പ്രസിഡന്റായി ജോർജ് വാഷിംങ്ടൺ തിരഞ്ഞെടുക്കപ്പെട്ടു.

**അമേരിക്കൻ ഐക്യനാടുകളുടെ രൂപീകരണത്തിലേക്കു നയിച്ച വിവിധ സംഭവങ്ങൾ ഉൾക്കൊള്ളിച്ച് ഒരു ഫ്ളോചാർട്ട് തയാറാക്കുക.**



അമേരിക്കയിൽ നിലവിലിരുന്ന വ്യവസ്ഥയെ മാറ്റിമറിച്ചതിനാൽ അമേരിക്കൻ സ്വാതന്ത്ര്യസമരം അമേരിക്കൻ വിപ്ലവം എന്നും അറിയപ്പെടുന്നു. പിൽക്കാല ലോകചരിത്രത്തിൽ ഇത് ശ്രദ്ധേയമായ സ്വാധീനം ചെലുത്തി. അവ എന്തൊക്കെയാണെന്നു നോക്കാം.

*അമേരിക്കൻ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട സംഭവങ്ങൾ ഉൾപ്പെടുത്തി ഒരു ഡിജിറ്റൽ ടൈംലൈൻ തയാറാക്കുക.*

- പിൽക്കാല സ്വാതന്ത്ര്യസമരങ്ങൾക്കും വിപ്ലവങ്ങൾക്കും പ്രചോദനവും ലക്ഷ്യബോധവും നൽകി.
- മനുഷ്യാവകാശപ്രവർത്തനങ്ങൾക്ക് മാതൃകയായി.
- റിപ്പബ്ലിക്കൻ ഭരണരീതി എന്ന ആശയം മുന്നോട്ടു വച്ചു.
- ആദ്യത്തെ എഴുതപ്പെട്ട ഭരണഘടന തയാറാക്കി.
- സംസ്ഥാനങ്ങൾക്ക് സ്വാതന്ത്ര്യവും അധികാരവും നൽകുന്ന ഫെഡറൽ രാഷ്ട്രം എന്ന ആശയം ലോകത്തിനു നൽകി.

അമേരിക്കൻ സ്വാതന്ത്ര്യസമരം മുന്നോട്ടുവച്ച ഏതെല്ലാം ആശയങ്ങൾ ഇന്ത്യയുടെ ഭരണഘടനയിൽ കാണാൻ കഴിയും? അന്വേഷിച്ച് കുറിപ്പ് തയാറാക്കുക.

## ഫ്രഞ്ച്‌വിപ്ലവം

ഞാനാണ് രാഷ്ട്രം.

രാജാവിന്റെ അധികാരങ്ങളെല്ലാം ദൈവം നൽകിയതാണ്. അതിനാൽ രാജാവിനെ ചോദ്യം ചെയ്യാൻ ദൈവത്തിനു മാത്രമേ അധികാരമുള്ളൂ.

- ലൂയി പതിനാലാമൻ



വേഴ്സായ് കൊട്ടാരം

എനിക്ക് ശേഷം പ്രളയം

- ലൂയി പതിനഞ്ചാമൻ

നിങ്ങൾക്ക് റൊട്ടിയില്ലെങ്കിലെന്താ, കേക്ക് തിന്നുകൂടേ?

- മേരി അന്റോയിനറ്റ്

പതിനേഴ്, പതിനെട്ട് നൂറ്റാണ്ടുകളിൽ ഫ്രാൻസിന്റെ ഭരണം നിയന്ത്രിച്ചിരുന്നവരുടെ ചില പ്രസ്താവനകളും അവരുടെ അധികാരകേന്ദ്രമായ വേഴ്സായ് കൊട്ടാരത്തിന്റെ ചിത്രവുമാണ് മുകളിൽ നൽകിയിട്ടുള്ളത്. ഇതിൽനിന്ന് അക്കാലത്ത് ഫ്രാൻസിൽ നിലനിന്ന ഭരണത്തെക്കുറിച്ച് എന്തെല്ലാം വിവരങ്ങൾ കണ്ടെത്താം?

- ഏകാധിപത്യഭരണമാണ് നിലനിന്നിരുന്നത്.
- ഭരണാധികാരികൾ ധൂർത്തന്മാരായിരുന്നു.
- 
- 

ഇത്തരം ഭരണസമ്പ്രദായത്തിനു കീഴിൽ ജനങ്ങളുടെ സ്ഥിതി എങ്ങനെയായിരിക്കാം? ചുവടെ തന്നിട്ടുള്ള വരികൾ അതിലേക്ക് വിരൽചൂണ്ടുന്നവയാണ്.

"ഫ്രാൻസിൽ പത്തിൽ ഒൻപതു പേരും പട്ടിണികൊണ്ട് മരിച്ചപ്പോൾ പത്താമത്തെയാൾ ദഹനക്കേട് (അജീർണം) ബാധിച്ചാണ് മരിച്ചത്."

ഫ്രാൻസിലെ ഭൂരിഭാഗം ജനങ്ങളും ദുരിതത്തിലായിരുന്നുവെന്നും ഭരണാധികാരികൾ ഉൾപ്പെട്ട ന്യൂനപക്ഷം ആഡംബരവും ധൂർത്തും നിറഞ്ഞ ജീവിതമാണു നയിച്ചതെന്നും ഇതിൽനിന്നു മനസ്സിലാക്കാം. ഫ്രാൻസിൽ നിലനിന്ന സാമൂഹിക - സാമ്പത്തിക അസമത്വങ്ങളായിരുന്നു ഈ അവസ്ഥ സൃഷ്ടിച്ചത്. ഫ്രഞ്ച് സമൂഹത്തെ മൂന്നു തട്ടുകളായി തിരിച്ചിരുന്നു. അവ എസ്റ്റേറ്റുകൾ എന്നാണ് അറിയപ്പെട്ടിരുന്നത്. മൂന്ന് എസ്റ്റേറ്റുകളായി വിഭജിക്കപ്പെട്ടിരുന്ന ഫ്രഞ്ച് സമൂഹത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ നൽകിയിട്ടുള്ള ചാർട്ടിൽനിന്ന് കണ്ടെത്താവുന്നതാണ്.

**ഫ്രഞ്ച്സമൂഹം**

**ഒന്നാമത്തെ എസ്റ്റേറ്റ്**

പുരോഹിതന്മാർ

- ധാരാളം ഭൂപ്രദേശം കൈവശം വച്ചു.
- കർഷകരിൽനിന്നു 'തിഥെ' എന്ന പേരിലുള്ള നികുതി പിരിച്ചു.

- എല്ലാത്തരം നികുതികളിൽനിന്നും ഒഴിവാക്കപ്പെട്ടിരുന്നു.
- ഭരണത്തിലെയും സൈന്യത്തിലെയും ഉയർന്ന പദവികൾ നിയന്ത്രിച്ചു.

**രണ്ടാമത്തെ എസ്റ്റേറ്റ്**

പ്രഭുക്കന്മാർ

- സൈനികസേവനം നടത്തി.
- കർഷകരിൽനിന്ന് പലതരം നികുതികൾ പിരിച്ചു.
- വേതനം നൽകാതെ കർഷകരെക്കൊണ്ട് പണിയെടുപ്പിച്ചു.

- നികുതികളിൽനിന്ന് ഒഴിവാക്കപ്പെട്ടിരുന്നു.
- ആഡംബരജീവിതം നയിച്ചു.
- വിശാലമായ ഭൂപ്രദേശം കൈവശം വച്ചു.

**മൂന്നാമത്തെ എസ്റ്റേറ്റ്**

കച്ചവടക്കാർ, എഴുത്തുകാർ, അഭിഭാഷകർ, ഉദ്യോഗസ്ഥർ, അധ്യാപകർ, ബാങ്കർമാർ എന്നിവരടങ്ങിയ മധ്യവർഗം. കർഷകർ, കൈത്തൊഴിലുകാർ

- ഭരണത്തിൽ ഒരവകാശവുമില്ല.
- തൈലേ എന്ന പേരിലുള്ള ഭൂനികുതി സർക്കാരിന് നൽകണം.

- താഴ്ന്ന സാമൂഹികപദവി
- പ്രഭുക്കന്മാർക്കും പുരോഹിതന്മാർക്കും നികുതി നൽകണം.



ചാർട്ട് വിശകലനം ചെയ്ത് ചുവടെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക.

- ഫ്രാൻസിൽ ഉയർന്ന സാമൂഹികപദവിയും അവകാശങ്ങളും ആഡംബരജീവിതവും നയിച്ചത് ഏതു വിഭാഗങ്ങളായിരുന്നു?
- ഏറ്റവും കൂടുതൽ ജനവിഭാഗങ്ങൾ ഏത് എസ്റ്റേറ്റിലായിരുന്നു?
- ജനങ്ങളെ ചൂഷണം ചെയ്ത് സമ്പത്ത് കൈവശപ്പെടുത്തിയത് ഏതു വിഭാഗമായിരുന്നു?
- ഈ വ്യവസ്ഥ മാറണമെന്ന് ആഗ്രഹിക്കുന്നത് ഏതു വിഭാഗങ്ങളായിരിക്കാം? എന്തുകൊണ്ട്?

## ആശയങ്ങൾ പ്രചോദനമേകുന്നു

ഫ്രാൻസിൽ നിലനിന്ന അസമത്വങ്ങളെയും ചൂഷണത്തെയും കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നതിൽ അക്കാലത്തെ ചിന്തകരും ചിന്താധാരകളും പ്രധാന പങ്കുവഹിച്ചു. അത്തരം ചിന്തകരെയും അവരുടെ ആശയങ്ങളെയും സംഭാവനകളെയും പരിചയപ്പെടാം.

## വോൾട്ടയർ



- പുരോഹിതന്മാരുടെ ചൂഷണത്തെ പരിഹസിച്ചു.
- യുക്തിചിന്ത, സമത്വം, മനുഷ്യസ്നേഹം എന്നിവ പ്രോത്സാഹിപ്പിച്ചു.

## റൂസ്സോ



- സ്വതന്ത്രമായി ജനിക്കുന്ന മനുഷ്യൻ എവിടെയും ചങ്ങലയിലാണ് എന്ന പ്രസ്താവനയിലൂടെ സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം വ്യക്തമാക്കി.
- ജനങ്ങളാണ് പരമാധികാരിയെന്ന് പ്രഖ്യാപിച്ചു.

## മൊണ്ടെസ്ക്യൂ



- ജനാധിപത്യത്തെയും റിപ്പബ്ലിക്കിനെയും പ്രോത്സാഹിപ്പിച്ചു.
- ഗവൺമെന്റിനെ നിയമനിർമാണം, കാര്യനിർവഹണം, നീതിന്യായം എന്നീ വിഭാഗങ്ങളായി തിരിക്കണമെന്ന് വാദിച്ചു.

## ഫിസിയോക്രാറ്റുകൾ

- ഏതൊരാളിനും സ്വത്ത് കൈവശം വയ്ക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും സ്വാതന്ത്ര്യം നൽകണമെന്നാവശ്യപ്പെട്ട സാമ്പത്തികവിദഗ്ധർ.
- മധ്യവർഗത്തിന്റെ താൽപ്പര്യങ്ങളെ പ്രോത്സാഹിപ്പിച്ചു.

## ഫിലോസഫുകൾ

- യുക്തിചിന്തയ്ക്ക് പ്രാധാന്യം നൽകിയ ചിന്തകരും ശാസ്ത്രജ്ഞരും എഴുത്തുകാരും.
- സർവവിജ്ഞാനകോശം തയാറാക്കി ശാസ്ത്രചിന്തയെ ജനകീയമാക്കി.



ഫ്രഞ്ച് വിപ്ലവത്തിനു വഴിയൊരുക്കിയ ചിന്തകരുടെ ആശയങ്ങളെ അമേരിക്കൻ വിപ്ലവത്തിനു കാരണമായ ആശയങ്ങളുമായി താരതമ്യം ചെയ്യുക.

## മൂന്നാമത്തെ എസ്റ്റേറ്റ് ഒന്നാമതാകുന്നു



സ്റ്റേറ്റ്സ് ജനറൽ

ഫ്രാൻസിലെ ബൂർബൻ രാജാക്കന്മാർ , പുരോഹിതർ, പ്രഭുക്കന്മാർ തുടങ്ങിയവർ നയിച്ച ആഡംബരജീവിതം, ധൂർത്ത്, യുദ്ധങ്ങൾ എന്നിവയും തുടർച്ചയായ വരൾച്ചയും കൃഷിനാശവും ഫ്രാൻസിന്റെ സാമ്പത്തികസ്ഥിതി അതീവ ഗുരുതരമാക്കി. അമേരിക്കൻ സ്വാതന്ത്ര്യസമരത്തിൽ കോളനികളെ സമ്പത്തും സൈന്യവും നൽകി ഫ്രാൻസിലെ ഭരണാധികാരികൾ സഹായിച്ചതും സാമ്പത്തിക പ്രതിസന്ധിയെ രൂക്ഷമാക്കി. ജനങ്ങളുടെമേൽ പുതിയ നികുതികൾ ചുമത്തുന്നതിനായി 1789 ൽ ചക്രവർത്തി ലൂയി പതിനാറാമൻ ജനപ്രതിനിധിസഭയായ സ്റ്റേറ്റ്സ് ജനറൽ വിളിച്ചു ചേർത്തു. ഫ്രഞ്ച് സമൂഹത്തെപ്പോലെ സ്റ്റേറ്റ്സ് ജനറലിനും മൂന്ന് എസ്റ്റേറ്റുകൾ ഉണ്ടായിരുന്നു.

ഓരോ എസ്റ്റേറ്റിനും ഓരോ വോട്ട് മതിയെന്നും മറിച്ച്, ഓരോ അംഗത്തിനും ഓരോ വോട്ട് വേണ്ട എന്നും രാജാവിനെ അനുകൂലിക്കുന്ന ആദ്യത്തെ രണ്ട് എസ്റ്റേറ്റുകൾ വാദിച്ചു. എന്നാൽ മൂന്ന് എസ്റ്റേറ്റുകളിലെയും ഓരോ അംഗത്തിനും ഓരോ വോട്ട് തന്നെ വേണമെന്നായിരുന്നു 'കോമൺസ്' എന്നറിയപ്പെട്ട മൂന്നാമത്തെ എസ്റ്റേറ്റിന്റെ ആവശ്യം.



പട്ടികയിൽ തന്നിട്ടുള്ള ഓരോ എസ്റ്റേറ്റിലെയും അംഗസംഖ്യ പരിശോധിക്കുക. വോട്ടെടുപ്പ് സംബന്ധിച്ച മൂന്ന് എസ്റ്റേറ്റുകളുടെയും ആവശ്യവും അംഗസംഖ്യയും തമ്മിലുള്ള ബന്ധം കണ്ടെത്തുക.

| സ്റ്റേറ്റ്സ് ജനറൽ | |
|---|---|
| ഒന്നാമത്തെ എസ്റ്റേറ്റ് | 285 |
| രണ്ടാമത്തെ എസ്റ്റേറ്റ് | 308 |
| മൂന്നാമത്തെ എസ്റ്റേറ്റ് | 621 |

വോട്ട് ചെയ്യുന്നതിലെ തർക്കം തുടരവെ മൂന്നാമത്തെ എസ്റ്റേറ്റിലെ അംഗങ്ങൾ തങ്ങളാണ് ഫ്രാൻസിലെ ദേശീയ അസംബ്ലി എന്നു പ്രഖ്യാപിച്ചു. അവർ അടുത്തുള്ള ഒരു ടെന്നിസ് കോർട്ടിൽ സമ്മേളിച്ചു. ഫ്രാൻസിനായി ഒരു ഭരണഘടന തയാറാക്കിയശേഷം മാത്രമേ പിരിയുകയുള്ളൂ എന്ന് അവർ പ്രതിജ്ഞചെയ്തു. ഇത് 'ടെന്നിസ് കോർട്ട് പ്രതിജ്ഞ' (The Tennis Court Oath)എന്നറിയപ്പെടുന്നു. തുടർന്നുള്ള സംഭവങ്ങൾ താഴെ തന്നിട്ടുള്ള ചാർട്ടിന്റെ സഹായത്തോടെ ചർച്ച ചെയ്യാം.



ബാസ്റ്റിൽ ജയിൽ തകർക്കൽ - ഒരു ചിത്രീകരണം

**1789 ജൂലൈ 14** സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം (Liberty, Equality and Fraternity) എന്നീ മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ട് വിപ്ലവകാരികൾ ബൂർബൻ രാജവാഴ്ചയുടെ പ്രതീകമായിരുന്ന ബാസ്റ്റിൽ ജയിൽ തകർത്തു. ഇതിനെ ഫ്രഞ്ച് വിപ്ലവത്തിന്റെ ആരംഭമായി കണക്കാക്കുന്നു.

↓

**1789 ആഗസ്റ്റ് 12** ദേശീയ അസംബ്ലി മനുഷ്യാവകാശപ്രഖ്യാപനം പാസാക്കി.

↓

**1789 ഒക്ടോബർ** പാരിസ് നഗരത്തിലെ ആയിരക്കണക്കിനു സ്ത്രീകൾ 'ഭക്ഷണം വേണം' എന്ന മുദ്രാവാക്യവുമായി വെഴ്സായ് കൊട്ടാരത്തിലേക്കു പ്രകടനം നടത്തി.

↓

**1792 സെപ്തംബർ** പുതുതായി രൂപീകരിച്ച ഭരണഘടനയനുസരിച്ച് തിരഞ്ഞെടുക്കപ്പെട്ട ദേശീയ കൺവെൻഷൻ ഫ്രാൻസിനെ ഒരു റിപ്പബ്ലിക്കായി പ്രഖ്യാപിച്ചു.

## ഭീകരവാഴ്ച (Reign of Terror)

1793 ജൂലൈയിൽ ഫ്രാൻസിന്റെ ആഭ്യന്തരകാര്യങ്ങൾ നിയന്ത്രിക്കുന്നതിനായി റോബിസ്പിയറുടെ നേതൃത്വത്തിൽ ഒരു പൊതുസുരക്ഷാ കമ്മിറ്റി രൂപീകരിച്ചു. മിറാബോ, ഡാൻടൻ തുടങ്ങിയവർ ഇതിലെ അംഗങ്ങളായിരുന്നു. ശത്രുക്കളെന്നു തോന്നിയ എല്ലാവരെയും അവർ ഗില്ലറ്റിൻ എന്ന യന്ത്രമുപയോഗിച്ച് നിഷ്കരുണം വധിച്ചു. നിരവധി പ്രഭുക്കന്മാരും പുരോഹിതന്മാരും ഇതിന് ഇരയായി. ലൂയി പതിനാറാമനും ഭാര്യ മേരി അന്റോയിനറ്റും ഗില്ലറ്റിന് ഇരയായവരിൽ ഉൾപ്പെടുന്നു. അവസാനം റോബിസ്പിയറും ഗില്ലറ്റിന് ഇരയായി. 1794 ജൂലൈ വരെ നീണ്ടുനിന്ന ഈ ഭരണം ഭീകരവാഴ്ച എന്നറിയപ്പെടുന്നു.


ഗില്ലറ്റിൻ

ഫ്രഞ്ച് വിപ്ലവത്തിന്റെ വിവിധ സംഭവങ്ങളെ വിശകലനം ചെയ്ത് സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ലക്ഷ്യങ്ങൾ നേടാൻ എത്രമാത്രം കഴിഞ്ഞുവെന്ന് വിലയിരുത്തുക.

## ഫ്രാൻസിൽനിന്നു മറ്റിടങ്ങളിലേക്ക്

*ഫ്രാൻസ് തുമ്മിയാൽ യൂറോപ്പിനാകെ ജലദോഷം പിടിക്കും.*

ഫ്രഞ്ച്വിപ്ലവത്തിന്റെ സ്വാധീനത്തെക്കുറിച്ച് ആസ്ട്രിയൻ ഭരണാധികാരിയായിരുന്ന മെറ്റേർണിക്ക് പറഞ്ഞ അഭിപ്രായമാണിത്. എന്തുകൊണ്ടായിരിക്കാം അദ്ദേഹം ഇങ്ങനെ അഭിപ്രായപ്പെട്ടത്? ഫ്രഞ്ച് വിപ്ലവത്തിന്റെ സ്വാധീനം വിശദമാക്കുന്ന ചിത്രം ശ്രദ്ധിക്കു.




### ഫ്രഞ്ച്വിപ്ലവവും ഇന്ത്യയും

ലോകത്താകമാനം സ്വാധീനം ചെലുത്തിയ ഫ്രഞ്ച്വിപ്ലവം മൈസൂരിലെ ഭരണാധികാരിയായിരുന്ന ടിപ്പുസുൽത്താനെയും സ്വാധീനിച്ചു. ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരായി പോരാടാനുള്ള ഒരു തന്ത്രമായി ടിപ്പു ഫ്രഞ്ചുകാരുമായുള്ള സഖ്യത്തെ കണക്കാക്കി. പൗരനായ ടിപ്പു (Citizen Tipu) എന്ന പേരു സ്വീകരിച്ച അദ്ദേഹം ഫ്രഞ്ച് വിപ്ലവത്തിന്റെ ഓർമയ്ക്കായി തന്റെ തലസ്ഥാനമായ ശ്രീരംഗപട്ടണത്ത് സ്വാതന്ത്ര്യത്തിന്റെ മരം (Tree of Liberty) നടുകയും ഫ്രഞ്ച് ക്ലബ്ബായ ജാക്കോബിനിൽ അംഗമാവുകയും ചെയ്തു.

**ഫ്രാൻസിലെ ദേശീയ അസംബ്ലി പാസാക്കിയ മനുഷ്യാവകാശപ്രഖ്യാപനത്തിന്റെ ചില ഭാഗങ്ങളാണ് ചുവടെ തന്നിട്ടുള്ളത്. ഇതു വായിച്ച് ഫ്രഞ്ച് വിപ്ലവത്തിന്റെ ലക്ഷ്യങ്ങളും മുദ്രാവാക്യങ്ങളും ഇതിൽ എത്രമാത്രം പ്രതിഫലിക്കുന്നുവെന്ന് ചർച്ച ചെയ്യുക.**




മനുഷ്യാവകാശ പ്രഖ്യാപനം

### റൂസ്സോയും മനുഷ്യാവകാശ പ്രഖ്യാപനവും

ഫ്രഞ്ച്ചിന്തകനായ റൂസ്സോയുടെ ആശയങ്ങളാണ് ദേശീയ അസംബ്ലി തയാറാക്കിയ മനുഷ്യാവകാശ പ്രഖ്യാപനത്തിൽ പ്രതിഫലിക്കുന്നത്. അദ്ദേഹത്തിന്റെ പ്രശസ്തമായ ഗ്രന്ഥമാണ് സോഷ്യൽ കോൺട്രാക്റ്റ് (Social Contract). ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും തമ്മിലുള്ള ഒരു സാമൂഹിക ഉടമ്പടിയുടെ ഫലമാണ് ഭരണകൂടം എന്നദ്ദേഹം അഭിപ്രായപ്പെട്ടു.

ഫ്രഞ്ച്‌വിപ്ലവത്തിന്റെ ലക്ഷ്യങ്ങളും സ്വാധീനവും വിശകലനം ചെയ്യുക.

## നെപ്പോളിയനും ഫ്രഞ്ച്‌വിപ്ലവവും

മഹത്തായ ലക്ഷ്യങ്ങൾക്കായി വിപ്ലവം നടത്തിയ ഫ്രഞ്ച് ജനതയ്ക്ക് കുറച്ചു കാലം നെപ്പോളിയൻ ബോണപ്പാർട്ടിന്റെ ഏകാധിപത്യഭരണത്തിൻകീഴിൽ കഴിയേണ്ടിവന്നു. ഫ്രഞ്ച്‌വിപ്ലവാനന്തരം ബ്രിട്ടന്റെ നേതൃത്വത്തിൽ ഫ്രാൻസിനെതിരായി രൂപീകരിക്കപ്പെട്ട യൂറോപ്യൻസഖ്യത്തെ നേരിട്ട് വിജയം വരിക്കുന്നതിൽ സുപ്രധാന പങ്കുവഹിച്ചത് നെപ്പോളിയനായിരുന്നു. 1799 ൽ അദ്ദേഹം ഫ്രാൻസിന്റെ അധികാരം പിടിച്ചെടുത്തു. ഒരു ഏകാധിപതിയായിരുന്നെങ്കിലും നിരവധി പരിഷ്കാരങ്ങൾ അദ്ദേഹം നടപ്പിലാക്കി. ഫ്രഞ്ച്‌വിപ്ലവം മുന്നോട്ടു

വച്ച ചില ആശയങ്ങളും ലക്ഷ്യങ്ങളുമായിരുന്നു ഈ പരിഷ്കാരങ്ങൾക്ക് പ്രചോദനമായത്. അവ ഏതെല്ലാമായിരുന്നുവെന്നു നോക്കാം.

കർഷകരെ കൃഷിഭൂമിയുടെ ഉടമകളാക്കി.

പൊതുകടം ഇല്ലാതാക്കാൻ സിങ്കിങ് ഫണ്ട് എന്ന പേരിൽ ഒരു പ്രത്യേക ഫണ്ട് രൂപീകരിച്ചു.

ഗതാഗതപുരോഗതിക്കായി നിരവധി റോഡുകൾ നിർമിച്ചു.


നെപ്പോളിയൻ

പുരോഹിതന്മാരുടെമേൽ രാജ്യത്തിന്റെ നിയന്ത്രണം ഏർപ്പെടുത്തി.

സാമ്പത്തികപ്രവർത്തനങ്ങൾക്കായി ബാങ്ക് ഓഫ് ഫ്രാൻസ് സ്ഥാപിച്ചു.

നിലവിലുള്ള നിയമങ്ങൾ ക്രോഡീകരിച്ച് ഒരു പുതിയ നിയമസംഹിതയുണ്ടാക്കി.



### ആധുനിക ഫ്രാൻസിന്റെ ജസ്റ്റീനിയൻ

നെപ്പോളിയൻ ഫ്രാൻസിനായി ലളിതവും ഏകീകൃതവുമായ ഒരു നിയമസംഹിത തയാറാക്കി. പിൽക്കാലത്ത് പല രാഷ്ട്രങ്ങളുടെയും നിയമത്തിന് ഇതു വഴികാട്ടിയായി. വരുംതലമുറ തന്നെയോർക്കുന്നത് തന്റെ നിയമസംഹിതയുടെ പേരിലായിരിക്കും എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. നിയമരംഗത്ത് നെപ്പോളിയൻ നൽകിയ സംഭാവനയുടെ അടിസ്ഥാനത്തിൽ അദ്ദേഹത്തെ റോമിലെ നിയമദാതാവായ ജസ്റ്റീനിയനുമായി താരതമ്യം ചെയ്യാറുണ്ട്.

നെപ്പോളിയന്റെ കാലഘട്ടത്തിൽ ഫ്രാൻസിൽ ദേശീയത ശക്തിപ്പെട്ടു. യൂറോപ്യൻ രാജ്യങ്ങളെ ഒന്നൊന്നായി ആക്രമിച്ച നെപ്പോളിയന്റെ പരിഷ്കാരങ്ങൾ യൂറോപ്പിലാകമാനം വ്യാപിപ്പിക്കുമോ എന്ന് മറ്റു യൂറോപ്യൻ രാജ്യങ്ങൾ ഭയപ്പെട്ടു. ഇംഗ്ലണ്ടിന്റെ നേതൃത്വത്തിൽ അവർ സംഘടിച്ചു. നെപ്പോളിയനെയല്ല, ഫ്രഞ്ച്വിപ്ലവത്തിന്റെ ആശയങ്ങളെയാണ് അവർ ഭയപ്പെട്ടത്. 1815 ൽ നടന്ന വാട്ടർലൂ യുദ്ധത്തിൽ യൂറോപ്യൻ സഖ്യസൈന്യത്തോട് പരാജയപ്പെട്ട നെപ്പോളിയന് അധികാരം നഷ്ടപ്പെട്ടു.



നെപ്പോളിയന്റെ പരിഷ്കാരങ്ങളും നയങ്ങളും പരിശോധിച്ച് ഫ്രഞ്ച്വിപ്ലവത്തിന്റെ ഏതെല്ലാം ആശയങ്ങൾ അവയിൽ പ്രതിഫലിക്കുന്നുവെന്ന് കണ്ടെത്തി, പട്ടിക പൂർത്തിയാക്കുക.

| ഫ്രഞ്ച് വിപ്ലവം മുന്നോട്ടു വച്ച ആശയങ്ങൾ | നെപ്പോളിയന്റെ പരിഷ്കാരങ്ങളും നയങ്ങളും |
|---|---|
| • മധ്യവർഗത്തിന്റെ ഉയർച്ച | • |
| • ഫ്യൂഡലിസത്തിന്റെ അന്ത്യം | • |
| • ദേശീയത | • |

ഫ്രഞ്ച് വിപ്ലവത്തിനു പ്രചോദനമേകിയ ചിന്തകരുടെയും മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെയും വിവരങ്ങൾ ഉൾപ്പെടുത്തി ഡിജിറ്റൽ ആൽബം തയാറാക്കുക.

# ലാറ്റിനമേരിക്കൻ വിപ്ലവം

"ഇതായിരുന്നു വീട്. ഇതാണു സ്ഥലം. ചോളത്തിന്റെ കൊഴുത്ത കതിരുകൾ ഉയർന്നു പൊങ്ങിയതിവിടെയാണ്. ഇവിടെയാണവ ചുവന്ന ഹിമപാതം പോലെ വീണ്ടും വീണ്ടും കൊഴിഞ്ഞുവീണത്. ചെമ്മരിയാടിൽനിന്ന് സ്വർണനാണയങ്ങൾ അഴിച്ചെടുക്കപ്പെട്ടതിവിടെയാണ്; കാമുകിമാർക്കും ശ്മശാനങ്ങൾക്കും സമ്രാട്ടിനും അമ്മമാർക്കും പ്രാർഥനകൾക്കും പടയാളികൾക്കും ഉടുപ്പുതുന്നുവാൻ.
മാച്ചുപിക്ച്ചു, നീ കുഴിച്ചുമൂടിയ അടിമയെ എനിക്ക് തരൂ."

മാച്ചുപിക്ച്ചുവിന്റെ ഉയരങ്ങൾ - പാബ്ലൊ നെരൂദ


മാച്ചുപിക്ച്ചു - പെറു.

തെക്കേ അമേരിക്കയിലെ പ്രാചീനസംസ്കാരത്തിന്റെ കേന്ദ്രങ്ങളിലൊന്നായ മാച്ചുപിക്ച്ചുവിൽ കണ്ട കാഴ്ചകളാണ് ലാറ്റിനമേരിക്കൻ കവി പാബ്ളൊ നെരൂദ വിവരിക്കുന്നത്. സ്പെയിനിന്റെ കോളനിയായിരുന്ന ഈ പ്രദേശത്തെ ജനജീവിതത്തെ കോളനിഭരണം ബാധിച്ചതെങ്ങനെയെന്നാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഈ വിവരണത്തിൽനിന്ന് എന്തെല്ലാം കണ്ടെത്താം?

- ജനങ്ങളുടെ വിഭവങ്ങൾ കൊള്ളയടിച്ചു.
- 
- 

ലാറ്റിനമേരിക്കൻ ജനതയുടെ സമ്പത്തും വിഭവങ്ങളും കൊള്ളയടിച്ച യൂറോപ്യർ അവരുടെ പരമ്പരാഗതസംസ്കാരത്തെയും തുടച്ചുമാറ്റി. മിക്ക ലാറ്റിനമേരിക്കൻ രാജ്യങ്ങളുടെയും ഔദ്യോഗികഭാഷ സ്പാനിഷാണ്. ഒരു യൂറോപ്യൻ ഭാഷയ്ക്ക് എന്തുകൊണ്ടായിരിക്കാം ലാറ്റിനമേരിക്കയിൽ ഇത്രയധികം പ്രചാരം ലഭിച്ചത്?

ലാറ്റിനമേരിക്കയെ കോളനിയാക്കിയ സ്പെയിൻകാരും പോർച്ചുഗീസുകാരും തങ്ങളുടെ ഭാഷയും മതവും ആചാരവും അവിടെ പ്രചരിപ്പിച്ചു. സ്പാനിഷ് ശൈലിയിൽ വീടുകളും ദേവാലയങ്ങളും നിർമിച്ചു. ജനങ്ങൾക്ക് സ്പാനിഷ് രീതിയിലുള്ള വിദ്യാഭ്യാസം നൽകാനായി നിരവധി വിദ്യാലയങ്ങൾ സ്ഥാപിച്ചു. അവരുടെ കൃഷിരീതികളും

**ലാറ്റിനമേരിക്ക**

തെക്കേ അമേരിക്കയും മധ്യ അമേരിക്കയും വെസ്റ്റ് ഇൻഡീസ് ദ്വീപുകളും ഉൾപ്പെടുന്ന പ്രദേശമാണ് ലാറ്റിനമേരിക്ക എന്നറിയപ്പെടുന്നത്. 16, 17 നൂറ്റാണ്ടുകളിൽ ഇവിടെ ലാറ്റിൻ ഭാഷാകുടുംബത്തിൽപ്പെട്ട സ്പാനിഷ്, പോർട്ടുഗീസ് എന്നീ ഭാഷകൾ സംസാരിക്കുന്ന സ്പെയിൻകാരും പോർട്ടുഗീസുകാരും കോളനികൾ സ്ഥാപിച്ചു. അതിനാലാണ് ഈ പ്രദേശം ലാറ്റിനമേരിക്ക എന്നറിയപ്പെടുന്നത്.



മെക്സിക്കോയിലെ പിരമിഡ് - ഇത്തരം നിരവധി സ്മാരകങ്ങൾ കൊളോണിയൽ ഭരണകാലത്ത് തകർക്കപ്പെട്ടു.



ലാറ്റിനമേരിക്കയിലെ പ്രാചീനസംസ്കാര കാലത്ത് ഉപയോഗിച്ചിരുന്ന സ്വർണനിർമിത വസ്തുക്കൾ. ഇവ കൊളോണിയൽ കാലഘട്ടത്തിൽ വ്യാപകമായി കൊള്ളയടിക്കപ്പെട്ടു.

കാർഷികവിളകളും കോളനികളിൽ നടപ്പിലാക്കി. യൂറോപ്യരിൽനിന്ന് പുതിയ രോഗങ്ങൾ ലാറ്റിനമേരിക്കൻ ജനതയിലേക്കു പകർന്നു. എല്ലാ രംഗങ്ങളിലും കോളനി ജനതയോട് വംശീയവിവേചനം വച്ചുപുലർത്തി.

- ലാറ്റിനമേരിക്കയിലെ ഖനികളിൽനിന്ന് സ്വർണം, വെള്ളി തുടങ്ങിയ ലോഹങ്ങൾ അവർ കവർന്നെടുത്തു.
- സ്പെയിനുമായല്ലാതെ മറ്റു രാജ്യങ്ങളുമായി വാണിജ്യബന്ധത്തിലേർപ്പെടാൻ ജനങ്ങളെ അനുവദിച്ചില്ല.
- സ്പെയിനിൽ നിർമിക്കുന്ന വസ്തുക്കൾ കോളനികളിൽ നിർമിക്കാൻ പാടില്ലായിരുന്നു.
- ഖനികളിലെ അപകടകരമായ സാഹചര്യങ്ങളിൽ ഒരു സുരക്ഷിതത്വവുമില്ലാതെ ജനങ്ങൾ പണിയെടുക്കേണ്ടിവന്നു.
- തോട്ടങ്ങളിലും മറ്റും കോളനിക്കാരെ അടിമകളാക്കി പണിയെടുപ്പിച്ചു.



ലാറ്റിനമേരിക്കൻ ജനത അനുഭവിച്ച വിവേചനങ്ങൾ ചർച്ച ചെയ്യുക.

## വിമോചനത്തിന്റെ നേതാക്കൾ

**സൈമൺ ബോളിവർ**

വെനസ്വേലയിൽ ജനിച്ച സൈമൺ ബോളിവർ വെനസ്വേല, കൊളംബിയ, ഇക്വഡോർ, പെറു തുടങ്ങിയ ലാറ്റിനമേരിക്കൻ രാജ്യങ്ങളെ സ്പെയിനിന്റെ ആധിപത്യത്തിൽ നിന്നു മോചിപ്പിച്ചു. ഈ രാഷ്ട്രങ്ങളിൽ



അദ്ദേഹം 'വിമോചകൻ' (Liberator) എന്നറിയപ്പെടുന്നു. തെക്കെ അമേരിക്കയിലെ ജോർജ് വാഷിംങ്ടൺ എന്നും അദ്ദേഹത്തെ വിളിച്ചു.

വടക്കേ അമേരിക്കയിലെ ഇംഗ്ലീഷ്കോളനികൾ സ്വാതന്ത്ര്യം നേടിയതും ഫ്രഞ്ച്വിപ്ലവവും യൂറോപ്യൻ ആധിപത്യത്തിനെതിരായി പോരാടാൻ ലാറ്റിനമേരിക്കൻ ജനതയ്ക്ക് പ്രചോദനമായി. ഫ്രാൻസിസ്കോ മിരാൻഡ, സൈമൺ ബോളിവർ, ജോസെ ഡി സാൻമാർട്ടിൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ ലാറ്റിനമേരിക്കൻ കോളനികൾ ഒന്നൊന്നായി മോചനം നേടി. 1825 ഓടെ മിക്കവാറും ലാറ്റിനമേരിക്കൻ രാജ്യങ്ങളും സ്വാതന്ത്ര്യം നേടി. തന്നിട്ടുള്ള ഭൂപടത്തിന്റെ സഹായത്തോടെ അവയിൽ ചിലതു പരിചയപ്പെടാം.

ലാറ്റിനമേരിക്കയുടെ ഭൂപടം പരിശോധിച്ച് യൂറോപ്യൻ കോളനിഭരണത്തിൽനിന്നു മോചനം നേടിയ രാഷ്ട്രങ്ങൾ പട്ടികപ്പെടുത്തുക.



ലാറ്റിനമേരിക്ക

### ജോസെ ഡി സാൻ മാർട്ടിൻ

അർജന്റീനയിൽ ജനിച്ച ജോസെ ഡി സാൻ മാർട്ടിന്റെ നേതൃത്വത്തിലാണ് അർജന്റീന, ചിലി തുടങ്ങിയ രാഷ്ട്രങ്ങൾ മോചിപ്പിക്കപ്പെട്ടത്. ചിലിയുടെ മോചനത്തിനായി ആൻഡീസ് പർവതനിരകളിലൂടെ അദ്ദേഹത്തിന്റെ സൈന്യം നടത്തിയ മുന്നേറ്റം ശ്രദ്ധേയമാണ്. ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ അദ്ദേഹം 'സംരക്ഷകൻ' (Protector) എന്നറിയപ്പെടുന്നു.



ലാറ്റിനമേരിക്കൻ വിപ്ലവം രാഷ്ട്രീയസ്വാതന്ത്ര്യത്തിന് വേണ്ടി മാത്രമായിരുന്നില്ല, ജനങ്ങളുടെ ജീവിതവും സംസ്കാരവും നിലനിർത്തുന്നതിന് കൂടിയായിരുന്നു. സമർഥിക്കുക.

## റഷ്യൻ വിപ്ലവം

> *"ഞങ്ങൾ തൊഴിലാളികളാണ്. കുട്ടികളുടെ കളിപ്പാട്ടങ്ങൾ തൊട്ട് കൂറ്റൻ യന്ത്രങ്ങൾവരെ സർവതും നിർമിക്കുന്നത് ഞങ്ങളുടെ അധ്വാനംകൊണ്ടാണ്. എന്നാൽ, അതേ സമയം തന്നെ, സ്വന്തം മനുഷ്യാഭിമാനത്തിനുവേണ്ടി പൊരുതാനുള്ള അവകാശം പോലും നിഷേധിക്കപ്പെട്ടവരാണ് ഞങ്ങൾ. ഞങ്ങളെ ആർക്കുവേണമെങ്കിലും അവരുടെ കാര്യസാധ്യത്തിന് ഉപയോഗിക്കാം. കാലാന്തരത്തിൽ മുഴുവൻ അധികാരവും സ്വന്തം കൈയിലെടുക്കാൻ കഴിയത്തക്കവണ്ണമുള്ള സ്വാതന്ത്ര്യമാണ് ഞങ്ങൾക്കിപ്പോൾ വേണ്ടത്. ഞങ്ങളുടെ മുദ്രാവാക്യങ്ങൾ ലളിതമാണ്; 'സ്വകാര്യസ്വത്തുടമസമ്പ്രദായം നശിക്കട്ടെ!, എല്ലാ ഉൽപാദനോപാധികളും ജനങ്ങൾക്ക്!' 'എല്ലാ അധികാരവും ജനങ്ങൾക്ക്!', 'അധ്വാനം എല്ലാവരുടെയും ചുമതല!' ഞങ്ങൾ വെറും കലാപകാരികളല്ലെന്ന് നിങ്ങൾക്കിപ്പോൾ മനസ്സിലാക്കാമല്ലോ.... ഞങ്ങൾ വിപ്ലവകാരികളാണ്. ഒരു കൂട്ടർ ആജ്ഞാപിക്കാൻ മാത്രവും മറ്റൊരു കൂട്ടർ പണിയെടുക്കാൻ മാത്രവുമുള്ള കാലത്തോളം ഞങ്ങൾ വിപ്ലവകാരികളായി തുടരുകയും ചെയ്യും."*
>
> **അമ്മ – മാക്സിം ഗോർക്കി**

മാക്സിം ഗോർക്കി എന്ന ലോകപ്രസിദ്ധ റഷ്യൻ സാഹിത്യകാരന്റെ 'അമ്മ' എന്ന നോവലിലെ ഒരു കഥാപാത്രത്തിന്റെ വാക്കുകളാണിത്. ഇരുപതാംനൂറ്റാണ്ടിന്റെ തുടക്കത്തിലുള്ള റഷ്യയുടെ അവസ്ഥയാണ് ഇതിൽ പ്രതിഫലിക്കുന്നത്. അക്കാലത്തെ റഷ്യയിലെ തൊഴിലാളികളുടെയും കർഷകരുടെയും സ്ഥിതിയും അവരുടെ ലക്ഷ്യങ്ങളും ഇതിൽ കാണാൻ കഴിയും. അന്നത്തെ

**ബാറ്റിൽഷിപ്പ് പൊട്ടെംകിൻ**

റഷ്യൻ ചലച്ചിത്ര സംവിധായകൻ സെർഗി ഐസൻസ്റ്റീൻ സംവിധാനം ചെയ്ത വിഖ്യാത ചലച്ചിത്രം. സാർ ചക്രവർത്തിമാരുടെ ഭരണ കാലഘട്ടത്തിലെ ഒരു യഥാർഥ സംഭവത്തെ അധികരിച്ചാണ് ഈ നിശ്ശബ്ദ സിനിമ രൂപംകൊണ്ടത്. കരിങ്കടലിലെ റഷ്യൻ യുദ്ധക്കപ്പലായ പൊട്ടംകീനിൽ അസംതൃപ്തരായ നാവികർ നടത്തിയ കലാപം ഒരു രാഷ്ട്രീയസമരമായി പരിണമിച്ചതിന്റെ ദൃശ്യാവിഷ്കാരമാണ് ഈ ചലച്ചിത്രം. ജോൺ റീഡിന്റെ 'ലോകത്തെ പിടിച്ചുകുലുക്കിയ പത്തു ദിവസം' എന്ന പുസ്തകത്തെ ആധാരമാക്കിയുള്ള ചലച്ചിത്രം സംവിധാനം ചെയ്തതും സെർഗി ഐസൻസ്റ്റീനാണ്.

റഷ്യൻ സമൂഹത്തെപ്പറ്റി ഇതിൽനിന്ന് എന്തെല്ലാം മനസ്സിലാക്കാം? എന്തെല്ലാം ആവശ്യങ്ങളാണ് തൊഴിലാളികൾ ഉന്നയിക്കുന്നത്?

- സ്വകാര്യസ്വത്തുടമസമ്പ്രദായം അവസാനിപ്പിക്കണം.
- എല്ലാവരും അധ്വാനിക്കണം.
- 
- 

ഇത്തരം ആവശ്യങ്ങൾ ഉന്നയിക്കാൻ അവരെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തായിരുന്നുവെന്ന് നോക്കാം.

- റഷ്യ ഭരിച്ചിരുന്ന സാർ ചക്രവർത്തിമാരുടെ ഏകാധിപത്യത്തിനുകീഴിൽ കർഷകരും ഫാക്ടറിത്തൊഴിലാളികളും ദുരിതപൂർണമായ ജീവിതമാണ് നയിച്ചത്.
- റഷ്യയുടെ കാർഷികമേഖലയിലെ കുറഞ്ഞ ഉൽപ്പാദനം കർഷകരുടെ വരുമാനത്തെ ബാധിച്ചു. കൂടാതെ ഭൂരഹിതരായ അവർ നികുതി ഭാരവും വഹിക്കേണ്ടി വന്നു.
- പ്രകൃതിവിഭവങ്ങൾകൊണ്ട് സമ്പന്നമായിരുന്ന റഷ്യയുടെ വ്യാവസായികോൽപ്പാദനം തുച്ഛമായിരുന്നു. ഉള്ള വ്യവസായങ്ങളിൽ ഭൂരിഭാഗവും വിദേശികളാണു നിയന്ത്രിച്ചിരുന്നത്.


മാക്സിം ഗോർക്കി


ലിയോ ടോൾസ്റ്റോയി


കാൾ മാർക്സ്


ഫ്രെഡറിക് ഏംഗൽസ്

തൊഴിലാളികളുടെയും കർഷകരുടെയും ദുരിതജീവിതത്തെ മാക്സിം ഗോർക്കി, ലിയോ ടോൾസ്റ്റോയി, ഇവാൻ തുർഗനേവ്, ആന്റൺ ചെക്കോവ് തുടങ്ങിയ സാഹിത്യകാരന്മാർ അവരുടെ കൃതികളിൽ ചിത്രീകരിച്ചു. കാൾ മാർക്സും ഫ്രെഡറിക് ഏംഗൽസും ആവിഷ്കരിച്ച മാർക്സിസ്റ്റ് ആശയങ്ങൾ തൊഴിലാളികൾക്ക് ആവേശം പകർന്നു. മുതലാളിമാർ നിയന്ത്രിക്കുന്ന ഉൽപ്പാദനവ്യവസ്ഥയ്ക്ക് പകരം തൊഴിലാളികളുടെ ആധിപത്യം സ്ഥാപിക്കാൻ അവർ ആഹ്വാനം ചെയ്തു.

തൊഴിലാളികളുടെ ദുരിതങ്ങൾക്ക് പരിഹാരം കാണാനായി തൊഴിലാളിസംഘടനകൾ രൂപീകരിച്ചു. മാർക്സിസ്റ്റ് ആശയങ്ങളിൽ അധിഷ്ഠിതമായ സോഷ്യൽ ഡെമോക്രാറ്റിക് വർക്കേഴ്സ് പാർട്ടി രൂപംകൊണ്ടു. ഈ പാർട്ടി പിന്നീട് മെൻഷെവിക്കുകൾ (ന്യൂനപക്ഷം) എന്നും ബോൾഷെവിക്കുകൾ (ഭൂരിപക്ഷം)ക്കാർ) എന്നും രണ്ടായി പിരിഞ്ഞു. ലെനിൻ, ട്രോട്സ്കി തുടങ്ങിയവർ ബോൾഷെവിക് പാർട്ടിക്ക് നേതൃത്വം നൽകിയപ്പോൾ അലക്സാണ്ടർ കെരൻസ്കിയാണ് മെൻഷെവിക്കുകൾക്ക് നേതൃത്വം നൽകിയത്.

1905 ൽ നടന്ന റഷ്യ-ജപ്പാൻ യുദ്ധത്തിൽ റഷ്യക്കേറ്റ പരാജയം പ്രതിസന്ധി രൂക്ഷമാക്കി. രാഷ്ട്രീയാവകാശങ്ങളും സാമ്പത്തികപരിഷ്കാരങ്ങളും ആവശ്യപ്പെട്ട് തൊഴിലാളികൾ പെട്രോഗ്രാഡ് എന്ന സ്ഥലത്ത് 1905 ജനുവരി 9 ന് പ്രകടനം നടത്തി. ഇതിനു നേരെ പട്ടാളം വെടിവച്ചു. നൂറുകണക്കിന് തൊഴി

പ്രകടനം നടത്തി. ഇതിനു നേരെ പട്ടാളം വെടിവച്ചു. നൂറുകണക്കിന് തൊഴിലാളികൾ കൊല്ലപ്പെട്ട ഈ സംഭവം 'രക്തരൂഷിതമായ ഞായറാഴ്ച' (Bloody Sunday) എന്നറിയപ്പെടുന്നു. സമരങ്ങൾ നടത്താനായി ഈ കാലഘട്ടത്തിൽ തൊഴിലാളികളുടെ സംഘങ്ങൾ റഷ്യയിലെമ്പാടും രൂപീകരിച്ചു. ഇവ സോവിയറ്റുകൾ എന്നറിയപ്പെടുന്നു. സമരം ശക്തമായതിനെത്തുടർന്ന് 'ദ്യൂമ' എന്ന നിയമനിർമാണസഭ രൂപീകരിക്കാൻ ചക്രവർത്തി നിർബന്ധിതനായി.

### മാർക്സിസം

കാൾമാക്സും ഫ്രെഡറിക് ഏംഗൽസും ചേർന്ന് രൂപം നൽകിയ ആശയസംഹിതയാണ് മാർക്സിസം. ഒരു സമൂഹത്തിൽ നിലനിൽക്കുന്ന ഉൽപ്പാദനരീതിയാണ് ആ സമൂഹത്തിലെ മാറ്റങ്ങളുടെ അടിസ്ഥാനം എന്നതാണ് ഇതിലെ പ്രധാന ആശയം. ഉൽപ്പാദനത്തിന്റെ അടിസ്ഥാനം തൊഴിലാളികളാണെന്നും അതിനാൽ തൊഴിലാളിവർഗത്തിന്റെ സർവാധിപത്യത്തിനായി പ്രവർത്തിക്കണമെന്നും അവർ ആഹ്വാനം ചെയ്തു.

1914 ൽ ഒന്നാം ലോകയുദ്ധം ആരംഭിച്ചതോടെ ദ്യൂമയുടെ എതിർപ്പിനെ അവഗണിച്ച് സാർ ചക്രവർത്തി നിക്കോളാസ് രണ്ടാമൻ യുദ്ധത്തിൽ പങ്കെടുക്കാൻ തീരുമാനിച്ചു. അനേകം റഷ്യൻ സൈനികർ ഇതിൽ കൊല്ലപ്പെട്ടു. 1917 ആയപ്പോഴേക്കും ഭക്ഷ്യദൗർലഭ്യം രൂക്ഷമായി. മാർച്ച് 8 ന് ആയിരക്കണക്കിന് സ്ത്രീകൾ റൊട്ടിക്കുവേണ്ടി തെരുവീഥികളിൽ പ്രകടനം നടത്തി. പെട്രോഗ്രാഡ് പട്ടണത്തിൽ തൊഴിലാളികൾ പ്രതിഷേധപ്രകടനം നടത്തി. സൈനികർ ആദ്യം ഈ പ്രകടനങ്ങളെ നേരിട്ടെങ്കിലും പിന്നീടവരും തൊഴിലാളികളോടൊപ്പം ചേർന്നു. ഒന്നാം ലോകയുദ്ധത്തിൽ തങ്ങൾ അനുഭവിച്ച ദുരിതങ്ങളാണ് സൈനികരെ പ്രധാനമായും ഇതിന് പ്രേരിപ്പിച്ചത്. പെട്രോഗ്രാഡ് പട്ടണം തൊഴിലാളികൾ പിടിച്ചെടുത്തു. തുടർന്ന് നിക്കോളാസ് രണ്ടാമൻ സ്ഥാനമൊഴിയുകയും റഷ്യയിൽ മെൻഷെവിക് നേതാവായ അലക്സാണ്ടർ കെരൻസ്കിയുടെ നേതൃത്വത്തിൽ ഒരു താൽക്കാലിക ഗവൺമെന്റ് നിലവിൽ വരുകയും ചെയ്തു. ഇത് ഫെബ്രുവരിവിപ്ലവം എന്നറിയപ്പെടുന്നു (റഷ്യൻ കലണ്ടർ അന്താരാഷ്ട്ര കലണ്ടറിനേക്കാൾ പിറകിലായതിനാലാണ് മാർച്ചിൽ നടന്ന വിപ്ലവം ഫെബ്രുവരിവിപ്ലവം എന്നറിയപ്പെടുന്നത്).

റഷ്യയിൽ ഒരു താൽക്കാലിക ഗവൺമെന്റ് നിലവിൽ വരാനുള്ള സാഹചര്യം വിശകലനം ചെയ്യുക.

താൽക്കാലിക ഗവൺമെന്റിനെ റഷ്യയിലെ സോവിയറ്റുകളിൽ ഒരു വിഭാഗം അംഗീകരിച്ചില്ല. ഈ സമയം സ്വിറ്റ്സർലൻഡിൽ കഴിയുകയായിരുന്ന വ്ളാഡിമിർ ലെനിൻ റഷ്യയിലെത്തി താൽക്കാലിക ഗവൺമെന്റിനെ ശക്തമായി വിമർശിച്ചു. വിപ്ലവം അതിന്റെ ലക്ഷ്യം നേടണമെങ്കിൽ അധികാരം മുഴുവൻ സോവിയറ്റുകൾക്ക് കൈമാറണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ബോൾഷെവിക്കുകളും സോവിയറ്റുകളും ലെനിന്റെ നിലപാടിനെ പിന്തുണച്ചു. നൂറ്റാണ്ടുകൾ പഴക്കമുള്ള സാമ്പത്തിക പിന്നാക്കാവസ്ഥയും ജനങ്ങൾക്കിടയിലെ അസമത്വവും ഇല്ലാതാക്കാൻ ഒരു തൊഴിലാളിവർഗ ഭരണകൂടത്തിനുമാത്രമേ കഴിയുകയുള്ളൂവെന്ന് ബോൾഷെവിക്കുകൾ പ്രചരിപ്പിച്ചു. അതിനായി അവർ ചില ആവശ്യങ്ങൾ ഉന്നയിച്ചു.


ലെനിൻ

- ഒന്നാം ലോകയുദ്ധത്തിൽനിന്ന് റഷ്യ പിൻമാറുക.

- പ്രഭുക്കന്മാരുടെ കൈവശമുള്ള ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്യുക.
- ഫാക്ടറികൾ ജനങ്ങളുടെ പൊതുസ്വത്താക്കി മാറ്റുക.

1917 ഒക്ടോബറിൽ ബോൾഷെവിക്കുകൾ താൽക്കാലിക ഗവൺമെന്റിനെതിരായി സായുധകലാപമാരംഭിച്ചു. കെരൻസ്കി രാജ്യംവിട്ടുപോവുകയും റഷ്യ ബോൾഷെവിക്കുകളുടെ നിയന്ത്രണത്തിലാവുകയും ചെയ്തു. ബോൾഷെവിക്കുകൾക്ക് അധികാരം ലഭിച്ച ഈ സംഭവം ഒക്ടോബർ വിപ്ലവം (റഷ്യൻ കലണ്ടർ പ്രകാരം) എന്നറിയപ്പെടുന്നു. തുടർന്ന് സോവിയറ്റുകളുടെ സമ്മേളനം ചേർന്ന് ലെനിൻ അധ്യക്ഷനായ ഒരു കാബിനറ്റിന് രൂപംനൽകി. കാബിനറ്റ് വിപ്ലവകരമായ ചില നടപടികൾ കൈക്കൊണ്ടു. അവ ചുവടെ നൽകിയിരിക്കുന്നു.

റഷ്യൻ വിപ്ലവത്തിലെ പ്രധാനപ്പെട്ട സംഭവങ്ങളുടെ ടൈംലൈൻ പോസ്റ്റർ രൂപത്തിൽ തയാറാക്കി അവതരിപ്പിക്കുക.



- ഒന്നാം ലോകയുദ്ധത്തിൽ നിന്നു പിന്മാറി.
- പ്രഭുക്കന്മാരുടെ കൈവശമിരുന്ന ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്തു.
- ഫാക്ടറികൾ, ബാങ്കുകൾ, ഗതാഗതസൗകര്യങ്ങൾ, വിദേശവ്യാപാരം എന്നിവ പൊതു ഉടമസ്ഥതയിലാക്കി.



№ 209 Суббота 28 октября 1917 г.

ИЗВѢСТІЯ

Центральнаго Исполнительнаго Комитета и Петроградскаго Совѣта Рабочихъ и Солдатскихъ Депутатовъ.

കർഷകരെ കൃഷിഭൂമിയുടെ ഉടമകളാക്കിക്കൊണ്ട് ലെനിൻ ഒപ്പിട്ട ഉത്തരവിനെക്കുറിച്ചുള്ള റഷ്യൻ പത്രവാർത്ത

റഷ്യയുടെയും ലോകത്തിന്റെയും പിൽക്കാലചരിത്രത്തെ ഗണ്യമായി സ്വാധീനിക്കാൻ റഷ്യൻ വിപ്ലവത്തിനു കഴിഞ്ഞു. വർഷങ്ങളായി പിന്നാക്കാവസ്ഥയിലായിരുന്ന റഷ്യയെ സാമ്പത്തിക - ശാസ്ത്ര - സാങ്കേതികരംഗങ്ങളിൽ പുരോഗതി കൈവരിക്കാൻ സഹായിച്ചത് ഈ വിപ്ലവമാണ്. 1924 ൽ പുതിയ ഭരണഘടന നിലവിൽ വരുകയും വ്യത്യസ്ത സോവിയറ്റ് റിപ്പബ്ലിക്കുകൾ കൂടിച്ചേർന്ന് സോവിയറ്റ് യൂണിയൻ (USSR) രൂപീകരിക്കപ്പെടുകയും ചെയ്തു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സോഷ്യലിസ്റ്റ് ആശയങ്ങൾ വ്യാപിക്കാൻ റഷ്യൻ വിപ്ലവം കാരണമായി.



റഷ്യയിൽ ഒരു തൊഴിലാളിവർഗഭരണം സ്ഥാപിക്കുന്നതിൽ ഒക്ടോബർ വിപ്ലവം വഹിച്ച പങ്ക് ചർച്ചചെയ്യുക.

## ചൈനീസ് വിപ്ലവം

വിദേശാധിപത്യത്തിനും രാജവാഴ്ചയ്ക്കും എതിരായ വിപ്ലവങ്ങൾക്ക് ഇരുപതാം നൂറ്റാണ്ടിൽ ചൈന സാക്ഷ്യം വഹിച്ചു. ലോകത്തിന്റെ മറ്റുഭാഗങ്ങളിൽ നടപ്പിലാക്കിയതിൽനിന്നു വ്യത്യസ്തമായ രണ്ടു നയങ്ങൾ യൂറോപ്യൻ രാഷ്ട്രങ്ങളും അമേരിക്കയും ഉൾപ്പെട്ട കൊളോണിയൽശക്തികൾ ചൈനയിൽ സ്വീകരിച്ചു. അവ കറുപ്പുവ്യാപാരവും തുറന്ന വാതിൽ നയവുമായിരുന്നു. അവ എന്താണെന്നു നോക്കാം.

### കറുപ്പുവ്യാപാരം

ചൈനീസ് ഉൽപ്പന്നങ്ങളായ പട്ട്, തേയില, മൺപാത്രങ്ങൾ എന്നിവയ്ക്ക് യുറോപ്പിൽ വളരെയധികം ജനപ്രീതി ഉണ്ടായിരുന്നു. ഇവയുടെ കയറ്റുമതിയിലൂടെ ചൈന വൻതോതിൽ ലാഭം നേടി. എന്നാൽ ചൈനയിലേക്ക് ഇറക്കുമതി ഇല്ലാതിരുന്നതിനാൽ യൂറോപ്യൻ വ്യാപാരികൾക്ക് നഷ്ടം സംഭവിച്ചു. ഇത് പരിഹരിക്കാനായി ഇംഗ്ലീഷ് വ്യാപാരികൾ ചൈനയിലേക്ക് ലഹരിപദാർഥമായ കറുപ്പ് ഇറക്കുമതിചെയ്തു. ഇത് ചൈനയുടെ വ്യാപാരത്തെയും ഇതിന്റെ ഉപയോഗം ചൈനീസ് ജനതയുടെ മാനസികനിലയെയും പ്രതികൂലമായി ബാധിച്ചു. ഇതോടെ സാമ്പത്തികമായും മാനസികമായും ചൈനക്കാർ അടിമത്തത്തിലായി.

### തുറന്ന വാതിൽ നയം

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനമാകുമ്പോൾ നിരവധി യൂറോപ്യൻരാജ്യങ്ങൾ ചൈനയിൽ വ്യാപാരാനുകൂല്യങ്ങൾ കരസ്ഥമാക്കി. എന്നാൽ ഈ സമയത്ത് ചൈനയിൽ ശ്രദ്ധിക്കാൻ കഴിയാതിരുന്ന അമേരിക്കയ്ക്ക് ഈ ആനുകൂല്യങ്ങൾ ലഭിച്ചില്ല. തുടർന്ന് അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി ജോൺ ഹേയ് പ്രഖ്യാപിച്ച നയമാണ് 'തുറന്ന വാതിൽ നയം.' ഈ നയമനുസരിച്ച് ചൈനയുടെ കമ്പോളങ്ങളിൽ എല്ലാ രാജ്യങ്ങൾക്കും തുല്യ അവകാശവും അവസരവും ഉണ്ടെന്ന് അമേരിക്ക വാദിച്ചു. ചൈന വിവിധ രാജ്യങ്ങളുടെ സ്വാധീനമേഖലകളായി വിഭജിക്കപ്പെട്ടു. അമേരിക്കയ്ക്ക് ചൈനയിൽ ഇടപെടാൻ അവസരമൊരുക്കുക എന്നതായിരുന്നു ഈ നയത്തിന്റെ ലക്ഷ്യം.

കൊളോണിയൽ ശക്തികൾ ചൈനയിൽ നടപ്പാക്കിയ നയങ്ങൾ മറ്റു കോളനികളിൽ നടപ്പാക്കിയ നയങ്ങളുമായി താരതമ്യം ചെയ്യുക.



ചൈന ഭരിച്ചിരുന്ന മഞ്ചു രാജവംശം വിദേശ ഇടപെടലിനും ആധിപത്യത്തിനും അനുകൂലമായ നിലപാടാണു സ്വീകരിച്ചത്. ചൈനയിൽ പ്രവർത്തിച്ചിരുന്ന ചില രഹസ്യസംഘടനകൾ ഇതിനെതിരെ 1900 ൽ കലാപം സംഘടിപ്പിച്ചു. ബോക്സർമാരുടെ മുഷ്ടിയായിരുന്നു അവരുടെ മുദ്ര. അതിനാൽ ഇത് 'ബോക്സർ കലാപം' എന്നറിയപ്പെടുന്നു. പരാജയപ്പെട്ടെങ്കിലും പിൽക്കാല വിപ്ലവങ്ങൾക്ക് ഇതു ശക്തിപകർന്നു.

1911 ൽ ഡോ. സൻയാത് സെന്നിന്റെ നേതൃത്വത്തിൽ മഞ്ചു രാജഭരണത്തിനെതിരായി ചൈനയിൽ വിപ്ലവം നടന്നു. ഇത് ചൈനയിൽ രാജവാഴ്ചയ്ക്ക് അന്ത്യം കുറിച്ചു. തുടർന്ന് ദക്ഷിണചൈനയിൽ സൻയാത്സെന്നിന്റെ നേതൃത്വത്തിൽ കുമിന്താങ് പാർട്ടി ഒരു റിപ്പബ്ലിക്കൻ ഭരണം സ്ഥാപിച്ചു. സൻയാത്സെൻ ദേശീയത, ജനാധിപത്യം, സോഷ്യലിസം എന്നീ മൂന്ന് ആശയങ്ങൾക്ക് പ്രാധാന്യം നൽകി.



*ഡോ. സൻയാത്സെൻ*

### സൻയാത് സെന്നിന്റെ ആശയങ്ങൾ

| | |
|---|---|
| ദേശീയത | - മഞ്ചുറിയൻ പ്രദേശക്കാരായ മഞ്ചുരാജവംശത്തെയും സാമ്രാജ്യശക്തികളെയും പുറത്താക്കുക. |
| ജനാധിപത്യം | - ജനാധിപത്യഭരണം സ്ഥാപിക്കുക. |
| സോഷ്യലിസം | - മൂലധനത്തെ നിയന്ത്രിക്കുകയും ഭൂമി തുല്യമായി വിതരണം നടത്തുകയും ചെയ്യുക. |

പടിഞ്ഞാറൻരാഷ്ട്രങ്ങളുമായി സമത്വം വേണമെന്നാവശ്യപ്പെട്ട സൻയാത്സെൻ ചൈനയുമായി വിദേശികൾ ഒപ്പിട്ട അന്യായമായ ഉടമ്പടികൾ റദ്ദാക്കാൻ തീരുമാനിച്ചു. കൃഷിയുടെയും വ്യവസായത്തിന്റെയും പുരോഗതിക്കാവശ്യമായ നടപടികൾ കുമിന്താങ് റിപ്പബ്ലിക് സ്വീകരിച്ചു. റഷ്യയുടെ സഹായം വിവിധ മേഖലകളിൽ ചൈനയ്ക്ക് ലഭിക്കുകയും ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകൃതമാവുകയും ചെയ്തു. ആദ്യകാലങ്ങളിൽ കുമിന്താങ്ങുകളും കമ്മ്യൂണിസ്റ്റുകളും തമ്മിൽ സഹകരിച്ചാണ് മുന്നോട്ടുപോയത്. എന്നാൽ സൻയാത്സെന്നിന്റെ മരണത്തെത്തുടർന്ന് ചിയാങ് കൈഷക്ക് ഭരണത്തിന്റെ തലവനായി വന്നതോടെ ഈ സഹകരണം ഇല്ലാതായി.



ചൈനയിലെ വിദേശാധിപത്യം അവസാനിപ്പിക്കുന്നതിൽ സൻയാത്സെന്നിന്റെ നേതൃത്വത്തിലുള്ള ഭരണകൂടം വഹിച്ച പങ്ക് പരിശോധിക്കുക.

## റിപ്പബ്ലിക് ജനകീയമാവുന്നു

ചിയാങ് കൈഷക്ക് ചൈനയിൽ സൈനിക ഏകാധിപത്യഭരണത്തിനു തുടക്കം കുറിച്ചു. കമ്മ്യൂണിസ്റ്റുകളുമായുള്ള സഹകരണം ഉപേക്ഷിച്ച് അദ്ദേഹം അമേരിക്കയടക്കമുള്ള വിദേശശക്തികൾക്ക് ചൈനയിൽ യഥേഷ്ടം ഇടപെടാൻ അവസരമൊരുക്കി. ചൈനയുടെ കൽക്കരി, ഇരുമ്പുവ്യവസായങ്ങൾ, ബാങ്കിങ്, വിദേശവ്യാപാരം തുടങ്ങിയ മേഖലകളെല്ലാം നിയന്ത്രിച്ചിരുന്നത് വിദേശരാജ്യങ്ങളായിരുന്നു. ചിയാങ് കൈഷക്കിന്റെ നയങ്ങളെ കമ്മ്യൂണിസ്റ്റുകൾ എതിർത്തതിനെത്തുടർന്ന് അവരെ ക്രൂരമായി നേരിട്ടു. ഈ സമയം ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവായി മാവോ സെ തുംഗ് ഉയർന്നുവന്നു. 1934 ൽ കമ്മ്യൂണിസ്റ്റുകൾ മാവോയുടെ നേതൃത്വത്തിൽ തെക്കൻ ചൈനയിലെ കിയാങ്സിയിൽനിന്ന് ഒരു യാത്ര ആരംഭിച്ചു. നിരവധി പ്രതിബന്ധങ്ങൾ തരണം ചെയ്തുകൊണ്ടുള്ള അതിസാഹസികമായ ഈ യാത്ര വടക്കുപടിഞ്ഞാറ് യെനാനിൽ അവസാനിച്ചു. യാത്രയിലുടനീളം ധാരാളം കൃഷിഭൂമിയും അനേകം ഗ്രാമങ്ങളും പ്രഭുക്കന്മാരിൽനിന്ന് പിടിച്ചെടുത്ത് കർഷകർക്കു നൽകി. ഏകദേശം 12000 കിലോമീറ്റർ സഞ്ചരിച്ച ഈ യാത്ര 'ലോങ് മാർച്ച്' എന്നറിയപ്പെടുന്നു. തൽഫലമായി വിദേശാധിപത്യത്തിനെതിരായ ചൈനീസ് ജനതയുടെ പോരാട്ടത്തിന്റെ പ്രതീകമായി കമ്മ്യൂണിസ്റ്റുകളും മാവോ സെ തുംഗും മാറി. അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ചുവപ്പുസേന കുമിന്താങ് ഭരണത്തിന്റെ കേന്ദ്രം കൈക്കലാക്കിയതിനെത്തുടർന്ന് ചിയാങ് കൈഷക്ക് തായ്‌വാനിൽ രാഷ്ട്രീയാഭയം തേടി. 1949 ഒക്ടോബർ 1 ന് ചൈന മാവോ സെ തുംഗിന്റെ നേതൃത്വത്തിൽ ജനകീയ ചൈന റിപ്പബ്ലിക് ആയി മാറി.



മാവോ സെ തുംഗ്



വിദേശാധിപത്യത്തിൽനിന്നും രാജവാഴ്ചയിൽനിന്നും മോചനം നേടി ചൈന റിപ്പബ്ലിക്കായതിനെക്കുറിച്ച് സെമിനാർ പേപ്പർ തയാറാക്കുക.

സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട ജനത ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തിയ വിപ്ലവങ്ങളെക്കുറിച്ചാണ് നമ്മൾ ചർച്ച ചെയ്തത്. ഇവ മുന്നോട്ടുവെച്ച ആശയങ്ങൾ ആധുനിക ലോകചരിത്രത്തെ രൂപപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കു വഹിച്ചു. വിപ്ലവകാരികൾ തയാറാക്കിയ പ്രഖ്യാപനങ്ങൾ മനുഷ്യസമൂഹം കൈവരിച്ച പുരോഗതിയുടെ രേഖപ്പെടുത്തലുകളായി ഇന്നും നിലനിൽക്കുന്നു.

ലോകത്തിലെ പ്രധാന വിപ്ലവങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് ഒരു പതിപ്പ് തയാറാക്കുക.



അമേരിക്ക, യൂറോപ്പ്, ഏഷ്യ എന്നിവിടങ്ങളിൽ നടന്ന വിപ്ലവങ്ങൾ താരതമ്യം ചെയ്ത് ചുവടെ തന്നിട്ടുള്ള പട്ടിക പൂർത്തിയാക്കുക.



| വിപ്ലവങ്ങൾ | അമേരിക്കൻ സ്വാതന്ത്ര്യ സമരം | ഫ്രഞ്ച് വിപ്ലവം | ലാറ്റിനമേരിക്കൻ വിപ്ലവം | റഷ്യൻ വിപ്ലവം | ചൈനീസ് വിപ്ലവം |
|---|---|---|---|---|---|
| കാലഘട്ടം | | | | | |
| നേതാക്കൾ | | | | | |
| പ്രധാന ലക്ഷ്യങ്ങൾ | | | | | |
| സ്വാധീനിച്ച ആശയങ്ങൾ/ തത്ത്വചിന്തകർ | | | | | |
| പ്രധാനഫലം | | | | | |

## ലോകത്തെ മാറ്റിമറിച്ച വിപ്ലവങ്ങൾ

| അമേരിക്കൻ സ്വാതന്ത്ര്യസമരം | ഫ്രഞ്ച് വിപ്ലവം | ലാറ്റിനമേരിക്കൻ വിപ്ലവം | റഷ്യൻ വിപ്ലവം | ചൈനീസ് വിപ്ലവം |
|---|---|---|---|---|
| ബ്രിട്ടന്റെ കോളനിവാഴ്ചയ്ക്കെതിരായി. | സ്വേച്ഛാധിപത്യത്തിനും ഫ്യൂഡൽ വ്യവസ്ഥയ്ക്കുമെതിരായി. | സ്പെയിനിന്റെയും പോർച്ചുഗലിന്റെയും ആധിപത്യത്തിനെതിരായി. | രാജവാഴ്ചയ്ക്കും ഫ്യൂഡൽ വ്യവസ്ഥയ്ക്കുമെതിരായി. | വിദേശാധിപത്യത്തിനും ഫ്യൂഡൽ വ്യവസ്ഥയ്ക്കും മഞ്ചു രാജവാഴ്ചയ്ക്കുമെതിരായി. |
| ജോർജ് വാഷിങ്ടൺ, തോമസ് ജെഫേഴ്സൺ, തോമസ് പെയിൻ | വോൾട്ടയർ, റൂസ്സോ, മൊണ്ടസ്ക്യു | ഫ്രാൻസിസ്കൊ മിരാൻഡ, സൈമൺ ബോളിവർ, ജൊസെഡിസാൻ മാർട്ടിൻ | കെരൻസ്കി, ലെനിൻ, ട്രോട്സ്കി | സൻയാത് സെൻ, മാവോ സെ തുംഗ് |

## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- അമേരിക്കൻ സ്വാതന്ത്ര്യസമരത്തിന്റെ പശ്ചാത്തലം വിശകലനം ചെയ്യുന്നു.
- അമേരിക്കൻ സ്വാതന്ത്ര്യസമരത്തിന് ലോകചരിത്രത്തിലുള്ള പ്രാധാന്യം വിലയിരുത്തുന്നു.

- ഫ്രഞ്ച്‌വിപ്ലവത്തിന്റെ പശ്ചാത്തലം വിശകലനം ചെയ്യുന്നു.
- ഫ്രഞ്ച്‌വിപ്ലവത്തിന്റെ വിവിധ ഘട്ടങ്ങൾ പട്ടികപ്പെടുത്തുന്നു.
- ഫ്രഞ്ച്‌വിപ്ലവത്തിന്റെ സ്വാധീനം വിലയിരുത്തുന്നു.
- നെപ്പോളിയന്റെ പരിഷ്കാരങ്ങൾ വിശദീകരിക്കുന്നു.
- ലാറ്റിനമേരിക്കൻ ദേശീയസമരത്തിന്റെ പശ്ചാത്തലവും പ്രാധാന്യവും വിശകലനം ചെയ്യുന്നു.
- റഷ്യൻവിപ്ലവത്തിന് കാരണമായ ഘടകങ്ങൾ വിശകലനം ചെയ്യുന്നു.
- പിൽക്കാല ലോകചരിത്രത്തിൽ റഷ്യൻവിപ്ലവം ചെലുത്തിയ സ്വാധീനം തിരിച്ചറിയുന്നു.
- ചൈനീസ് വിപ്ലവത്തിന്റെ വിവിധ ഘട്ടങ്ങൾ വിശദമാക്കുന്നു.
- ലോകത്തിലെ വിവിധ വിപ്ലവങ്ങൾ താരതമ്യം ചെയ്യുന്നു.

## വിലയിരുത്താം

- ഇംഗ്ലീഷ് ജനത ഇംഗ്ലണ്ടിനെതിരായി നടത്തിയ സമരമായിരുന്നു അമേരിക്കൻ സ്വാതന്ത്ര്യസമരം. പ്രസ്താവന സമർഥിക്കുക.
- മധ്യവർഗത്തിന്റെ അസംതൃപ്തി ഫ്രഞ്ച് വിപ്ലവത്തിന് വഴിതെളിച്ചതെങ്ങനെ?
- ചുവടെ തന്നിട്ടുള്ള സംഭവങ്ങൾ കാലഗണനക്രമത്തിലാക്കുക.
  - i. ഫെബ്രുവരി വിപ്ലവം
  - ii. ലോങ് മാർച്ച്
  - iii. അമേരിക്കൻ സ്വാതന്ത്ര്യപ്രഖ്യാപനം
  - iv. ടെന്നിസ് കോർട്ട് പ്രതിജ്ഞ
- ലാറ്റിനമേരിക്കൻ വിപ്ലവത്തെ ഫ്രഞ്ച് വിപ്ലവവുമായി താരതമ്യം ചെയ്യുക.
- നെപ്പോളിയന്റെ പരിഷ്കാരങ്ങളെ ഫ്രഞ്ച് വിപ്ലവം സ്വാധീനിച്ചതെങ്ങനെ?
- കൊളോണിയൽ മേധാവിത്വം ലാറ്റിനമേരിക്കൻ രാജ്യങ്ങളെ സ്വാധീനിച്ചതെങ്ങനെയെന്ന് വിശദമാക്കുക.
- തൊഴിലാളിവർഗത്തിന്റെ വളർച്ചയ്ക്ക് റഷ്യൻവിപ്ലവം സഹായകമായി. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്? വിശദീകരിക്കുക.
- ചൈന ഒരു ജനകീയ റിപ്പബ്ലിക് ആയതെങ്ങനെയെന്ന് വിശകലനം ചെയ്യുക.

## തുടർപ്രവർത്തനങ്ങൾ

- ലോകത്തിലെ വിവിധ വിപ്ലവങ്ങളെ സ്വാധീനിച്ച ചിന്തകരുടെയും എഴുത്തുകാരുടെയും ഗ്രന്ഥങ്ങൾ ശേഖരിച്ച് അവയെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.
- ലോകത്തിലെ പ്രധാന വിപ്ലവങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് ഒരു പതിപ്പ് തയാറാക്കുക.

അധ്യായം
02



# ലോകം ഇരുപതാം നൂറ്റാണ്ടിൽ




ആഫ്രിക്കൻ വൻകരയുടെ ഭൂപടമാണ് മുകളിൽ നൽകിയിരിക്കുന്നത്. ആഫ്രിക്കയിലെ രാഷ്ട്രങ്ങളുടെ അതിരുകളുടെ പ്രത്യേകതകൾ കണ്ടെത്താമോ? അവയിൽ മിക്കതും ഏകദേശം നേർരേഖയിലാണ്.

എന്തുകൊണ്ടായിരിക്കാം ആഫ്രിക്കയിലെ രാഷ്ട്രങ്ങളുടെ അതിരുകൾ നേർരേഖയിലായത്? വിഭവങ്ങൾ തേടി ആഫ്രിക്കയിൽ എത്തിയ യൂറോപ്യർ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ആഫ്രിക്കയെ പങ്കിട്ടെടുത്തു. യൂറോപ്യൻ രാജ്യങ്ങൾ തമ്മിലുള്ള ധാരണയുടെ അടിസ്ഥാനത്തിൽ ഭൂപടത്തിൽ അതിർത്തികൾ വരച്ച് ആഫ്രിക്കയെ വീതംവയ്ക്കുകയായിരുന്നു.

- യൂറോപ്യൻ രാഷ്ട്രങ്ങൾ എന്തിനായിരിക്കാം ആഫ്രിക്കയെ വീതം വച്ചത്?
- ഇതുപോലുള്ള നടപടികൾ ലോകത്തിന്റെ മറ്റു ഭാഗങ്ങളിലും നിലനിന്നിരുന്നോ?
- അവ പിൽക്കാല ലോകചരിത്രത്തെ എങ്ങനെയൊക്കെ സ്വാധീനിച്ചു കാണും?

## മുതലാളിത്തത്തിൽനിന്നു സാമ്രാജ്യത്വത്തിലേക്ക്

പതിനെട്ടാംനൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ ആരംഭിച്ച വ്യവസായവിപ്ലവത്തെക്കുറിച്ച് മുൻ ക്ലാസുകളിൽ നാം ചർച്ചചെയ്തത് ഓർക്കുമല്ലോ. ഇത് ക്രമേണ ഇംഗ്ലണ്ടിൽനിന്നു യൂറോപ്പിലെ മറ്റു രാജ്യങ്ങളിലേക്ക് വ്യാപിച്ചു. ഫാക്ടറികളിൽ മൂലധനനിക്ഷേപം നടത്തി മുതലാളിമാർ ഉൽപ്പാദനം കൂട്ടി. ഇത് അവരുടെ ലാഭത്തിൽ വർധനവുണ്ടാക്കി. ലാഭം ലക്ഷ്യമാക്കി ഉൽപ്പാദനവും വിതരണവും സ്വകാര്യവ്യക്തികൾ നിയന്ത്രിച്ചിരുന്ന സമ്പദ്‌വ്യവസ്ഥ മുതലാളിത്തം എന്നറിയപ്പെട്ടു. വൻകിട വ്യവസായങ്ങളുടെ വരവ് മൂലധന നിക്ഷേപത്തിന്റെ വ്യാപ്തി വർധിപ്പിച്ചു. ആഭ്യന്തര ആവശ്യത്തിന് വേണ്ടതിനെക്കാൾ കൂടുതൽ ഉൽപ്പന്നങ്ങൾ ഓരോ രാജ്യവും ഉൽപ്പാദിപ്പിച്ചിരുന്നു. അവ വിറ്റഴിക്കുന്നതിന് ആഭ്യന്തരകമ്പോളം മാത്രം മതിയാകുമായിരുന്നില്ല. ഇത് യൂറോപ്പിലെ വ്യാവസായികരാജ്യങ്ങൾ തമ്മിലുള്ള മത്സരത്തിന് കാരണമായി. ഏഷ്യൻ, ആഫ്രിക്കൻ, ലാറ്റിനമേരിക്കൻ രാജ്യങ്ങളുമായി യൂറോപ്യൻ രാജ്യങ്ങൾക്ക് നേരത്തേ കച്ചവടബന്ധങ്ങൾ ഉണ്ടായിരുന്നു. ഇവിടങ്ങളിൽ യൂറോപ്യൻ രാഷ്ട്രങ്ങൾ രാഷ്ട്രീയാധികാരവും സൈനികശേഷിയും ഉപയോഗിച്ച് സാമ്പത്തികചൂഷണം നടത്തി. ഈ രാജ്യങ്ങൾ പിന്നീട് യൂറോപ്യന്മാരുടെ കോളനികളായി മാറി. ഈ പ്രക്രിയ കോളനിവൽക്കരണം എന്നറിയപ്പെടുന്നു.



*1800 കളിലെ ഇംഗ്ലണ്ടിലെ ഒരു വ്യവസായശാല*



വ്യവസായവിപ്ലവം കോളനിവൽക്കരണത്തിന് കാരണമായതെങ്ങനെ? ഒരു ഫ്ളോചാർട്ട് തയാറാക്കി വ്യക്തമാക്കുക.

മുതലാളിത്തത്തിന്റെ ചൂഷണത്തിനെതിരായി സംഘടിത തൊഴിലാളി പ്രസ്ഥാനങ്ങൾ രൂപംകൊണ്ടു. തൊഴിലാളിസംഘടനകളുടെ നിരന്തര സമരങ്ങളും അതിലൂടെ തൊഴിലാളികൾ നേടിയ വേതനവർധനവും മുതലാളിമാരുടെ ലാഭത്തിൽ കുറവുണ്ടാക്കി. യൂറോപ്യൻ രാജ്യങ്ങൾ കോളനികളെ അസംസ്കൃതവസ്തുക്കളുടെ കേന്ദ്രവും ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള കമ്പോളവുമായാണ് കണ്ടിരുന്നത്. പിൽക്കാലത്ത് കൊളോണിയൽ മേധാവികൾ കോളനികളിൽ മൂലധനനിക്ഷേപം നടത്തി. അതിന് മുതലാളിത്തരാജ്യങ്ങളെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് നോക്കാം.

- തൊഴിലാളികളുടെ കുറഞ്ഞ കൂലി.
- അസംസ്കൃതവസ്തുക്കളുടെ ലഭ്യത.
- കോളനികളിൽ ഉൽപാദിപ്പിച്ച് കോളനികളിൽ തന്നെ വിതരണം ചെയ്യുമ്പോഴുള്ള കുറഞ്ഞ ചെലവ്.

കോളനികളിലേക്കുള്ള മൂലധന കയറ്റുമതിയുടെ ഘട്ടം സാമ്രാജ്യത്വം എന്നറിയപ്പെടുന്നു. ഒരു രാജ്യം മറ്റൊരു രാജ്യത്തിനുമേൽ സ്ഥാപിക്കുന്ന രാഷ്ട്രീയ, സാമ്പത്തിക, സാംസ്കാരിക ആധിപത്യം സാമ്രാജ്യത്വത്തിന്റെ സവിശേഷതയാണ്. നിയമവ്യവസ്ഥ, ഭരണസംവിധാനം, സൈനികശക്തി തുടങ്ങിയ ഘടകങ്ങൾ ഉപയോഗപ്പെടുത്തിയാണ് കോളനികളിൽ സാമ്രാജ്യത്വശക്തികൾ അവരുടെ ചൂഷണനയങ്ങൾ നടപ്പിലാക്കിയത്.

കോളനിവൽക്കരണത്തിൽ നിന്നു സാമ്രാജ്യത്വം എങ്ങനെയെല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു?



സാമ്രാജ്യത്വം കോളനിരാജ്യങ്ങളെ എങ്ങനെയെല്ലാമാണ് ബാധിച്ചത്?

- കോളനികളുടെ പരമ്പരാഗത സമ്പദ്വ്യവസ്ഥ തകർന്നു.
- ഭരണരീതിയും നിയമവ്യവസ്ഥയും മാറ്റിമറിക്കപ്പെട്ടു.
- പരമ്പരാഗത ഭക്ഷ്യവിളകൾക്കു പകരം നാണ്യവിളകൾ കൃഷിചെയ്യാൻ നിർബന്ധിതരായി.
- ദാരിദ്ര്യവും തൊഴിലില്ലായ്മയും വർധിച്ചു.
- പ്രകൃതിവിഭവങ്ങൾ വ്യാപകമായി കൊള്ളയടിക്കപ്പെട്ടു.
- തദ്ദേശീയമായ കല, സാഹിത്യം, ഭാഷ, സംസ്കാരം, വിദ്യാഭ്യാസം എന്നിവ തകർക്കപ്പെട്ടു.

കോളനികൾക്കും കമ്പോളങ്ങൾക്കും വേണ്ടിയുള്ള പരസ്പര മത്സരങ്ങളും സംഘർഷങ്ങളും സാമ്രാജ്യത്വശക്തികൾ തമ്മിലുള്ള യുദ്ധങ്ങൾക്കു കാരണമായി.

വ്യവസായ വിപ്ലവം ലോകരാഷ്ട്രങ്ങൾ തമ്മിലുള്ള സംഘർഷങ്ങൾക്ക് കാരണമായതെങ്ങനെ?



## ഒന്നാം ലോകയുദ്ധം

സാമ്രാജ്യത്വശക്തികൾ തമ്മിലുള്ള തർക്കങ്ങൾ ലോകരാഷ്ട്രങ്ങളെ ഒരു യുദ്ധത്തിലേക്കു കൊണ്ടെത്തിച്ചു. ഇതിനു വഴിതെളിച്ച ഘടകങ്ങൾ എന്തെല്ലാമായിരുന്നുവെന്നു നോക്കാം.

യൂറോപ്യൻ രാജ്യങ്ങൾ തമ്മിൽ കോളനികൾക്ക് വേണ്ടി നടത്തിയ മത്സരങ്ങൾ അവർക്കിടയിൽ ശത്രുത വളർത്തുകയും സംഘർഷങ്ങൾക്ക് കാരണമാവുകയും ചെയ്തു. ശത്രുക്കളെയും മിത്രങ്ങളെയും തിരിച്ചറിയാൻ കഴിയാത്ത അവസ്ഥ സൈനിക സഖ്യങ്ങളുടെ രൂപീകരണത്തിന് വഴിതെളിച്ചു. ഇങ്ങനെ രൂപീകരിക്കപ്പെട്ട സൈനികസഖ്യങ്ങളാണ് ത്രികക്ഷിസഖ്യവും (Triple Alliance) ത്രികക്ഷി സൗഹാർദവും (Triple Entente).

**ത്രികക്ഷിസഖ്യം**
- ജർമനി
- ആസ്ട്രിയ-ഹംഗറി
- ഇറ്റലി

**ത്രികക്ഷിസൗഹാർദം**
- ഇംഗ്ലണ്ട്
- ഫ്രാൻസ്
- റഷ്യ

ഇത്തരം സഖ്യങ്ങളുടെ രൂപീകരണം യൂറോപ്പിൽ ഒരു യുദ്ധാന്തരീക്ഷം സൃഷ്ടിച്ചു. അവർ വിനാശകാരികളായ പുതിയ ആയുധങ്ങൾ നിർമിക്കുകയും വാങ്ങിക്കൂട്ടുകയും ചെയ്തു.

സാമ്രാജ്യത്വമത്സരങ്ങളിൽ വിജയിക്കുന്നതിനു യൂറോപ്യൻ രാജ്യങ്ങൾ വിവിധ മാർഗങ്ങൾ സ്വീകരിച്ചു. അതിലൊന്നാണ് തീവ്രദേശീയത. മറ്റ് രാജ്യങ്ങളെയും അവരുടെ കൈവശമുള്ള പ്രദേശങ്ങളെയും കീഴടക്കുന്നതിനുള്ള മാർഗമെന്ന നിലയിൽ യൂറോപ്യൻ രാജ്യങ്ങൾ ദേശീയതയെ ഉപയോഗിച്ചു. ഇത് തീവ്രദേശീയത (Aggressive Nationalism) എന്നറിയപ്പെടുന്നു. സ്വന്തം രാജ്യം മറ്റുള്ളവയേക്കാൾ ശ്രേഷ്ഠമാണെന്ന് കരുതുകയും സ്വന്തം രാജ്യം ചെയ്യുന്നതിനെയെല്ലാം ന്യായീകരിക്കുകയും ചെയ്യുന്നത് ഇതിന്റെ പ്രത്യേകതയായിരുന്നു. തീവ്രദേശീയതയുടെ വളർച്ച യൂറോപ്പിൽ ചില പ്രസ്ഥാനങ്ങളുടെ രൂപീകരണത്തിന് കാരണമായി.

**തീവ്രദേശീയതയിലധിഷ്ഠിതമായി രൂപീകരിക്കപ്പെട്ട പ്രസ്ഥാനങ്ങൾ**

| പാൻ സ്ലാവ് പ്രസ്ഥാനം (Pan-Slav Movement) | പാൻ ജർമൻ പ്രസ്ഥാനം (Pan-German Movement) | പ്രതികാര പ്രസ്ഥാനം (Revenge Movement) |
|---|---|---|
| കിഴക്കൻ യൂറോപ്പിലെ സെർബിയ, ബൾഗേറിയ, ഗ്രീസ് തുടങ്ങിയ രാജ്യങ്ങളിലെ സ്ലാവ് വംശജരെ തങ്ങളുടെ നേതൃത്വത്തിൽ ഏകീകരിക്കാൻ റഷ്യ ആഗ്രഹിച്ചു. അതിനായി ഈ മേഖലയിൽ റഷ്യൻ സഹായത്തോടെ രൂപീകരിക്കപ്പെട്ട പ്രസ്ഥാനമായിരുന്നു പാൻ സ്ലാവ് പ്രസ്ഥാനം. | മധ്യയൂറോപ്പിലും ബാൾക്കൻ മേഖലയിലും സ്വാധീനം ഉറപ്പിക്കുന്നതിനായി ജർമനി കണ്ടെത്തിയ മാർഗം ട്യൂട്ടോണിക് വർഗക്കാരെ ഏകോപിപ്പിക്കുക എന്നതായിരുന്നു. അതിനായി ജർമനിയുടെ നേതൃത്വത്തിൽ ആരംഭിച്ചതാണ് പാൻ ജർമൻ പ്രസ്ഥാനം. | 1871 ൽ ജർമനി ഫ്രാൻസിന്റെ പക്കൽനിന്ന് അൽസൈസ്, ലൊറൈൻ എന്നീ പ്രദേശങ്ങൾ കൈവശപ്പെടുത്തി. ഇത് തിരികെ പിടിക്കുന്നതിനായി ഫ്രാൻസിന്റെ നേതൃത്വത്തിൽ ആരംഭിച്ചതാണ് പ്രതികാര പ്രസ്ഥാനം. |

സാമ്രാജ്യത്വ കിടമത്സരങ്ങൾ യൂറോപ്യൻ രാജ്യങ്ങളെ ചില പ്രതിസന്ധികളിലേക്കു നയിച്ചു. അവയിൽ പ്രധാനപ്പെട്ടവയാണ് മൊറോക്കൻ പ്രതിസന്ധി, ബാൾക്കൺ പ്രതിസന്ധി എന്നിവ.

**സാമ്രാജ്യത്വരാഷ്ട്രങ്ങളുടെ പ്രതിസന്ധികൾ**

**മൊറോക്കൻ പ്രതിസന്ധി**

1904 ൽ ബ്രിട്ടനും ഫ്രാൻസും തമ്മിലൊപ്പിട്ട രഹസ്യസന്ധിയനുസരിച്ച് ആഫ്രിക്കൻ രാജ്യമായ മൊറോക്കോയിൽ ഫ്രാൻസിന്റെ ആധിപത്യം ബ്രിട്ടൻ അംഗീകരിച്ചു. എന്നാൽ മൊറോക്കോ കൈവശപ്പെടുത്താനാഗ്രഹിച്ച ജർമനി ഇതംഗീകരിച്ചില്ല. മൊറോക്കൻ തുറമുഖമായ അഗഡീറിലേക്ക് ജർമനി യുദ്ധക്കപ്പലുകൾ അയച്ചു. തുടർന്നുള്ള അനുരഞ്ജനചർച്ചയിൽ തങ്ങളുടെ കോളനിയായ ഫ്രഞ്ച് കോംഗോയുടെ ചില ഭാഗങ്ങൾ ജർമനിക്ക് നൽകി ഫ്രാൻസ് ഈ പ്രശ്നം പരിഹരിച്ചു. എങ്കിലും ഫ്രാൻസും ജർമനിയും തമ്മിലുള്ള ശത്രുത തുടർന്നു.




**ബാൾക്കൺ പ്രതിസന്ധി**

ഗ്രീസിന് കിഴക്കുള്ള ഈജിയൻ കടലിനും കരിങ്കടലിനും സമീപത്തായാണ് ബാൾക്കൺ മേഖല സ്ഥിതിചെയ്യുന്നത്. ഇത് ഓട്ടോമൻ തുർക്കികളുടെ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു. 1912 ൽ ബാൾക്കൺ സഖ്യം (സെർബിയ, ഗ്രീസ്, മോണ്ടിനിഗ്രോ, ബൾഗേറിയ) തുർക്കിയെ പരാജയപ്പെടുത്തി. എന്നാൽ യുദ്ധത്തിന്റെ നേട്ടങ്ങൾ പങ്കിട്ടെടുക്കുന്നതിൽ ബാൾക്കൺ സഖ്യത്തിലെ രാഷ്ട്രങ്ങൾ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായി. ഇത് ബാൾക്കൺ രാഷ്ട്രങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾക്കു കാരണമായി.




ബാൾക്കൺ പ്രദേശത്ത് ആധിപത്യമുറപ്പിക്കാൻ റഷ്യൻ സഹായത്തോടെ സെർബിയയും ജർമനിയുടെ പിന്തുണയോടെ ആസ്ട്രിയയും ശ്രമിച്ചു. ഈ സമയത്താണ് 1914 ജൂണിൽ ആസ്ട്രിയൻ കിരീടാവകാശിയായ ഫ്രാൻസിസ് ഫെർഡിനന്റിനെ ബോസ്നിയൻ തലസ്ഥാനമായ സാരയാവോയിൽ വച്ച് സെർബിയൻ യുവാവായ ഗാവ്‌ലൊ പ്രിൻസപ്പ് വെടിവെച്ചു കൊന്നത്. സെർബിയയാണ് ഇതിന് ഉത്തരവാദിയെന്ന് പ്രഖ്യാപിച്ച ആസ്ട്രിയ സെർബിയയ്ക്കുമേൽ 1914 ജൂൺ 28 ന് യുദ്ധം പ്രഖ്യാപിച്ചു. തുടർന്ന് ഓരോ സഖ്യരാഷ്ട്രവും തങ്ങളുടെ ചേരിയിലെ രാഷ്ട്രങ്ങളെ സഹായിക്കാനായി മുന്നോട്ടുവന്നു. ലോകത്തെ ചെറുതും വലുതുമായ രാഷ്ട്രങ്ങൾ നേരിട്ടോ അല്ലാതെയോ ഇതിൽ പങ്കാളികളായി. അതിനാൽ ഈ യുദ്ധം ഒന്നാം ലോകയുദ്ധം എന്നറിയപ്പെടുന്നു.


ഒന്നാം ലോകയുദ്ധമുഖം

സാമ്രാജ്യത്വ മത്സരങ്ങൾ ലോകരാജ്യങ്ങളെ ഒരു യുദ്ധത്തിലേക്ക് നയിച്ചതെങ്ങനെയെന്ന് ചർച്ച ചെയ്യുക.

## യുദ്ധത്തിന്റെ ഫലങ്ങൾ

**യുദ്ധം സെല്ലുലോയ്ഡിൽ**

ഒന്നാം ലോകയുദ്ധത്തിലെ ഫ്രഞ്ച് തടവുകാരുടെ കഥപറയുന്ന ചലച്ചിത്രമാണ് ഴാങ് റെന്വായുടെ 'ഗ്രാൻഡ് ഇല്യൂഷൻ'. യുദ്ധങ്ങളെക്കുറിച്ചുള്ള ഏറ്റവും മികച്ച ചലച്ചിത്രങ്ങളിലൊന്നാണിത്. 'ഗ്രാൻഡ് ഇല്യൂഷ'ന്റെ പ്രിന്റുകൾ നാസികൾ നശിപ്പിച്ചുവെങ്കിലും പിന്നീട് അവ കണ്ടെടുക്കപ്പെട്ടു. ലെവിസ് മൈൻസ്റ്റോൺ സംവിധാന ചെയ്ത 'ഓൾ ക്വയറ്റ് ഓൺ ദ വെസ്റ്റേൺ ഫ്രണ്ട്', സ്റ്റാൻലി കുബ്രിക്കിന്റെ 'പാത്ത് ഓഫ് ഗ്ലോറി' എന്നീ ചലച്ചിത്രങ്ങളും ഒന്നാം ലോകയുദ്ധത്തിന്റെ ദൃശ്യാവിഷ്കാരങ്ങളാണ്.

ഒന്നാം ലോകയുദ്ധം 1918 ൽ അവസാനിച്ചു. ഇതിന്റെ പ്രത്യാഘാതങ്ങൾ ലോകം മുഴുവൻ അനുഭവപ്പെട്ടു.

- ദശലക്ഷക്കണക്കിന് ജനങ്ങൾക്ക് ജീവഹാനി സംഭവിക്കുകയും പരിക്കേൽക്കുകയും ചെയ്തു.
- യൂറോപ്പിന്റെ സാമ്പത്തികമേധാവിത്വം ദുർബലമായി.
- ദാരിദ്ര്യം, തൊഴിലില്ലായ്മ, നാണയപ്പെരുപ്പം എന്നിവ വർധിച്ചു.
- ഏഷ്യയിലെയും ആഫ്രിക്കയിലെയും സ്വാതന്ത്ര്യസമരങ്ങൾ ശക്തിപ്പെട്ടു.
- കൃഷി, വ്യവസായം, വാർത്താവിനിമയം തുടങ്ങിയ മേഖലകൾ തകർന്നു.
- ലോകസമാധാനം സംരക്ഷിക്കുന്നതിനായി സർവരാഷ്ട്രസഖ്യം (League of Nations) എന്ന സംഘടന രൂപംകൊണ്ടു.

## സമാധാനശ്രമങ്ങൾ



വേഴ്സായി സന്ധി സംഭാഷണങ്ങൾ

ഒന്നാം ലോകയുദ്ധത്തിൽ വിജയിച്ച ബ്രിട്ടന്റേയും ഫ്രാൻസിന്റെയും നേതൃത്വത്തിലുള്ള സഖ്യം 1919 ൽ പാരിസിൽ നടന്ന സമാധാന സമ്മേളനത്തിൽ വച്ച് യുദ്ധാനന്തര ലോകത്തിന്റെ ഭാവികാര്യങ്ങൾ ചർച്ചചെയ്തു. പരാജയപ്പെട്ട രാഷ്ട്രങ്ങളുമായി അവർ വെവ്വേറെ സന്ധികൾ ഒപ്പിട്ടു. അതിൽ പ്രധാനപ്പെട്ടതാണ് ജർമനിയുമായി 1919 ൽ ഒപ്പുവച്ച വേഴ്സായ് സന്ധി. ഇതുപ്രകാരം ജർമനിയുടെ കോളനികൾ മുഴുവൻ സഖ്യകക്ഷികൾ വീതിച്ചെടുത്തു. യുദ്ധനഷ്ടപരിഹാരമായി വൻതുക ജർമനി സഖ്യകക്ഷികൾക്ക് നൽകേണ്ടിവന്നു. സമ്പന്നമായ ഖനിപ്രദേശങ്ങൾ സഖ്യകക്ഷികൾ കൈക്കലാക്കി. എല്ലാറ്റിനുമുപരി യുദ്ധക്കുറ്റം ജർമനിയുടെമേൽ കെട്ടിവയ്ക്കുകയും ജർമനിയെ നിരായുധീകരിക്കുകയും ചെയ്തു.

ഒന്നാം ലോകയുദ്ധത്തിൽ വിജയിച്ചവർക്ക് പരാജയപ്പെട്ടവരോടുണ്ടായിരുന്ന പ്രതികാരത്തിന്റെ ഉദാഹരണമായിരുന്നു വേഴ്സായ് സന്ധി. ചർച്ച ചെയ്യുക.

## വറുതിയുടെ കാലം

ചിത്രങ്ങൾ ശ്രദ്ധിക്കൂ.


ലണ്ടനിലെ തൊഴിൽ നഷ്ട പ്പെട്ടവരുടെ പ്രതിഷേധം


ബ്രിട്ടണിൽ നിന്നുള്ള കർഷകകുടുംബ ത്തിന്റെ പലായനം



ഫ്രാൻസിലെ തൊഴിൽ നഷ്ടപ്പെട്ട വരുടെ പ്രതിഷേധം

ഒന്നാം ലോകയുദ്ധാനന്തരം ലോകത്തുണ്ടായ സാമ്പത്തിക ത്തകർച്ചയുടെ ഫലമായി വിവിധ രാജ്യങ്ങളിലെ ജനങ്ങൾ അനുഭവിച്ച ദുരിതങ്ങളുടെ നേർക്കാഴ്ചയാണിത്.

ഒന്നാം ലോകയുദ്ധത്തിന്റെ പ്രധാന കേന്ദ്രം യൂറോപ്പായതിനാൽ അതിന്റെ കെടുതികൾ കൂടുതലും അനുഭവിക്കേണ്ടിവന്നത് യൂറോപ്യൻരാജ്യങ്ങളായിരുന്നു. അതുകൊണ്ടു തന്നെ യൂറോപ്യൻരാജ്യങ്ങളുടെ രാഷ്ട്രീയ-സാമ്പത്തിക സ്ഥിതി താറുമാറായി. നൂറ്റാണ്ടുകളായി അധികാരത്തിലിരുന്ന ജർമനിയിലെ ഹോഹൻസൊളൻ രാജവംശം, ആസ്ട്രിയ-ഹംഗറിയിലെ ഹാപ്സ്ബർഗ് രാജവംശം തുടങ്ങിയവയ്ക്ക് അധികാരം നഷ്ടപ്പെട്ടു. റഷ്യയിലെ റോമനോവ് ഭരണത്തിനും അന്ത്യമായി.

ഒന്നാം ലോകയുദ്ധത്തിന്റെ കെടുതി അനുഭവിക്കാത്ത രാജ്യമായിരുന്നു അമേരിക്ക. യുദ്ധത്തിൽ തകർന്ന യൂറോപ്യൻ രാജ്യങ്ങൾ അമേരിക്കയിൽനിന്നു വൻതോതിൽ വായ്പകൾ സംഘടിപ്പിച്ചു. അതോടെ ആഗോളവിനിമയത്തിന്റെ അടിസ്ഥാനം ബ്രിട്ടീഷ് പൗണ്ടിനു പകരം അമേരിക്കൻ ഡോളറായി മാറി. യൂറോപ്പിനു പുറത്ത് പുതിയ സാമ്പത്തികശക്തിയായി അമേരിക്ക ഉയർന്നു വന്നു.

എന്നാൽ അമേരിക്കയുടെ സാമ്പത്തികമുന്നേറ്റം ദീർഘകാലം നീണ്ടുനിന്നില്ല. 1929 ൽ ലോകത്തെയാകെ ബാധിച്ച സാമ്പത്തിക മാന്ദ്യം ആവിർഭവിച്ചത് അമേരിക്കയിലായിരുന്നു. അതിന്റെ ഫലങ്ങൾ ശ്രദ്ധിക്കൂ.

**കറുത്ത വ്യാഴാഴ്ച**



1929 ഒക്ടോബർ 24 ന് ന്യൂയോർക്ക് ഓഹരിക്കമ്പോളത്തിലുണ്ടായ തകർച്ച 'കറുത്ത വ്യാഴാഴ്ച' എന്നറിയപ്പെടുന്നു. അതുവരെയുണ്ടായിരുന്ന സാമ്പത്തികമുന്നേറ്റം ഒറ്റ ദിവസംകൊണ്ട് തകർന്നടിഞ്ഞു. നിക്ഷേപകരുടെ പിന്മാറ്റവും ഓഹരികൾ വൻതോതിൽ വിറ്റഴിക്കാനുള്ള ശ്രമവുമാണ് ഓഹരിക്കമ്പോളത്തെ തകർത്തത്. നിരവധിപേർക്ക് ജീവിതത്തിലെ മുഴുവൻ സമ്പാദ്യവും നഷ്ടമായി. ധാരാളം പേർ ആത്മഹത്യ ചെയ്തു. ന്യൂയോർക്കിലെ തകർച്ച അമേരിക്കയിൽ മാത്രം ഒതുങ്ങി നിന്നില്ല. മറ്റു യൂറോപ്യൻ രാജ്യങ്ങളെയും അത് ബാധിച്ചു. വ്യവസായശാലകളിൽ ഉൽപ്പാദനം കുറഞ്ഞു, തൊഴിലില്ലായ്മ രൂക്ഷമായി, ലോകവാണിജ്യം തന്നെ തകരാറിലായി.

- യുദ്ധം പാപ്പരാക്കിയ ജനങ്ങൾക്ക് സാധനങ്ങൾ വാങ്ങാൻ കഴിവില്ലാതായി.
- ഉൽപ്പന്നങ്ങൾ വിറ്റഴിക്കാതെ ഫാക്ടറികളിൽ കെട്ടിക്കിടന്നു.
- അമേരിക്കയിൽ നിന്നെടുത്ത വായ്പകൾ തിരിച്ചടയ്ക്കുന്നതിൽ യൂറോപ്യൻ രാജ്യങ്ങൾ വീഴ്ചവരുത്തി.

- ബാങ്കുകൾ തകർന്നു.
- പണപ്പെരുപ്പം വർധിച്ചു.
- തൊഴിലില്ലായ്മയും ദാരിദ്ര്യവും രൂക്ഷമായി.

ഈ പ്രതിസന്ധി മറികടക്കുന്നതിന് വേണ്ടി യൂറോപ്യൻരാജ്യങ്ങൾ കണ്ടെത്തിയ മാർഗം തങ്ങളുടെ കൈവശമുള്ള കോളനികളിൽ നികുതി വർധിപ്പിക്കുക എന്നതായിരുന്നു. അങ്ങനെ സാമ്രാജ്യത്വരാജ്യങ്ങളിലെ സാമ്പത്തികപ്രതിസന്ധിയുടെ ഭാരവും കോളനികളിലെ ജനങ്ങളുടെ ചുമലിലായി.



അമേരിക്കയിലുണ്ടായ സാമ്പത്തികമാന്ദ്യം മറ്റു രാഷ്ട്രങ്ങളുടെ സാമ്പത്തികമേഖലയെ ബാധിച്ചതെങ്ങനെ എന്നു കണ്ടെത്തി കുറിപ്പ് തയാറാക്കുക.

## ഫാഷിസവും നാസിസവും

*എന്നെ ശ്രവിക്കുന്നവരോട് നിരാശപ്പെടരുതെന്ന് ഞാൻ പറയുന്നു. മനുഷ്യന്റെ അത്യാർത്തിയാണ് മനുഷ്യന്റെ ദുരന്തമായി പരിണമിച്ചത്. മനുഷ്യവിദ്വേഷം ഇല്ലാതാവുകയും ഏകാധിപതികൾ മരണപ്പെടുകയും ചെയ്യും. ജനങ്ങളിൽനിന്നു തട്ടിയെടുത്ത അധികാരം അവർ മരണമടയുന്നതോടെ ജനങ്ങൾ തിരിച്ചെടുക്കുകതന്നെ ചെയ്യും. മനുഷ്യൻ നിലനിൽക്കുന്നിടത്തോളം കാലം സ്വാതന്ത്ര്യം നശിക്കില്ല.*

ചാർളി ചാപ്ലിന്റെ 'ദ ഗ്രേറ്റ് ഡിക്റ്റേറ്റർ' എന്ന സിനിമയിൽനിന്ന്.

ഒന്നാം ലോകയുദ്ധാനന്തരം ചില യൂറോപ്യൻ രാജ്യങ്ങളിൽ അധികാരത്തിൽ വന്ന സ്വേച്ഛാധിപത്യഭരണത്തെക്കുറിച്ചുള്ള ചാർളി ചാപ്ലിന്റെ നിരീക്ഷണമാണിത്. അത്തരം ഭരണകൂടങ്ങൾ രൂപപ്പെടാനുള്ള സാഹചര്യം എന്തായിരുന്നുവെന്ന് നോക്കാം.

ഒന്നാം ലോകയുദ്ധത്തിൽ വിജയിച്ച രാജ്യങ്ങളുടെയും പരാജയപ്പെട്ട രാജ്യങ്ങളുടെയും അവസ്ഥ പരിതാപകരമായിരുന്നു. പല യൂറോപ്യൻ രാജ്യങ്ങളിലും നിലവിലുള്ള ഭരണകൂടങ്ങൾക്ക് അധികാരം നഷ്ടപ്പെട്ടു. ജനങ്ങൾ തൊഴിൽരഹിതരായി. നാണയപ്പെരുപ്പം സാമ്പത്തികമേഖലയെ ബാധിച്ചു. ഈ രാഷ്ട്രീയ-സാമ്പത്തിക അനിശ്ചിതത്വത്തെ ചൂഷണം ചെയ്ത് അധികാരം നേടിയ രണ്ട് ആശയങ്ങളായിരുന്നു ഇറ്റലിയിലെ ഫാഷിസവും ജർമനിയിലെ നാസിസവും. സാമ്പത്തികത്തകർച്ച, യുദ്ധത്തിൽ വിജയിച്ചവരോടുള്ള പ്രതികാരമനോഭാവം, ലക്ഷ്യബോധമില്ലായ്മ തുടങ്ങിയ



**ഫാഷിസം**

ലാറ്റിൻ ഭാഷയിൽനിന്നാണ് ഫാഷിസം എന്ന വാക്ക് രൂപംകൊണ്ടത്. ഇതിന്റെയർഥം ഒരു കെട്ട് ദണ്ഡും അതിനു മുകളിൽ ഒരു മഴുവും എന്നാണ്. പുരാതന റോമിലെ അധികാരത്തിന്റെ ചിഹ്നമായിരുന്നു ഇത്.

ഘടകങ്ങൾ ഇവയ്ക്ക് അനുകൂല സാഹചര്യമൊരുക്കി. ഫാഷിസത്തിന്റെ ചില സവിശേഷതകൾ പരിചയപ്പെടാം.

**ഫാഷിസം**

- ജനാധിപത്യത്തോടുള്ള വിരോധം
- സോഷ്യലിസത്തോടുള്ള എതിർപ്പ്
- രാഷ്ട്രത്തെ മഹത്ത്വവൽക്കരിക്കൽ
- വംശമഹിമ ഉയർത്തിപ്പിടിക്കൽ
- യുദ്ധത്തെ മഹത്ത്വവൽക്കരിക്കൽ
- തീവ്രദേശീയത പ്രചരിപ്പിക്കൽ
- ഭൂതകാലത്തെ പ്രകീർത്തിക്കൽ
- കല, സാഹിത്യം, വിദ്യാഭ്യാസം തുടങ്ങിയവയിലൂടെയുള്ള ആശയപ്രചാരണം
- സൈനികസ്വേച്ഛാധിപത്യം
- രാഷ്ട്രീയ എതിരാളികളെ ഉന്മൂലനം ചെയ്യൽ

"ഫാഷിസം ഒന്നാം ലോകയുദ്ധത്തിന്റെ സൃഷ്ടിയായിരുന്നു." ഈ പ്രസ്താവന ചർച്ചചെയ്യുക.



## മുസ്സോളിനിയും ഫാഷിസവും

*"പുരുഷന് യുദ്ധം സ്ത്രീയ്ക്ക് മാതൃത്വം എന്നതുപോലെയാണ്."*

മുസ്സോളിനി



ബെനിറ്റോ മുസ്സോളിനി

ഇറ്റലിയിൽ ഫാഷിസ്റ്റ് ഭരണത്തിനു നേതൃത്വം കൊടുത്ത ബനിറ്റോ മുസ്സോളിനിയുടെ വാക്കുകളാണിത്. ഫാഷിസ്റ്റ് പാർട്ടി ഇറ്റലിയിൽ അധികാരത്തിലെത്താനിടയായ സാഹചര്യം നമുക്ക് പരിചയപ്പെടാം.

- ഒന്നാം ലോകയുദ്ധത്തിൽ വിജയിച്ചവരുടെ കൂട്ടത്തിൽപ്പെട്ടിട്ടും ഇറ്റലിക്ക് കാര്യമായ നേട്ടങ്ങളൊന്നും ലഭിച്ചില്ല.
- യുദ്ധാനന്തരകാലത്തെ വ്യവസായങ്ങളുടെ തകർച്ച, തൊഴിലില്ലായ്മ, നികുതി വർധനവ്, പണപ്പെരുപ്പം തുടങ്ങിയവ ജനങ്ങളെ ഭരണകൂടത്തിൽനിന്നകറ്റി.
- രാജ്യം സോഷ്യലിസ്റ്റ് വിപ്ലവത്തിലേക്കു പോകുമോ എന്ന ഭയം ഫാഷിസത്തെ പിന്തുണയ്ക്കാൻ സമ്പന്നരെ പ്രേരിപ്പിച്ചു.

ഇറ്റലിയിൽ അധികാരത്തിലേറിയ മുസ്സോളിനി രാഷ്ട്രീയ-സാമ്പത്തിക മേഖലകളിൽ സ്വേച്ഛാധിപത്യപരമായ നടപടികൾ കൈക്കൊണ്ടു. അക്രമത്തിന്റെയും

### വിജയിച്ച ഇറ്റലി

ഒന്നാം ലോകയുദ്ധം ആരംഭിച്ചപ്പോൾ ത്രികക്ഷി സഖ്യത്തിലായിരുന്ന ഇറ്റലി യുദ്ധം തുടരവെ ബ്രിട്ടന്റെയും ഫ്രാൻസിന്റെയും പക്ഷത്തേക്ക് കുറു മാറി. അങ്ങനെ യുദ്ധം അവസാനിക്കുമ്പോൾ ഇറ്റലി വിജയിച്ചവരുടെ പക്ഷത്തായി.

### മെറ്റിയോറ്റി

ഇറ്റലിയിലെ പ്രമുഖ സോഷ്യലിസ്റ്റ് ചിന്തകനായിരുന്നു മെറ്റിയോറ്റി. ഫാഷിസ്റ്റുകളുടെ പ്രവർത്തനങ്ങളെ സാധാരണക്കാരന് അദ്ദേഹം വ്യക്തമാക്കിക്കൊടുത്തു. സ്വതന്ത്രമായ എഴുത്തിലൂടെയും പ്രസംഗത്തിലൂടെയും ഫാഷിസ്റ്റ് വിരുദ്ധത പ്രകടിപ്പിച്ച മെറ്റിയോറ്റിയെ ഫാഷിസ്റ്റുകൾ തെരുവിൽ വച്ച് പിടികൂടി വധിച്ചു.

ഹിംസയുടെയും മാർഗമാണ് ഫാഷിസ്റ്റുകൾ സ്വീകരിച്ചത്. സോഷ്യലിസ്റ്റുകൾ, തൊഴിലാളി-കർഷക നേതാക്കൾ എന്നിവരെ രാഷ്ട്രത്തിന്റെ ശത്രുക്കളായി പ്രഖ്യാപിച്ചു. ഫാഷിസ്റ്റ് പാർട്ടിയെ എതിർത്തവരെ വധശിക്ഷയ്ക്ക് വിധേയരാക്കി. പ്രാചീന റോമാസാമ്രാജ്യത്തിന്റെ പുനഃസ്ഥാപനമായിരുന്നു മുസ്സോളിനിയുടെ ലക്ഷ്യം. അതിന്റെ ഭാഗമായി പ്രാചീന റോമൻ ഭരണത്തിന്റെ പല മുദ്രകളും അദ്ദേഹം സ്വീകരിച്ചു. ഫാഷിസ്റ്റ് നയങ്ങൾ നടപ്പിലാക്കുന്നതിനു കരിങ്കുപ്പായക്കാർ (Black Shirts) എന്ന സൈനികവിഭാഗത്തെ ഉപയോഗിച്ച് എതിരാളികളെ അടിച്ചമർത്തി. ആക്രമണോത്സുകമായ വിദേശനയം സ്വീകരിച്ച മുസ്സോളിനി എത്യോപ്യ, അൽബേനിയ തുടങ്ങിയ രാജ്യങ്ങൾ ആക്രമിച്ചു. ഇറ്റലിയുടെ സാമ്രാജ്യത്വമോഹം ലോകരാജ്യങ്ങളെ മറ്റൊരു ലോകയുദ്ധത്തിലേക്ക് നയിച്ചു.

## ഹിറ്റ്ലറും നാസിസവും


അഡോൾഫ് ഹിറ്റ്ലർ

*"അവർ ആദ്യം വന്നത് സോഷ്യലിസ്റ്റുകളെ തേടിയായിരുന്നു,*
*ഞാനൊരു സോഷ്യലിസ്റ്റല്ലാത്തതുകൊണ്ട് അപ്പോൾ പ്രതിഷേധിച്ചില്ല.*
*പിന്നീടവർ വന്നത് ട്രേഡ് യൂണിയൻകാരെ തിരക്കിയായിരുന്നു,*
*ഒരു ട്രേഡ് യൂണിയൻകാരനല്ലാത്തതിനാൽ ഞാൻ പ്രതിഷേധിച്ചില്ല.*
*പിന്നീടവർ വന്നത് ജൂതരെ തേടിയായിരുന്നു,*
*ഒരു ജൂതനല്ലാത്തതിനാൽ ഞാനപ്പോഴും പ്രതിഷേധിച്ചില്ല.*
*ഒടുവിൽ അവർ വന്നത് എന്നെത്തേടിയായിരുന്നു,*
*അപ്പോൾ എനിക്കു വേണ്ടി പ്രതിഷേധിക്കാൻ മറ്റാരും ബാക്കിയുണ്ടായിരുന്നില്ല".*

**പാസ്റ്റർ മാർട്ടിൻ നിമോയ്ളർ**


ജർമനിയിൽ നിന്ന് അഭയംതേടി ന്യൂയോർക്കിലെത്തിയ ഐൻസ്റ്റീൻ ഉൾപ്പെടെയുള്ള പ്രമുഖർ - പെയിന്റിങ് : ബെൻഷാൽ

ജർമൻ പുരോഹിതൻ മാർട്ടിൻ നിമോയ്ളറുടെ വരികളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഹിറ്റ്ലറുടെ അനുയായികളുടെ അതിക്രമങ്ങളിലും ക്രൂരതകളിലും മൗനം പാലിച്ച ജർമൻ ബുദ്ധിജീവികളെ പരിഹസിച്ചുകൊണ്ട് അദ്ദേഹം എഴുതിയതാണിത്.

ഫാഷിസത്തിന്റെ ജർമൻ പതിപ്പാണ് നാസിസം. ഒന്നാം ലോകയുദ്ധാനന്തരം ജർമനിയുടെമേൽ അടിച്ചേൽപ്പിച്ച വേഴ്സായ് സന്ധി ജർമൻ ജനതയെ അപമാനിതരാക്കി. ഇതിന് പ്രതികാരം ചെയ്യാനും രാജ്യത്തെ സാമ്പത്തികപുരോഗതിയിലേക്കു നയിക്കാനും കഴിവുള്ള ഏതൊരു നേതാവിനെയും അനുസരിക്കാൻ അവർ

തയാറായിരുന്നു. ഈ അവസരത്തിലാണ് അഡോൾഫ് ഹിറ്റ്ലർ നാസി പാർട്ടിയുടെ നേതാവാകുന്നത്. ജർമനിയുടെ പ്രശ്നങ്ങൾക്കെല്ലാം ഉത്തരവാദികൾ ജൂതരാണെന്ന് വിശ്വസിച്ച ഹിറ്റ്ലറെ അധികാരത്തിലേറാൻ സഹായിച്ച ചില ഘടകങ്ങൾ നമുക്ക് പരിചയപ്പെടാം.

- ഒന്നാം ലോകയുദ്ധാനന്തരം ജർമനിയുടെ മേൽ അടിച്ചേൽപ്പിച്ച വേഴ്സായ് സന്ധി.
- സാമ്പത്തികത്തകർച്ചയും പണപ്പെരുപ്പവും
- ജർമൻ ഭരണകൂടത്തിന്റെ പരാജയവും രാഷ്ട്രീയ അസ്ഥിരതയും.

തന്റെ സംഘാടനമികവും പ്രസംഗപാടവവും ഉപയോഗപ്പെടുത്തി ജർമൻകാരെ വളരെ വേഗം ആകർഷിക്കാൻ ഹിറ്റ്ലർക്കു കഴിഞ്ഞു. നിലവിലിരുന്ന ഭരണകൂടത്തെ പുറന്തള്ളിക്കൊണ്ട് അധികാരത്തിലെത്തിയ ഹിറ്റ്ലർ നാസിസത്തിന്റെ പ്രധാന ശത്രുക്കളായ സോഷ്യലിസ്റ്റുകളെയും കമ്മ്യൂണിസ്റ്റുകളെയും ജൂതരെയും ജനാധിപത്യവാദികളെയും കൊന്നൊടുക്കി. ജർമനിക്കുണ്ടായ അപമാനങ്ങൾക്കും തിരിച്ചടികൾക്കും ഉത്തരവാദികൾ ജൂതരാണെന്ന് ഹിറ്റ്ലർ ആരോപിച്ചു. പ്രത്യേകം തയാറാക്കിയ കോൺസൺട്രേഷൻ ക്യാമ്പുകളിൽ വച്ച് ജൂതരെ കൂട്ടക്കൊല ചെയ്തു. ഇത് ഹോളോകാസ്റ്റ് (Holocaust) എന്നറിയപ്പെടുന്നു. ഇതിനായി 'തവിട്ടുകുപ്പായക്കാർ' (Brown Shirts) എന്ന സൈന്യത്തിനും 'ഗസ്റ്റപ്പൊ' എന്ന രഹസ്യസംഘത്തിനും രൂപംനൽകി.

ആര്യന്മാരാണ് ലോകത്തിലെ പരിശുദ്ധവംശമെന്നും അവരാണ് ലോകം ഭരിക്കേണ്ടതെന്നും ജർമൻകാർ ആര്യന്മാരാണെന്നും ഹിറ്റ്ലർ അഭിപ്രായപ്പെട്ടു. നാസി പാർട്ടി ഒഴികെയുള്ള മറ്റു പാർട്ടികളെ നിരോധിച്ചു. തൊഴിലാളിസംഘടനകൾക്ക് വിലക്കേർപ്പെടുത്തി.

ജനങ്ങൾക്ക് സൈനികസേവനം നിർബന്ധമാക്കി. വേഴ്സായ് സന്ധിയിലെ വ്യവസ്ഥകൾക്കെതിരെ ജനങ്ങളിൽ പ്രതികാര മനോഭാവം വളർത്തിയെടുത്തു. പത്രം, സിനിമ, റേഡിയോ, വിദ്യാഭ്യാസം തുടങ്ങിയവയെ ആശയപ്രചാരണത്തിന് ഉപയോഗിച്ചു. ജനങ്ങളുടെ മനസ്സിലെ പ്രതികാരമനോഭാവം ചൂഷണം ചെയ്ത ഹിറ്റ്ലർ ആക്രമണപരമായ ഒരു വിദേശനയം സ്വീകരിച്ചു. ആസ്ട്രിയ, ചെക്കോസ്ലോവാക്യ തുടങ്ങിയ രാഷ്ട്രങ്ങളെ ആക്രമിച്ചു. ഇറ്റലി, ജപ്പാൻ എന്നീ രാജ്യങ്ങളുമായി ചേർന്ന് സൈനിക

### ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ



നാസി ഭരണകാലത്തെ ജൂതവേട്ടയുടെ അനുഭവവിവരണമാണ് ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ. നാസി വാഴ്ചക്കാലത്ത് ജർമനിയിൽ നിന്ന് ആൻ ഫ്രാങ്കിന്റെ കുടുംബം ഒളിച്ചു കടന്നു. എന്നാൽ നാസികളുടെ പിടിയിൽ അകപ്പെട്ട ആൻഫ്രാങ്കും സഹോദരിയും ഔഷ്വിറ്റ്സ് കോൺസൺട്രേഷൻ ക്യാംപിൽ അടയ്ക്കപ്പെടുകയും തുടർന്ന് മരണമടയുകയും ചെയ്തു.

### ചെമ്പകരാമൻപിള്ളയും നാസികളും

ഇന്ത്യൻ സ്വാതന്ത്ര്യത്തിനുവേണ്ടി ജീവിതാന്ത്യംവരെ പോരാടിയ വിപ്ലവകാരിയാണ് മലയാളിയായ ചെമ്പകരാമൻപിള്ള. കാബൂൾ ആസ്ഥാനമാക്കി രാജ മഹേന്ദ്രപ്രതാപ് സ്ഥാപിച്ച ഒന്നാമത്തെ സ്വതന്ത്ര ഭാരത സർക്കാരിൽ വിദേശകാര്യമന്ത്രിയായിരുന്നു അദ്ദേഹം. ജർമനിയിലെ ദേശീയകക്ഷിയിൽ അംഗത്വമുള്ള ഏകവിദേശീയനായിരുന്ന അദ്ദേഹം ഹിറ്റ്ലറോടും നാസികളോടും അകന്നതോടെ അവരുടെ ശത്രുവായി. അദ്ദേഹത്തിന്റെ വസ്തുവകകൾ സർക്കാർ ജപ്തിചെയ്തു. ചെമ്പകരാമൻ പിള്ളയുടെ മരണത്തിന് നാസികളാണ് ഉത്തരവാദിയെന്ന് വിശ്വസിക്കപ്പെടുന്നു.



ജൂതരെയും കമ്മ്യൂണിസ്റ്റുകളെയും കൂട്ടക്കുരുതിക്കിരയാക്കിയ നാസി കോൺസൺട്രേഷൻ ക്യാമ്പിന്റെ ദൃശ്യങ്ങൾ.

സഖ്യം രൂപീകരിച്ചു. ഹിറ്റ്ലറുടെ ഈ നയത്തിനെതിരായി മറ്റ് രാജ്യങ്ങൾ സഖ്യങ്ങളുണ്ടാക്കുകയും അത് മറ്റൊരു ലോകയുദ്ധത്തിനു കാരണമാവുകയും ചെയ്തു.



**ഫാഷിസത്തിന്റെയും നാസിസത്തിന്റെയും പ്രവർത്തനങ്ങളിൽ ചില സമാനതകൾ ഉണ്ടായിരുന്നു. പാഠഭാഗം പരിശോധിച്ച് അവയ്ക്ക് ഉദാഹരണങ്ങൾ കണ്ടെത്തി പട്ടിക പൂർത്തിയാക്കൂ.**

| | ഫാഷിസം | നാസിസം |
|---|---|---|
| • വംശമഹിമ | • | • |
| • ശത്രുക്കളെ ഉന്മൂലനം ചെയ്യൽ | • | • |
| • സൈനിക സ്വേച്ഛാധിപത്യം | • | • |
| • ആക്രമണോത്സുകമായ വിദേശനയം | • | • |



**'ഇറ്റലിയിലെ ഫാഷിസവും ജർമനിയിലെ നാസിസവും ലോകസമാധാനത്തിന് ഭീഷണിയായതെങ്ങനെ'? ഈ വിഷയത്തിൽ ഒരു സെമിനാർ നടത്തുക.**

## രണ്ടാം ലോകയുദ്ധം

*"എല്ലാ യുദ്ധങ്ങളും അവസാനിപ്പിക്കാനായി ഒരു യുദ്ധം".*

**വുഡ്റോ വിൽസൺ**

ഒന്നാം ലോകയുദ്ധത്തെക്കുറിച്ച് അന്നത്തെ അമേരിക്കൻ പ്രസിഡന്റ് വുഡ്റോ വിൽസൺ പറഞ്ഞ വാക്കുകളാണിത്. എന്നാൽ ഒന്നാം ലോകയുദ്ധം അവസാനിച്ച് ഇരുപതു വർഷം കഴിഞ്ഞപ്പോൾ ലോകം മറ്റൊരു യുദ്ധത്തിനുകൂടി സാക്ഷ്യംവഹിച്ചു. 1939 മുതൽ 1945 വരെ നടന്ന രണ്ടാം ലോകയുദ്ധത്തിന്റെ പശ്ചാത്തലം പരിശോധിക്കാം.

1919 ലെ പാരിസ് സമാധാനസന്ധിപ്രകാരം പരാജയപ്പെട്ട രാഷ്ട്രങ്ങളുടെ മുഴുവൻ കോളനികളും വിജയിച്ച രാജ്യങ്ങൾ കൈവശപ്പെടുത്തി. ജർമനി, ഇറ്റലി തുടങ്ങിയ രാജ്യങ്ങൾക്ക് കോളനികളോ കമ്പോളങ്ങളോ ഉണ്ടായിരുന്നില്ല. അതിനാൽ തങ്ങളുടെ രാഷ്ട്രീയ-സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് കോളനികൾ പിടിച്ചെടുക്കാനും രാഷ്ട്രങ്ങളെ ആക്രമിക്കാനും അവർ പദ്ധതിയിട്ടു. ഈ ആക്രമണനയങ്ങൾ വ്യാപിപ്പിക്കുന്നതിനായി ജർമനിയും ഇറ്റലിയും ജപ്പാനും അച്ചുതണ്ടുസഖ്യത്തിന് (Axis Powers) രൂപം നൽകി. ഇതിനെതിരായി ഇംഗ്ലണ്ട്, ഫ്രാൻസ്, ചൈന എന്നീ രാജ്യങ്ങൾ ചേർന്ന് ഒരു സൈനികസഖ്യത്തിന് രൂപംകൊടുത്തു. ഇത് സഖ്യശക്തികൾ (Allied Powers) എന്നറിയപ്പെട്ടു.



പിന്നീട് അമേരിക്കയും സോവിയറ്റ് യൂണിയനും ഫാഷിസ്റ്റ് വിരുദ്ധസഖ്യത്തോടൊപ്പം ചേർന്നു. അച്ചുതണ്ടുശക്തികളുടെ ആക്രമണങ്ങളെ തടഞ്ഞുനിർത്തുന്നതിൽ സർവരാഷ്ട്രസഖ്യം പരാജയപ്പെട്ടു. ജർമനിയും ഇറ്റലിയും ജപ്പാനും വിവിധ രാജ്യങ്ങളെ ആക്രമിച്ചപ്പോൾ ബ്രിട്ടൻ, ഫ്രാൻസ് തുടങ്ങിയ മുതലാളിത്തരാജ്യങ്ങൾ ഈ ആക്രമണങ്ങളെ ചെറുത്തില്ല. മാത്രമല്ല, സോഷ്യലിസ്റ്റ് രാഷ്ട്രമായ സോവിയറ്റ് യൂണിയനെയാണ് അവർ മുഖ്യശത്രുവായി കണ്ടത്. ഫാഷിസ്റ്റ് ആക്രമണങ്ങൾക്ക് പ്രോത്സാഹനം നൽകിയ ഈ നയം പ്രീണനനയം (Policy of Appeasement) എന്നറിയപ്പെടുന്നു. 1939 സെപ്തംബർ 1 ന് ജർമനി പോളണ്ട് ആക്രമിച്ചു. ഇതിനെത്തുടർന്ന് സെപ്തംബർ 3 ന് സഖ്യകക്ഷികൾ ജർമനിക്കെതിരായി യുദ്ധം പ്രഖ്യാപിച്ചു. അത് രണ്ടാം ലോകയുദ്ധത്തിന് തുടക്കം കുറിച്ചു.

**മ്യൂണിക് ഉടമ്പടി**

പ്രീണനനയത്തിന് ഏറ്റവും നല്ല ഉദാഹരണമാണ് 1938 ലെ മ്യൂണിക് ഉടമ്പടി. ചെക്കോസ്ലോവാക്യയിലെ സമ്പൽസമൃദ്ധമായ സുഡറ്റൻലാൻഡ് എന്ന പ്രദേശത്തിന് മേൽ ഹിറ്റ്ലർ അവകാശം ഉന്നയിച്ചു. തുടർന്ന് ഈ പ്രശ്നം ചർച്ച ചെയ്യാനായി ബ്രിട്ടൺ, ഫ്രാൻസ്, ഇറ്റലി, ജർമനി എന്നീ രാഷ്ട്രങ്ങളുടെ പ്രതിനിധികൾ ജർമനിയിലെ മ്യൂണിക്കിൽ സമ്മേളിച്ചു. ചെക്കോസ്ലോവാക്യയെ ഇതിലേക്ക് ക്ഷണിച്ചില്ല. ഈ സമ്മേളനം സുഡറ്റൻലാൻഡ് ജർമനിക്ക് നൽകാൻ തീരുമാനിച്ചു.

ഒന്നാം ലോകയുദ്ധത്തിന്റെയും രണ്ടാം ലോകയുദ്ധത്തിന്റെയും കാരണങ്ങൾക്ക് നിരവധി സമാനതകളുണ്ടായിരുന്നു എന്ന പ്രസ്താവന വിലയിരുത്തുക



ഒന്നാം ലോകയുദ്ധത്തിന്റെ ചില ഫലങ്ങളാണ് ചുവടെ തന്നിട്ടുള്ളത്. ഇവ രണ്ടാം ലോകയുദ്ധത്തിനു കാരണമായതെങ്ങനെയെന്ന് ചർച്ചചെയ്യുക.

- വേഴ്സായ്സന്ധി
- സർവരാഷ്ട്രസഖ്യത്തിന്റെ രൂപീകരണം.
- ഫാഷിസത്തിന്റെയും നാസിസത്തിന്റെയും ആവിർഭാവം.



**അനാക്രമണസന്ധി (Non Aggression Pact)**

1939 ൽ സോവിയറ്റ് യൂണിയനും ജർമനിയും ഒരു അനാക്രമണസന്ധി ഒപ്പിട്ടു. ഈ സന്ധിപ്രകാരം പരസ്പരം ആക്രമിക്കുകയില്ലെന്നും പോളണ്ട് പങ്കുവയ്ക്കാമെന്നും വ്യവസ്ഥചെയ്യപ്പെട്ടു. എന്നാൽ 1941 ൽ ഹിറ്റ്ലർ റഷ്യ ആക്രമിച്ചതോടെ ഈ കരാർ അവസാനിച്ചു.

## യുദ്ധം ബാക്കിവച്ചത്

സോവിയറ്റ് യൂണിയന്റെയും അമേരിക്കയുടെയും കടന്നുവരവ് രണ്ടാം ലോകയുദ്ധത്തിന്റെ ഗതി മാറ്റിമറിച്ചു. സഖ്യകക്ഷികളുടെ ആക്രമണം താങ്ങാനാവാതെ ഇറ്റലിയും ജർമനിയും കീഴടങ്ങി. മുസ്സോളിനിയെ നാട്ടുകാർ പിടികൂടി വധിച്ചു. ഹിറ്റ്ലർ ആത്മഹത്യചെയ്തു. ജപ്പാൻ അപ്പോഴും കീഴടങ്ങാൻ തയാറായിരുന്നില്ല. ജപ്പാനെ കീഴടക്കാനായി സോവിയറ്റ് യൂണിയൻ ട്രാൻസ് സൈബീരിയയിലൂടെ ജപ്പാനിലേക്കു നീങ്ങി. എന്നാൽ സോവിയറ്റ് യൂണിയൻ എത്തുന്നതിനു മുമ്പ് അമേരിക്ക 1945 ആഗസ്റ്റ് 6 ന് ലിറ്റിൽബോയ് എന്ന അണുബോംബ് ഹിരോഷിമയിലും ആഗസ്റ്റ് 9 ന് ഫാറ്റ്മാൻ എന്ന അണുബോംബ് നാഗസാക്കിയിലും വർഷിച്ചു. അതോടെ ജപ്പാനും കീഴടങ്ങി.

**പേൾഹാർബർ ആക്രമണം**

1941 ൽ ഹവായ് ദ്വീപിലെ അമേരിക്കൻ നാവികകേന്ദ്രമായ പേൾഹാർബർ ജപ്പാൻ ആക്രമിച്ചു. പസഫിക് മേഖലയിൽ ഇരുരാജ്യങ്ങൾക്കുമുണ്ടായിരുന്ന സാമ്പത്തികതാൽപ്പര്യങ്ങളാണ് ജപ്പാനെ ഇതിന് പ്രേരിപ്പിച്ചത്. ഇതിനെത്തുടർന്ന് ജപ്പാനെതിരെ യുദ്ധം പ്രഖ്യാപിച്ചുകൊണ്ട് അമേരിക്ക രണ്ടാം ലോകയുദ്ധത്തിൽ പ്രവേശിച്ചു.

അമേരിക്ക അണുബോംബ് വർഷിച്ചതിനെത്തുടർന്ന് ജപ്പാനിലുണ്ടായ ദുരിതങ്ങൾ സൂചിപ്പിക്കുന്ന ഡിജിറ്റൽ ആൽബം തയാറാക്കുക.



അണുബോംബ് വർഷിക്കുന്നു



ബോംബാക്രമണത്തിൽ നിലച്ചുപോയ ക്ലോക്ക്



ബോംബ് വർഷിക്കപ്പെട്ടതിനു ശേഷമുള്ള ഹിരോഷിമ

ജപ്പാനിൽ അമേരിക്ക ബോംബ് വർഷിച്ചതുമായി ബന്ധപ്പെട്ട ചിത്രങ്ങളാണ് നൽകിയിട്ടുള്ളത്. രണ്ടാം ലോകയുദ്ധം മാനവരാശിക്ക് ബാക്കിവച്ചത് ദൂരവ്യാപകമായ ഫലങ്ങളാണ്. അവ എന്തൊക്കെയാണെന്ന് നോക്കാം.

- ദശലക്ഷക്കണക്കിനു പേർ കൊല്ലപ്പെട്ടു.
- യൂറോപ്യൻരാജ്യങ്ങളുടെ സാമ്പത്തികനില താറുമാറായി.
    - യൂറോപ്യൻരാഷ്ട്രങ്ങളുടെ ലോകമേധാവിത്വം തകർന്നു.
    - ഏഷ്യൻ - ആഫ്രിക്കൻ രാജ്യങ്ങളിൽ സ്വാതന്ത്ര്യസമരം ശക്തിപ്പെട്ടു.
- അമേരിക്കയും സോവിയറ്റ് യൂണിയനും വൻശക്തികളായി മാറി.
- ലോകസമാധാനം സംരക്ഷിക്കുന്നതിനായി ഐക്യരാഷ്ട്രസംഘടന രൂപീകരിച്ചു.

### ഹിബാക്കുഷകൾ

ഹിരോഷിമ, നാഗസാക്കി ദുരന്തംപേറി ജീവിക്കുന്ന മനുഷ്യരാണ് ഹിബാക്കുഷകൾ. അണുവികിരണത്തിന്റെ തീവ്രതയിൽ ഓരോ നിമിഷവും വേദന അനുഭവിച്ചുകൊണ്ടിരിക്കുന്ന ആയിരക്കണക്കിന് ഹിബാക്കുഷകൾ ജപ്പാനിലുണ്ട്.

### യുദ്ധം കലാസൃഷ്ടികളിൽ

പിക്കാസോയുടെ വിഖ്യാത ചിത്രം 'ഗ്വേർണിക്ക', ഏണസ്റ്റ് ഹെമിങ്വേയുടെ നോവൽ 'മണിമുഴങ്ങുന്നത് ആർക്കുവേണ്ടി' എന്നിവ രണ്ടാം ലോകയുദ്ധത്തോടുള്ള കലാപരമായ പ്രതികരണങ്ങളാണ്. പോളിഷ് സംവിധായകൻ ആന്ദ്രേ വൈദയുടെ യുദ്ധചിത്ര ത്രയങ്ങളായ 'ജനറേഷൻ', 'കനാൽ', 'ആഷസ് ആന്റ് ഡയമണ്ട്സ്' എന്നിവയും ഡേവിഡ് ലീൻ സംവിധാനം ചെയ്ത 'ദ ബ്രിഡ്ജ് ഓൺ ദ റിവർ ക്വായ്', ചാർളി ചാപ്ലിന്റെ 'ദ ഗ്രേറ്റ് ഡിക്റ്റേറ്റർ', അലൻ റെനേയുടെ 'ഹിരോഷിമ മോൺ അമോർ', സ്റ്റീവൻ സ്പിൽബർഗിന്റെ 'ഷിൻഡ്ലേഴ്സ് ലിസ്റ്റ്' എന്നിവയും രണ്ടാം ലോകയുദ്ധവുമായി ബന്ധപ്പെട്ട ചലച്ചിത്രങ്ങളാണ്.

### സഡാക്കോ



ഹിരോഷിമയിലെ ബോംബ് വർഷത്തിന്റെ ഫലമായുണ്ടായ അണുവികിരണത്തിന്റെ ഇരയാണ് സഡാക്കോ സസുക്കി എന്ന ബാലിക. അവൾ രോഗശയ്യയിൽ വച്ച് നിർമിച്ച സഡാക്കോ കൊക്കുകൾ ഇന്ന് യുദ്ധവിരുദ്ധ വികാരത്തിന്റെ പ്രതീകമാണ്.

നിരപരാധികളെയും കാരണക്കാരെയും ഒരുപോലെ ബാധിക്കുന്നതാണ് യുദ്ധം. ഒന്നും രണ്ടും ലോകയുദ്ധങ്ങൾ മാനവരാശിക്ക് നൽകിയ പാഠങ്ങൾ എന്തെല്ലാമാണെന്ന് ചർച്ചചെയ്ത് കുറിപ്പ് തയാറാക്കുക.

## സമാധാനത്തിന്റെ ചിറകിലേറി




ഈ ദിനത്തിന്റെ പ്രാധാന്യം എന്താണ്? നിങ്ങളുടെ സ്കൂളിൽ ഈ ദിനം ആചരിക്കാറുണ്ടല്ലോ. ഒക്ടോബർ 24 യു.എൻ. ദിനമാണ്.



യു.എൻ. പതാക



യു.എൻ. ചിഹ്നം

ഒന്നാം ലോകയുദ്ധാനന്തരം സർവരാഷ്ട്രസഖ്യം എന്ന സംഘടന രൂപീകരിച്ചെങ്കിലും അത് ലോകസമാധാനം കൈവരിക്കുന്നതിൽ പരാജയപ്പെട്ടു. രണ്ടാം ലോകയുദ്ധാനന്തരം ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിനായുള്ള സംഘടനയ്ക്കായി ശ്രമങ്ങൾ ആരംഭിച്ചു. ഇതിന്റെ ഫലമാണ് 1945 ഒക്ടോബർ 24 ന് രൂപീകരിക്കപ്പെട്ട ഐക്യരാഷ്ട്രസംഘടന (United Nations Organisation). അമേരിക്കയിലെ ന്യൂയോർക്കാണ് ഐക്യരാഷ്ട്രസംഘടനയുടെ ആസ്ഥാനം. ഭാവിതലമുറയെ യുദ്ധഭീതിയിൽനിന്നു രക്ഷിക്കുക, അന്താരാഷ്ട്ര ഉടമ്പടികളും നിയമങ്ങളും സംരക്ഷിക്കുക, ലോകരാഷ്ട്രങ്ങളുടെ പുരോഗതിക്കായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക തുടങ്ങിയവ ഐക്യരാഷ്ട്രസഭയുടെ ലക്ഷ്യങ്ങളിൽ ചിലതാണ്.

ഒന്നും രണ്ടും ലോകയുദ്ധങ്ങളുടെ കെടുതികളുടെ ചിത്രങ്ങളും വാർത്തകളും ഉൾപ്പെടുത്തി ഒരു ഷോർട്ട്ഫിലിം തയാറാക്കി അവതരിപ്പിക്കുക.

ഐക്യരാഷ്ട്രസംഘടനയുടെ പ്രവർത്തനങ്ങൾ ലോകത്ത് സമാധാനം കൈവരിക്കുന്നതിൽ എത്രമാത്രം വിജയിച്ചു എന്ന് സമകാലികസംഭവങ്ങൾ വിശകലനം ചെയ്ത് കണ്ടെത്തൂ.



## കോളനികൾ സ്വതന്ത്രമാകുന്നു

രണ്ടാം ലോകയുദ്ധാനന്തരം സാമ്രാജ്യത്വശക്തികളുടെ മേധാവിത്വം ചോദ്യം ചെയ്യപ്പെട്ടു തുടങ്ങി. അതിനാൽ കോളനികളിൽ ഉയർന്നുവന്ന ദേശീയസമരങ്ങളെ നിയന്ത്രിക്കാൻ യൂറോപ്യൻരാജ്യങ്ങൾക്കു കഴിഞ്ഞില്ല. കൂടാതെ വൻശക്തികളായി ഉയർന്നുവന്ന അമേരിക്കയും സോവിയറ്റ് യൂണിയനും കോളനികളിലെ സ്വാതന്ത്ര്യസമരത്തെ പിന്തുണച്ചു. സാമ്രാജ്യത്വശക്തികളുടെ ഭരണത്തിൽനിന്നു കോളനികൾ സ്വാതന്ത്ര്യം നേടി. ഇത് അപകോളനീകരണം (Decolonisation) എന്നറിയപ്പെടുന്നു. താഴെ കൊടുത്തിട്ടുള്ള ചിത്രങ്ങൾ നിരീക്ഷിക്കൂ. സാമ്രാജ്യത്വത്തിനെതിരായി സമരം നയിച്ച ചില രാഷ്ട്രനേതാക്കളുടെ ചിത്രങ്ങളാണിത്.



ഗാന്ധിജി
ഇന്ത്യ



നെൽസൺ മണ്ടേല
ദക്ഷിണാഫ്രിക്ക



ക്വാമി എൻക്രൂമ
ഘാന



ജോമോ കെനിയാത്ത
കെനിയ

രണ്ടാം ലോകയുദ്ധാനന്തരം ഏഷ്യയിലും ആഫ്രിക്കയിലും സ്വതന്ത്രമായ രാഷ്ട്രങ്ങളെയും അവിടത്തെ നേതാക്കളെയും കുറിച്ച് ഒരു പതിപ്പ് തയാറാക്കുക.

## ശീതസമരം (Cold War)

രണ്ടാം ലോകയുദ്ധകാലത്ത് ഫാഷിസത്തിനെതിരെ ഭിന്നതകൾ മറന്ന് ഒരുമിച്ച അമേരിക്കയും സോവിയറ്റ് യൂണിയനും യുദ്ധാനന്തരം വീണ്ടും ഭിന്നിച്ചു. അമേരിക്ക പുതിയ രാഷ്ട്രീയ - സാമ്പത്തികശക്തിയായി മുതലാളിത്തചേരിക്ക് നേതൃത്വം കൊടുത്തു. സോഷ്യലിസ്റ്റ് സാമ്പത്തികവ്യവസ്ഥ സ്വീകരിച്ച രാഷ്ട്രങ്ങളുടെ ചേരിക്ക് സോവിയറ്റ് യൂണിയനും നേതൃത്വം നൽകി. ഇങ്ങനെ പരസ്പരം ശത്രുത പുലർത്തിയ രണ്ടു ചേരികൾ തമ്മിലുണ്ടായ ആശയപരമായ സംഘർഷങ്ങളും നയതന്ത്രയുദ്ധങ്ങളുമാണ് ശീതസമരം (Cold War) എന്നറിയപ്പെടുന്നത്. ആശയപരമായ ഭിന്നതയും രാഷ്ട്രീയ അവിശ്വാസവുമാണ് ശീതസമരത്തിന്റെ അടിസ്ഥാനം.

### ശീതസമരം

ശീതസമരം എന്ന പദം ആദ്യമായി ഉപയോഗിച്ചത് അമേരിക്കൻ നയതന്ത്രജ്ഞനായ ബർനാഡ് ബറൂച്ച് ആണ്. വാൾട്ടർ ലിപ്മാൻ എഴുതിയ 'ശീതസമരം' എന്ന ഗ്രന്ഥം ഇതിന് കൂടുതൽ പ്രചാരം നൽകി.

### ഇരുധ്രുവരാഷ്ട്രീയം

രണ്ടാം ലോകയുദ്ധത്തിൽ ഒരേ സഖ്യത്തിലായിരുന്ന അമേരിക്കയും സോവിയറ്റ് യൂണിയനും യുദ്ധാനന്തരം യഥാക്രമം മുതലാളിത്തചേരിക്കും സോഷ്യലിസ്റ്റ് ചേരിക്കും നേതൃത്വം കൊടുത്തു. ആശയപരമായ ഈ ചേരിതിരിവിനെ ചരിത്രകാരനായ ആൾനോൾഡ് ടോയൻബി ഇരുധ്രുവരാഷ്ട്രീയം എന്ന് വിശേഷിപ്പിച്ചു.

ഇരുചേരികളും വ്യത്യസ്ത സൈനികസഖ്യങ്ങളും പ്രാദേശികസംഘടനകളും രൂപീകരിച്ചതിലൂടെ ശീതസമരം ശക്തിപ്രാപിച്ചു. തങ്ങളുടെ ചേരിയിലുള്ള രാജ്യങ്ങളെ സഹായിക്കാൻ ഇരുചേരികളും വിവിധ പദ്ധതികൾ ആവിഷ്കരിച്ചു.

### ശീതസമരകാലത്തെ സൈനികസഖ്യങ്ങൾ

- നോർത്ത് അറ്റ്ലാന്റിക് ട്രീറ്റി ഓർഗനൈസേഷൻ (NATO) - അമേരിക്കയും സഖ്യകക്ഷികളും
- സൗത്ത് ഈസ്റ്റ് ഏഷ്യാ ട്രീറ്റി ഓർഗനൈസേഷൻ (SEATO) - അമേരിക്കയും സഖ്യകക്ഷികളും
- സെൻട്രൽ ട്രീറ്റി ഓർഗനൈസേഷൻ (CENTO) - അമേരിക്കയും സഖ്യകക്ഷികളും
- വാർസ ഉടമ്പടി (WARSAW PACT) - സോവിയറ്റ് യൂണിയനും സഖ്യകക്ഷികളും

ശീതസമരം ലോകസമാധാനത്തിനു ഭീഷണിയായിരുന്നോ? ശീതസമരത്തിന്റെ പ്രത്യേകതകൾ വിലയിരുത്തി വിശദീകരിക്കുക?

## ഇരുചേരികൾക്കുമൊരു ബദൽ - ചേരിചേരായ്മ

മുതലാളിത്തചേരിക്കും സോഷ്യലിസ്റ്റ് ചേരിക്കും ബദലായി ചേരിചേരായ്മ എന്ന ആശയത്തിന് രൂപംനൽകിയ നേതാക്കളുടെ ചിത്രങ്ങളാണിത്.


ജവഹർലാൽ നെഹ്റു
ഇന്ത്യ


ഗമാൽ അബ്ദുൽ നാസർ
ഈജിപ്ത്


മാർഷൽ ടിറ്റോ
യുഗോസ്ലാവിയ


അഹമ്മദ് സുക്കാർണോ
ഇന്തോനേഷ്യ

എന്താണ് ചേരിചേരാപ്രസ്ഥാനം?

രണ്ടാം ലോകയുദ്ധാനന്തരം ഏഷ്യയിലും ആഫ്രിക്കയിലും ലാറ്റിനമേരിക്കയിലും അനേകം രാജ്യങ്ങൾ സ്വതന്ത്രമായി. ശീതസമരം സാമ്രാജ്യത്വത്തിന്റെ മറ്റൊരു രൂപമാണെന്നും ലോകസമാധാനത്തിനു ഭീഷണിയാണെന്നും ഈ രാജ്യങ്ങൾ തിരിച്ചറിഞ്ഞു. അതിനാൽ മുതലാളിത്തചേരിയുടെയോ സോഷ്യലിസ്റ്റ് ചേരിയുടെയോ ഭാഗമാവാതെ നിലകൊണ്ട രാജ്യങ്ങളുടെ ഐക്യമാണ് ചേരിചേരാപ്രസ്ഥാനം. വൻശക്തികളുടെ ആയുധമത്സരവും സൈനികസഖ്യങ്ങളും തങ്ങൾക്കു ഭീഷണിയാകുമെന്ന് പുതുതായി സ്വാതന്ത്ര്യം നേടിയ രാജ്യങ്ങൾ തിരിച്ചറിഞ്ഞു. യുദ്ധവും സംഘർഷവുമില്ലാത്ത ലോകത്തിന് മാത്രമേ സാമ്പത്തികമായും സാമൂഹികമായും മുന്നേറാൻ കഴിയൂ എന്നവർ തിരിച്ചറിഞ്ഞു.

1955 ൽ ഇന്തോനേഷ്യയിലെ ബാന്ദൂങ്ങിൽ ചേർന്ന സമ്മേളനത്തിൽ വച്ചാണ് ചേരിചേരാപ്രസ്ഥാനത്തിന് രൂപംനൽകാൻ തീരുമാനിച്ചത്. 1961 ൽ ബെൽഗ്രേഡിൽ വച്ച് ചേരിചേരാ രാജ്യങ്ങളുടെ ആദ്യത്തെ സമ്മേളനം നടന്നു. "ചേരിചേരായ്മ ലോകകാര്യങ്ങളിൽ നിന്ന് മാറിനിൽക്കലല്ല, ലോകം അഭിമുഖീകരിക്കുന്ന പല പ്രശ്നങ്ങളിലും സജീവമായി ഇടപെടാനാണ്" എന്ന ജവഹർലാൽ നെഹ്റുവിന്റെ നിരീക്ഷണം ചേരിചേരാപ്രസ്ഥാനത്തിന്റെ ലക്ഷ്യത്തിലേക്കു വിരൽചൂണ്ടുന്നു.

അപകോളനീകരണവും ശീതസമരവും ചേരിചേരാപ്രസ്ഥാനത്തിന്റെ രൂപീകരണത്തിന് വഴിതെളിച്ചതെങ്ങനെ?



"രണ്ടാം ലോകയുദ്ധം ലോകചരിത്രത്തിൽ ചെലുത്തിയ സ്വാധീനം" എന്ന വിഷയത്തിൽ ഒരു സെമിനാർ സംഘടിപ്പിക്കുക. പരിഗണിക്കേണ്ട മേഖലകൾ:

- ഏഷ്യനാഫ്രിക്കൻ രാജ്യങ്ങളുടെ സ്വാതന്ത്ര്യം
- ശീതസമരം
- ചേരിചേരാപ്രസ്ഥാനം



## പശ്ചിമേഷ്യ

*"ഒരു കൈയിൽ സമാധാനത്തിന്റെ ഒലീവിലയും മറുകൈയിൽ വിമോചനപ്പോരാളിയുടെ തോക്കുമായാണ് ഞാൻ വന്നിരിക്കുന്നത്. ഒലീവിലകൾ എന്റെ കൈകളിൽ നിന്ന് നഷ്ടമാകാതിരിക്കട്ടെ."*



യാസർ അറഫാത്ത് - യു.എൻ. അസംബ്ലിയിൽ

പാലസ്തീൻ വിമോചനസംഘടനയുടെ ചെയർമാൻ ആയിരുന്ന യാസർ അറഫാത്ത് 1974 ൽ യു.എൻ. അസംബ്ലിയിൽ ചെയ്ത പ്രസംഗത്തിന്റെ ഒരു ഭാഗമാണിത്. അദ്ദേഹത്തെ ഇത്തരത്തിൽ പ്രസംഗിക്കാൻ പ്രേരിപ്പിച്ച സാഹചര്യം എന്താണെന്ന് നോക്കാം.

ഒന്നാം ലോകയുദ്ധംവരെ പാലസ്തീൻ ഉൾക്കൊള്ളുന്ന പ്രദേശം തുർക്കിസാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു. ഒന്നാം ലോകയുദ്ധത്തിൽ തുർക്കി പരാജയപ്പെട്ടതോടെ പാലസ്തീൻ ഉൾക്കൊള്ളുന്ന പ്രദേശം ബ്രിട്ടന്റെ നിയന്ത്രണത്തിലായി. ഈ യുദ്ധത്തിൽ ജൂതർ നൽകിയ സേവനത്തിന് പ്രത്യുപകാരമായി പശ്ചിമേഷ്യയിൽ അവർക്ക് സ്വന്തമായി ഒരു രാജ്യം അനുവദിക്കുമെന്ന് ബ്രിട്ടീഷ് വിദേശകാര്യ സെക്രട്ടറിയായിരുന്ന ആർതർ ബാൽഫർ പ്രഖ്യാപിച്ചു. ഇത് ബാൽഫർ പ്രഖ്യാപനം എന്നറിയപ്പെടുന്നു. ജൂതർക്ക് ഒരു രാജ്യം സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിക്കപ്പെട്ട പ്രസ്ഥാനമാണ് സിയോണിസ്റ്റ് പ്രസ്ഥാനം. ഹിറ്റ്ലർ ജർമനിയിൽ ജൂതർക്കെതിരെ നടത്തിയ പീഡനങ്ങൾ നാം നേരത്തേ ചർച്ചചെയ്തല്ലോ. ഇത്തരം സംഭവങ്ങൾ ജൂതർക്ക് സ്വന്തമായൊരു രാജ്യം വേണമെന്ന ആവശ്യത്തിന് തീവ്രത കൂട്ടി. 1948 ൽ ഇസ്രായേൽ എന്ന രാഷ്ട്രം രൂപീകരിക്കപ്പെട്ടു. ഇതിനെത്തുടർന്ന് ഇസ്രായേലും അറബ് രാഷ്ട്രങ്ങളും തമ്മിൽ നിരവധി യുദ്ധങ്ങളുണ്ടായി. ഇസ്രായേൽ പാലസ്തീനെ കൈവശപ്പെടുത്തി. ജന്മനാട്ടിൽ നിന്നു പുറത്താകേണ്ടി വന്ന പാലസ്തീൻകാർ വിവിധ അറബ് രാഷ്ട്രങ്ങളിൽ അഭയം തേടി. ഇസ്രായേലിന്റെ രൂപീകരണത്തോടെ അഭയാർഥികളാകേണ്ടി വന്ന പാലസ്തീൻകാർക്ക് സ്വന്തമായൊരു രാജ്യം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സ്ഥാപിക്കപ്പെട്ടതാണ് പാലസ്തീൻ വിമോചന സംഘടന (Palestine Liberation Organisation (PLO)). യാസർ അറഫാത്ത് ആണ് ഇതിന്റെ സ്ഥാപക പ്രസിഡന്റ്. നിരവധി രക്തച്ചൊരിച്ചിലുകൾക്കുശേഷം 1993 ൽ അമേരിക്കയുടെ മധ്യസ്ഥതയിൽ ഒപ്പുവച്ച 'ഓസ്‌ലോ' കരാർപ്രകാരം പാലസ്തീനിനെ സ്വതന്ത്രരാഷ്ട്രമാക്കാൻ ഇസ്രായേൽ അംഗീകാരം നൽകി. എന്നാൽ ഇത് പൂർണമായും നടപ്പാക്കിയിട്ടില്ല.



പശ്ചിമേഷ്യയിലെ സംഘർഷത്തിന്റെ ചിത്രങ്ങൾ

### എണ്ണ - രാഷ്ട്രീയ ആയുധം

ലോകത്തിലെ എണ്ണസമ്പത്തിന്റെ പകുതിയും പശ്ചിമേഷ്യയിലാണ് ഉള്ളത്. അറബ്-ഇസ്രായേൽ യുദ്ധത്തിനു ശേഷം എണ്ണ കയറ്റുമതി ചെയ്യുന്ന രാജ്യങ്ങളുടെ ഒരു സംഘടന (OPEC) രൂപീകരിച്ചു. പാലസ്തീൻ പ്രശ്നം പരിഹരിക്കാനുള്ള ഉപാധി എന്ന നിലയിൽ എണ്ണ ഒരു സമ്മർദതന്ത്രമായി ഉപയോഗിക്കപ്പെട്ടു. എണ്ണയുൽപ്പാദനം കുറച്ചും വില വർധിപ്പിച്ചുമാണ് പ്രസ്തുത തന്ത്രം നടപ്പിലാക്കിയത്.

### സിയോണിസം

ജൂതർക്ക് സ്വന്തമായി ഒരു രാഷ്ട്രമെന്ന ആശയം ആദ്യമായി അവതരിപ്പിച്ചത് തിയേഡർ ഹെർഷൽ എന്ന എഴുത്തുകാരനാണ്. 'ദി ജ്യൂവിഷ് സ്റ്റേറ്റ്' എന്ന പുസ്തകത്തിലാണ് ജൂതരാഷ്ട്രം എന്ന ആശയം അദ്ദേഹം മുന്നോട്ടു വച്ചത്.

സാമ്രാജ്യത്വതാൽപര്യങ്ങൾ പശ്ചിമേഷ്യയിലെ സംഘർഷങ്ങൾക്ക് കാരണമായോ എന്നു പരിശോധിക്കുക.

പശ്ചിമേഷ്യയിലെ സമകാലികസംഭവങ്ങളെക്കുറിച്ചുള്ള വാർത്തകൾ ശേഖരിച്ച് ഒരു വാർത്താബുള്ളറ്റിൻ തയാറാക്കുക.

## സോവിയറ്റ് യൂണിയന്റെ തകർച്ച


ഗോർബച്ചേവ്

ഇരുപതാംനൂറ്റാണ്ടിന്റെ അന്ത്യദശകത്തിലുണ്ടായ സുപ്രധാന സംഭവമാണ് സോവിയറ്റ് യൂണിയന്റെ തകർച്ച. ഇതിനിടയാക്കിയ കാരണങ്ങൾ എന്തെല്ലാമാണെന്ന് നോക്കാം.

- സോഷ്യലിസത്തിന്റെ അടിസ്ഥാനതത്ത്വങ്ങളിൽനിന്നുള്ള വ്യതിചലനം.
- സാമ്പത്തികരംഗത്തെ മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിലുണ്ടായ പരാജയം.
- പ്രതിരോധത്തിന് അമിതപ്രാധാന്യം നൽകിയത്.
- അഭിപ്രായസ്വാതന്ത്ര്യത്തിനും ആവിഷ്കാരത്തിനും ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ.
- ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥതയും അഴിമതിയും.
- മിഖായേൽ ഗോർബച്ചേവിന്റെ ഭരണപരിഷ്കാരങ്ങൾ (ഗ്ലാസ്നോസ്ത്, പെരിസ്ട്രോയിക്ക).

1991 ൽ ഗോർബച്ചേവ് പ്രസിഡന്റ് സ്ഥാനം രാജിവച്ചതോടെ സോവിയറ്റ് യൂണിയൻ ഇല്ലാതായി. സോവിയറ്റ് യൂണിയന്റെ തകർച്ചയോടെ ശീതസമരം അവസാനിക്കുകയും സാമ്രാജ്യത്വത്തിന്റെ പ്രവൃത്തികൾ ചോദ്യം ചെയ്യപ്പെടാതാവുകയും ചെയ്തു.

### ഗ്ലാസ്നോസ്തും പെരിസ്ട്രോയിക്കയും

മിഖായേൽ ഗോർബച്ചേവ് സോവിയറ്റ് യൂണിയനിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങളാണ് ഗ്ലാസ്നോസ്തും (Glasnost) പെരിസ്ട്രോയിക്കയും (Perestroika). രാഷ്ട്രീയരംഗത്ത് തുറന്ന സമീപനം (Openness)നടപ്പിലാക്കുന്നതിനായി കൊണ്ടുവന്നതായിരുന്നു ഗ്ലാസ്നോസ്ത്. ഇതു പ്രകാരം പൗരാവകാശങ്ങളിലുള്ള നിയന്ത്രണങ്ങളും പത്രമാധ്യമങ്ങളുടെമേലുള്ള നിയന്ത്രണങ്ങളും നീക്കം ചെയ്തു. സോവിയറ്റ് യൂണിയന്റെ സമ്പദ്ഘടന പുനസ്സംഘടിപ്പിക്കുന്നതിനായാണ് (Restructure) പെരിസ്ട്രോയിക്ക നടപ്പിലാക്കിയത്. ഉൽപ്പാദനമേഖലയിലെ രാഷ്ട്രത്തിന്റെ നിയന്ത്രണം അവസാനിപ്പിക്കുക, കേന്ദ്രീകൃത ആസൂത്രണത്തിൽ ഇളവ് വരുത്തുക എന്നിവ ഇതിന്റെ ഭാഗമായിരുന്നു.

ഇത് അന്തർദേശീയ രംഗത്ത് വൻ പ്രത്യാഘാതങ്ങൾക്കു കാരണമായി. ഇരുധ്രുവലോകം തകരുകയും അമേരിക്കയുടെ ആധിപത്യത്തിലുള്ള ഏകധ്രുവ ലോകം ഉയർന്നുവരുകയും ചെയ്തു.

## ഏകധ്രുവലോകം - അമേരിക്കൻ ആധിപത്യം

സോവിയറ്റ് യൂണിയന്റെ തകർച്ച അമേരിക്ക ആഗോളശക്തിയായി മാറുന്നതിന് കാരണമായി. ഇതോടെ ലോകരാഷ്ട്രീയത്തിന്റെ കേന്ദ്രം അമേരിക്കയായി. ഇത് ഏകധ്രുവലോകക്രമം എന്നറിയപ്പെടുന്നു. അമേരിക്ക ആഗോളരംഗത്ത് തങ്ങളുടെ ആധിപത്യം നിലനിർത്താൻ പല തന്ത്രങ്ങളും ആവിഷ്കരിച്ചു. അവ ഏതെല്ലാമെന്ന് പരിശോധിക്കാം.

- അന്താരാഷ്ട്ര ഏജൻസികളെ ഉപയോഗപ്പെടുത്തി രാജ്യങ്ങൾക്ക് സാമ്പത്തിക-സൈനിക സഹായം നൽകി.
- സൈനിക കൂട്ടുകെട്ടുകൾ വ്യാപിപ്പിച്ചു.
- തങ്ങൾക്ക് ഇഷ്ടമില്ലാത്ത ഭരണകൂടങ്ങളെ അട്ടിമറിച്ചു.
- മാധ്യമങ്ങളെ തങ്ങളുടെ താൽപ്പര്യങ്ങൾക്കായി ഉപയോഗിച്ചു.



### ഗൾഫ് യുദ്ധങ്ങൾ

രണ്ടാം ലോകയുദ്ധത്തിനു ശേഷമുണ്ടായ പ്രധാന സംഭവങ്ങളുടെ കൂട്ടത്തിൽപ്പെടുന്നതാണ് 1991 ലും 2003 ലും നടന്ന ഗൾഫ് യുദ്ധങ്ങൾ. ഇറാഖിലെ ഭരണാധികാരിയായ സദ്ദാം ഹുസൈൻ കുവൈറ്റിനെ ആക്രമിച്ചതിനെത്തുടർന്നാണ് ഗൾഫ് യുദ്ധം പൊട്ടിപ്പുറപ്പെട്ടത്. അമേരിക്കയുടെയും ബ്രിട്ടന്റെയും നേതൃത്വത്തിലുള്ള സഖ്യസൈന്യം ഇറാഖിനെ ആക്രമിച്ച് കുവൈറ്റ് മോചിപ്പിച്ചു. പെട്രോളിയം ഉൽപ്പന്നങ്ങളുടെ നിയന്ത്രണം കൈവശപ്പെടുത്തുന്നതു സംബന്ധിച്ചുണ്ടായ തർക്കങ്ങളാണ് ഈ യുദ്ധങ്ങൾക്കു കാരണമായത്.

അമേരിക്കയുടെ സാമ്രാജ്യത്വനയങ്ങളാണ് ഗൾഫ് യുദ്ധത്തിന് കാരണമായത്. തങ്ങളുടെ സൈനികശേഷിയും സാങ്കേതികമികവും ഈ യുദ്ധങ്ങളിൽ അമേരിക്ക ഉപയോഗിച്ചു. അമേരിക്കയ്ക്ക് നേരെയുണ്ടായ ഭീകരാക്രമണങ്ങൾ ആക്രമണോത്സുകമായ വിദേശനയം സ്വീകരിക്കാനും പല രാഷ്ട്രങ്ങളുടെയും ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാനും അവരെ പ്രേരിപ്പിച്ചു. അഫ്ഗാനിസ്ഥാൻ, ഇറാഖ്, സിറിയ തുടങ്ങിയ രാജ്യങ്ങളിൽ അമേരിക്ക ഇടപെട്ടത് ഇതിനുദാഹരണമാണ്. എന്നാൽ അമേരിക്കൻ ആധിപത്യത്തിനെതിരായ കൂട്ടായ്മകൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ രൂപപ്പെടുന്നുണ്ട്.

## നവസാമ്രാജ്യത്വം (New Imperialism)

രണ്ടാം ലോകയുദ്ധാനന്തരം ലോകത്ത് പുതിയ തരത്തിലുള്ള സാമ്രാജ്യത്വ വ്യവസ്ഥിതി രൂപപ്പെട്ടുവന്നു. ഒരു രാജ്യത്ത് രജിസ്റ്റർ ചെയ്ത് വിവിധ രാഷ്ട്രങ്ങളിലായി പ്രവർത്തിക്കുന്ന ബഹുരാഷ്ട്ര കമ്പനികൾ അവരുടെ താൽപ്പര്യങ്ങൾക്കുവേണ്ടി വികസ്വരവും അവികസിതവുമായ രാജ്യങ്ങളുടെ സാമ്പത്തിക-സാമൂഹിക-സാംസ്കാരിക മേഖലകളിൽ ഇടപെടാൻ തുടങ്ങി. ഇത് നവസാമ്രാജ്യത്വം (New Imperialism) എന്നറിയപ്പെടുന്നു. മൂന്നാംലോക രാജ്യങ്ങളിലെ സമ്പത്ത് കൈവശപ്പെടുത്താൻ ബഹുരാഷ്ട്ര കമ്പനികൾ മത്സരിച്ചു. അവരുടെ തന്ത്രങ്ങൾ പുതിയൊരു ഉപഭോഗസംസ്കാരം വളരുന്നതിന് കാരണമായി. വികസ്വരരാജ്യങ്ങൾ ബഹുരാഷ്ട്ര കമ്പനികളുടെ കമ്പോളങ്ങളായി മാറി.

വികസിതരാജ്യങ്ങളിലെ ഉൽപ്പന്നങ്ങൾ വികസ്വരരാജ്യങ്ങളുടെ ഗ്രാമങ്ങളിൽ വരെ എത്തിച്ചേർന്നു. ബഹുരാഷ്ട്ര കമ്പനികളോട് മത്സരിക്കാൻ കഴിയാത്ത തദ്ദേശീയ സാമ്പത്തികമേഖല തകരാൻ തുടങ്ങി.

നവസാമ്രാജ്യത്വം മൂന്നാംലോക രാജ്യങ്ങളിലെ സാമ്പത്തികമേഖല കളെ എങ്ങനെയെല്ലാം ബാധിച്ചുവെന്ന് കണ്ടെത്തുക.



## ആഗോളവൽക്കരണം (Globalisation)

നവസാമ്രാജ്യത്വത്തിന്റെ ആശയങ്ങളായിരുന്നു ആഗോളവൽക്കരണം, സ്വകാര്യവൽക്കരണം, ഉദാരവൽക്കരണം എന്നിവ. അവയുടെ സവിശേഷതകൾ എന്തെല്ലാമാണെന്ന് നോക്കാം.

### ഉദാരവൽക്കരണം

- ബഹുരാഷ്ട്ര കമ്പനികളുടെ ഉൽപ്പന്നങ്ങൾക്കും മൂലധനത്തിനും നിയന്ത്രണങ്ങളില്ലാതെ കടന്നുവരാനായി ഇറക്കുമതിനിയമങ്ങളും നികുതികളും ഉദാരമാക്കി.

### സ്വകാര്യവൽക്കരണം

- സ്വകാര്യമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിച്ചു.

### ആഗോളവൽക്കരണം

- രാഷ്ട്രത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ആഗോളസമ്പദ്ഘടനയുമായി ബന്ധിപ്പിച്ചു.
- ബഹുരാഷ്ട്ര കമ്പനികളുടെ താൽപ്പര്യങ്ങൾ സംരക്ഷിച്ചു.
- മത്സരങ്ങളിലൂന്നിയ കമ്പോളം നിലവിൽ വന്നു.
- അതിരുകളില്ലാതെ ഉൽപ്പന്നങ്ങൾ, സേവനങ്ങൾ, വിഭവങ്ങൾ, മൂലധനം, പുത്തൻ സാങ്കേതികവിദ്യ, മനുഷ്യവിഭവശേഷി എന്നിവയുടെ ഒഴുക്ക് സൃഷ്ടിച്ചു.

ലോകബാങ്ക്, അന്താരാഷ്ട്ര നാണയനിധി (IMF), ലോക വ്യാപാര സംഘടന (WTO) തുടങ്ങിയ അന്താരാഷ്ട്ര സ്ഥാപനങ്ങൾ ആഗോളവൽക്കരണത്തിന് അനുസൃതമായ നയങ്ങൾ രൂപവൽക്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു. ആഗോളവൽക്കരണം ലോകത്തിനു മുന്നിൽ പുതിയ സാധ്യതകളും അവസരങ്ങളും തുറന്നിട്ടു. വിവരവിനിമയ സാങ്കേതികവിദ്യയുടെ വ്യാപനവും സാധനങ്ങളുടെയും സേവനങ്ങളുടെയും രാജ്യാതിർത്തികൾ കടന്നുള്ള വിനിമയവും ആഗോളഗ്രാമം (Global Village) എന്ന ആശയത്തിന് രൂപം നൽകി. എന്നാൽ ആഗോളവൽക്കരണം വികസ്വരരാജ്യങ്ങളെ ദോഷകരമായി ബാധിച്ചു. അതെങ്ങനെയെന്നു നോക്കാം.

**ആഗോളവൽക്കരണം**



1980 കളിലാണ് ആഗോളവൽക്കരണം എന്ന ആശയത്തിന് കൂടുതൽ പ്രചാരം ലഭിച്ചത്. ആഗോളവൽക്കരണം എന്ന പദം ആദ്യമായി ഉപയോഗിച്ചത് 1983 ൽ പുറത്തിറങ്ങിയ 'ഹാർവാർഡ് ഇക്കണോമിക്സ് റിവ്യൂ'വിലാണ്.

- ദേശരാഷ്ട്രമെന്ന ആശയത്തിന് ബഹുരാഷ്ട്ര കമ്പനികളുടെ കടന്നുകയറ്റം വെല്ലുവിളിയായി.
- തദ്ദേശീയ സംസ്കാരങ്ങളുടെ തകർച്ചയ്ക്ക് വഴിയൊരുക്കി.

- കാർഷികോൽപ്പന്നങ്ങളുടെ വിലയിടിഞ്ഞു.
- പൊതുമേഖലാസ്ഥാപനങ്ങൾ തകർന്നു.
- സാമൂഹികസേവന മേഖലകളിൽനിന്നു സർക്കാരുകൾ പിന്മാറി.
- പ്രകൃതിവിഭവങ്ങൾ കൊള്ളയടിച്ചു.

**ആഗോളവൽക്കരണം നമ്മുടെ ദൈനംദിനജീവിതത്തെ എത്രമാത്രം സ്വാധീനിക്കുന്നുവെന്ന് ചർച്ചചെയ്യുക.**

*ഇരുപതാം നൂറ്റാണ്ടിലെ വ്യത്യസ്ത സംഭവവികാസങ്ങൾ ഉൾപ്പെടുത്തി ഒരു ഡിജിറ്റൽ കൊളാഷ് തയാറാക്കുക.*

ഇരുപതാം നൂറ്റാണ്ടിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായ സംഭവവികാസങ്ങളും അവ ലോകചരിത്രത്തെ എങ്ങനെയെല്ലാം സ്വാധീനിച്ചുവെന്നുമാണ് നമ്മൾ ചർച്ച ചെയ്തത്. സാമ്രാജ്യത്വത്തിന്റെ ആവിർഭാവത്തിന് വഴിതെളിച്ച സാഹചര്യങ്ങൾ, സാമ്രാജ്യത്വം നേരിട്ട പ്രതിസന്ധികൾ, സാമ്രാജ്യത്വത്തിന്റെ പ്രത്യാഘാതങ്ങൾ എന്നിവ ഇരുപതാം നൂറ്റാണ്ടിന്റെ ചരിത്രത്തെ രൂപപ്പെടുത്തുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്.

**ലോകം ഇരുപതാംനൂറ്റാണ്ടിൽ**

- ഒന്നാം ലോകയുദ്ധം → ത്രികക്ഷിസഖ്യം, ത്രികകക്ഷി സൗഹാർദം
- ഫാഷിസം നാസിസം → ബനിറ്റോ മുസ്സോളിനി അഡോൾഫ് ഹിറ്റ്ലർ
- രണ്ടാം ലോകയുദ്ധം → അച്ചുതണ്ടുശക്തികൾ സഖ്യശക്തികൾ
- യുദ്ധാനന്തര ലോകം → ഐക്യരാഷ്ട്രസഭ, ശീതസമരം, ഏഷ്യനാഫ്രിക്കൻ രാജ്യങ്ങളുടെ മോചനം, ചേരിചേരാപ്രസ്ഥാനം, നവസാമ്രാജ്യത്വം.

## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- സാമ്രാജ്യത്വത്തിന്റെ വളർച്ചയുടെ വിവിധ ഘട്ടങ്ങൾ തിരിച്ചറിയുന്നു.
- യൂറോപ്യൻ രാജ്യങ്ങളിലുണ്ടായ വ്യാവസായികവളർച്ച വിമർശനാത്മകമായി വിലയിരുത്തുന്നു.
- ഒന്നാം ലോകയുദ്ധത്തിലേക്കു നയിച്ച ഘടകങ്ങൾ വിശകലനം ചെയ്യുന്നു.
- ഒന്നാം ലോകയുദ്ധത്തിന്റെ ഫലങ്ങൾ വിശദമാക്കുന്നു.
- അമേരിക്ക പുതിയ രാഷ്ട്രീയ-സാമ്പത്തിക ശക്തിയായതെങ്ങനെയെന്ന് തിരിച്ചറിയുന്നു.

- ഫാഷിസവും നാസിസവും ലോകത്തിനു ഭീഷണിയായതെങ്ങനെയെന്ന് വിശദീകരിക്കുന്നു.
- രണ്ടാം ലോകയുദ്ധത്തിന്റെ കാരണങ്ങൾ കണ്ടെത്തുന്നു.
- രണ്ടാം ലോകയുദ്ധത്തിന്റെ ഫലങ്ങൾ വിശകലനം ചെയ്യുന്നു.
- പുതിയ ശാക്തിക ചേരികളുടെ ഉദയം ശീതസമരത്തിന് കാരണമായതെങ്ങനെയെന്ന് കണ്ടെത്തി വിശദീകരിക്കുന്നു.
- ശാക്തികചേരികൾക്ക് ബദലായി രൂപപ്പെട്ടതാണ് ചേരിചേരായ്മ എന്ന് തിരിച്ചറിയുന്നു.
- സോവിയറ്റ് യൂണിയന്റെ തകർച്ച ലോകരാഷ്ട്രീയത്തിൽ വരുത്തിയ മാറ്റങ്ങൾ വിശകലനം ചെയ്യുന്നു.
- വർത്തമാനകാലത്തെ അമേരിക്കൻ ആധിപത്യം വിശകലനം ചെയ്യുന്നു.
- നവസാമ്രാജ്യത്വം ഇന്ത്യയെ പോലുള്ള രാജ്യങ്ങളെ എങ്ങനെ ബാധിക്കുന്നു എന്നു കണ്ടെത്തുന്നു.

## വിലയിരുത്താം

- സാമ്രാജ്യത്വം എന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്?
- കൊളോണിയലിസം സാമ്രാജ്യത്വത്തിൽനിന്ന് വ്യത്യസ്തമാകുന്നതെങ്ങനെ?
- ആക്രമണോത്സുകദേശീയതയുടെ വളർച്ചയെ സഹായിച്ച ഘടകങ്ങൾ എന്തെല്ലാം?
- പാരിസ് സമാധാനസമ്മേളനം രണ്ടാം ലോകയുദ്ധത്തിന് പശ്ചാത്തലമൊരുക്കി. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്?
- അമേരിക്കയെ സാമ്പത്തികത്തകർച്ചയിലേക്കു നയിച്ച ഘടകങ്ങൾ എന്തെല്ലാം?
- ഫാഷിസത്തിന്റെ മുഖ്യസവിശേഷതകൾ പട്ടികപ്പെടുത്തുക.
- 'എ' കോളത്തിനു യോജിച്ചവ 'ബി' കോളത്തിൽ നിന്നു കണ്ടെത്തുക.

| എ | ബി |
|---|---|
| • അഡോൾഫ് ഹിറ്റ്ലർ | • ഒന്നാം ലോകയുദ്ധം |
| • വേഴ്സായ് സന്ധി | • ഗസ്റ്റപ്പൊ |
| • സോവിയറ്റ് യൂണിയന്റെ തകർച്ച | • ഇറ്റലി |
| • ബെനിറ്റോ മുസ്സോളിനി | • മിഖായേൽ ഗോർബച്ചേവ് |

- പാലസ്തീൻ-ഇസ്രായേൽ പ്രശ്നങ്ങൾക്ക് ഇടയാക്കിയ രാഷ്ട്രീയസാഹചര്യം വിശദമാക്കുക.

- ചേരിചേരായ്മയുടെ പ്രസക്തി വിലയിരുത്തുക.
- സോവിയറ്റ് യൂണിയന്റെ തകർച്ച ലോകരാഷ്ട്രീയത്തിലുണ്ടായ മാറ്റങ്ങൾ എന്തെല്ലാം?

## തുടർപ്രവർത്തനങ്ങൾ

- നമ്മുടെ ദൈനംദിനജീവിതത്തിൽ ബഹുരാഷ്ട്ര കമ്പനികൾ ചെലുത്തുന്ന സ്വാധീനത്തെ അടിസ്ഥാനമാക്കി ഒരു ലേഖനം തയാറാക്കുക.
- 'ആഗോളവൽക്കരണത്തെ നമുക്ക് എങ്ങനെ ഫലപ്രദമായി പ്രയോജനപ്പെടുത്താം'. എന്ന വിഷയം അടിസ്ഥാനമാക്കി സെമിനാർ പ്രബന്ധം തയാറാക്കുക.
- യുദ്ധവിരുദ്ധ ചിത്രങ്ങൾ, വാർത്തകൾ, കവിതകൾ, ഉദ്ധരണികൾ മുതലായവ ചേർത്ത് ഒരു എക്സിബിഷൻ സംഘടിപ്പിക്കുക.
- യു.എൻ. ദിനാചരണത്തിന്റെ ഭാഗമായി ഒരു 'യു.എൻ. ദിന ക്വിസ് പരിപാടി' സംഘടിപ്പിക്കുക.

ധ്യായം

3



# ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും

*1907 ജനുവരിയിലെ ഒരു ദിനം; കൽക്കത്തയ്ക്കടുത്തുള്ള ഒരു ഗ്രാമത്തിലെ കർഷകനായിരുന്ന ഗാംഗുലിന്റെ മകളുടെ വിവാഹമായിരുന്നു അന്ന്. മുറ്റത്തൊരുക്കിയ ചെറുപന്തലിൽ ധാരാളം അതിഥികളുണ്ടായിരുന്നു. അവരെ യെല്ലാം മധുരപലഹാരങ്ങൾ നൽകിയാണ് ഗാംഗുലും ബന്ധുക്കളും സ്വീകരിച്ചത്. എന്നാൽ അവയിൽ പഞ്ചസാര ചേർത്തിരുന്നില്ല! പകരം ശർക്കരയായിരുന്നു ഉപയോഗിച്ചത്. ഇതേപ്പറ്റി അന്വേഷിച്ചവരോട് ഗാംഗുൽ അഭിമാനത്തോടെ പറഞ്ഞു: "നമ്മുടെ ദുരിതങ്ങൾക്കെല്ലാം കാരണക്കാർ ബ്രിട്ടീഷുകാരാണ്. അവരുടെ ഉൽപ്പന്നങ്ങൾ ബഹിഷ്കരിക്കാൻ നമ്മൾ തീരുമാനിച്ചിരുന്നല്ലോ. അതിനാലാണ് ബ്രിട്ടീഷ് ഉൽപ്പന്നമായ പഞ്ചസാര വേണ്ടെന്ന് വച്ചതും നമ്മുടെ ഉൽപ്പന്നമായ ശർക്കര ഉപയോഗിച്ചതും".*

എന്തായിരിക്കും ബ്രിട്ടീഷ് ഉൽപ്പന്നങ്ങൾ ബഹിഷ്കരിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചത്? ബ്രിട്ടീഷ് ഭരണം ഇന്ത്യയിലെ വിവിധ വിഭാഗം ജനങ്ങളെ എങ്ങനെയാണ് ബാധിച്ചത്? അവർ എങ്ങനെ യായിരുന്നു ബ്രിട്ടീഷ് ഭരണത്തോട് പ്രതികരിച്ചത്? നമുക്ക് പരിശോധിക്കാം.

കച്ചവടത്തിനു വന്ന ബ്രിട്ടീഷുകാർ ഇന്ത്യയിലെ നാട്ടുരാജ്യങ്ങളെ കീഴടക്കി അധികാരം കൈയ ടക്കിയതിനെക്കുറിച്ച് മുൻ ക്ലാസിൽ ചർച്ചചെയ്തത് ഓർക്കുമല്ലോ. സൈനികശക്തിയിലൂടെയും നയതന്ത്രത്തിലൂടെയുമാണ് ബ്രിട്ടീഷുകാർ നാട്ടുരാജ്യങ്ങളെ കീഴടക്കിയത്. 1757 ലെ പ്ലാസി യുദ്ധം മുതൽ 1857 ലെ ഒന്നാം സ്വാതന്ത്ര്യസമരം വരെയുള്ള നൂറുവർഷക്കാലയളവിലാണ് ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ വലിയൊരു ഭാഗം പ്രദേശങ്ങൾ ബ്രിട്ടീഷുകാരുടെ ഭരണത്തിനു കീഴിലായത് (ഭൂപടം നിരീക്ഷിക്കുക). ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ ഏകദേശം 63% ബ്രിട്ടീഷു കാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൻ കീഴിലായിരുന്നു. ശേഷിക്കുന്ന പ്രദേശങ്ങളിൽ ഭൂരിഭാ ഗവും ബ്രിട്ടീഷുകാരുടെ നിയന്ത്രണത്തിലുള്ള നാട്ടുരാജാക്കന്മാരാണു ഭരിച്ചിരുന്നത്.




## ബ്രിട്ടീഷ് നയങ്ങളുടെ പ്രത്യാഘാതങ്ങൾ

"ബ്രിട്ടീഷ് ആധിപത്യത്തിനുമുമ്പ് ബംഗാൾ പ്രദേശം രാജ്യത്തിന്റെ ധാന്യക്കലവറയും കിഴക്കൻ നാടുകളിലെ വ്യാപാരം, ധനം, വ്യാവസായികോൽപ്പാദനം എന്നിവയുടെ കേന്ദ്രവുമായിരുന്നു.... എന്നാൽ ചുരുങ്ങിയ കാലംകൊണ്ട് ഈ രാജ്യത്തിന്റെ മിക്ക ഭാഗങ്ങളും മരുഭൂമിയായി മാറിയിരിക്കുന്നു. പാടങ്ങളിൽ കൃഷി നടക്കുന്നേയില്ല. ഫലഭൂയിഷ്ഠമായ കൃഷിയിടങ്ങൾ കുറ്റിക്കാടുകളായിത്തീർന്നിരിക്കുന്നു.... കർഷകർ കൊള്ളയടിക്കപ്പെടുന്നു...."

ബ്രിട്ടീഷ് പാർലമെന്റിൽ അംഗമായിരുന്ന വില്യം ഫുള്ളർട്ടൻ ബ്രിട്ടീഷ് അധീനതയിലായ ബംഗാളിന്റെ അവസ്ഥയെക്കുറിച്ച് 1784 ൽ നൽകിയ വിവരണമാണ് ഇവിടെ ചേർത്തിരിക്കുന്നത്. ബംഗാളിന്റേത് മാത്രമായിരുന്നില്ല, ബ്രിട്ടീഷ് ആധിപത്യത്തിനു കീഴിലായിരുന്ന ഓരോ പ്രദേശത്തിന്റെയും അവസ്ഥ സമാനമായിരുന്നു. ഇന്ത്യയിൽ ബ്രിട്ടീഷുകാർ സ്വീകരിച്ച നയങ്ങൾ സമൂഹത്തിലെ വിവിധ വിഭാഗം ജനങ്ങളെ എങ്ങനെയാണ് ബാധിച്ചതെന്ന് പരിശോധിക്കാം.

ബ്രിട്ടീഷ് ആധിപത്യത്തിന്റെ ദുരിതം ആദ്യം അനുഭവിച്ചവരിൽ പ്രധാന വിഭാഗം കർഷകരായിരുന്നു. ബ്രിട്ടീഷുകാർ നടപ്പാക്കിയ ഭൂനികുതിനയങ്ങളായിരുന്നു കർഷകരുടെ നട്ടെല്ലൊടിച്ചത്. പരമാവധി വരുമാനമുണ്ടാക്കുക എന്നതായിരുന്നു നികുതിനയത്തിന്റെ ലക്ഷ്യം. ബ്രിട്ടീഷ് ഭരണത്തിനു കീഴിലുള്ള വിവിധ

പ്രദേശങ്ങളിൽ വ്യത്യസ്ത നികുതിസമ്പ്രദായങ്ങളാണ് നടപ്പാക്കിയത്. ചുവടെ കൊടുത്ത പട്ടികയിൽനിന്ന് ബ്രിട്ടീഷ് ഭൂനികുതിസമ്പ്രദായങ്ങൾ പരിചയപ്പെടാം.

| ഭൂനികുതി വ്യവസ്ഥ | നടപ്പാക്കിയ പ്രധാന പ്രദേശങ്ങൾ |
|---|---|
| • ശാശ്വതഭൂനികുതി വ്യവസ്ഥ | • ബംഗാൾ, ബിഹാർ,ഒറീസ പ്രദേശങ്ങൾ |
| • റയട്ട്വാരി വ്യവസ്ഥ | • ദക്ഷിണേന്ത്യൻ പ്രദേശങ്ങൾ |
| • മഹൽവാരി വ്യവസ്ഥ | • വടക്കുപടിഞ്ഞാറൻ ഇന്ത്യ |

ശാശ്വതഭൂനികുതിവ്യവസ്ഥയുടെ സവിശേഷതകൾ:

- ശാശ്വതഭൂനികുതിവ്യവസ്ഥയിൽ ഒരു പ്രദേശത്തെ നികുതി പിരിച്ചെടുത്തിരുന്നത് സെമീന്ദാർ ആയിരുന്നു.
- നികുതി പിരിവിനധികാരമുണ്ടായിരുന്ന പ്രദേശത്തെ മുഴുവൻ ഭൂമിയുടെയും ഉടമസ്ഥൻ സെമീന്ദാർ ആയിരുന്നു.
- സെമീന്ദാർമാർ ഭൂവുടമകളായതോടെ യഥാർഥ കർഷകർ കുടിയാൻമാരായി മാറി.
- വിളവിന്റെ 60% വരെ കർഷകർ നികുതിയായി നൽകണമായിരുന്നു.
- വിളവ് മോശമായാലും നികുതി നൽകണമായിരുന്നു.
- നിശ്ചിത തീയതിയിൽ നികുതി പണമായി നൽകണമായിരുന്നു (മുൻകാലങ്ങളിൽ ഉൽപ്പന്നങ്ങളാണ് കർഷകർ നികുതിയായി നൽകിയിരുന്നത്).



**ശാശ്വതഭൂനികുതി വ്യവസ്ഥ അഥവാ സെമീന്ദാരിസമ്പ്രദായം**

കോൺവാലിസ് പ്രഭു ഗവർണർ ജനറലായിരുന്ന കാലത്ത് നടപ്പിലാക്കിയ ശാശ്വതഭൂനികുതിവ്യവസ്ഥ സെമീന്ദാരിസമ്പ്രദായമെന്നും അറിയപ്പെടുന്നു. ഈ സമ്പ്രദായത്തിൽ സെമീന്ദാർമാരായിരുന്നു കർഷകരിൽനിന്നു നികുതി പിരിച്ചത്. പിരിച്ചെടുക്കുന്ന നികുതിയുടെ പതിനൊന്നിൽ ഒന്ന് അവർക്ക് കമ്മീഷനായി ലഭിച്ചിരുന്നു. ശാശ്വതഭൂനികുതിവ്യവസ്ഥ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിച്ച ഉദ്യോഗസ്ഥനായിരുന്നു ജോൺ ഷോർ. കാർഷിക ഉൽപ്പാദനത്തിന്റെ 45% കമ്പനിക്കും 15% സെമീന്ദാർമാർക്കും 40% മാത്രം കർഷകർക്കും ലഭിക്കുമെന്ന് അദ്ദേഹം കണക്കാക്കി.

ദക്ഷിണേന്ത്യയിൽ നടപ്പിലാക്കിയ റയട്ട്വാരി വ്യവസ്ഥയിൽ കർഷകരിൽ (റയട്ട്) നിന്ന് നേരിട്ട് നികുതി പിരിക്കുന്ന രീതിയാണുണ്ടായിരുന്നത്. ഭൂമിയുടെ ഉടമസ്ഥാവകാശം കർഷകനായിരുന്നു. എന്നാൽ അമിതമായ നികുതിനിരക്ക് കർഷകരെ ദരിദ്രരാക്കി. മാത്രമല്ല നികുതിനിരക്ക് ഇടയ്ക്കിടെ വർധിപ്പിച്ചിരുന്നു. മഹൽവാരി വ്യവസ്ഥയിലാകട്ടെ, ഗ്രാമത്തലവന്മാരായിരുന്നു നികുതി പിരിച്ചെടുത്തത്. ഈ വ്യവസ്ഥയിലും നികുതിനിരക്ക് അമിതമായിരുന്നു. ഗ്രാമത്തെ (മഹൽ) ഒരു യൂണിറ്റായി കണക്കാക്കിയായിരുന്നു നികുതി പിരിച്ചെടുത്തിരുന്നത്.

**ശാശ്വതഭൂനികുതി, റയട്ട്വാരി, മഹൽവാരി എന്നീ നികുതിവ്യവസ്ഥകളുടെ പ്രത്യേകതകൾ കണ്ടെത്തി ഡയഗ്രാം പൂർത്തിയാക്കുക.**




ബ്രിട്ടീഷുകാർ നടപ്പിലാക്കിയ നികുതിനയങ്ങൾ കാർഷികരംഗത്ത് വൻപ്രത്യാഘാതങ്ങളുണ്ടാക്കി. ഉയർന്ന നികുതി നിശ്ചിത തീയതിയിൽ പണമായി അടയ്ക്കാൻ കഴിയാതെവന്ന കർഷകർക്കു പലപ്പോഴും കൊള്ളപ്പലിശക്കാരിൽ നിന്ന് പണം കടം വാങ്ങേണ്ടിവന്നു. കൃഷിയിടം പണയപ്പെടുത്തിയാണ് അവർ കടം വാങ്ങിയത്. ഉയർന്ന പലിശനിരക്കായിരുന്നു കർഷകരിൽനിന്ന് ഈടാക്കിയത്. അതിനാൽ കടവും പലിശയും അടയ്ക്കാൻ കഴിയാതെവന്ന കർഷകരുടെ ഭൂമി കൊള്ളപ്പലിശക്കാർ കൈയടക്കി.

ബ്രിട്ടീഷ് നികുതിനയങ്ങൾ എങ്ങനെയാണ് കർഷകരെ കൊള്ളപ്പലിശക്കാരുടെ ചൂഷണത്തിലേക്ക് തള്ളിവിട്ടത്? വിശദമാക്കുക.

## കൃഷിയുടെ വാണിജ്യവൽക്കരണം

ബ്രിട്ടീഷ് നികുതിനയങ്ങൾ ഇന്ത്യയിലെ കർഷകരെ ദരിദ്രരാക്കിയതെങ്ങനെയെന്ന് കണ്ടല്ലോ. ഇന്ത്യയിലെ കർഷകർ പരമ്പരാഗതമായി കൃഷിചെയ്തിരുന്നത് തന്റെ കുടുംബത്തിന്റെയും ഗ്രാമത്തിന്റെയും ആവശ്യത്തിനുവേണ്ടിയായിരുന്നു. എന്നാൽ ബ്രിട്ടീഷ് ഭരണകാലത്ത് കർഷകർ വിപണി ലക്ഷ്യമാക്കി കൃഷി ചെയ്യാൻ നിർബന്ധിതരായി. ഭക്ഷ്യവിളകൾക്കു പകരം നാണ്യവിളകൾ വൻതോതിൽ കൃഷിചെയ്തു. ഈ മാറ്റത്തെയാണ് അക്കാലത്ത് കൃഷിയുടെ വാണിജ്യവൽക്കരണം എന്നു പറയുന്നത്.

ബ്രിട്ടീഷ് ഭരണത്തിനുകീഴിൽ നികുതിനിരക്ക് കൂടുതലായിരുന്നല്ലോ. മാത്രമല്ല, നികുതി പണമായി, നിശ്ചയിക്കപ്പെട്ട തീയതിയിൽത്തന്നെ നൽകണമായിരുന്നു. ഈ സാഹചര്യം നേരിടാൻ വേണ്ടിയായിരുന്നു കർഷകർ വിപണിയിൽ കൂടുതൽ വില ലഭിക്കുന്ന ഉൽപ്പന്നങ്ങൾ കൃഷിചെയ്തത്. യൂറോപ്യൻ രാജ്യങ്ങൾക്കാവശ്യമായ ഉൽപ്പന്നങ്ങൾക്കായിരുന്നു വിപണിയിൽ ഉയർന്ന വില ലഭിച്ചത്. അങ്ങനെ ഇന്ത്യൻ കൃഷിയിടങ്ങൾ യൂറോപ്പിനായി കൃഷിചെയ്യാൻ തുടങ്ങി. അക്കാലത്ത് വ്യാപകമായി കൃഷിചെയ്ത വിളകൾ എന്തെല്ലാമാണെന്ന് പട്ടികയിൽനിന്ന് കണ്ടെത്തൂ.

| വിള | പ്രദേശം |
|---|---|
| • നീലം | • ബംഗാൾ, ബിഹാർ |
| • പരുത്തി | • മഹാരാഷ്ട്ര, പഞ്ചാബ് |
| • കരിമ്പ് | • ഉത്തർപ്രദേശ് |
| • തേയില | • ആസ്സാം, കേരളം |
| • ചണം | • ബംഗാൾ |
| • ഗോതമ്പ് | • പഞ്ചാബ് |

ബ്രിട്ടീഷ് നയങ്ങളും കൃഷിയുടെ വാണിജ്യവൽക്കരണവും എന്ന വിഷയത്തിൽ ക്ലാസിൽ ഒരു ചർച്ച സംഘടിപ്പിക്കുക.

## അശാന്തമായ നീലംകൃഷിയിടങ്ങൾ


നീലംകൃഷി വിളവെടുപ്പ്

നീലത്തിന് അക്കാലത്ത് വിപണിയിൽ ഉയർന്ന വില ലഭിച്ചിരുന്നു. തുണികൾക്ക് നിറം നൽകാനായിരുന്നു നീലം ഉപയോഗിച്ചിരുന്നത്. ഇന്നത്തെപ്പോലെ കൃത്രിമച്ചായങ്ങൾ അന്നില്ലായിരുന്നു.

പതിനെട്ടാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിലുണ്ടായ വ്യവസായവിപ്ലവം തുണിനിർമാണരംഗത്ത് വലിയ കുതിച്ചുചാട്ടം തന്നെയുണ്ടാക്കി. അതോടെ നീലത്തിന്റെ ആവശ്യം വർധിച്ചു. 1780-ൽ ബ്രിട്ടൻ ഇറക്കുമതി ചെയ്ത നീലത്തിന്റെ 30% മാത്രമായിരുന്നു ഇന്ത്യയിൽ നിന്നുള്ളത്. എന്നാൽ 1810 ആയപ്പോഴേക്കും ഇത് 95% ആയി ഉയർന്നു.

ഇന്ത്യയിൽ നീലംകൃഷി വ്യാപകമാക്കേണ്ടത് ബ്രിട്ടീഷ് വ്യവസായികളുടെ ആവശ്യമായിരുന്നു. കർഷകർക്ക് വൻതുക മുൻകൂറായി നൽകി അവരെക്കൊണ്ട് നീലംകൃഷി ചെയ്യിച്ചു. ഉയർന്ന ഭൂനികുതി അടയ്ക്കാൻ കഴിയാതെ വിഷമിച്ച കർഷകർ ബ്രിട്ടീഷുകാരുടെ പ്രലോഭനത്തിനു വഴങ്ങി നീലം വ്യാപകമായി കൃഷിചെയ്തു. ബ്രിട്ടീഷുകാരിൽനിന്ന് പണം മുൻകൂറായി കൈപ്പറ്റിയ ഓരോ



നീലം ശേഖരിക്കുന്നു



നീലംഫാക്ടറി

കർഷകനും തന്റെ കൃഷിയിടത്തിന്റെ നിശ്ചിത ഭാഗത്ത് നീലംകൃഷി ചെയ്യണമെന്നായിരുന്നു നിബന്ധന. മാത്രമല്ല, തന്റെ കൃഷിയിടത്തിന്റെ ഏറ്റവും ഫലഭൂയിഷ്ഠമായ ഭാഗത്തായിരുന്നു നീലം കൃഷിയിറക്കേണ്ടിയിരുന്നത്. അതിനാൽ ഭക്ഷ്യധാന്യങ്ങൾ കൃഷിചെയ്യുന്ന സ്ഥലങ്ങൾ നീലംകൃഷിക്കായി മാറ്റിവയ്ക്കേണ്ടിവന്നു. വിളവെടുപ്പ് കാലത്താകട്ടെ, ബ്രിട്ടീഷ് ഏജന്റുമാരുടെ ഇടപെടൽ കാരണം നീലത്തിന് കുറഞ്ഞ വില മാത്രമേ ലഭിച്ചുള്ളൂ. പിൽക്കാലത്ത് കൃത്രിമച്ചായങ്ങളുടെ കണ്ടെത്തലോടെ തുണികൾക്ക് നിറം നൽകാൻ നീലം ആവശ്യമില്ലാതായി. ഇതോടെ കൃഷിഭൂമിയുടെ ഭൂരിഭാഗവും നീലംകൃഷിക്ക് മാറ്റിവച്ച കർഷകന്റെ അവസ്ഥ കൂടുതൽ ദുരിതത്തിലായി.



നിങ്ങൾ ഒരു പത്രപ്രവർത്തകനാണെന്ന് സങ്കൽപ്പിക്കുക. പത്തൊമ്പതാം നൂറ്റാണ്ടിലെ നീലംകർഷകന്റെ അവസ്ഥ സംബന്ധിച്ച് ഒരു പത്രറിപ്പോർട്ട് തയാറാക്കുക.

## നീലംകർഷകരുടെ കലാപം

> *"ഇന്ത്യൻ കർഷകരുടെ രക്തം പുരളാതെ*
> *ഒരു നുള്ള് നീലംപോലും യൂറോപ്യൻ*
> *കമ്പോളത്തിലെത്തിയിട്ടില്ല!"*
>
> ഡി.ജി. ടെണ്ടുൽക്കർ

ബ്രിട്ടീഷുകാരന്റെ കെണിയിൽപ്പെട്ട് നീലംകൃഷി ചെയ്യേണ്ടിവന്ന കർഷകന്റെ ദൈന്യം വെളിവാക്കുന്നതാണ് ചരിത്രകാരനായ ഡി.ജി. ടെണ്ടുൽക്കറുടെ ഈ വാക്കുകൾ.

അവസാനിക്കാത്ത ദുരിതങ്ങളും ചൂഷണവും കർഷകരെ കലാപത്തിന് പ്രേരിപ്പിച്ചു. 1859 ൽ ബംഗാളിൽ കർഷകർ സംഘടിച്ച് നീലംകൃഷി ഉപേക്ഷിക്കുകയാണെന്ന് പ്രഖ്യാപിച്ചു. അമ്പും വില്ലും വാളും കുന്തവുമായി അവർ നീലം ഫാക്ടറികൾ ആക്രമിച്ചു. നിരവധി സ്ത്രീകളും കലാപത്തിൽ പങ്കാളികളായി. ബ്രിട്ടീഷുകാരെ പിന്തുണച്ചവരെയും അവർക്കുവേണ്ടി ജോലി ചെയ്തവരെയും കലാപകാരികൾ ബഹിഷ്കരിച്ചു. ഗ്രാമങ്ങളിൽ ബ്രിട്ടീഷുകാർക്കെതിരെ ആരംഭിച്ച കലാപത്തെപ്പറ്റി അറിഞ്ഞ് കൽക്കത്തയിൽനിന്ന് നിരവധി വിദ്യാസമ്പന്നർ കലാപപ്രദേശങ്ങളിലെത്തി കർഷകർക്ക് പിന്തുണ നൽകി.

ഇതേത്തുടർന്ന് നീലംകർഷകരുടെ പ്രശ്നങ്ങൾ പഠിക്കാൻ ബ്രിട്ടീഷ് ഭരണാധികാരികൾ ഒരു കമ്മീഷനെ നിയമിച്ചു. ലാഭകരമല്ലാത്തതിനാൽ നീലംകൃഷി അവസാനിപ്പിക്കണമെന്ന് കമ്മീഷൻ നിർദേശിച്ചു.

നീലംകർഷകരുടെ കലാപത്തിനിടയാക്കിയ സാഹചര്യങ്ങൾ വിലയിരുത്തുക.

## കർഷകകലാപങ്ങൾ കേരളത്തിലും

ബ്രിട്ടീഷ് അധീനതയിലായിരുന്ന മലബാറും കലാപങ്ങൾക്ക് സാക്ഷ്യം വഹിച്ചു. ജന്മിമാരുടെയും ബ്രിട്ടീഷുകാരുടെയും ചൂഷണവും അടിച്ചമർത്തലുമാണ് കലാപത്തിലേക്കു നയിച്ചത്. ജന്മിമാരെയാണ് ഭൂവുടമകളായി ബ്രിട്ടീഷുകാർ കണക്കാക്കിയത്. ബ്രിട്ടീഷുകാരുടെ പിന്തുണയോടെ ജന്മിമാർ നടത്തിയ കുടിയൊഴിപ്പിക്കലടക്കമുള്ള ദ്രോഹനടപടികൾക്കെതിരായാണ് കലാപം നടന്നത്. ഭൂവുടമകളായിരുന്ന ജന്മിമാരിൽനിന്നു സ്ഥലം പാട്ടത്തിനെടുത്ത് കൃഷിചെയ്ത പാട്ടക്കുടിയാന്മാരായിരുന്നു തെക്കേ മലബാറിലെ കർഷകർ. ഇവരിൽ ഭൂരിഭാഗവും മാപ്പിളമാരായിരുന്നു (മലബാറിലെ മുസ്‌ലിംകളാണ് മാപ്പിളമാർ എന്നറിയപ്പെടുന്നത്). അതുകൊണ്ട് പത്തൊമ്പതാം നൂറ്റാണ്ടിലുണ്ടായ ഈ കലാപങ്ങൾ മാപ്പിളകലാപങ്ങൾ എന്ന് അറിയപ്പെടുന്നു.

**കനോലി പ്രഭു**

മാപ്പിളകലാപകാലത്ത് അന്നത്തെ കോഴിക്കോട് ജില്ലാ മജിസ്ട്രേറ്റായിരുന്ന കനോലിപ്രഭുവിനെ കോഴിക്കോട് വെസ്റ്റ്ഹില്ലിലുള്ള അദ്ദേഹത്തിന്റെ വസതിയിൽ വച്ച് കലാപകാരികൾ കൊലപ്പെടുത്തി.

ഇരുപത്തിരണ്ടോളം കലാപങ്ങൾ മലബാറിലുണ്ടായി. ഈ കലാപങ്ങളെ അടിച്ചമർത്താൻ വേണ്ടി മലബാർ സ്പെഷ്യൽ പോലീസ് (എം.എസ്.പി)എന്ന പേരിൽ ഒരു പ്രത്യേക വിഭാഗം പോലീസ് സേനയെ രൂപീകരിച്ചു. തുടർച്ചയായ കലാപങ്ങളെപ്പറ്റി പഠിക്കാൻ ബ്രിട്ടീഷ് ഗവൺമെന്റ് വില്യം ലോഗൻ കമ്മീഷനെ നിയമിച്ചു. ബ്രിട്ടീഷുകാരുടെ തെറ്റായ നികുതിനയമാണ് കലാപത്തിനു കാരണമെന്ന് കമ്മീഷൻ ചൂണ്ടിക്കാണിച്ചു.

## കാടുകൾ കലാപഭൂമിയാവുന്നു

*ബംഗാൾ, ഝാർഖണ്ഡ്, ബിഹാർ സംസ്ഥാനങ്ങളിലായി പരന്നുകിടക്കുന്ന രാജ്മഹൽ കുന്നുകളുടെ താഴ്‌വരയിൽ ജീവിച്ചുവന്ന ഗോത്രജനതയായിരുന്നു സന്താൾമാർ. വനവിഭവങ്ങൾ ശേഖരിച്ചും കൃഷിചെയ്തും പ്രകൃതിയോട് ഇണങ്ങിജീവിച്ചുപോന്നവർ.*

*കരുത്തരും അധ്വാനശീലരും തനതായ സംസ്കാരമുള്ളവരുമായിരുന്നു അവർ. ബ്രിട്ടീഷ് ആധിപത്യം സ്ഥാപിക്കപ്പെട്ടതോടെ സന്താൾ ജനതയുടെ ജീവിതത്തിന്റെ താളം നഷ്ടമായി.*

*സെമീന്ദാർമാരും കൊള്ളപ്പലിശക്കാരും അവരുടെ ഭൂമി കൈയടക്കി. റെയിൽവേ നിർമാണത്തിനുവേണ്ടി സന്താൾ*



സന്താൾ കലാപത്തിന് നേതൃത്വം നൽകിയ സിദ്ദുവിനെയും കാനുവിനെയും ആദരിച്ചുകൊണ്ട് ഇന്ത്യാ ഗവൺമെന്റ് പുറത്തിറക്കിയ സ്റ്റാമ്പ്.

*ജനതയെ അടിമകളെപ്പോലെ ബ്രിട്ടീഷ് ഉദ്യോഗസ്ഥർ ജോലി ചെയ്യിച്ചു. ജീവിതം ഗതി മുട്ടിയ സന്താൾ ജനത നേതാക്കന്മാരായ സിദ്ദുവിന്റെയും കാനുവിന്റെയും നേതൃത്വത്തിൽ ആയുധമെടുത്തു. രാജ്മഹൽ കുന്നുകൾ ബ്രിട്ടീഷ് ചൂഷകർക്കെതിരായ പോരാട്ടവേദി യായി... ഗോത്രജനതയുടെ പോരാട്ടവീര്യത്തിനു മുന്നിൽ ബ്രിട്ടീഷുകാർ പകച്ചു നിന്നു. എന്നാൽ ദീർഘകാലം പിടിച്ചുനിൽക്കാൻ സന്താൾ ജനതയ്ക്ക് കഴിഞ്ഞില്ല. ആയിരക്ക ണക്കിന് സന്താളുകൾ പോരാട്ടത്തിൽ മരിച്ചുവീണു.*

1855 ൽ ബ്രിട്ടീഷുകാർക്കെതിരെ സന്താൾ ജനത നടത്തിയ ചെറുത്തുനിൽപിന്റെ വിവരണമാണ് മുകളിൽ നൽകിയിട്ടുള്ളത്.

ഗോത്രജനതയും ബ്രിട്ടീഷ് ഭരണത്തിന്റെ ദുരിതങ്ങൾ അനുഭവിച്ചിരുന്നു. വന വിഭവങ്ങൾ ശേഖരിക്കൽ, കന്നുകാലിവളർത്തൽ, പുനംകൃഷി, വേട്ടയാടൽ എന്നിവയായിരുന്നു ഗോത്രജനതയുടെ ജീവിതോപാധികൾ.



*സന്താൾ ഗ്രാമം ചിത്രകാരന്റെ ഭാവനയിൽ*

ബ്രിട്ടീഷുകാർ നടപ്പാക്കിയ വനനിയമങ്ങൾ ഗോത്രജീവിതത്തെ ദുരിതമയമാക്കി. വനങ്ങളെ സംരക്ഷിതപ്രദേശങ്ങളായി പ്രഖ്യാപിച്ചതോടെ വനത്തിലേക്കുള്ള പ്രവേശനം നിഷേധിച്ചു. ബ്രിട്ടീഷുകാർക്കാവശ്യമായ മരങ്ങൾ ലഭ്യമായ വനങ്ങളായിരുന്നു സംരക്ഷിതവനമായി പ്രഖ്യാപിച്ചത്. കപ്പൽനിർമാണം, റെയിൽപ്പാത നിർമാണം തുടങ്ങിയ ആവശ്യങ്ങൾക്കായി വനങ്ങളിൽനിന്ന് ബ്രിട്ടീഷുകാർ മരങ്ങൾ ധാരാളമായി മുറിച്ചിരുന്നു. തോട്ടംവ്യവസായങ്ങൾ ആരംഭിക്കാൻ വേണ്ടിയും വനങ്ങൾ വ്യാപകമായി നശിപ്പിച്ചു. ഗോത്രജനത ശേഖരിച്ചിരുന്ന വനവിഭവങ്ങളുടെ മേൽ ബ്രിട്ടീഷുകാർ ഉയർന്ന നികുതി ചുമത്തി. ഈ സാഹചര്യത്തിലാണ് വിവിധ ഗോത്രവിഭാഗങ്ങൾ ബ്രിട്ടീഷുകാർക്കെതിരെ കലാപം നടത്തിയത്.

## കുറിച്യകലാപം

ബ്രിട്ടീഷുകാരുടെ ചൂഷണത്തിനെതിരെ നടന്ന മറ്റൊരു ഗോത്രകലാപമാണ് വയനാട്ടിലെ കുറിച്യകലാപം. വയനാട്ടിലെ ഗോത്രജനതയായ കുറിച്യരും കുറുമ്പ്രരുമാണു കലാപം നടത്തിയത്. 1812 ൽ നടന്ന കലാപത്തിന്റെ കാരണങ്ങൾ എന്തെല്ലാമായിരുന്നു?

- ബ്രിട്ടീഷുകാർ അമിതനികുതി ചുമത്തിയത്.
- നികുതി പണമായി അടയ്ക്കാൻ നിർബന്ധിച്ചത്.
- നികുതി അടയ്ക്കാൻ കഴിയാത്തവരുടെ കൃഷിഭൂമി ബ്രിട്ടീഷുകാർ പിടിച്ചെടുത്തത്.

കലാപം നടന്നത് കുറിച്യ നേതാവായ രാമൻനമ്പിയുടെ നേതൃത്വത്തിലായിരുന്നു. ഗോത്രജനതയ്ക്ക് പുറമെ മറ്റു വിഭാഗങ്ങളും കലാപത്തിൽ പങ്കാളികളായി. കലാപം അടിച്ചമർത്തിയ ബ്രിട്ടീഷുകാർ രാമനമ്പിയെ പിടികൂടി വധിച്ചു. തലശ്ശേരിയിലെ അന്നത്തെ സബ് കലക്ടർ ടി.എച്ച്. ബേബർ കലാപത്തെപ്പറ്റി ഇങ്ങനെ രേഖപ്പെടുത്തി: "ഒരുമാസം കൂടി പിടിച്ചുനിൽക്കാൻ കലാ

പകാരികൾക്ക് കഴിയുമായിരുന്നുവെങ്കിൽ രാജ്യം അവരുടെ നിയന്ത്രണത്തി ലായേനേ".

പത്തൊമ്പതാം നൂറ്റാണ്ടിൽ സന്താൾ-കുറിച്യ കലാപങ്ങൾക്കുപുറമെ നിരവധി ഗോത്രകലാപങ്ങൾ ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിൽ നടന്നു. അവയിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നവയാണ്.

- പഹാരിയ കലാപം
- ഭീൽ കലാപം
- കോൾ കലാപം
- മുണ്ട കലാപം
- ഖാസി കലാപം

ഇന്ത്യയിലെ ഗോത്രകലാപങ്ങളെക്കുറിച്ച് ചരിത്രകാരനായ കെ.സുരേഷ് സിങ് പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കൂ: "കർഷകരുൾപ്പെടെയുള്ള ഏത് ജനവിഭാഗങ്ങ ളെക്കാളും തീവ്രവും നിരന്തരവും ആക്രമണോത്സുകവുമായ ബ്രിട്ടീഷ് വിരുദ്ധ സമരങ്ങളായിരുന്നു നിരക്ഷരരായ ഗോത്രജനത നടത്തിയത്."

വയനാട്ടിലെ ഗോത്രകലാപത്തെ അടിസ്ഥാനമാക്കി ഒരു സ്കിറ്റ് അവതരി പ്പിക്കാനുള്ള തിരക്കഥ തയാറാക്കുക.



## പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച

*"ഇന്ത്യയുടെ വാണിജ്യചരിത്രത്തിൽ ഇതുപോലൊരു ദുരിതം കാണാനില്ല. പരുത്തിനെയ്ത്തുകാരുടെ എല്ലുകൾ ഇന്ത്യൻ സമതലങ്ങളെ വെളുപ്പിക്കുന്നു."*

വില്യം ബെന്റിക് പ്രഭു (1834 – 35)

ഒരുകാലത്ത് ലോകമെങ്ങും പ്രശസ്തമായിരുന്ന ഇന്ത്യൻ തുണിവ്യവസായ ത്തിന്റെ തകർച്ച സംബന്ധിച്ച് ഇന്ത്യയിലെ ഗവർണർ ജനറലായിരുന്ന വില്യം ബെന്റിക് പ്രഭു നടത്തിയ നിരീക്ഷണമാണ് മുകളിൽ നൽകിയിരിക്കുന്നത്. ബ്രിട്ടീഷ് നയങ്ങൾ ഇന്ത്യൻ കാർഷികരംഗത്തെ മാത്രമല്ല, കരകൗശലവ്യവ സായത്തെയും പൂർണമായും നശിപ്പിച്ചു. ഈ നാശത്തിന്റെ കാരണങ്ങൾ പരി ശോധിക്കാം.

യന്ത്രനിർമിത ബ്രിട്ടീഷ് തുണിത്തരങ്ങൾ വൻതോതിൽ ഇന്ത്യയിലേക്ക് ഇറ ക്കുമതി ചെയ്തതാണ് ഇന്ത്യൻ തുണിവ്യവസായത്തിന്റെ നാശത്തിനുള്ള പ്രധാന കാരണം.



| വർഷം | ഇന്ത്യയിലേക്കു കൊണ്ടുവന്ന പരുത്തിത്തുണി (വാരക്കണക്കി)* | ബ്രിട്ടനിലേക്കു കയറ്റി അയച്ച തുണിത്തരങ്ങൾ (വാരക്കണക്കി)* |
|---|---|---|
| 1814 | 818208 | 1266608 |
| 1821 | 19138726 | 534495 |
| 1828 | 42822077 | 422504 |
| 1835 | 51777277 | 306066 |

*(ഒരു വാര = 91.44 സെ.മീ)



ബ്രിട്ടീഷ് കാലത്തെ തീവണ്ടി

ബ്രിട്ടനിൽനിന്നു കൊണ്ടുവന്ന യന്ത്രനിർമിതമായ തുണികൾക്ക് വില കുറവായതിനാൽ ഇന്ത്യയിൽ എളുപ്പത്തിൽ വിറ്റഴിഞ്ഞു.

റെയിൽവേ വ്യാപകമായതും ഇന്ത്യൻ തുണിവ്യവസായത്തിന്റെ തകർച്ചയ്ക്ക് കാരണമായി. ഇന്ത്യയിലെ തുറമുഖ നഗരങ്ങളിലെത്തുന്ന തുണിത്തരങ്ങൾ വിദൂര ഗ്രാമങ്ങളിലേക്ക് എത്തിക്കാനും ഗ്രാമങ്ങളിലെ പരുത്തി ശേഖരിച്ച് തുറമുഖങ്ങളിലൂടെ ബ്രിട്ടനിലെത്തിക്കാനും റെയിൽവേയുടെ വ്യാപനം ബ്രിട്ടീഷുകാരെ സഹായിച്ചു. ഇതോടെ ഗ്രാമങ്ങളിലെ വിപണിയും ഇന്ത്യൻ നെയ്ത്തുകാർക്ക് നഷ്ടമായി.

റെയിൽവേയുടെ ആഗമനം ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിലുണ്ടാക്കിയ ആഘാതത്തെപ്പറ്റി അമേരിക്കൻ സഞ്ചാരിയായ ഡി.എച്ച്. ബുക്കാനൻ ഇങ്ങനെ നിരീക്ഷിക്കുകയുണ്ടായി: "സ്വയംപര്യാപ്തമായ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ പടച്ചട്ടകളെ ഉരുക്കുറെയിലിനാൽ കീറിമുറിക്കുകയും രക്തം ഊറ്റിക്കുടിക്കുകയും ചെയ്തു."

ബ്രിട്ടനിലേക്ക് കയറ്റുമതിചെയ്തിരുന്ന ഇന്ത്യൻ തുണിത്തരങ്ങളുടെമേൽ ബ്രിട്ടീഷ് ഗവൺമെന്റ് ചുമത്തിയ ഉയർന്ന നികുതി കാരണം അവയുടെ വില വർധിച്ചു. അതോടെ ബ്രിട്ടീഷ്‌വിപണി ഇന്ത്യൻ തുണിത്തരങ്ങൾക്ക് നഷ്ടമായി.

ബ്രിട്ടീഷ് ഉദ്യോഗസ്ഥരുടെ ചൂഷണവും പീഡനവും കാരണം ധാരാളം തൊഴിലാളികൾ നെയ്ത്തുജോലി ഉപേക്ഷിച്ചു. കുറഞ്ഞ വിലയ്ക്ക് ഉൽപ്പന്നങ്ങൾ കൈമാറാനും കുറഞ്ഞ കൂലിക്ക് ജോലിചെയ്യാനും അവർ തൊഴിലാളികളെ നിർബന്ധിച്ചു. ഇതു കാരണം പലരും മറ്റു ജോലികൾ തേടിപ്പോയി.

### നെയ്ത്തുകാരുടെ ദുരിതം

തൊഴിൽവേതന കരാറുകളിൽ പാവപ്പെട്ട നെയ്ത്തുകാരുടെ സമ്മതം അവർ തേടിയിരുന്നില്ല. കമ്പനിയുടെ ഗുമസ്തന്മാർ തങ്ങൾക്കിഷ്ടമുള്ള വ്യവസ്ഥകളിൽ അവരെക്കൊണ്ട് ഒപ്പുവയ്പിച്ചു അവർ നൽകുന്ന പണം സ്വീകരിക്കാൻ വിസമ്മതിച്ചാൽ ആ തുക നെയ്ത്തുകാരുടെ അരപ്പട്ടയിൽ കെട്ടിയശേഷം അവരെ ചാട്ടുവാറുകൊണ്ട് അടിച്ചോടിക്കുമായിരുന്നു.
കമ്പനിയുടെ കണക്കുപുസ്തകങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ട നെയ്ത്തുകാരെ മറ്റാർക്കെങ്കിലും വേണ്ടി ജോലിചെയ്യുന്നതിൽനിന്നു വിലക്കിയിരുന്നു. കമ്പനിഗുമസ്തന്മാർക്കല്ലാതെ മറ്റാർക്കെങ്കിലും അവർ ഉൽപ്പന്നങ്ങൾ വിൽക്കുന്നത് തടയാൻ വേണ്ടി പ്രത്യേകം കാവൽക്കാരെ നിയമിച്ചിരുന്നു. നെയ്ത്തുകാർ അപ്രകാരം ചെയ്യുന്നുവെന്ന് തോന്നിയാൽ നെയ്ത്ത് പൂർത്തിയാക്കുന്നതിനു മുമ്പു തന്നെ തുണി തറികളിൽ നിന്ന് മുറിച്ചു നീക്കിയിരുന്നു.

വില്യം ബോൾട്ട്സ് (പതിനെട്ടാം നൂറ്റാണ്ടിലെ ബ്രിട്ടീഷ് ഉദ്യോഗസ്ഥൻ)

ഇന്ത്യൻ തുണിവ്യവസായത്തിന്റെ തകർച്ചയുടെ കാരണങ്ങൾ കണ്ടെത്തി ഡയഗ്രം പൂർത്തിയാക്കുക.






തുണിവ്യവസായത്തിന്റെ തകർച്ചയുടെ ആദ്യ പ്രതിഫലനം കണ്ടത് നഗരങ്ങളിലായിരുന്നു. മൂർഷിദാബാദും ധാക്കയും പോലുള്ള തുണിത്തര നിർമാണ കേന്ദ്രങ്ങൾ ജനവാസരഹിതമാവുകയും ആ ജോലിയിലേർപ്പെട്ടിരുന്നവർ ഗ്രാമങ്ങളിലെത്തി കൃഷിപ്പണിയിലേക്കു തിരിയുകയും ചെയ്തു. ഇത് കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നവരുടെ എണ്ണത്തിൽ വർധനവുണ്ടാക്കി. കാർഷികമേഖലയിൽ ഏർപ്പെട്ടവരുടെ എണ്ണത്തിലെ വർധനവ് കാരണം കൃഷിഭൂമി ചെറിയ തുണ്ടുകളായി മാറി. ഉൽപ്പാദനമുരടിപ്പായിരുന്നു ഇതിന്റെ പ്രത്യക്ഷമായ ഫലം. ഗ്രാമങ്ങളിലെ കരകൗശലവ്യവസായങ്ങളുടെ സ്ഥിതിയും വ്യത്യസ്തമായിരുന്നില്ല. പട്ടിക ശ്രദ്ധിക്കൂ.

| ഗ്രാമീണ വ്യവസായങ്ങൾ | തകർച്ചയുടെ കാരണം |
|---|---|
| • മൺപാത്രനിർമാണം | • അലുമിനിയം പാത്രങ്ങളുടെ ഇറക്കുമതി. |
| • തുകൽപ്പണി | • അസംസ്കൃതവസ്തുവായ തുകലിന്റെ യൂറോപ്പിലേക്കുള്ള കയറ്റുമതി. |
| • മരപ്പണി | • ലോഹനിർമിതയന്ത്രങ്ങളുടെ ഉപയോഗം. |

കാർഷികമേഖലയുടെയും കരകൗശലവ്യവസായത്തിന്റെയും തകർച്ച ക്ഷാമങ്ങളിലേക്കും പട്ടിണിമരണത്തിലേക്കുമാണ് ഇന്ത്യയെ തള്ളിവിട്ടത്. ലക്ഷക്കണക്കിനാളുകൾ ഈ ക്ഷാമത്താൽ മരണമടഞ്ഞു.

## ആധുനികവ്യവസായങ്ങളുടെ ആരംഭവും തൊഴിലാളികളുടെ അവസ്ഥയും

പത്തൊമ്പതാം നൂറ്റാണ്ടിൽ ബ്രിട്ടീഷ് വ്യവസായികൾ ഇന്ത്യയിൽ ആധുനിക വ്യവസായങ്ങൾ ആരംഭിച്ചു. എന്നാൽ ഇവയുടെ എണ്ണം വളരെ പരിമിതമായിരുന്നു. തോട്ടം വ്യവസായങ്ങളായിരുന്നു ആദ്യം സ്ഥാപിച്ചത്. പിന്നീട് തുണി, ചണം, ഇരുമ്പുരുക്ക്, പേപ്പർ തുടങ്ങിയ വ്യവസായങ്ങളും ആരംഭിച്ചു. ഇത്തരം വ്യവസായങ്ങളിലെ തൊഴിലാളികളും ചൂഷണത്തിനിരയായി. അവരുടെ അവസ്ഥ വളരെ ശോചനീയമായിരുന്നു.

**ബ്രിട്ടീഷ് ആധിപത്യകാലത്തെ തൊഴിലാളിജീവിതം**

"വയറു നിറയെ ആഹാരമില്ലാതെ, വെളിച്ചമോ ശുദ്ധവായുവോ വെള്ളമോ ഇല്ലാത്ത ചെറ്റപ്പുരകളിൽ മൃഗതുല്യരായി നരകിക്കുന്ന ഇന്ത്യൻ വ്യവസായത്തൊഴിലാളി വ്യാവസായിക മുതലാളിത്തത്തിന്റെ ലോകത്തിൽ ഏറ്റവുമധികം ചൂഷണം ചെയ്യപ്പെട്ടവരിൽ ഒരാളാണ്."

ജർഗൻ കുസ്യാസ്കി (ജർമൻ സാമ്പത്തികചരിത്രകാരൻ)

- മണിക്കൂറുകളോളം നീണ്ട ജോലിസമയം.
- കുറഞ്ഞ കൂലി.
- അനാരോഗ്യകരമായ താമസസൗകര്യങ്ങൾ.

എന്നിവയായിരുന്നു തൊഴിലാളികളുടെ പ്രധാന പ്രശ്നങ്ങൾ. അക്കാലത്ത് ഇന്ത്യയിൽ സംഘടിത തൊഴിലാളിപ്രസ്ഥാനങ്ങൾ ഇല്ലായിരുന്നു. എങ്കിലും ചൂഷണം സഹിക്കാൻ കഴിയാതെ തൊഴിലാളികൾ പ്രക്ഷോഭങ്ങൾ നടത്തി. ബോംബെയിലെ തുണിമിൽ തൊഴിലാളികളുടെയും കൽക്കട്ടയിലെ ചണമിൽ തൊഴിലാളികളുടെയും സമരം ഇതിനുദാഹരണങ്ങളാണ്.

**ഇന്ത്യയിലെ വ്യത്യസ്ത ജനവിഭാഗങ്ങളുടെ ബ്രിട്ടീഷ് ഭരണത്തിനെതിരായ ചെറുത്തുനിൽപ്പുകളുടെ വാർത്തകളും ചിത്രങ്ങളും ശേഖരിച്ച് ഡിജിറ്റൽ മാഗസിൻ തയാറാക്കുക.**

ബ്രിട്ടീഷ് സാമ്പത്തികചൂഷണത്തിന്റെ ദുരന്തഫലം അനുഭവിക്കേണ്ടിവന്ന വിവിധ ജനവിഭാഗങ്ങളെയും അവർ നടത്തിയ പ്രക്ഷോഭങ്ങളെയും കുറിച്ചാണ് നാം ഇതുവരെ ചർച്ച ചെയ്തത്. ഈ പ്രക്ഷോഭങ്ങളൊന്നും അതത് പ്രദേശങ്ങൾക്കപ്പുറത്തേക്ക് വളർന്നില്ല. കൂടാതെ ഇവയ്ക്ക് സംഘടിത സ്വഭാവവും കുറവായിരുന്നു. എന്നാൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ചൂഷിതരായ വ്യത്യസ്ത ജനവിഭാഗങ്ങൾ ഒരുമിച്ചുചേർന്നുകൊണ്ട് ബ്രിട്ടീഷ് ഭരണത്തിനെതിരായി സംഘടിത കലാപത്തിന് തുടക്കം കുറിച്ചു.

**'ബ്രിട്ടീഷ് നയങ്ങൾ കാരണം വിവിധ ജനവിഭാഗങ്ങൾ നേരിട്ട പ്രശ്നങ്ങൾ' എന്ന വിഷയത്തിൽ ഒരു ലേഖനം തയാറാക്കുക.**

## 1857 ലെ ഒന്നാം സ്വാതന്ത്ര്യസമരം

*1857 മെയ് 11, പുലർകാലം.*

*വലിയൊരാരവം കേട്ടാണ് ഡൽഹിയിലെ ജനങ്ങൾ ഉണർന്നത്. മീററ്റിൽ നിന്നു യമുനാനദി കടന്ന് ആയുധങ്ങളുമായി ആയിരക്കണക്കിന് കലാപകാരികൾ ഡൽഹിയിലെത്തുകയാണ്. അവരിൽ ശിപായിമാർ എന്നറിയപ്പെടുന്ന ഇന്ത്യക്കാരായ പട്ടാളക്കാരും സാധാരണക്കാരും ഉണ്ടായിരുന്നു. തലേന്ന് രാത്രി മീററ്റിൽ അവർ ബ്രിട്ടീഷ് ഉദ്യോഗസ്ഥരെ വധിക്കുകയും ബ്രിട്ടീഷ് സ്ഥാപനങ്ങൾക്ക് തീയിടുകയും ചെയ്തു.*

*ഡൽഹിയിലെത്തിയ കലാപകാരികൾ മുഗൾ ചക്രവർത്തി ബഹദൂർഷാ രണ്ടാമനെ ഇന്ത്യയുടെ ചക്രവർത്തിയായി പ്രഖ്യാപിച്ചു. അധികം താമസിയാതെ കലാപം ഉത്തരേന്ത്യയിലെ മറ്റു ഭാഗങ്ങളിലേക്കും വ്യാപിച്ചു.*


മംഗൽപാണ്ഡെ

ഒന്നാം ഇന്ത്യൻ സ്വാതന്ത്ര്യസമരമെന്ന് ചരിത്രകാരന്മാർ വിശേഷിപ്പിക്കുന്ന 1857 ലെ കലാപത്തിന്റെ വിവരണമാണ് മുകളിൽ നൽകിയിരിക്കുന്നത്. മീററ്റിലെ ശിപായിമാരായിരുന്നു ഈ കലാപത്തിന് തുടക്കം കുറിച്ചത്. എന്തായിരുന്നു അവരെ കലാപത്തിലേക്ക് നയിച്ചത്? തുച്ഛമായ ശമ്പളവും ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരിൽനിന്നു നേരിട്ട അവഹേളനവുമായിരുന്നു ശിപായിമാരുടെ അസംതൃപ്തിക്ക് കാരണം. സൈനികർക്ക് പുതുതായി നൽകിയ എൻഫീൽഡ് തോക്കുകളിൽ ഉപയോഗിക്കുന്ന തിരകളിൽ പശുവിന്റെയും പന്നിയുടെയും കൊഴുപ്പാണ് ഉപയോഗിക്കുന്നതെന്ന പ്രചാരണം അവരെ പ്രകോപിപ്പിച്ചു. ഹിന്ദുക്കളും മുസ്ലിംകളുമായ സൈനികരുടെ മതവികാരത്തെ വ്രണപ്പെടുത്തുന്ന

ഇത്. പുതിയ തിരകൾ ഉപയോഗിക്കാൻ വിസമ്മതിച്ച ശിപായിമാരെ ബ്രിട്ടീഷ് മേധാവികൾ ശിക്ഷിച്ചു. ബംഗാളിലെ ബാരക്പൂരിൽ മംഗൽപാണ്ഡെ എന്ന സൈനികൻ പുതിയ തിര ഉപയോഗിക്കാൻ നിർബന്ധിച്ച ബ്രിട്ടീഷ് ഉദ്യോഗസ്ഥനുനേരെ വെടിയുതിർത്തു. തുടർന്ന് അറസ്റ്റിലായ മംഗൽപാണ്ഡെയെ വിചാരണ ചെയ്ത് തൂക്കിക്കൊന്നു.

രാജാക്കന്മാർ, കർഷകർ, കരകൗശലത്തൊഴിലാളികൾ എന്നിങ്ങനെ ഇന്ത്യൻ സമൂഹത്തിലെ വിവിധ വിഭാഗങ്ങൾ കലാപത്തിൽ പങ്കാളികളായി. ബ്രിട്ടീഷ് ഭരണം രാജാക്കന്മാരെയും പ്രതികൂലമായി ബാധിച്ചിരുന്നു. ദത്തവകാശനിരോധന നിയമത്തിനുപുറമെ ദുർഭരണക്കുറ്റം ആരോപിച്ചും ബ്രിട്ടീഷുകാർ നാട്ടുരാജ്യങ്ങളെ പിടിച്ചടക്കി. ഇത് രാജാക്കന്മാരെ കലാപം നയിക്കാൻ പ്രേരിപ്പിച്ചു.

ഒന്നാം സ്വാതന്ത്ര്യസമരത്തിന് നേതൃത്വം വഹിച്ചവരുടെ പ്രൊഫൈൽ തയാറാക്കി അവതരിപ്പിക്കുക.

**1857 ലെ കലാപത്തിന്റെ വിവിധ കാരണങ്ങൾ താഴെ പറയുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ ചർച്ചചെയ്യൂ.**

- കർഷകരുടെ ദുരിതങ്ങൾ
- കരകൗശലത്തൊഴിലാളികളുടെ ദാരിദ്ര്യം
- രാജാക്കന്മാരുടെ പ്രശ്നങ്ങൾ
- ശിപായിമാരുടെ ദുരിതങ്ങൾ



രാജാക്കന്മാർക്കും ശിപായിമാർക്കുമൊപ്പം സാധാരണക്കാരും കലാപത്തിൽ പങ്കാളികളായി. ബ്രിട്ടീഷുകാരെയും കൊള്ളപ്പലിശക്കാരെയും ആക്രമിച്ച് പണമിടപാടുരേഖകളും കണക്കുപുസ്തകങ്ങളും അവർ തീയിട്ടു. സാധാരണക്കാരായ കർഷകരുടെയും കരകൗശലത്തൊഴിലാളികളുടെയും പങ്കാളിത്തമായിരുന്നു കലാപത്തിന്റെ പ്രധാന പ്രത്യേകത. അവധ് എന്ന നാട്ടുരാജ്യത്തിൽ കലാപത്തിൽ കൊല്ലപ്പെട്ട ഒന്നര ലക്ഷം പേരിൽ ഒരുലക്ഷത്തോളംപേർ സാധാരണജനങ്ങളായിരുന്നു.



ബഹദൂർഷാ രണ്ടാമൻ



താന്തിയാതോപ്പി

ഹിന്ദു - മുസ്‌ലിം ഐക്യമായിരുന്നു കലാപത്തിന്റെ യഥാർഥ ശക്തി. സൈനികരുടെയും ജനങ്ങളുടെയും നേതാക്കളുടെയുമിടയിൽ പരിപൂർണ സഹകരണം നിലനിന്നിരുന്നു. ഡൽഹി പിടിച്ചെടുത്ത കലാപകാരികൾ ബഹദൂർഷാ രണ്ടാമനെ ചക്രവർത്തിയായി പ്രഖ്യാപിച്ചു. കലാപത്തിന്റെ പ്രധാന കേന്ദ്രങ്ങളെയും നേതൃത്വം കൊടുത്തവരെയും താഴെ കൊടുത്തിട്ടുള്ള പട്ടികയിൽ നിന്നു പരിചയപ്പെടാം.



റാണി ലക്ഷ്മീഭായി



ബീഗം ഹസ്രത്ത് മഹൽ

| കലാപസ്ഥലം | നേതാക്കന്മാർ |
|---|---|
| • ഡൽഹി | • ബഹദൂർഷാ രണ്ടാമൻ |
| • ഝാൻസി | • റാണി. ലക്ഷ്മീഭായി |
| • ലഖ്നൗ | • ബീഗം ഹസ്രത്ത് മഹൽ |
| • കാൺപൂർ | • നാനാസാഹേബ്, താന്തിയാതോപ്പി |
| • ഫൈസാബാദ് | • മൗലവി അഹമ്മദുള്ള |



നാനാസാഹേബ്



ബംഗാൾ ക്ഷാമത്തിൽ ദുരിതമനുഭവിച്ചവരുടെ ചിത്രം

ബ്രിട്ടീഷുകാരുടെ ശക്തമായ സൈനികബലത്തിനുമുന്നിൽ പിടിച്ചുനിൽക്കാൻ കലാപകാരികൾക്ക് കഴിഞ്ഞില്ല. കലാപത്തെ ബ്രിട്ടീഷുകാർ പൂർണമായും അടിച്ചമർത്തി. പരാജയപ്പെട്ടുവെങ്കിലും ബ്രിട്ടീഷ് ആധിപത്യത്തിൽനിന്ന് വിമുക്തമാകാനുള്ള ഇന്ത്യൻ ജനതയുടെ ആദ്യത്തെ മഹത്തായ സമരമായിരുന്നു അത്. 1857 ലെ കലാപം ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തിലും നയത്തിലും വലിയ മാറ്റങ്ങളുണ്ടാക്കി. ഇന്ത്യയുടെ ഭരണം ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയിൽനിന്ന് ബ്രിട്ടീഷ് പാർലമെന്റ് ഏറ്റെടുത്തു. ബ്രിട്ടീഷ് സാമ്പത്തികചൂഷണത്തിന്റെ ഏറ്റവും തീവ്രമായ ഘട്ടം 1857 ന് ശേഷമായിരുന്നു. അക്കാലത്തെ പട്ടിണിമരണങ്ങൾ ഇക്കാര്യം ശരിവയ്ക്കുന്നുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാംപകുതിയിലുണ്ടായ ഇരുപത്തിനാല് വൻക്ഷാമങ്ങളിൽ രണ്ടു കോടിയോളം പേർ മരിച്ചു.

## ചൂഷണം തിരിച്ചറിയുന്നു



ദാദാഭായ് നവ്റോജി

ബ്രിട്ടീഷുകാർ നടത്തിയ സാമ്പത്തികചൂഷണം ഇന്ത്യയിലെ വിവിധ വിഭാഗം ജനങ്ങൾക്കിടയിൽ കടുത്ത ബ്രിട്ടീഷ്‌വിരുദ്ധ മനോഭാവം ഉണ്ടാക്കി. ഈ മനോഭാവമാണ് പത്തൊമ്പതാം നൂറ്റാണ്ടിൽ ഇന്ത്യൻ ദേശീയതയുടെ രൂപപ്പെടലിലേക്കു നയിച്ച പ്രധാന ഘടകം. ജാതി-മത-വർഗ-പ്രാദേശിക വ്യത്യാസങ്ങളില്ലാതെ ഒരു രാജ്യത്തെ ജനങ്ങൾക്കിടയിൽ നിലനിൽക്കുന്ന ഐക്യ ബോധമാണ് ദേശീയത. ഇങ്ങനെ വളർന്നുവന്ന ദേശീയതയുടെ ഒരു സംഘടിതരൂപമായിരുന്നു ഇന്ത്യൻ നാഷണൽ കോൺഗ്രസ്. 1885 ഡിസംബറിൽ ബോംബെയിൽ വെച്ചാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപീകരിച്ചത്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ 72 പ്രതിനിധികൾ രൂപീകരണ സമ്മേളനത്തിൽ പങ്കെടുത്തു. 1885 മുതൽ 1947 ൽ സ്വാതന്ത്ര്യം ലഭിക്കുന്നതു വരെ ഇന്ത്യയിലെ ബ്രിട്ടീഷ് വിരുദ്ധ സമരങ്ങൾക്ക് നേതൃത്വപരമായ പങ്കു വഹിച്ചത് ഇന്ത്യൻ നാഷണൽ കോൺഗ്രസായിരുന്നു.

ബ്രിട്ടീഷ് സാമ്പത്തികചൂഷണത്തെക്കുറിച്ചും അതിന്റെ ഫലമായി ജനങ്ങൾ അനുഭവിക്കുന്ന ദാരിദ്ര്യത്തെക്കുറിച്ചും കോൺഗ്രസ്സിന്റെ ആദ്യകാല നേതാക്കൾക്കു പൂർണബോധ്യമുണ്ടായിരുന്നു. ബ്രിട്ടനിലെ വ്യവസായികൾക്ക് ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനും അസംസ്കൃതവസ്തുക്കൾ ശേഖരിക്കാനുമുള്ള ഇടമായി ഇന്ത്യയെ മാറ്റാനുള്ള ശ്രമങ്ങളെ അവർ തുറന്നു കാണിച്ചു. ഉപ്പുപോലുള്ള അവശ്യവസ്തുക്കളുടെ നിർമാണവും വിപണനവും സർക്കാർ നിയന്ത്രണത്തിലാക്കിയത് ജനജീവിതം ദുസ്സഹമാക്കിയെന്ന് അവർ ചൂണ്ടിക്കാണിച്ചു. ഇക്കാര്യത്തിൽ പ്രധാന പങ്കു വഹിച്ചത് ദാദാഭായ് നവ്റോജി ആയിരുന്നു.

ബ്രിട്ടീഷ് കാലഘട്ടത്തിൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിലുണ്ടായ തകർച്ചയെ അദ്ദേഹം തന്റെ പഠനങ്ങളിലൂടെ വെളിപ്പെടുത്തി. കൃത്യമായ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് പഠനം നടത്തിയ അദ്ദേഹം ഇന്ത്യയിൽനിന്ന് വർഷം തോറും വൻതുക ബ്രിട്ടനിലേക്ക് ഒഴുകുന്നുണ്ടെന്നും സമ്പത്തിന്റെ ഈ ഒഴു

ക്കാണ് ഇന്ത്യയിലെ ദാരിദ്ര്യത്തിന്റെയും പട്ടിണിയുടെയും കാരണമെന്നും വിശദീകരിച്ചു. 'ചോർച്ചാസിദ്ധാന്തം' എന്നറിയപ്പെടുന്ന ഈ നിഗമനങ്ങൾ അദ്ദേഹം തന്റെ 'പോവർട്ടി ആന്റ് അൺബ്രിട്ടീഷ് റൂൾ ഇൻ ഇന്ത്യ' (Poverty and UnBritish Rule in India) എന്ന പുസ്തകത്തിൽ പ്രതിപാദിച്ചു. ഇന്ത്യൻ സമ്പത്ത് ബ്രിട്ടനിലേക്ക് ചോർന്നത് എങ്ങനെയായിരുന്നു?

- ഇന്ത്യയിൽനിന്നുള്ള അസംസ്കൃതവസ്തുക്കളുടെ കയറ്റുമതി.
- ഇന്ത്യയിലെ ബ്രിട്ടീഷ് ഉദ്യോഗസ്ഥർക്ക് നൽകുന്ന ശമ്പളവും പെൻഷനും.
- ഇന്ത്യയിൽ ബ്രിട്ടീഷ് ഉൽപ്പന്നങ്ങൾ വിറ്റഴിക്കുക വഴി അവർക്ക് ലഭിച്ച ലാഭം.
- ഇന്ത്യയിൽനിന്നു പിരിച്ചെടുക്കുന്ന നികുതി.


രമേഷ്ചന്ദ്ര ദത്ത്

ബ്രിട്ടീഷ് സാമ്പത്തികനയങ്ങൾ ഇന്ത്യയെ എങ്ങനെ ദരിദ്രമാക്കുന്നുവെന്നത് സംബന്ധിച്ച് സാധാരണക്കാരന് അവബോധമുണ്ടാക്കുന്നതിൽ ദാദാഭായ് നവ്റോജി, രമേഷ്ചന്ദ്ര ദത്ത്, ഗോപാലകൃഷ്ണ ഗോഖലെ തുടങ്ങിയ ആദ്യകാല നേതാക്കന്മാരുടെ പങ്ക് വിലപ്പെട്ടതാണ്. തങ്ങൾ അനുഭവിക്കുന്ന ദാരിദ്ര്യവും ചൂഷണങ്ങളും ബ്രിട്ടീഷുകാരുടെ സൃഷ്ടിയാണെന്നുള്ള തിരിച്ചറിവ് ജനങ്ങളിൽ ബ്രിട്ടീഷ് വിരുദ്ധ മനോഭാവം ശക്തമാക്കി. ഇത്തരത്തിൽ വളർന്നുവന്ന ഇന്ത്യൻ ദേശീയതയെ ചില ചരിത്രകാരന്മാർ സാമ്പത്തികദേശീയത എന്നു വിശേഷിപ്പിക്കുന്നു.


ഗോപാലകൃഷ്ണ ഗോഖലെ

**ചോർച്ചാസിദ്ധാന്തം സംബന്ധിച്ച് കുറിപ്പ് തയാറാക്കുക.**



## സ്വദേശിപ്രസ്ഥാനം - പുതിയതരം ചെറുത്തുനിൽപ്പുകൾ

സാമ്പത്തികച്ചോർച്ച തടയാൻ ബ്രിട്ടീഷ് ഉൽപ്പന്നങ്ങൾ ബഹിഷ്കരിക്കണമെന്നും പകരം ഇന്ത്യൻ ഉൽപ്പന്നങ്ങൾ ഉപയോഗിച്ചുകൊണ്ട് ഇന്ത്യൻ വ്യവസായങ്ങളെ ശക്തിപ്പെടുത്തണമെന്നും ആദ്യകാല ദേശീയനേതാക്കന്മാർ ആഹ്വാനം ചെയ്തു. 1905 ൽ ബ്രിട്ടീഷുകാർ ബംഗാളിനെ വിഭജിച്ചതിനെതിരെ ആരംഭിച്ച സമരത്തിന്റെ പ്രധാനരീതി ബ്രിട്ടീഷ് ഉൽപ്പന്നങ്ങളുടെ ബഹിഷ്കരണവും തദ്ദേശീയവസ്തുക്കളുടെ ഉപയോഗമായിരുന്നു. വിദേശവസ്തുക്കൾ ശേഖരിച്ച് പരസ്യമായി കത്തിക്കുക എന്നത് ഈ സമരത്തിന്റെ പ്രധാന രീതിയായിരുന്നു. സ്വദേശിവസ്തുക്കളുടെ ഉപയോഗവും വിദേശവസ്തുക്കളുടെ ബഹിഷ്കരണവും ഇന്ത്യൻ വ്യവസായങ്ങൾക്കു പുതുജീവൻ നൽകി. നിരവധി തുണിമില്ലുകൾ, സോപ്പ് ഫാക്ടറികൾ, തീപ്പെട്ടിക്കമ്പനികൾ, ദേശീയബാങ്കുകൾ, ഇൻഷുറൻസ് കമ്പനികൾ എന്നിവ ആരംഭിച്ചു. ബംഗാളിലെ ബംഗാളി കെമിക്കൽ സ്റ്റോർ, മഹാരാഷ്ട്രയിലെ ടാറ്റാ ഇരുമ്പുരുക്ക് കമ്പനി, തമിഴ്നാ



**ദേശീയപ്രസ്ഥാനത്തിന്റെ നഴ്സറി**

ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ ആദ്യകാല നേതാക്കളിൽ ഭൂരിഭാഗം പേരും ബംഗാളികളായിരുന്നു. അതിനാൽ ബംഗാളിനെ ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ നഴ്സറി എന്ന് വിശേഷിപ്പിച്ചിരുന്നു. തുടർന്ന് ഇന്ത്യൻ ദേശീയപ്രസ്ഥാനത്തെ ദുർബലപ്പെടുത്താനായി 1905 ൽ കഴ്സൺ പ്രഭു ബംഗാളിനെ വിഭജിച്ചു.

### കപ്പലോട്ടിയ തമിഴൻ



തമിഴ്നാട്ടിൽ സ്വദേശിപ്രക്ഷോഭത്തിന് നേതൃത്വം കൊടുത്ത വി.ഒ. ചിദംബരംപിള്ള തൂത്തുക്കുടി ആസ്ഥാനമാക്കി 1906 ൽ സ്വദേശി സ്റ്റീം നാവിഗേഷൻ കമ്പനി ആരംഭിച്ചു. അതിനാൽ അദ്ദേഹത്തെ കപ്പലോട്ടിയ തമിഴൻ എന്നു വിളിക്കുന്നു. പ്രാദേശിക കച്ചവടക്കാരിൽ നിന്നു പിരിച്ചെടുത്ത 6 ലക്ഷം രൂപ മുതൽമുടക്കിയാണ് ഈ കമ്പനി തുടങ്ങിയത്.

ട്ടിലെ സ്വദേശി സ്റ്റീം നാവിഗേഷൻ കമ്പനി എന്നിവയ്ക്ക് തുടക്കമിട്ടത് സ്വദേശിസമരകാലത്താണ്. ഇന്ത്യയിലേക്കുള്ള ബ്രിട്ടീഷ് ഉൽപ്പന്നങ്ങളുടെ ഇറക്കുമതിയിൽ അക്കാലത്ത് വലിയ കുറവുണ്ടായി.

സ്ത്രീകൾ, തൊഴിലാളികൾ, വിദ്യാർഥികൾ എന്നിവരുടെ പങ്കാളിത്തമായിരുന്നു ഈ സമരത്തിന്റെ പ്രധാന സവിശേഷത. വിദേശവസ്ത്രങ്ങൾ അലക്കുകയില്ലെന്ന് അലക്കുകാരും വിദേശവസ്തുക്കൾ ഉപയോഗിച്ച് പൂജ നടത്തില്ലെന്ന് പുരോഹിതന്മാരും പ്രതിജ്ഞയെടുത്തു. വിദേശത്ത് നിന്നുള്ള വളകളും പാത്രങ്ങളും ബഹിഷ്കരിച്ചുകൊണ്ട് സ്ത്രീകളും സ്കൂളുകൾ ബഹിഷ്കരിച്ചുകൊണ്ട് വിദ്യാർഥികളും സമരത്തിന്റെ ഭാഗമായി.



ബാലഗംഗാധര തിലക്



ലാലാ ലജ്പത് റായ്



ബിപിൻ ചന്ദ്രപാൽ

സ്വദേശിപ്രസ്ഥാനത്തോടെ ഇന്ത്യൻ ദേശീയത കൂടുതൽ ശക്തിപ്പെട്ടു. ആദ്യകാല നേതാക്കന്മാരിൽ നിന്നും ഭിന്നമായി ബാലഗംഗാധരതിലക്, ലാലാ ലജ്പത് റായ്, ബിപിൻചന്ദ്രപാൽ എന്നിവർ ബ്രിട്ടീഷ് ഭരണം അവസാനിപ്പിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞു. അവർ ലാൽ-പാൽ-ബാൽ എന്നറിയപ്പെട്ടു. "മെച്ചപ്പെട്ട വിദേശഭരണത്തെക്കാൾ നല്ലത് തദ്ദേശീയരുടെ മെച്ചമല്ലാത്ത ഭരണമാണ്'' എന്ന ബാലഗംഗാധര തിലകിന്റെ പ്രഖ്യാപനം ദേശീയപ്രസ്ഥാനത്തിന് ആവേശം പകർന്നു.

### ഇന്ത്യൻ അസ്വസ്ഥതയുടെ പിതാവ്

ബ്രിട്ടീഷ് പത്രപ്രവർത്തകനും ചരിത്രകാരനുമായ വാലന്റയിൻ ഷിറോൾ ബാലഗംഗാധര തിലകിനെക്കുറിച്ചെഴുതിയ പുസ്തകമാണ് 'ഇന്ത്യൻ അസ്വസ്ഥതയുടെ പിതാവ്' (Father of Indian Unrest). 'സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ്, ഞാനത് നേടുക തന്നെ ചെയ്യും' എന്ന് പ്രഖ്യാപിച്ച തിലക് ബ്രിട്ടീഷ് ഭരണത്തിന് നിരന്തരം അസ്വസ്ഥത സൃഷ്ടിച്ചു. അദ്ദേഹത്തെ ജനങ്ങൾ 'ലോകമാന്യ' എന്നു വിശേഷിപ്പിച്ചു.

ഇന്ത്യയുടെ സമ്പത്ത് കൊള്ളയടിക്കുകയും ഇന്ത്യയെ ദാരിദ്ര്യത്തിലേക്ക് തള്ളിവിടുകയും ചെയ്ത ബ്രിട്ടീഷ് നയങ്ങൾക്കെതിരായ പ്രതിഷേധങ്ങൾ ഒരു സംഘടിതരൂപം പ്രാപിച്ചതെങ്ങനെയെന്ന് കണ്ടല്ലോ. ഇത്തരം പ്രതിഷേധങ്ങളാണ് ഇന്ത്യൻ ദേശീയതയായി പരിണമിച്ചത്. ബ്രിട്ടീഷ് വിരുദ്ധ സമരങ്ങളിലെ മൂർച്ചയേറിയ ആയുധമായിരുന്നു വിദേശവസ്തുക്കളുടെ ബഹിഷ്കരണവും സ്വദേശിനിർമിത വസ്തുക്കളുടെ ഉപയോഗവും. പിൽക്കാലത്ത് ഗാന്ധിജി ഈ സമരത്തെ കൂടുതൽ ശക്തവും ജനകീയവുമായ ഒന്നാക്കി മാറ്റി.

'ബ്രിട്ടീഷുകാരുടെ സാമ്പത്തികചൂഷണം ഇന്ത്യൻ ദേശീതയുടെ ആവിർഭാവത്തിന് കാരണമായതെങ്ങനെ?' ഈ വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കുക.

ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും എന്ന വിഷയത്തിൽ ഒരു ബ്ലോഗ് തയാറാക്കുക.




## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- ബ്രിട്ടീഷ് നികുതിനയങ്ങൾ കർഷകരെ ദാരിദ്ര്യത്തിലേക്കു നയിച്ചതെങ്ങനെയെന്ന് വിശകലനം ചെയ്യുന്നു.
- ബ്രിട്ടീഷ് ഭൂനികുതിനയങ്ങൾ കൃഷിയുടെ വാണിജ്യവൽക്കരണത്തിലേക്ക് നയിച്ചതെങ്ങനെയെന്ന് തിരിച്ചറിയുന്നു.
- ബ്രിട്ടീഷ് നയങ്ങൾ ഗോത്രജനതയുടെ ജീവിതത്തിലുണ്ടാക്കിയ പ്രത്യാഘാതങ്ങൾ വിശദീകരിക്കുന്നു.
- കരകൗശലവ്യവസായങ്ങളുടെ തകർച്ചയുടെ കാരണങ്ങൾ വിശകലനം ചെയ്യുന്നു.
- ചോർച്ചാസിദ്ധാന്തം വിശകലനം ചെയ്ത് അത് ഇന്ത്യക്കാരിൽ ബ്രിട്ടീഷ് വിരുദ്ധ വികാരം വളർത്തിയതെങ്ങനെയെന്ന് വിശദീകരിക്കുന്നു.
- സ്വദേശിപ്രസ്ഥാനത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു.
- 1857 ലെ കലാപത്തിന്റെ കാരണങ്ങൾ തിരിച്ചറിയുന്നു.
- സ്വദേശിപ്രസ്ഥാന കാലത്തെ ചെറുത്തുനിൽപ്പുകൾ വിശകലനം ചെയ്യുന്നു.

## വിലയിരുത്താം

- ബ്രിട്ടീഷ് കാലഘട്ടത്തിൽ ഇന്ത്യൻ കാർഷികരംഗം തകരാനുള്ള പ്രധാനകാരണം നികുതിനയമായിരുന്നു. ശാശ്വതഭൂനികുതി സമ്പ്രദായത്തിന്റെ സവിശേഷതകൾ വിശകലനം ചെയ്ത് ഈ പ്രസ്താവന പരിശോധിക്കുക.
- കോളം 'എ' യിലുള്ളവയ്ക്ക് യോജിക്കുന്നവ കോളം 'ബി' യിൽ നിന്നു കണ്ടെത്തി എഴുതുക.

| എ | ബി |
|---|---|
| • സന്താൾ കലാപം | • മലബാർ |
| • മാപ്പിളകലാപങ്ങൾ | • ദാദാബായ് നവ്റോജി |
| • കുറിച്യകലാപം | • രാജ്മഹൽ കുന്നുകൾ |
| • ചോർച്ചാസിദ്ധാന്തം | • വയനാട് |

- ബ്രിട്ടീഷ് കാലഘട്ടത്തിൽ കൃഷിയുടെ വാണിജ്യവൽക്കരണത്തിലേക്കു നയിച്ച സാഹചര്യം എന്തായിരുന്നു?
- നീലം കലാപത്തിന്റെ കാരണങ്ങൾ വിശകലനം ചെയ്യുക.
- ബ്രിട്ടീഷ് ചൂഷണത്തിനെതിരായ ഗോത്രജനതയുടെ ചെറുത്തുനിൽപ്പാണ് കുറിച്യകലാപം. കുറിച്യജനതയെ കലാപത്തിലേക്കു നയിച്ച സാഹചര്യങ്ങൾ വിശദീകരിക്കുക.
- ഇന്ത്യൻ തുണിത്തരവ്യവസായങ്ങളുടെ തകർച്ചയുടെ കാരണങ്ങൾ എന്തൊക്കെയായിരുന്നു?
- ഇന്ത്യയിലെ ക്ഷാമങ്ങൾ ബ്രിട്ടീഷ് ഭരണത്തിന്റെ സൃഷ്ടിയാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? എന്തുകൊണ്ട്?
- ഇന്ത്യയിലെ സാധാരണക്കാരിൽ ദേശീയബോധം പ്രചരിപ്പിക്കുന്നതിൽ ദാദാഭായ് നവ്റോജിയുടെ ചോർച്ചാസിദ്ധാന്തം വഹിച്ച പങ്കു വിലയിരുത്തുക.
- 1857 ലെ കലാപത്തിന്റെ വിവിധ കാരണങ്ങൾ വിശകലനം ചെയ്യുക.
- ഇന്ത്യയിൽ നിന്നും ബ്രിട്ടനിലേക്കുള്ള സമ്പത്തിന്റെ ചോർച്ചയുടെ വിവിധ സ്രോതസ്സുകൾ ഏതൊക്കെയായിരുന്നു.
- സ്വദേശിസമരം ഒരു ബഹുജനസമരമായിരുന്നുവെന്ന് നിങ്ങൾ കരുതുന്നുണ്ടോ? എന്തുകൊണ്ട്?

## തുടർപ്രവർത്തനങ്ങൾ

- ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നടന്ന കർഷക, ഗോത്ര കലാപങ്ങളുടെ വാർത്തകളും ചിത്രങ്ങളും ശേഖരിച്ച് ഒരു വാർത്താചിത്ര ആൽബം തയാറാക്കുക.
- 1857 ലെ ഒന്നാം ഇന്ത്യൻ സ്വാതന്ത്ര്യസമരകേന്ദ്രങ്ങളെയും നേതൃത്വം നൽകിയവരെയും ഉൾപ്പെടുത്തി ഒരു പതിപ്പ് തയാറാക്കുക.



# സംസ്കാരവും ദേശീയതയും

"ഇന്ത്യയുടെ നാനാത്വം വമ്പിച്ചതാണ്. അത് പ്രത്യക്ഷമാണ്. അത് ഉപരിതലത്തിൽ പൊന്തിനിൽക്കുന്നു. ആർക്കും കാണാൻ വിരോധമില്ല... മുഖത്തിലും ആകൃതിയിലും ഭക്ഷണത്തിലും വസ്ത്രത്തിലും അവർ വ്യത്യാസപ്പെട്ടിരിക്കുന്നു. ഭാഷയുടെ കാര്യം പറയേണ്ടതുമില്ലല്ലോ... ബംഗാളികൾ, മഹാരാഷ്ട്രർ, ഗുജറാത്തികൾ, തമിഴർ, ആന്ധ്രാപ്രദേശക്കാർ, ഒറിയക്കാർ, സിന്ധികൾ, പഞ്ചാബികൾ, ആസ്സാംകാർ, കർണാടകക്കാർ, മലയാളികൾ, പഠാണികൾ, കാശ്മീരികൾ, രജപുത്രർ, ഹിന്ദുസ്ഥാനി ഭാഷക്കാരായ വമ്പിച്ച മധ്യദേശക്കാർ - ഇവരെല്ലാം അനേകം നൂറ്റാണ്ടുകളായി തങ്ങളുടെ പ്രത്യേകമായ വ്യത്യസ്ത ധർമങ്ങൾ പുലർത്തിപ്പോന്നിട്ടുണ്ട്. പല കഥകളിലും രേഖകളിലും പറഞ്ഞിട്ടുള്ള അതേ ഗുണദോഷങ്ങൾ ഇന്നും അവരിലുണ്ട്. എന്നിട്ടും ഈ യുഗയുഗാന്തരങ്ങളിൽ അവർ ദേശീയമായി ഒരേ പൈതൃകത്തോടും മാനസികവും ധാർമികവുമായി ഒരേ തരത്തിൽപ്പെടുന്ന ഗുണവിശേഷങ്ങളോടുംകൂടി ഭാരതീയരായി തന്നെയിരുന്നു. ജീവത്തും ചൈതന്യപൂർണവുമായ എന്തോ ഒന്ന് ഈ പൈതൃകത്തിലുണ്ടായിരുന്നു. ജീവിതത്തെയും ജീവിതത്തിന്റെ പ്രശ്നങ്ങളെയും സംബന്ധിച്ച് കൈക്കൊണ്ട മനോഗതിയിലും ജീവിതരീതികളിലും അതു പ്രത്യക്ഷപ്പെട്ടു. ഇന്ത്യയുടെ ഏകത്വം എന്നെ സംബന്ധിച്ചിടത്തോളം ഇനി മേൽ ബുദ്ധിയുടെ വെറുമൊരു സങ്കൽപം മാത്രമല്ല; എന്നെ ആവേശിച്ചടിപ്പെടുത്തിക്കളഞ്ഞ വൈകാരികമായ ഒരനുഭവമാണ്. യാതൊരു രാഷ്ട്രീയവിഭജനത്തിനും ആപത്തിനും മഹാനാശത്തിനും കീഴടക്കാൻ കഴിയാത്ത വിധത്തിൽ അത്രയും ബലിഷ്ഠമായിരുന്നു കാതലായ ആ ഏകത്വം."

**'ഇന്ത്യയെ കണ്ടെത്തൽ' –**
**ജവഹർലാൽ നെഹ്റു**

വൈവിധ്യങ്ങൾക്കിടയിലും ഇന്ത്യയിൽ നിലനിൽക്കുന്ന ഏകത്വത്തെയാണ് നെഹ്റുവിന്റെ വരികൾ വെളിപ്പെടുത്തുന്നത്. ഈ ഏകത്വമാണ് ഇന്ത്യയുടെ ദേശീയ ഐക്യത്തിന്റെ അടിസ്ഥാനം. ഇന്ത്യൻ ദേശീയതയുടെ രൂപപ്പെടലിന് നിരവധി ഘടക

ങ്ങൾ കാരണമായി. ജാതി-മത-വർഗ-പ്രാദേശിക വ്യത്യാസങ്ങൾക്കുപരിയായി ഒരു രാജ്യത്തെ ജനതയുടെ മാനസിക ഐക്യമാണ് ദേശീയത. ഒരു വൈദേശികഭരണം തങ്ങളെ എങ്ങനെയാണ് ചൂഷണം ചെയ്യുന്നത് എന്ന തിരിച്ചറിവ് ദേശീയതയുടെ വളർച്ചയ്ക്ക് കാരണമാവുകയും ദേശീയസമരത്തിന് ശക്തിപകരുകയും ചെയ്തു. ബ്രിട്ടീഷുകാരുടെ സാമ്പത്തികചൂഷണം ഇന്ത്യക്കാരിൽ ദേശീയബോധം വളർത്തിയതെങ്ങനെയെന്നാണ് മുൻപാഠഭാഗത്ത് നമ്മൾ മനസ്സിലാക്കിയത്. അതോടൊപ്പം സാമൂഹിക-സാംസ്കാരിക രംഗങ്ങളിലുണ്ടായ നിരവധി മാറ്റങ്ങളും ഇന്ത്യൻ ജനതയുടെ ദേശീയബോധത്തെ ശക്തമാക്കി. ഇന്ത്യയുടെ ദേശീയതയെ രൂപപ്പെടുത്തിയ വിവിധ സാമൂഹിക-സാംസ്കാരിക ഘടകങ്ങളാണ് നാം ഈ അധ്യായത്തിൽ ചർച്ചചെയ്യുന്നത്.

പത്തൊമ്പതാം നൂറ്റാണ്ടിൽ ഇന്ത്യയിൽ സാംസ്കാരികരംഗത്തും ആശയതലങ്ങളിലും രണ്ടു തരത്തിലുള്ള പ്രതിഷേധങ്ങൾ ഉയർന്നുവന്നു.

1. ഇന്ത്യൻ സമൂഹത്തിൽ നിലനിന്ന അസമത്വങ്ങൾക്കും തിന്മകൾക്കും അവകാശനിഷേധങ്ങൾക്കും എതിരായവ.
2. ഇന്ത്യയിൽ ആധിപത്യം സ്ഥാപിച്ചുകൊണ്ടിരുന്ന സാമ്രാജ്യത്വ ചൂഷണത്തിന് എതിരായവ.

ഇന്ത്യൻ ജനതയുടെ സാംസ്കാരികവും ആശയപരവുമായ ഇടപെടലും പ്രതിഷേധവും സാമൂഹികജീവിതം, വർത്തമാനപത്രങ്ങൾ, വിദ്യാഭ്യാസം, സാഹിത്യം, കല തുടങ്ങി വിവിധ മേഖലകളിൽ സ്വാധീനം ചെലുത്തി. ഈ രംഗങ്ങളിലുണ്ടായ മാറ്റങ്ങൾ ഇന്ത്യയുടെ ദേശീയൈക്യത്തിന് വഴിയൊരുക്കി.

## കോളനിഭരണവും ദേശീയതയും

ഇന്ത്യൻ ജനതയുടെ ജീവിതത്തെയും സംസ്കാരത്തെയും ആഴത്തിൽ അറിയേണ്ടത് തങ്ങളുടെ ഭരണം ശക്തിപ്പെടുത്താൻ അത്യന്താപേക്ഷിതമാണെന്ന് ബ്രിട്ടീഷുകാർ കരുതി. സംസ്കൃതത്തിലും പേർഷ്യനിലും രചിക്കപ്പെട്ട കൃതികൾ വായിച്ചും പരിഭാഷപ്പെടുത്തിയും അവർ ഇന്ത്യയെക്കുറിച്ച് അറിവ് നേടി. കൂടുതൽ പഠനങ്ങൾക്കും ബ്രിട്ടീഷ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകാനും ഇന്ത്യയിലെ വിദ്യാഭ്യാസരംഗത്ത് ഇടപെടുന്നതിനുമായി അവർ ചില സ്ഥാപനങ്ങളുണ്ടാക്കി. അവയിൽ ചിലതിനെ പരിചയപ്പെടാം.

| സ്ഥാപനങ്ങൾ | സ്ഥാപകർ |
|---|---|
| • ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാൾ | • വില്യം ജോൺസ് |
| • കൽക്കട്ട മദ്രസ | • വാറൻ ഹേസ്റ്റിങ്സ് |
| • ബനാറസ് സംസ്കൃത കോളേജ് | • ജൊനാഥൻ ഡങ്കൻ |


ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാൾ- ഒരു ചിത്രീകരണം

എന്നാൽ ഇതിലൂടെ മാത്രം ഇന്ത്യയെ പൂർണമായി മനസ്സിലാക്കാനാവില്ലെന്ന് അവർ തിരിച്ചറിഞ്ഞു. വ്യാപാരവളർച്ചയ്ക്കായി ഇന്ത്യയുടെ സാമൂഹികരംഗത്ത് ബ്രിട്ടൻ കൂടുതൽ ഇടപെടണമെന്ന് സ്വതന്ത്രവ്യാപാരത്തിനായി വാദിക്കുന്ന ചിന്തകർ ആവശ്യപ്പെട്ടു. ജനപിന്തുണയില്ലാതെ ശക്തമായ പരിഷ്കാരങ്ങൾ ഇന്ത്യയിൽ നടപ്പിലാക്കാനാവില്ലെന്ന് ബ്രിട്ടൻ മനസ്സിലാക്കി. തുടർന്ന് ഇന്ത്യൻ ജനതയിൽ ഒരു വിഭാഗത്തിന്റെ പിന്തുണ നേടാൻ അവർ ശ്രമിച്ചു. അതിനുവേണ്ടിയാണ് അവർ ഇന്ത്യയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നടപ്പാക്കിയത്.

> രക്തത്തിലും വർണത്തിലും ഇന്ത്യക്കാരും അഭിരുചിയിലും അഭിപ്രായത്തിലും ധാർമികതയിലും ബുദ്ധിയിലും ഇംഗ്ലീഷുകാരുമായ ഒരു വർഗത്തെ സൃഷ്ടിക്കുകയാണ് നമ്മുടെ ലക്ഷ്യം.
>
> - മെക്കാളെ പ്രഭു

1835 ൽ ഇന്ത്യയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നടപ്പാക്കുന്ന അവസരത്തിൽ മെക്കാളെ പറഞ്ഞ വാക്കുകളാണിത്. ഇതിൽ നിന്ന് ഇന്ത്യയിൽ ഇംഗ്ലീഷ്‌വിദ്യാഭ്യാസം നടപ്പാക്കിയതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് കണ്ടെത്താമോ?

- ഇംഗ്ലീഷുകാരുടെ ജീവിതരീതികളോട് താൽപ്പര്യമുള്ള ഒരു തലമുറയെ സൃഷ്ടിക്കുക.
- 
- 

പത്തൊൻപതാം നൂറ്റാണ്ടോടെ ഇംഗ്ലീഷ് സംസ്കാരവും ആശയങ്ങളും ഇന്ത്യൻ സമൂഹത്തിലേക്കു കടന്നുകയറിയപ്പോൾ അവയെ പ്രതിരോധിക്കേണ്ടത് അനിവാര്യമാണെന്ന് ഇന്ത്യയിലെ ഒരു വിഭാഗം കരുതി. ഇംഗ്ലീഷ് വിദ്യാഭ്യാസം നേടുകയും അതിലൂടെ ജനാധിപത്യം, സ്വാതന്ത്ര്യം, യുക്തിചിന്ത, തുല്യനീതി, ശാസ്ത്രബോധം, സോഷ്യലിസം, പൗരാവകാശങ്ങൾ എന്നിവയെക്കുറിച്ച് ബോധവാന്മാരാവുകയും ചെയ്തവരായിരുന്നു ഇങ്ങനെ ചിന്തിച്ചതിൽ ഭൂരിഭാഗം. അവർ ഇന്ത്യയിൽ നിലനിന്ന സാമൂഹികാചാരങ്ങളെയും അനുഷ്ഠാനങ്ങളെയും പരിഷ്കരിക്കാനും അവയുടെ സഹായത്താൽ പാശ്ചാത്യസംസ്കാരത്തിന്റെ കടന്നുകയറ്റത്തെ ചെറുക്കാനും ശ്രമിച്ചു. അതിനായി അവർ ഇന്ത്യൻ സമൂഹം, ഭാഷ, കല, സാഹിത്യം തുടങ്ങിയവയെ നവീകരിച്ചു. അത് ഇന്ത്യൻ സമൂഹത്തിൽ നിലനിന്ന അസമത്വങ്ങളെയും അവകാശനിഷേധങ്ങളെയും ചെറുക്കാനും അതിലൂടെ ഇന്ത്യൻ ജനതയിൽ ഐക്യബോധം സൃഷ്ടിക്കാനും ഇടയാക്കി.

### സയന്റിഫിക് സൊസൈറ്റികൾ



പത്തൊൻപതാം നൂറ്റാണ്ടിൽ ശാസ്ത്രഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്താനും ശാസ്ത്രബോധം പ്രചരിപ്പിക്കാനും ചർച്ചചെയ്യാനുമായി നിരവധി സയന്റിഫിക് സൊസൈറ്റികൾ ഇന്ത്യയിൽ സ്ഥാപിക്കപ്പെട്ടു.

- യൂറോപ്യൻ ശാസ്ത്രങ്ങൾ പരിഭാഷപ്പെടുത്തുന്നതിനുള്ള സൊസൈറ്റി - കൽക്കട്ട - 1825
- പൊതുവിവരങ്ങൾ നേടുന്നതിനുവേണ്ടിയുള്ള സൊസൈറ്റി - കൽക്കട്ട - 1838
- മഹേന്ദ്രലാൽ സർക്കാർ സ്ഥാപിച്ച ഇന്ത്യൻ അസോസിയേഷൻ - ബംഗാൾ - 1876
- ബനാറസ് സംവാദക്ലബ്ബ് - ബനാറസ് - 1861
- സർ സയ്യിദ് അഹ്മദ് ഖാൻ സ്ഥാപിച്ച അലിഗഡ് സയന്റിഫിക് സൊസൈറ്റി - അലിഗഡ് - 1864.
- ബിഹാർ സയന്റിഫിക് സൊസൈറ്റി - ബിഹാർ - 1868

> ബ്രിട്ടീഷ് കോളനിഭരണം ഇന്ത്യൻ ദേശീയതയുടെ വളർച്ചയ്ക്ക് കാരണമായോ? വിലയിരുത്തുക.



## സാമൂഹികപരിഷ്കരണം

ഇന്ത്യൻ ജനങ്ങളിൽ വളർന്നുവന്ന സ്വതന്ത്രചിന്ത, ആധുനികവൽക്കരണത്തോടുള്ള താൽപ്പര്യം, യുക്തിചിന്ത എന്നിവ പത്തൊൻപതാം നൂറ്റാണ്ടിൽ വ്യത്യസ്ത സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങളുടെ ആവിർഭാവത്തിന് വഴി തെളിച്ചു. ഇന്ത്യയിലെ സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങൾക്ക് പ്രധാനമായും രണ്ടു ലക്ഷ്യങ്ങളുണ്ടായിരുന്നു.

- ഇന്ത്യൻസമൂഹത്തിൽ നിലനിൽക്കുന്ന വിവിധ അനാചാരങ്ങളെ എതിർക്കുക.
- എല്ലാ മനുഷ്യർക്കും വിവേചനങ്ങളില്ലാതെ വഴിനടക്കാനും വസ്ത്രം ധരിക്കാനും വിദ്യാഭ്യാസം നേടാനുമുള്ള പൗരാവകാശങ്ങൾ നേടിയെടുക്കുക.

അന്നത്തെ ഇന്ത്യയുടെ സാമൂഹിക-സാമ്പത്തിക ഘടന ഈ ലക്ഷ്യങ്ങൾ നേടുന്നതിന് അനുയോജ്യമായിരുന്നില്ല. അതിനാൽ ഇന്ത്യൻ സമൂഹത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങളുണ്ടാക്കുക എന്നതായിരുന്നു ഈ സാമൂഹികപരിഷ്കർത്താക്കളുടെ ഉദ്ദേശ്യം. അതിനായി അവർ മുന്നോട്ടുവച്ച ആവശ്യങ്ങളാണ് ചുവടെ നൽകിയിട്ടുള്ളത്:

- ജാതിവ്യവസ്ഥ നിർമാർജനം ചെയ്യുക.
- എല്ലാവരുടെയും അവകാശങ്ങൾ സംരക്ഷിക്കുക.
- സ്ത്രീകൾക്ക് എതിരായ വിവേചനങ്ങൾ അവസാനിപ്പിക്കുക.
- എല്ലാവർക്കും വിദ്യാഭ്യാസം നൽകുക.
- വിധവാ പുനർവിവാഹം നടപ്പിലാക്കുക.
- ശൈശവവിവാഹം, പുരോഹിതമേധാവിത്വം എന്നിവ അവസാനിപ്പിക്കുക.



*രാജാ റാം മോഹൻ റായ്*



*ഈശ്വരചന്ദ്ര വിദ്യാസാഗർ*

ഇത്തരത്തിൽ ഇന്ത്യൻസമൂഹത്തിന്റെ ആധുനികവൽക്കരണത്തിനായി വാദിച്ച ആദ്യത്തെയാൾ രാജാ റാം മോഹൻ റായ് ആണ്. ജാതിവ്യവസ്ഥയെയും 'സതി' എന്ന ദുരാചാരത്തെയും ശക്തമായി എതിർത്ത അദ്ദേഹം ബംഗാളിൽ 'ബ്രഹ്മസമാജം' എന്ന പ്രസ്ഥാനം സ്ഥാപിച്ചു. വിവിധ ജാതികളായി വിഭജിക്കപ്പെട്ട അന്നത്തെ ഇന്ത്യൻ സമൂഹത്തിന്റെ സ്ഥാനത്ത് ഒരൊറ്റ ഇന്ത്യൻ സമൂഹം എന്ന ആശയം പ്രചരിപ്പിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. ഇത് ഇന്ത്യക്കാരിൽ രാജ്യസ്നേഹം വളരാനുള്ള സാഹചര്യം സൃഷ്ടിച്ചു. അങ്ങനെ രാഷ്ട്രത്തിന്റെ ഐക്യവും സാമൂഹികപരിഷ്കരണത്തിന്റെ ലക്ഷ്യമായി മാറി. സ്ത്രീകളുടെ പദവി ഉയർത്തുന്നതിനായി അവർക്ക് സ്വത്തിനുമേൽ അവകാശം നൽകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഇതിനെത്തുടർന്ന് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിരവധി പേർ സാമൂഹികപരിഷ്കരണത്തിനുവേണ്ടി വാദിച്ചുകൊണ്ട് മുന്നോട്ടു വന്നു. ബംഗാളിൽ ഈശ്വരചന്ദ്ര വിദ്യാസാഗർ വിധവകളുടെ പുനർവിവാഹത്തിനായി പ്രവർത്തനം നടത്തി. അദ്ദേഹത്തിന്റെ പരിശ്രമഫലമായാണ് 1856 ൽ ബ്രിട്ടീഷ് ഗവൺമെന്റ് ഹിന്ദു വിധവാ പുനർവിവാഹ നിയമം പാസാക്കിയത്. സ്ത്രീകളുടെ വിദ്യാഭ്യാസപുരോഗതിക്കായി അദ്ദേഹം

വിദ്യാലയങ്ങൾ സ്ഥാപിച്ചു. വനിതകളുടെ ഉന്നമനത്തിനായും ചില പരിഷ്കരണപ്രസ്ഥാനങ്ങൾ അക്കാലത്ത് രൂപംകൊണ്ടു. വിധവകൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി പണ്ഡിത രമാബായി ബോംബെയിൽ സ്ഥാപിച്ച ശാരദാ സദൻ ഇവയിൽ പ്രധാനപ്പെട്ടതാണ്. അക്കാലത്ത് രൂപംകൊണ്ട വിവിധ പരിഷ്കരണപ്രസ്ഥാനങ്ങളെയും അതിന് നേതൃത്വം നൽകിയവരെയുമാണ് പട്ടികയിൽ തന്നിട്ടുള്ളത്.


പണ്ഡിത രമാബായി

| പരിഷ്കരണ പ്രസ്ഥാനങ്ങൾ | പരിഷ്കർത്താക്കൾ | ആശയങ്ങൾ |
|---|---|---|
| • ആര്യസമാജം | • സ്വാമി ദയാനന്ദ സരസ്വതി | • വിഗ്രഹാരാധന, ശൈശവ വിവാഹം എന്നിവയെ എതിർത്തു |
| • രാമകൃഷ്ണമിഷൻ | • സ്വാമി വിവേകാനന്ദൻ | • ജാതിവ്യവസ്ഥ, അനാചാരങ്ങൾ എന്നിവയെ എതിർത്തു.<br>• സ്വാതന്ത്ര്യം, സമത്വം, സ്വതന്ത്രചിന്ത എന്നിവ പ്രോത്സാഹിപ്പിച്ചു. |
| • അലിഗഡ് പ്രസ്ഥാനം | • സർ സയ്യിദ് അഹ്മദ് ഖാൻ | • ഇന്ത്യയിലെ മുസ്‌ലിംകളുടെ സാമൂഹികവും വിദ്യാഭ്യാസപരവുമായ പുരോഗതിക്കായി വാദിച്ചു. |
| • പ്രാർഥനാസമാജം | • ആത്മാറാം പാണ്ഡുരംഗ് | • മിശ്രഭോജനം, മിശ്രവിവാഹം, വിധവാ പുനർവിവാഹം, സ്ത്രീകളുടെയും പിന്നാക്ക ജന വിഭാഗങ്ങളുടെയും പുരോഗതി എന്നിവയ്ക്കായി നിലകൊണ്ടു. |
| • തിയോസഫിക്കൽ സൊസൈറ്റി | • ആനിബസന്റ് | • ഹിന്ദുമതത്തിന്റെ പുനരുത്ഥാനത്തിനായി നിലകൊണ്ടു. |
| • ഹിതകാരിണി സമാജം | • വീരേശലിംഗം | • വിധവാ പുനർവിവാഹത്തിനും സ്ത്രീകളുടെ വിദ്യാഭ്യാസത്തിനുമായി പ്രചാരണം നടത്തി. |
| • സത്യശോധക് സമാജം | • ജോതിബാ ഫൂലെ | • ദുരാചാരങ്ങളെയും പുരോഹിത മേധാവിത്വത്തെയും എതിർത്തു.<br>• പിന്നാക്കവിഭാഗക്കാർക്കായി വിദ്യാലയങ്ങളാരംഭിച്ചു. |
| • സ്വാഭിമാനപ്രസ്ഥാനം | • ഇ.വി. രാമസ്വാമി നായ്ക്കർ | • ബ്രാഹ്മണമേധാവിത്വത്തെയും ജാതിവ്യവസ്ഥയെയും എതിർത്തു. |
| • ശ്രീനാരായണധർമ പരിപാലനയോഗം | • ശ്രീനാരായണഗുരു | • ജാതിവ്യവസ്ഥയെയും ദുരാചാരങ്ങളെയും എതിർത്തു.<br>• പിന്നാക്കജനവിഭാഗങ്ങളുടെ സാമൂഹികവും വിദ്യാഭ്യാസപരവുമായ പുരോഗതിക്കായി നിലകൊണ്ടു. |

ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിലനിന്ന വിവിധ സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങളെ ഉൾക്കൊള്ളിച്ച് ഒരു പട്ടിക തയാറാക്കുക.



### ഡെറോസിയന്മാർ

പാശ്ചാത്യ ആശയങ്ങളാൽ സ്വാധീനിക്കപ്പെട്ട ഇന്ത്യയിലെ ആദ്യത്തെ സാമൂഹികപ്രസ്ഥാനം യങ് ബംഗാൾ പ്രസ്ഥാനമാണ്. കൽക്കത്ത ഹിന്ദു കോളേജിലെ അധ്യാപകനായിരുന്ന ഹെൻറി വിവിയൻ ഡെറോസിയോ എന്ന ആംഗ്ലോ ഇന്ത്യനാണ് ഇതു സ്ഥാപിച്ചത്. അദ്ദേഹത്തിന്റെ അനുയായികൾ ഡെറോസിയന്മാർ എന്നറിയപ്പെട്ടിരുന്നു. എന്നാൽ ഇന്ത്യൻസമൂഹത്തിന്റെ ആധുനികവൽക്കരണത്തേക്കാൾ കൂടുതൽ ഇന്ത്യയുടെ പാശ്ചാത്യവൽക്കരണത്തിനാണ് അവർ പ്രാധാന്യം നൽകിയത്. അതുകൊണ്ടുതന്നെ ജനങ്ങളെ സ്വാധീനിക്കാൻ അതിനു കഴിഞ്ഞില്ല.

ഇന്ത്യയിലെ സാമൂഹികപരിഷ്കർത്താക്കളുടെയും സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങളുടെയും പട്ടിക തയാറാക്കി ഡിജിറ്റൽ പോസ്റ്റർ രൂപത്തിൽ അവതരിപ്പിക്കുക.

സാമൂഹിക പരിഷ്കർത്താക്കളുടെയും പരിഷ്കരണ പ്രസ്ഥാനങ്ങളുടെയും പ്രവർത്തനഫലമായി ഇന്ത്യയിൽ നിലനിന്നിരുന്ന നിരവധി അനാചാരങ്ങളെ നിയമം മൂലം നിരോധിക്കാൻ ബ്രിട്ടീഷുകാർ നിർബന്ധിതരായി. അവ ഏതൊക്കെയെന്ന് നോക്കാം.






ഇന്ത്യയിലെ പരിഷ്കരണപ്രസ്ഥാനങ്ങൾ മുന്നോട്ടുവച്ച ആശയങ്ങൾ ഇന്ത്യക്കാരിൽ ദേശീയബോധം സൃഷ്ടിക്കാൻ കാരണമായതെങ്ങനെ? ചുവടെ തന്നിട്ടുള്ള സൂചനകളുടെ അടിസ്ഥാനത്തിൽ ചർച്ചചെയ്യുക.

- ജാതിവ്യവസ്ഥയോടുള്ള എതിർപ്പ്.
- തുല്യ അവകാശങ്ങൾക്ക് വേണ്ടിയുള്ള വാദം.
- വൈദേശികസംസ്കാരത്തിന്റെയും ആശയങ്ങളുടെയും കടന്നുവരവിനെതിരായ ചെറുത്തുനിൽപ്പ്.
- അനാചാരങ്ങളോടുള്ള എതിർപ്പ്.
- വിദ്യാഭ്യാസപുരോഗതി
- സ്ത്രീകളോടുള്ള വിവേചനങ്ങൾക്കെതിരായ നിലപാട്.

## പത്രങ്ങൾ ദേശത്തെ ഒന്നാക്കുന്നു

"ഇന്ത്യൻ പൗരന് അവന്റെ സ്വാഭാവികത നഷ്ടമായി. അവന്റെ ജീവരക്തം വരണ്ടുണങ്ങി. അർധപട്ടിണിക്കാരനും അർധനഗ്നനുമാണവൻ. സ്വാദിഷ്ടമായ ഒരു വിഭവവും അവന് ലഭിക്കുന്നില്ല. അവന്റെ വസ്ത്രങ്ങൾ കീറിപ്പറിഞ്ഞിരിക്കുന്നു. പരിതാപകരമാണ് അവന്റെ അവസ്ഥ."

ബംഗാളിലെ ആദ്യകാല വർത്തമാനപത്രമായ 'സുലഭ് സമാചാറിൽ' വന്ന വാർത്തയാണിത്. ബ്രിട്ടീഷ് ഭരണത്തിന്റെ ഫലമായി ഇന്ത്യക്കാർക്കുണ്ടായ അവസ്ഥ ഈ വാർത്ത ചൂണ്ടിക്കാണിക്കുന്നു. ഇത്തരത്തിലുള്ള നിരവധി പ്രശ്നങ്ങൾ അക്കാലത്തെ വർത്തമാനപത്രങ്ങൾ ഇന്ത്യൻ ജനതയുടെ മുന്നിലെത്തിച്ചു. നിങ്ങൾ ദിവസവും പത്രം വായിക്കുന്നവരാണല്ലോ. ഇന്നത്തെ വർത്തമാനപത്രങ്ങൾ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യുന്നത്?

- ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ വാർത്തകൾ ജനങ്ങളിലെത്തിക്കുന്നു.
- 
- 

ഇന്ത്യയിലെ ജനങ്ങൾ നേരിട്ടിരുന്ന വിവിധതരം പ്രശ്നങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക, ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൽ എല്ലാവരെയും പങ്കാളികളാക്കുക, ഇന്ത്യയുടെ ഏതു ഭാഗത്തും ഏതൊരാളിനെയും ബാധിക്കുന്ന പ്രശ്നങ്ങൾ ഇന്ത്യക്കാരുടെ മൊത്തം പ്രശ്നമായി കണക്കാക്കാൻ പ്രേരിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ദേശീയസമരകാലത്തെ പത്രങ്ങൾ പ്രവർത്തിച്ചിരുന്നത്. അതിനായി അവ എന്തെല്ലാം ചെയ്തിരുന്നുവെന്ന് നോക്കാം.




ഇന്ത്യൻ ജനതയെ അവർ അനുഭവിക്കുന്ന ചൂഷണത്തെയും അവകാശനിഷേധങ്ങളെയുംകുറിച്ച് ബോധവാന്മാരാക്കുന്നതിൽ പത്രങ്ങൾ വഹിച്ച പങ്ക് പരിശോധിക്കുക.



### ദേശീയസമരകാലത്തെ പ്രധാന പത്രങ്ങളും നേതൃത്വം നൽകിയവരും

| പത്രങ്ങൾ | നേതാക്കൾ |
|---|---|
| • ഹിന്ദു, സ്വദേശിമിത്രം | • ജി. സുബ്രഹ്മണ്യ അയ്യർ |
| • അമൃതബസാർ പത്രിക | • ശിശിർകുമാർ ഘോഷ്, മോത്തിലാൽ ഘോഷ് |
| • ബോംബെ സമാചാർ | • ഫർദൂർജി മർസ്ബാൻ |
| • കേസരി, മറാത്ത | • ബാലഗംഗാധരതിലക് |
| • ബംഗാളി | • സുരേന്ദ്രനാഥ് ബാനർജി |
| • വോയ്സ് ഓഫ് ഇന്ത്യ | • ദാദാഭായ് നവ്റോജി |
| • ഷോംപ്രകാശ് | • ഈശ്വരചന്ദ്ര വിദ്യാസാഗർ |
| • ന്യൂ ഇന്ത്യ, കോമൺവീൽ | • മിസിസ് ആനിബസന്റ് |
| • യങ് ഇന്ത്യ, ഹരിജൻ | • മഹാത്മാഗാന്ധി |
| • അൽ-ഹിലാൽ | • മൗലാനാ അബുൽകലാം ആസാദ് |
| • വന്ദേമാതരം | • ലാലാ ലജ്പത് റായ് |
| • നേഷൻ | • ഗോപാലകൃഷ്ണ ഗോഖലെ |

ദേശീയസമരകാലത്ത് മലയാളഭാഷയിൽ പ്രസിദ്ധീകരിക്കപ്പെട്ട പത്രങ്ങളുടെ പേരുകൾ കണ്ടെത്തി പട്ടികപ്പെടുത്തുക.

#### ഇന്ത്യൻ പത്രങ്ങളുടെ വിമോചകൻ

ഇന്ത്യൻ ഭാഷകളിൽ പ്രസിദ്ധീകരിക്കുന്ന പത്രങ്ങൾക്ക് ലൈസൻസ് നൽകുന്നതിൽ 1823 ൽ ബ്രിട്ടീഷ് ഗവൺമെന്റ് നിയന്ത്രണം ഏർപ്പെടുത്തി. എന്നാൽ 1835 ൽ ചാൾസ് മെറ്റ്കാഫ് കൊണ്ടുവന്ന നിയമത്തിലൂടെ ഈ നിയന്ത്രണങ്ങൾ നീക്കം ചെയ്തു. ഇത് ഇന്ത്യൻ പത്രങ്ങളുടെ വളർച്ചയെ സഹായിച്ചു. അതിനാൽ മെറ്റ്കാഫിനെ ഇന്ത്യൻ പത്രങ്ങളുടെ വിമോചകനായി കണക്കാക്കുന്നു.

ഇന്ത്യൻ ദേശീയപ്രസ്ഥാനവും അതിന്റെ നേതാക്കളും തങ്ങളുടെ ആശയങ്ങൾ ജനങ്ങളിലെത്തിക്കാൻ ആശ്രയിച്ച പ്രധാനമാർഗം വർത്തമാനപത്രങ്ങളാണ്. അക്കാലത്ത് പത്രങ്ങൾ പ്രസിദ്ധീകരിക്കുന്നത് സാമൂഹികസേവനമായാണ് കരുതിയിരുന്നത്. ബ്രിട്ടീഷ് ഗവൺമെന്റിന്റെ നയങ്ങളെ അവ എതിർക്കുകയും ശക്തമായി വിമർശിക്കുകയും ചെയ്തു. ദേശീയ കാഴ്ചപ്പാടോടുകൂടിയ പത്രങ്ങൾക്ക് ഇന്ത്യയിൽ തുടക്കം കുറിച്ചത് രാജാറാം മോഹൻ റായ് ആണ്. അദ്ദേഹം ബംഗാളിഭാഷയിൽ ആരംഭിച്ച 'സംബാദ് കൗമുദി', പേർഷ്യൻ ഭാഷയിൽ പുറത്തിറക്കിയ 'മിറാത് - ഉൽ - അക്ബർ' എന്നിവ സാമൂഹികപരിഷ്കരണം, ദേശീയത, ജനാധിപത്യം തുടങ്ങിയ ആശയങ്ങൾക്ക് ഊന്നൽ നൽകി. ഇവയുടെ പാത പിന്തുടർന്ന് നിരവധി പത്രങ്ങൾ വിവിധ ഭാഷകളിൽ പുറത്തിറങ്ങി. ഇവയിൽ ഭൂരിഭാഗവും പ്രസിദ്ധീകരിച്ചത് സാമൂഹികപരിഷ്കരണ പ്രസ്ഥാനത്തിന്റെയും ദേശീയപ്രസ്ഥാനത്തിന്റെയും നേതാക്കളായിരുന്നു.

വർത്തമാനപത്രങ്ങളുടെ ശക്തി മനസ്സിലാക്കിയ ബ്രിട്ടീഷ് ഗവൺമെന്റ് അവയെ നിയന്ത്രിക്കാൻ പല ശ്രമങ്ങളും നടത്തി. അതിൽ പ്രധാനപ്പെട്ടതാണ് 1878 ൽ ലിട്ടൺ പ്രഭു നടപ്പാക്കിയ പ്രാദേശികഭാഷാപത്രനിയമം (Vernacular Press Act). ഇതിലൂടെ പ്രാദേശികഭാഷകളിൽ പ്രസിദ്ധീകരിക്കുന്ന പത്രങ്ങൾക്ക് കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. ഇതിനെതിരെ ശക്തമായ പ്രക്ഷോഭം ഉയർന്നുവരുകയും ഗവൺമെന്റ് അത് പിൻവലിക്കുകയും ചെയ്തു. അക്കാലത്ത് പത്രങ്ങൾ വായിക്കുന്നതും അതിലെ വാർത്തകൾ പ്രചരിപ്പിക്കുന്നതും പത്രങ്ങളെ സംരക്ഷിക്കുന്നതും ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായാണ് ജനങ്ങൾ കണക്കാക്കിയിരുന്നത്.

"ഇന്ത്യയിൽ സാമൂഹികപരിഷ്കരണം നടപ്പാക്കുന്നതിലും ദേശീയൈക്യം നിലനിർത്തുന്നതിലും വർത്തമാനപത്രങ്ങൾ വഹിച്ച പങ്ക്" എന്ന വിഷയത്തെക്കുറിച്ച് ഒരു പ്രഭാഷണം തയാറാക്കുക.



## വിദ്യാഭ്യാസം ദേശത്തിന്

> ശരിയായ വിദ്യാഭ്യാസം ലഭിക്കുമെങ്കിൽ ഇന്ത്യൻ ജനത എല്ലാവരുടെയും ആദരവിന് പാത്രമാകും.
>
> രാജാ റാം മോഹൻ റായ്

> പാവപ്പെട്ടവനും പണക്കാരനും വിദ്യാഭ്യാസം നേടിയാൽ, തങ്ങൾക്കെതിരെയുള്ള കടന്നാക്രമണവും ക്രൂരതയും അടിച്ചമർത്തലും ഒറ്റക്കെട്ടായി നിന്ന് ചെറുക്കാൻ അവർക്ക് കഴിയും.
>
> കേശബ് ചന്ദ്ര സെൻ

> വിദ്യാസമ്പന്നർ മാറ്റത്തിന്റെ വക്താക്കളാണ്.
>
> വീരേശലിംഗം

വിദ്യാഭ്യാസത്തിന്റെ പ്രസക്തിയെയും ആവശ്യകതയെയും കുറിച്ച് വിവിധ സാമൂഹികപരിഷ്കർത്താക്കൾക്കുള്ള കാഴ്ചപ്പാടുകളാണിത്. വിദ്യാഭ്യാസം എന്തിനെല്ലാം സഹായകമാകും എന്ന് ഇവ പരിശോധിച്ച് കണ്ടെത്തൂ.

- സമൂഹത്തിൽ മാറ്റങ്ങളുണ്ടാക്കാൻ കഴിയും.
- ഐക്യം നിലനിർത്താൻ കഴിയും.
- 

പത്തൊൻപതാം നൂറ്റാണ്ടിൽ ഇന്ത്യയിൽ രൂപപ്പെട്ട സാമൂഹികസാഹചര്യങ്ങളാണ് ഇന്ത്യൻദേശീയതയുടെ ആവിർഭാവത്തിന് വഴിയൊരുക്കിയത്. രണ്ട് വ്യത്യസ്ത താൽപ്പര്യങ്ങളുടെ ഏറ്റുമുട്ടലിന് ഈ കാലഘട്ടം സാക്ഷ്യം വഹിച്ചു.

ഇന്ത്യയെ രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായി കീഴ്പ്പെടുത്താനുള്ള ബ്രിട്ടന്റെ താൽപര്യം.

രാഷ്ട്രീയമായും സാമ്പത്തികമായും സാംസ്കാരികമായും ബ്രിട്ടീഷുകാരുടെ ആധിപത്യത്തിൽ നിന്നു മോചനം നേടാനുള്ള ഇന്ത്യക്കാരുടെ താൽപര്യം.

ഈ പരസ്പരവിരുദ്ധങ്ങളായ താൽപ്പര്യങ്ങളുടെ ഏറ്റുമുട്ടലിന് സാക്ഷ്യംവഹിച്ച പ്രധാനമേഖല വിദ്യാഭ്യാസമായിരുന്നു. ബ്രിട്ടീഷ് കൊളോണിയൽ മേധാവിത്വത്തെയും ഇന്ത്യൻ സമൂഹത്തിലെ അസമത്വങ്ങളെയും ഒറ്റക്കെട്ടായി നിന്ന് എതിർക്കാൻ വിദ്യാഭ്യാസരംഗത്തെ പുരോഗതി ഇന്ത്യക്കാരെ സഹായിച്ചു. അങ്ങനെ വിദ്യാഭ്യാസം ഇന്ത്യക്കാരിൽ ദേശീയമായ കാഴ്ചപ്പാട് വളർത്താൻ കാരണമായി. അത് എങ്ങനെയെന്ന് നോക്കാം. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ ഇന്ത്യക്കാരെ കീഴ്പ്പെടുത്താൻ ബ്രിട്ടൻ നടത്തിയ ശ്രമങ്ങൾ ഈ പാഠത്തിന്റെ ആദ്യഭാഗത്ത് നാം ചർച്ചചെയ്തു. ബ്രിട്ടീഷുകാരുടെ ആധിപത്യത്തിൽനിന്ന് മോചനം നേടാനും ഇന്ത്യയിൽ ഐക്യം കെട്ടിപ്പടുക്കാനായി സാമൂഹികപരിഷ്കർത്താക്കളും ദേശീയനേതാക്കളും വിദ്യാഭ്യാസത്തെ എങ്ങനെ ഉപയോഗപ്പെടുത്തിയെന്നാണ് നാം ഇവിടെ ചർച്ചചെയ്യുന്നത്.


*ഡക്കാൺ എജ്യുക്കേഷൺ സൊസൈറ്റി സ്ഥാപിച്ച ഫർഗൂസൺ കോളേജ് - പൂനെ*



*ഡക്കാൺ എജ്യുക്കേഷൻ സൊസൈറ്റിയുടെ മുദ്ര*

ദേശീയവിദ്യാലയങ്ങൾ സ്ഥാപിക്കുക എന്നതായിരുന്നു ദേശീയബോധം വളർത്താനുള്ള ഒരു പ്രധാന മാർഗം. അതിലൂടെ മതേതരവിദ്യാഭ്യാസം എല്ലാ വിഭാഗക്കാർക്കും നൽകാൻ കഴിഞ്ഞു. 1884 ൽ ജി.ജി. അഗാർക്കർ, ബാലഗംഗാധരതിലക്, മഹാദേവ ഗോവിന്ദ റാനഡെ എന്നിവർ ചേർന്ന് പൂനെയിൽ സ്ഥാപിച്ച ഡക്കാൻ എജ്യുക്കേഷൻ സൊസൈറ്റി ദേശീയകാഴ്ചപ്പാടോടെ ഇന്ത്യയിൽ രൂപീകൃതമായ വിദ്യാഭ്യാസസ്ഥാപനത്തിന് ഉദാഹരണമാണ്. ഇന്ത്യക്കാരുടെ സാമൂഹികവും രാഷ്ട്രീയവും സാംസ്കാരികവുമായ പുരോഗതിക്ക് ആധുനിക വിദ്യാഭ്യാസം അനിവാര്യമാണെന്ന് അതിന്റെ സ്ഥാപകർക്ക് ഉത്തമബോധ്യം ഉണ്ടായിരുന്നു.


*ഡി.കെ. കാർവെയുടെ പ്രതിമ*

1905 ലെ ബംഗാൾ വിഭജനത്തെത്തുടർന്ന് ആരംഭിച്ച സ്വദേശിപ്രസ്ഥാനം ദേശീയവിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്കായി നിരവധി വിദ്യാലയങ്ങൾ സ്ഥാപിച്ചു. 1916 ൽ ഡി.കെ. കാർവെ മഹാരാഷ്ട്രയിൽ ഇന്ത്യയിലെ ആദ്യത്തെ വനിതാ സർവകലാശാല സ്ഥാപിച്ചു. സ്ത്രീകളുടെ ഉന്നമനത്തിന് വിദ്യാഭ്യാസം അനിവാര്യമാണെന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് അത് സ്ഥാപിച്ചത്. ഇതിനെത്തുടർന്ന് അനേകം വിദ്യാലയങ്ങൾ ഇന്ത്യയുടെ വിവിധ

ഭാഗങ്ങളിൽ രൂപംകൊണ്ടു. പാശ്ചാത്യവിദ്യാഭ്യാസത്തോടും സാമൂഹിക അനാചാരങ്ങളോടുമുള്ള എതിർപ്പും ദേശീയമായ കാഴ്ചപ്പാടും ഇവയുടെ മുഖമുദ്രയായിരുന്നു.


ഗാന്ധിജിയും ടാഗോറും വിശ്വഭാരതിയിൽ

രവീന്ദ്രനാഥ ടാഗോർ ബംഗാളിൽ സ്ഥാപിച്ച വിശ്വഭാരതി സർവകലാശാല രാഷ്ട്രങ്ങളുടെ അതിരുകൾക്കപ്പുറത്തുള്ള അന്തർദേശീയ സാഹോദര്യത്തിന് ഊന്നൽ നൽകി. പാശ്ചാത്യവും പൗരസ്ത്യവുമായ സംസ്കാരങ്ങൾ യോജിപ്പിച്ചുകൊണ്ടുള്ള വിദ്യാഭ്യാസരീതിയായിരുന്നു ഇതിലൂടെ ടാഗോർ ലക്ഷ്യമിട്ടത്.

ഇന്ത്യൻ ദേശീയപ്രസ്ഥാനം ഗാന്ധിജിയുടെ നേതൃത്വത്തിൽ ശക്തിപ്രാപിച്ച കാലഘട്ടത്തിൽ മൗലാന മുഹമ്മദലി, ഷൗക്കത്തലി, ഡോ. സാക്കീർ ഹുസൈൻ, എം.എ. അൻസാരി എന്നിവരുടെ നേതൃത്വത്തിൽ അലിഗഡിൽ സ്ഥാപിച്ച വിദ്യാഭ്യാസകേന്ദ്രമായിരുന്നു ജാമിഅ മില്ലിയ ഇസ്‌ലാമിയ. മതേതരവിദ്യാഭ്യാസം ദേശീയ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തും എന്ന കാഴ്ചപ്പാടായിരുന്നു ഇതിന്റെ അടിസ്ഥാനം.


ജാമിഅ മില്ലിയ ഇസ്‌ലാമിയ

പാശ്ചാത്യവിദ്യാഭ്യാസത്തിന്റെയും കലയുടെയും കടന്നുകയറ്റം ഇന്ത്യയുടെ പാരമ്പര്യകലാരൂപങ്ങളുടെ തകർച്ചയ്ക്ക് കാരണമായി. തുടർന്ന് ഇതിനെ പ്രതിരോധിക്കാനും പാരമ്പര്യകലാരൂപങ്ങളെ ഉദ്ധരിക്കാനുമായി ഇന്ത്യയിൽ നിരവധി ശ്രമങ്ങൾ നടന്നു. ഈ ലക്ഷ്യത്തോടെയാണ് മഹാകവി വള്ളത്തോൾ നാരായണമേനോൻ തൃശൂരിൽ കേരള കലാമണ്ഡലം സ്ഥാപിച്ചത്.


കേരള കലാമണ്ഡലം

1937 ൽ മഹാത്മാഗാന്ധി സവിശേഷമായ ഒരു വിദ്യാഭ്യാസപദ്ധതി മുന്നോട്ടുവച്ചു. വാർധാ വിദ്യാഭ്യാസപദ്ധതി എന്നറിയപ്പെട്ട ഇതിന്റെ ലക്ഷ്യം തൊഴിലധിഷ്ഠിത വിദ്യാഭ്യാസമായിരുന്നു. വിദ്യാർഥിയായിരിക്കുമ്പോൾ ചില തൊഴിലുകൾ പഠിച്ചാൽ അത് ഭാവിജീവിതത്തിന് ഗുണകരമാകുമെന്ന് അദ്ദേഹം കരുതി. ഇത്തരത്തിൽ വളർന്നുവരുന്ന ഒരു തലമുറയിലൂടെ ബ്രിട്ടീഷുകാരെ പ്രതിരോധിക്കാമെന്ന് ഗാന്ധിജി അഭിപ്രായപ്പെട്ടു.


ഗാന്ധിജി വാർധാ വിദ്യാഭ്യാസ സമ്മേളനത്തിൽ



### നയി താലിം (Nai Talim)

ഉൽപ്പാദനക്ഷമമായ ഏതെങ്കിലും തൊഴിലുമായി ബന്ധപ്പെടുത്തി വേണം വിദ്യാഭ്യാസം നൽകാൻ എന്നു ഗാന്ധിജി നിർദേശിച്ചു. എട്ടു മുതൽ പതിനാല് വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകണമെന്നും അത് മാതൃഭാഷയിലായിരിക്കണമെന്നും അദ്ദേഹം പറഞ്ഞു. ഗാന്ധിജി വിഭാവനചെയ്ത ഈ വിദ്യാഭ്യാസ പദ്ധതി നയി താലിം (നൂതനവിദ്യാഭ്യാസം) എന്നറിയപ്പെടുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ 1937 ലെ വാർധാ സമ്മേളനം ഈ പദ്ധതിയെക്കുറിച്ച് പഠിക്കാനായി ഡോ. സാക്കിർ ഹുസൈന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ നിയമിച്ചു.



ഇന്ത്യൻ ദേശീയതയുടെ വളർച്ചയ്ക്ക് വിദ്യാഭ്യാസരംഗത്തെ പുരോഗതി സഹായകമായതെങ്ങനെ?



ദേശീയവിദ്യാഭ്യാസം മുന്നോട്ടു വച്ച ചില ആശയങ്ങളാണ് പട്ടികയിൽ തന്നിട്ടുള്ളത്. ഈ ആശയങ്ങൾ പ്രാവർത്തികമാക്കാൻ ശ്രമിച്ച സ്ഥാപനങ്ങൾക്കുള്ള ഉദാഹരണങ്ങൾ പാഠഭാഗം പരിശോധിച്ച് കണ്ടെത്തുക.

| ദേശീയവിദ്യാഭ്യാസം മുന്നോട്ടു വച്ച ആശയങ്ങൾ | ഉദാഹരണങ്ങൾ |
|---|---|
| • മതേതരത്വം | • |
| • ദേശീയത | • |
| • സ്ത്രീകളുടെ ഉന്നമനം | • |
| • അന്തർദേശീയത | • |
| • പാരമ്പര്യകലകളുടെ പുനരുദ്ധാരണം | • |
| • വൈദേശികമേധാവിത്വം, ജാതിവ്യവസ്ഥ എന്നിവയോടുള്ള എതിർപ്പ്. | • |

## സാഹിത്യവും ദേശീയതയും

*"അവരെന്റെ ചുണ്ടുകൾ മുദ്രവയ്ക്കട്ടെ,*
*എന്നെ തടവറയിലാക്കട്ടെ,*
*പക്ഷേ, എന്റെ ആശയങ്ങൾക്ക്*
*വിലങ്ങു തീർക്കാൻ അവർക്കാവില്ല"*

ബ്രിജ്നാരായൺ ചക്ബസ്ത്

ഉർദുകവിയായ ബ്രിജ്നാരായൺ ചക്ബസ്ത് ബ്രിട്ടീഷുകാരുടെ ആധിപത്യത്തിനും അവകാശനിഷേധങ്ങൾക്കുമെതിരായി രചിച്ച കവിതയിലെ ചില വരികളാണിത്. ഇത്തരത്തിലുള്ള നിരവധി സാഹിത്യകൃതികൾ പത്തൊമ്പതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലും ഇന്ത്യയിലെ വിവിധ ഭാഷകളിൽ രചിക്കപ്പെട്ടു. അതിനു വഴിതെളിച്ച സാഹചര്യവും അതിന്റെ സ്വാധീനവും എന്തായിരുന്നുവെന്നു നോക്കാം.

ഇന്ത്യൻ സമൂഹത്തിൽ നിലനിന്ന ജീർണതകൾക്കും ബ്രിട്ടീഷുകാരുടെ സാമ്പത്തികചൂഷണത്തിനും എതിരായ പ്രതിഷേധം സാഹിത്യത്തിലും പ്രതിഫലിച്ചു. രാജ്യത്തിന്റെ ഓരോ ഭാഗത്തും ജനങ്ങൾ നേരിടുന്ന ദുരിതങ്ങളും പ്രതിസന്ധികളും സാഹിത്യകാരന്മാർ തങ്ങളുടെ കൃതികളിൽ ചിത്രീകരിച്ചു. ഇവ

വായിച്ച മറ്റു പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഈ ദുരിതങ്ങൾ തങ്ങളുടേതു കൂടിയാണെന്ന് അനുഭവപ്പെട്ടു. ഇന്ത്യൻജനത ഒറ്റക്കെട്ടായി ഈ വ്യവസ്ഥയ്ക്കെതിരായി പ്രതിഷേധിക്കാൻ മുന്നോട്ടുവന്നു. കവിതകൾ, കഥകൾ, നാടകങ്ങൾ, നോവലുകൾ തുടങ്ങിയവയിലൂടെ എഴുത്തുകാർ തങ്ങളുടെ പ്രതിഷേധം ജനങ്ങളുമായി പങ്കുവച്ചു. ഇത് ജനങ്ങളിൽ ചൂഷണവിരുദ്ധ മനോഭാവവും സ്വന്തം രാജ്യത്തോട് ഇഷ്ടവും വളരുന്നതിന് കാരണമായി. മാതൃരാജ്യത്തെ പ്രകീർത്തിച്ചുകൊണ്ട് പ്രാദേശികഭാഷകളിൽ രചിക്കപ്പെട്ട കൃതികൾ നിരക്ഷരരായ ജനങ്ങളും സാക്ഷരരായ വരേണ്യവർഗവും തമ്മിലുള്ള അന്തരം കുറച്ചു.


ബങ്കിംചന്ദ്ര ചാറ്റർജി

ശിശിർകുമാർ ഘോഷ്, സത്യേന്ദ്രനാഥ് ടാഗോർ തുടങ്ങിയവരുടെ നേതൃത്വത്തിൽ അവതരിപ്പിച്ച നാടകത്തിലൂടെയാണ് ഭാരതമാതാ എന്ന സങ്കൽപ്പം ആദ്യമായി പൊതുവേദിയിൽ പ്രത്യക്ഷപ്പെടുന്നത്. തുടർന്ന് ബംഗാളിസാഹിത്യകാരനായ ബങ്കിം ചന്ദ്ര ചാറ്റർജി ഒരു പാശ്ചാത്യസാഹിത്യരൂപമായിരുന്ന നോവലിനെ ഇന്ത്യക്കാരുടെ ജീവിതയാഥാർഥ്യങ്ങൾ ചിത്രീകരിക്കാനുള്ള മാധ്യമമാക്കി മാറ്റി. ബംഗാളിലെ കർഷകർ നടത്തിയ സന്ന്യാസികലാപം പ്രമേയമാക്കി രചിച്ച 'ആനന്ദമഠം' ആണ് അദ്ദേഹത്തിന്റെ നോവലുകളിൽ ഏറ്റവും ശ്രദ്ധേയം. ഇതിലൂടെ ബംഗാളിലെ കർഷകരുടെ അവസ്ഥയും സമ്പന്നരും സാധാരണക്കാരും തമ്മിലുള്ള വ്യത്യാസവും ഇന്ത്യയിലെ ജനങ്ങളെയാകെ ബോധ്യപ്പെടുത്താൻ അദ്ദേഹത്തിനു കഴിഞ്ഞു. ഇതിൽ നിന്നാണ് 'വന്ദേമാതരം' എന്ന ഗാനം എടുത്തിട്ടുള്ളത്.


ദിനബന്ധു മിത്ര

ബംഗാളി നാടകകൃത്തായ ദിനബന്ധു മിത്ര രചിച്ച 'നീൽദർപ്പൺ' ബംഗാളിലെ നീലംകർഷകർ അനുഭവിക്കുന്ന കൊടിയ ചൂഷണത്തെ ഹൃദയഹാരിയായി ചിത്രീകരിച്ചു. നൂറുകണക്കിന് വേദികളിൽ അരങ്ങേറിയ ഈ നാടകത്തെ വർധിച്ച ആവേശത്തോടെയാണ് ജനങ്ങൾ സ്വീകരിച്ചത്. 'നീൽദർപ്പണി'ൽ ചിത്രീകരിച്ച കർഷകരുടെ പ്രശ്നങ്ങൾ സുരേന്ദ്രനാഥ ബാനർജി സ്ഥാപിച്ച ഇന്ത്യൻ അസോസിയേഷൻ എന്ന ആദ്യകാല രാഷ്ട്രീയപ്രസ്ഥാനം ഏറ്റെടുക്കുകയും ഇന്ത്യയിലെമ്പാടും പ്രചരിപ്പിക്കുകയും ചെയ്തു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലെ കർഷകകലാപങ്ങൾക്ക് ഈ നാടകം പ്രചോദനമായി.



നീൽദർപ്പൺ

### ഇന്ത്യൻ അസോസിയേഷനും ഇന്ത്യൻ നാഷണൽ കോൺഗ്രസും

സുരേന്ദ്രനാഥ് ബാനർജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ അസോസിയേഷൻ 1883 ൽ കൽക്കത്തയിൽ അതിന്റെ ആദ്യ ദേശീയസമ്മേളനം ചേർന്നു. രണ്ടാമത്തെ ദേശീയസമ്മേളനം 1885 ൽ ഡിസംബറിൽ കൽക്കത്തയിൽ ചേരുന്ന സമയത്താണ് ഇന്ത്യൻ അസോസിയേഷന്റെ ഒരു വിഭാഗവും എ.ഒ.ഹ്യൂം സ്ഥാപിച്ച ഇന്ത്യൻ നാഷണൽ യൂണിയൻ എന്ന സംഘടനയും ചേർന്ന് ബോംബെയിൽ വച്ച് ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപീകരിച്ചത്.


മുഹമ്മദ് ഇഖ്ബാൽ

'സാരേ ജഹാം സേ അച്ഛാ, ഹിന്ദുസ്ഥാൻ ഹമാരാ' എന്ന ഗാനം രചിച്ച ഉർദു കവിയായ അല്ലാമാ മുഹമ്മദ് ഇഖ്ബാൽ തന്റെ കവിതകളിലൂടെ ഇന്ത്യയുടെ പ്രകൃതിഭംഗിയെയും ജനങ്ങളുടെ ഐക്യത്തെയും പാടിപ്പുകഴ്ത്തി. ഇന്ത്യ എന്ന ഏകരാഷ്ട്രത്തെക്കുറിച്ചുള്ള ബോധം ജനങ്ങളിൽ സൃഷ്ടിക്കാൻ ഇവരുടെ രചനകൾ കാരണമായി. വിവിധ ഭാഷകളിൽ നിരവധി സാഹിത്യകാരന്മാർ രാജ്യസ്നേഹവും ദേശാഭിമാനബോധവും തുളുമ്പുന്ന കൃതികൾ രചിച്ചു. അത്തരം ചില കൃതികളെയും അവയുടെ രചയിതാക്കളെയും പരിചയപ്പെടാം.

| കൃതികൾ | എഴുത്തുകാർ | ഭാഷ |
|---|---|---|
| • ഗോര<br>• ഗീതാഞ്ജലി | • രവീന്ദ്രനാഥ ടാഗോർ<br> | • ബംഗാളി |
| • സേവാസദൻ<br>• പ്രേമാശ്രമം<br>• രംഗഭൂമി<br>• ഗോദാൻ | • പ്രേംചന്ദ്<br> | • ഹിന്ദി |
| • പാഞ്ചാലിശപഥം<br>• കളിപ്പാട്ട്<br>• കണ്ണൻപാട്ട്<br>• കുയിൽപാട്ട് | • സുബ്രഹ്മണ്യഭാരതി<br> | • തമിഴ് |
| • ഹയാത്ത്-ഇ-സാദി,<br>• ഹയാത്ത്-ഇ-ജവീദ് | • അൽത്താഫ് ഹുസൈൻ ഹാലി<br> | • ഉർദു |
| • നിബന്ധമാല | • വിഷ്ണുകൃഷ്ണ ചിപ്ളുങ്കർ<br> | • മറാത്തി |

| | | |
|---|---|---|
| • എന്റെ ഗുരുനാഥൻ<br>• ബാപ്പുജി<br>• ഇന്ത്യയുടെ കരച്ചിൽ | • വള്ളത്തോൾ നാരായണ മേനോൻ  | • മലയാളം |



## വരിക വരിക സഹജരേ

ഇന്ത്യയുടെ ദേശീയപ്രസ്ഥാനത്തിന് ശക്തിപകർന്ന നിരവധി കവിതകളും ഗാനങ്ങളും മലയാളത്തിലും രചിക്കപ്പെട്ടു. അക്കൂട്ടത്തിൽ ശ്രദ്ധേയമായ ഒന്നാണ് അംശി നാരായണപിള്ള രചിച്ച 'വരിക വരിക സഹജരേ' എന്ന ഗാനം. അതിലെ ഏതാനും വരികൾ.

*വരിക വരിക സഹജരേ - വലിയ സഹന സമരമായ്*
*കരളുറച്ചു കൈകൾ കോർത്തു കാൽനടയ്ക്കുപോക നാം!*
*കൺതുറന്നു നോക്കുവിൻ - കൈകൾ കോർത്തിറങ്ങുവിൻ*
*കപടകുടില ഭരണകൂടമിക്ഷണം തകർക്ക നാം!*
*ബ്രിട്ടനെ വിരട്ടുവിൻ - ചട്ടമൊക്കെ മാറ്റുവിൻ*
*ദുഷ്ടനീതി വിഷ്ടപത്തിലൊട്ടുമേ നിലച്ചിടാ!*
*വിജയമെങ്കിൽ വിജയവും - മരണമെങ്കിൽ മരണവും*
*ഭയവിഹീനമഖില ജനവുമാഗ്രഹിച്ചിറങ്ങണം.*



വിവിധ ഭാഷകളിൽ രചിക്കപ്പെട്ട സാഹിത്യകൃതികൾ ഇന്ത്യൻ ദേശീയതയുടെ ആവിർഭാവത്തിന് വഴിതെളിച്ചതെങ്ങനെ? ചർച്ചചെയ്യുക.

## ദേശീയത കലയിൽ



ഭാരതമാതാ

ബംഗാളിചിത്രകാരനായ അബനീന്ദ്രനാഥ ടാഗോർ സ്വദേശിസമരകാലത്ത് വരച്ച ജലച്ചായാ ചിത്രമാണിത്. ഇന്ത്യയിലെ ജനങ്ങൾക്ക് ആഹാരം, വസ്ത്രം, വിജ്ഞാനം എന്നിവ നൽകുന്ന ഭാരതമാതാവിനെയാണ് അദ്ദേഹം ചിത്രീകരിച്ചിട്ടുള്ളത്. ഇന്ത്യക്കാരിൽ ദേശസ്നേഹം വളർത്തുന്നതിൽ ഈ ചിത്രം നിർണായക പങ്കുവഹിച്ചു. തുടർന്ന് പല രൂപത്തിൽ ഭാരതമാതായുടെ ചിത്രം ഇന്ത്യയുടെ ഭൂപടത്തിൽ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ചിത്രങ്ങൾ പ്രചാരത്തിലായി. ഇന്ത്യൻ ചിത്രകലയെ പാശ്ചാത്യസ്വാധീനത്തിൽനിന്ന് മോചിപ്പിക്കാനും ഭാരതീയസംസ്കാരത്തിലും ദേശീയ പാരമ്പര്യത്തിലും അടിയുറച്ച പൗരസ്ത്യ ചിത്രകലയുടെ പ്രോത്സാഹനത്തിനുമായി അദ്ദേഹം കൽക്കത്തയിൽ 'ഇന്ത്യൻ സൊസൈറ്റി ഓഫ് ഓറിയന്റൽ ആർട്സ്' സ്ഥാപിച്ചു. പാശ്ചാത്യരീതി ഉൾക്കൊണ്ടുകൊണ്ട് മലയാളിയായ രാജാ രവിവർമ ഇന്ത്യൻ പുരാണങ്ങളിലെയും സാഹിത്യ



രാജാരവിവർമയുടെ ചിത്രം - കാളിദാസന്റെ ശാകുന്തളത്തിൽ നിന്നുള്ള രംഗം



സതി - നന്ദലാൽ ബോസിന്റെ ചിത്രം



ഗ്രാമീണ ചെണ്ടക്കാരൻ - നന്ദലാൽ ബോസിന്റെ ചിത്രം

കൃതികളിലെയും വിവിധ സന്ദർഭങ്ങൾ ചിത്രീകരിച്ചു. ഇന്ത്യയിലെ ശ്രദ്ധേയമായ സാഹിത്യകൃതികളിൽ നിന്നും ചരിത്രസംഭവങ്ങളിൽനിന്നുമുള്ള സന്ദർഭങ്ങളെയാണ് നന്ദലാൽ ബോസ് തന്റെ ചിത്രങ്ങൾക്ക് വിഷയങ്ങളാക്കിയത്. 'സതി' ആയിരുന്നു അദ്ദേഹത്തിന്റെ ഏറ്റവും ശ്രദ്ധേയമായ ചിത്രം. ഇന്ത്യയിൽ നിലനിന്ന ദുരാചാരങ്ങളിലൊന്നായ സതി അനുഷ്ഠിക്കുന്ന ഒരു സ്ത്രീയുടെ ചിത്രമാണിത്. ആരെയും സ്പർശിക്കുന്ന ഈ ചിത്രം ഇത്തരം ദുരാചാരങ്ങൾക്കെതിരായ മനോഭാവം ഇന്ത്യക്കാരിൽ വളർത്താൻ കാരണമായി. അദ്ദേഹത്തിന്റെ 'ഗ്രാമീണ ചെണ്ടക്കാരൻ' (Village Drummer) എന്ന ചിത്രം 1938 ൽ ഹരിപുരയിൽ നടന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സമ്മേളനത്തിൽ പ്രദർശിപ്പിക്കുകയും അതിനെ കോൺഗ്രസ്സിന്റെ പോസ്റ്ററിനുള്ള ചിത്രമായി തിരഞ്ഞെടുക്കുകയും ചെയ്തു. ഇന്ത്യയുടെ ഗ്രാമങ്ങളിലെ ജീവിതദുരിതങ്ങളാണ് വെളിച്ചം കുറഞ്ഞ വർണങ്ങളിൽ അമൃതാ ഷേർഗിൽ ചിത്രീകരിച്ചത്. ഇന്ത്യയിലെ ജീവിതത്തെയും സംസ്കാരത്തെയും ചിത്രീകരിച്ച ഇവരുടെ സൃഷ്ടികൾ ഇന്ത്യക്കാരുടെ മനസ്സിൽ ഒരൊറ്റ ഇന്ത്യയുടെ ചിത്രം വരച്ചു.



ഗ്രാമീണജീവിതം - അമൃതാ ഷേർഗിലിന്റെ ചിത്രം



ഇന്ത്യൻ ദേശീയതയുടെ ആവിർഭാവത്തിൽ ചിത്രകാരന്മാരും നിർണായക പങ്കുവഹിച്ചു-പ്രസ്താവന ചർച്ച ചെയ്യുക.



ദേശീയപതാകയും ദേശീയമുദ്രയും

ചിത്രങ്ങൾ ശ്രദ്ധിച്ചല്ലോ. ഇന്ത്യൻ ജനതയിൽ ദേശീയ ഐക്യം വളർത്താൻ സഹായിക്കുന്ന ദേശീയചിഹ്നങ്ങളാണിവ. ഇതോടൊപ്പം രവീന്ദ്രനാഥ ടാഗോർ രചിച്ച ദേശീയഗാനവും ദേശീയബോധം സൃഷ്ടിക്കാൻ സഹായകമായി. സ്വദേശി സമരകാലത്താണ് ആദ്യമായി ത്രിവർണപതാകയ്ക്ക് രൂപം നൽകിയത്. ബ്രിട്ടീഷ് ഇന്ത്യയിലെ എട്ട് പ്രവിശ്യകളെ പ്രതിനിധീകരിക്കുന്ന എട്ട് താമരകളും ഹിന്ദു-മുസ്ലിം ഐക്യത്തിന്റെ പ്രതീകമായി ഒരു അർധചന്ദ്രനുമടങ്ങിയതായിരുന്നു ആ പതാക. ഗാന്ധിജിയുടെ നേതൃത്വത്തിൽ ചർക്കയോടുകൂടിയ ദേശീയപതാകയ്ക്ക് രൂപം നൽകി. ഇന്ത്യൻ ജനതയുടെ സ്വാശ്രയത്വത്തിന്റെയും വിദേശാധിപത്യത്തിനെതിരായ പ്രതിഷേധത്തിന്റെയും പ്രതീകമായിരുന്നു ചർക്ക. 1947 ലാണ് ഇന്നത്തെ ത്രിവർണപതാക



### മാഡം കാമയും ത്രിവർണപതാകയും

ഇന്ത്യൻ സ്വാതന്ത്ര്യപ്രസ്ഥാനത്തിന് നേതൃത്വം നൽകിയ ധീരവനിതകളിൽ ഒരാളാണ് മാഡം ബിക്കാജി കാമ. ഒരു അന്താരാഷ്ട്ര വേദിയിൽ ഇന്ത്യയുടെ ത്രിവർണപതാക ആദ്യമായി ഉയർത്തിയത് അവരായിരുന്നു. 1907 ൽ ജർമനിയിലെ സ്റ്റട്ട്ഗർട്ടിൽ വച്ച് നടന്ന രണ്ടാം ഇന്റർനാഷണലിന്റെ സമ്മേളനത്തിലാണ് ത്രിവർണപതാക ഉയർത്തിയത്.

സ്വീകരിച്ചത്. സാരനാഥിലെ അശോകസ്തംഭത്തിൽനിന്ന് എടുത്ത ദേശീയ മുദ്രയെക്കുറിച്ച് മുൻ ക്ലാസുകളിൽ പഠിച്ചിട്ടുണ്ടല്ലോ. ദേശീയഗീതങ്ങളും ചിത്രങ്ങളും ചിഹ്നങ്ങളും ഇന്ത്യയുടെ സ്വാതന്ത്ര്യപ്രക്ഷോഭത്തിലുടനീളം ഉപയോഗിക്കപ്പെട്ടു. ഇത് ഇന്ത്യൻ ജനതയിൽ ദേശീയബോധം വളർത്തുന്നതിൽ നിർണായക പങ്കു വഹിച്ചു.

ഇന്ത്യൻ ദേശീയത ആവിർഭവിച്ചത് പത്തൊമ്പതാം നൂറ്റാണ്ടിലാണെങ്കിലും സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ദേശീയസമരം ആരംഭിക്കുന്നതിന് വളരെ മുൻപുതന്നെ ഇന്ത്യൻ ജനത ഒരു രാഷ്ട്രത്തെക്കുറിച്ചുള്ള സങ്കൽപ്പങ്ങൾ രൂപപ്പെടുത്തിയിരുന്നു. തങ്ങൾക്ക് പരമാധികാരമുള്ള രാജ്യത്ത് ഇന്ത്യയുടെ ആധുനികവൽക്കരണം നടപ്പിലാക്കാൻ അവർ ആഗ്രഹിച്ചു. സ്വാതന്ത്ര്യവും സമത്വവും പരമാധികാരവും നേടാനുള്ള ഇന്ത്യൻ ജനതയുടെ തീവ്രമായ ആഗ്രഹം സാഹിത്യം, കല, വിദ്യാഭ്യാസം, പത്രപ്രവർത്തനം സാമൂഹിക പരിഷ്കരണം എന്നീ മേഖലകളിൽ പ്രതിഫലിച്ചു. ഇത് ഇന്ത്യൻ ദേശീയതയ്ക്ക് ഉണർവേകി.

**"ഇന്ത്യൻ ദേശീയതയുടെ രൂപീകരണത്തിന് സ്വാധീനം ചെലുത്തിയ ഘടകങ്ങൾ" എന്ന വിഷയത്തെ ആസ്പദമാക്കി ഒരു പ്രോജക്ട് തയാറാക്കുക.**






## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- ഇന്ത്യൻ ദേശീയതയുടെ ആവിർഭാവത്തിനു വഴിതെളിച്ച വിവിധ ഘടകങ്ങൾ തിരിച്ചറിയുന്നു.
- ബ്രിട്ടീഷുകാരുടെ കൊളോണിയൽ ഭരണം ഇന്ത്യൻ ദേശീയതയ്ക്ക് കാരണമായതെങ്ങനെയെന്ന് വിലയിരുത്തുന്നു.
- ഇന്ത്യയിലെ സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങൾ ഇന്ത്യൻ ദേശീയതയ്ക്ക് കാരണമായതെങ്ങനെയെന്ന് വിശകലനം ചെയ്യുന്നു.

- ഇന്ത്യൻ ദേശീയതയുടെ ആവിർഭാവത്തിൽ പത്രങ്ങൾക്കുള്ള സ്വാധീനം വിശദമാക്കുന്നു.
- ഇന്ത്യയുടെ ദേശീയത രൂപപ്പെടുന്നതിൽ വിദ്യാഭ്യാസം, സാഹിത്യം, കല എന്നിവയ്ക്കുള്ള പങ്ക് വിശകലനം ചെയ്യുന്നു.

## വിലയിരുത്താം

- ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിനെതിരായ പ്രതിരോധവും പ്രതിഷേധവുമായിരുന്നു ഇന്ത്യൻ ദേശീയത. സമർഥിക്കുക.
- ഒരു രാജ്യത്തെ ജനങ്ങൾക്കിടയിൽ ഐക്യം വളർത്തുന്നതിൽ പത്രങ്ങൾക്ക് വലിയ പങ്കുണ്ട്. ഇന്ത്യയിലെ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ ഈ പ്രസ്താവനയുടെ മൂല്യം പരിശോധിക്കുക.
- ഇന്ത്യൻ ദേശീയത രൂപപ്പെടുന്നതിൽ വിദ്യാഭ്യാസരംഗത്തെ മാറ്റങ്ങൾ വഹിച്ച പങ്ക് വിലയിരുത്തുക.
- സാമൂഹികപരിഷ്കരണം ദേശീയ ഐക്യത്തിന് അനിവാര്യമാണോ എന്നു പരിശോധിക്കുക.
- ചുവടെ തന്നിട്ടുള്ളതിൽ 'എ' വിഭാഗത്തിലെ പരസ്പരബന്ധം മനസ്സിലാക്കി അതുപോലെ 'ബി' വിഭാഗം പൂർത്തിയാക്കുക.

| | | | |
|---|---|---|---|
| i. | എ) | വള്ളത്തോൾ നാരായണമേനോൻ | : മലയാളം |
| | ബി) | അൽത്താഫ് ഹുസൈൻ ഹാലി | : .................. |
| ii. | എ) | ഭാരതമാതാ | : അബനീന്ദ്രനാഥ ടാഗോർ |
| | ബി) | സതി | : .................................... |
| iii. | എ) | ആനന്ദമഠം | : നോവൽ |
| | ബി) | നീൽദർപ്പൺ | : ................ |
| iv. | എ) | ആര്യസമാജം | : സ്വാമി ദയാനന്ദ സരസ്വതി |
| | ബി) | രാമകൃഷ്ണ മിഷൻ | : ...................................... |

## തുടർപ്രവർത്തനങ്ങൾ

- ഇന്ത്യയുടെ ദേശീയ ഐക്യത്തിന് സഹായകമായ പത്രങ്ങൾ, സാഹിത്യകൃതികൾ എന്നിവയും അവയുടെ ചിത്രങ്ങളും ശേഖരിച്ച് ഒരു പതിപ്പ് തയാറാക്കുക.
- ദേശീയബോധം ജനിപ്പിക്കുന്ന മലയാളത്തിലെ കവിതകൾ ശേഖരിച്ച് പതിപ്പ് തയാറാക്കുക.



ധ്യായം

05

# സമരവും സ്വാതന്ത്ര്യവും

## നീലത്തിന്റെ കറ

*"ചമ്പാരൻ എന്ന പേരോ ആ പ്രദേശം ഇന്ത്യയിൽ എവിടെ സ്ഥിതിചെയ്യുന്നുവെന്നോ, നീലംകൃഷി ചെയ്യുന്ന തോട്ടങ്ങളെക്കുറിച്ചോ എനിക്ക് യാതൊരു ധാരണയുമില്ലായിരുന്നു. നീലത്തിന്റെ വലിയ ചാക്കുകെട്ടുകൾ ഞാൻ കണ്ടിട്ടുണ്ടായിരുന്നെങ്കിലും ചമ്പാരനിലെ സാധാരണ കർഷകർ വളരെയേറെ കഷ്ടതകൾ അനുഭവിച്ചാണ് നീലം ഉൽപാദിച്ചിപ്പിച്ചിരുന്നതെന്ന വസ്തുതയും എനിക്കറിയില്ലായിരുന്നു. രാജ്കുമാർ ശുക്ല എന്ന സാധാരണക്കാരനായ നീലംകർഷകൻ താൻ ഉൾപ്പെടുന്ന നീലംകർഷകരുടെ ദുരിതവും കഷ്ടപ്പാടും അവസാനിപ്പിക്കുവാൻ പരിശ്രമിച്ചതിന്റെ ഭാഗമായിട്ടാണ് 1916 – ൽ ലക്നോവിൽ വച്ച് എന്റെ അരികിൽ വന്നത്. എന്റെ നിർദേശപ്രകാരം 1916 ലെ കോൺഗ്രസ്സിന്റെ ലാഹോർ സമ്മേളനത്തിൽ ബ്രിജ് കിഷോർ ശർമ നീലംകർഷകരോട് സഹതാപം പ്രകടിപ്പിച്ചുകൊണ്ടുള്ള പ്രമേയം അവതരിപ്പിക്കുകയും ഐകകണ്ഠ്യേന പാസാക്കുകയും ചെയ്തു. കാൺപൂരിലും ആശ്രമത്തിലും രാജ്കുമാർ എന്നെ പിന്തുടർന്നു. അവസാനം ഞാൻ കൽക്കത്ത സന്ദർശിക്കുന്ന അവസരത്തിൽ ചമ്പാരനിൽ എത്താം എന്നു വാക്കു കൊടുത്തു".*



എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ –
മഹാത്മാഗാന്ധി

ബിഹാറിലെ ചമ്പാരനിൽ 1917 ൽ നടന്ന നീലംകർഷകരുടെ സമരത്തിൽ പങ്കെടുക്കാൻ ഇടയായ സാഹചര്യമാണ് ഗാന്ധിജി ആത്മകഥയിൽ വിവരിക്കുന്നത്. ചമ്പാരനിലെ നീലംകർഷകരുടെ പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ടാണ് ഗാന്ധിജി ഇന്ത്യയിൽ പൊതുപ്രവർത്തനം ആരംഭിക്കുന്നത്. വളരെ പെട്ടെന്നുതന്നെ ഇന്ത്യയിലെ സാധാരണക്കാരുടെ വിശ്വാസവും അംഗീകാരവും നേടാൻ അദ്ദേഹത്തിന് കഴിഞ്ഞു. അതിന്റെ കാരണങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് നോക്കാം.

### ഗാന്ധിജിയും ദക്ഷിണാഫ്രിക്കയും

ദാദാ അബ്ദുല്ല എന്ന ഗുജറാത്തിവ്യാപാരിയുടെ കേസുകൾ വാദിക്കുന്നതിനായാണ് ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ എത്തിയത്. ദർബനിൽനിന്ന് പ്രിട്ടോറിയയിലേക്കുള്ള ട്രെയിൻ യാത്രയിൽ ഇന്ത്യക്കാരനായതുകൊണ്ട് വെള്ളക്കാർക്കൊപ്പം ഒന്നാം ക്ലാസിൽ യാത്ര ചെയ്യാൻ അവകാശമില്ല എന്നു പറഞ്ഞുകൊണ്ട് അദ്ദേഹത്തെ ഇറക്കിവിട്ടു. ചുരുങ്ങിയ സമയംകൊണ്ടുതന്നെ ദക്ഷിണാഫ്രിക്കയിലെ ഇന്ത്യക്കാർ അനുഭവിക്കുന്ന വർണവിവേചനത്തിന്റെ തീവ്രത അദ്ദേഹം മനസ്സിലാക്കി. അവിടെ ഉണ്ടായിരുന്ന ഇരുപത്തൊന്ന് വർഷക്കാലവും ദക്ഷിണാഫ്രിക്കയിലെ വെള്ളക്കാരല്ലാത്തവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് അദ്ദേഹം ശ്രമിച്ചത്.

- ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് ദക്ഷിണാഫ്രിക്കയിൽ എത്തിയ ജനവിഭാഗങ്ങളുടെ പ്രശ്നങ്ങളിൽ ഇടപെട്ടതിലൂടെ ഗാന്ധിജി ഇന്ത്യയിലും സുപരിചിതനായി.
- ദക്ഷിണാഫ്രിക്കയിൽ ഗാന്ധിജി നടത്തിയ സമരങ്ങൾ അദ്ദേഹത്തെ പ്രശസ്തനാക്കി.
- സാധാരണ ജനങ്ങളെപ്പോലെ വസ്ത്രം ധരിക്കുകയും ഭക്ഷണം കഴിക്കുകയും അവരുടെ ഭാഷയിൽ തന്നെ സംസാരിക്കുകയും ചെയ്തത് ഗാന്ധിജിയെ ജനകീയനാക്കി.
- തങ്ങളുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയുന്ന രക്ഷകനായി ഗാന്ധിജിയെ സാധാരണക്കാർ വിലയിരുത്തി.

## ഗാന്ധിജിയുടെ ആദ്യകാല സമരങ്ങൾ

ദക്ഷിണാഫ്രിക്കയിൽനിന്ന് ഇന്ത്യയിൽ തിരിച്ചെത്തിയ ഗാന്ധിജി ആദ്യമായി ഇടപെട്ട ചില പ്രാദേശിക സമരങ്ങളാണ് ചുവടെ നൽകിയിരിക്കുന്നത്.

| സമരം | പ്രദേശം | വർഷം |
|---|---|---|
| • ചമ്പാരനിലെ നീലംകർഷകരുടെ സമരം | • ബിഹാർ | • 1917 |
| • അഹമ്മദാബാദിലെ തുണിമിൽ സമരം | • ഗുജറാത്ത് | • 1918 |
| • ഖേഡയിലെ കർഷകസമരം | • ഗുജറാത്ത് | • 1918 |


ഗാന്ധിജി ജനങ്ങളോടു സംസാരിക്കുന്നു

ഈ മൂന്നു സമരങ്ങളും പ്രാദേശികവും സാമ്പത്തികപ്രശ്നങ്ങളുടെ അടിസ്ഥാനത്തിലുള്ളവയുമായിരുന്നു.

ചമ്പാരനിലെ നീലംകർഷകരുടെ പ്രശ്നത്തിൽ ഇടപെട്ട ഗാന്ധിജി നിയമലംഘനവും സഹനസമരവും പോലുള്ള സമരരീതികളാണ് സ്വീകരിച്ചത്. ഗാന്ധിജിയുടെ ഇടപെടൽ നീലംകർഷകർക്ക് അനുകൂലമായ നിയമം പാസാക്കാൻ അധികാരികളെ നിർബന്ധിതരാക്കി. സമരത്തിനുശേഷം ഗാന്ധിജി ചമ്പാരന്റെ പുരോഗതിക്കായുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. പ്രാഥ

മിക വിദ്യാലയങ്ങൾ ആരംഭിക്കുകയും ശുചീകരണ പ്രവർത്തനങ്ങളും വൈദ്യസഹായ പ്രവർത്തനങ്ങളും ഏറ്റെടുക്കുകയും ചെയ്തു.

പ്ലേഗ് ബോണസിനെച്ചൊല്ലിയുള്ള 1918 ലെ അഹമ്മദാബാദ് തുണിമിൽ സമരത്തിലും ചമ്പാരനിലെ സമരരീതികളാണ് അദ്ദേഹം സ്വീകരിച്ചത്. ഗാന്ധിജിയുടെ ഉപവാസത്തെത്തുടർന്ന് അധികാരികൾ ശമ്പളവർധനവിന് സമ്മതിക്കുകയും സമരം അവസാനിക്കുകയും ചെയ്തു.

വരൾച്ചയും കൃഷിനാശവുംമൂലം ദുരിതത്തിലായിരുന്ന ഖേഡയിലെ കർഷകരിൽനിന്നു നികുതി പിരിക്കാൻ തീരുമാനിച്ച അധികാരികളുടെ നയത്തിനെതിരെ ഗാന്ധിജി നികുതിനിഷേധവും സത്യഗ്രഹവും സമരായുധങ്ങളായി ഉപയോഗിച്ചു. അതിന്റെ ഫലമായി സർക്കാർ നികുതിയിളവുകൾ നൽകാൻ തയാറായി. സത്യഗ്രഹത്തിലും അഹിംസയിലും അധിഷ്ഠിതമായ ആദ്യകാല സമരങ്ങൾ ഗാന്ധിജിയെ ജന സമൂഹത്തിന്റെ നേതാവാക്കിത്തീർത്തു.

**പ്ലേഗ് ബോണസ്**

1917 ൽ അഹമ്മദാബാദിൽ പൊട്ടിപ്പുറപ്പെട്ട പ്ലേഗ് രോഗം അവിടത്തെ ജനസംഖ്യയുടെ ഏതാണ്ട് 10% പേരെ കൊന്നൊടുക്കി. ഈ കാലയളവിൽ തൊഴിലാളികൾക്ക് അവരുടെ ശമ്പളത്തിന്റെ 80% വരെ ബോണസായി നൽകിയിരുന്നു. രോഗഭീതി മൂലം തൊഴിലാളികൾ തൊഴിലുപേക്ഷിച്ച് പോകാതിരിക്കാനായി ഏർപ്പെടുത്തിയ ഈ സംവിധാനം ഒന്നാം ലോകയുദ്ധം കൊണ്ടുണ്ടായ വിലക്കയറ്റത്തെ പ്രതിരോധിക്കാൻ തൊഴിലാളികൾക്ക് സഹായകമായി. രോഗഭീതി ഒഴിഞ്ഞതോടുകൂടി ഈ ആനുകൂല്യം നിർത്തലാക്കിയതാണ് തൊഴിലാളികളെ സമരത്തിന് പ്രേരിപ്പിച്ചത്.

ഇന്ത്യൻ ജനസമൂഹത്തിന്റെ നേതാവായി ഗാന്ധിജി മാറിയതെങ്ങനെ?

ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യകാല സമരങ്ങളുടെ ഫലങ്ങളെന്തെല്ലാമായിരുന്നുവെന്ന് നോക്കാം.

- ഗാന്ധിജിയുടെ സമരരീതിയും ആശയങ്ങളും സാധാരണക്കാരായ ജനങ്ങൾക്ക് പരിചയപ്പെടാൻ അവസരം ലഭിച്ചു.
- വിദ്യാസമ്പന്നരായ ആളുകൾക്കിടയിൽ മാത്രമായി ഒതുങ്ങി നിന്നിരുന്ന ദേശീയപ്രസ്ഥാനത്തിലേക്ക് സാധാരണക്കാരായ ജനങ്ങളും ആകർഷിക്കപ്പെട്ടു.
- പട്ടണങ്ങളിൽ മാത്രം ഒതുങ്ങിനിന്നിരുന്ന ദേശീയപ്രസ്ഥാനത്തിന് ഗ്രാമപ്രദേശങ്ങളിലും വേരോട്ടമുണ്ടായി.
- എല്ലാവിഭാഗം ജനങ്ങൾക്കും സ്വീകാര്യനായ ദേശീയനേതാവായി ഗാന്ധിജി മാറി.

**ഗാന്ധിജി ചലച്ചിത്രത്തിൽ**

റിച്ചാർഡ് അറ്റൻബറോ സംവിധാനം ചെയ്ത് എട്ട് ഓസ്കാർ അവാർഡുകൾ നേടിയ 'ഗാന്ധി' എന്ന ചലച്ചിത്രം ഇന്ത്യയുടെ സ്വാതന്ത്ര്യസമരചരിത്രത്തിലെ ഗാന്ധിയൻ കാലഘട്ടത്തിന്റെ ദൃശ്യാവിഷ്കാരമാണ്. ശ്യാം ബെനഗലിന്റെ 'മേക്കിങ് ഓഫ് മഹാത്മാ' ഗാന്ധിജിയുടെ ദക്ഷിണാഫ്രിക്കയിലെ ജീവിതാനുഭവങ്ങളാണ് ചിത്രീകരിക്കുന്നത്. ഇവ കൂടാതെ നിരവധി ചലച്ചിത്രങ്ങളും ഡോക്യുമെന്ററികളും ഗാന്ധിജിയുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുണ്ട്.

**ഗാന്ധിജി നയിച്ച ഇന്ത്യയിലെ ആദ്യകാല സമരങ്ങൾ പരിശോധിച്ച് അദ്ദേഹത്തിന്റെ സമരരീതികളെക്കുറിച്ച് ചർച്ചചെയ്യുക.**

## ദേശീയസമരത്തിലേക്ക്

ഇന്ത്യയിലെ വിവിധ പ്രാദേശിക സമരങ്ങളിൽ പങ്കെടുത്ത് നേടിയ അറിവും അനുഭവവുമായി ഗാന്ധിജി ഇന്ത്യൻ ദേശീയ സമരത്തിലേക്ക് കടന്നു. ബ്രിട്ടീഷ് സർക്കാർ പാസാക്കിയ റൗലറ്റ് നിയമത്തിനെതിരെയുള്ള പ്രതിഷേധമാണ് ഇതിന് വഴിയൊരുക്കിയത്. ഭീകരവാദപ്രവർത്തനങ്ങൾ തടയാനെന്ന പേരിൽ പൗരാവകാശങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തിക്കൊണ്ട് 1919 ൽ ബ്രിട്ടീഷ് പാർലമെന്റ് പാസാക്കിയ നിയമമാണിത്. ഇത് പാസാക്കാൻ നിർദേശം നൽകിയ കമ്മിറ്റിയുടെ അധ്യക്ഷൻ സർ സിഡ്നി റൗലറ്റ് ആയിരുന്നു. അതുകൊണ്ടാണ് ഈ കരിനിയമം 'റൗലറ്റ് നിയമം' എന്നറിയപ്പെട്ടത്. ഈ നിയമപ്രകാരം ഏതൊരാളെയും അറസ്റ്റ് ചെയ്ത് വിചാരണകൂടാതെ തടങ്കലിൽ വയ്ക്കാമായിരുന്നു.

ഇതിനെതിരെ നടന്ന പ്രതിഷേധങ്ങൾ പരാജയപ്പെട്ടപ്പോൾ സത്യഗ്രഹം ആരംഭിക്കാനുള്ള നിർദേശം ഗാന്ധിജി മുന്നോട്ടുവച്ചു. ഗാന്ധിജിയുടെ ആഹ്വാനത്തോട് ആവേശത്തോടെ പ്രതികരിച്ച ജനങ്ങൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പണിമുടക്കുകളും പ്രകടനങ്ങളും സംഘടിപ്പിച്ചു. റൗലറ്റ് വിരുദ്ധ പ്രക്ഷോഭത്തോട് സർക്കാർ ശക്തമായ അടിച്ചമർത്തൽ നയമാണ് സ്വീകരിച്ചത്. ഇതിന്റെ ഏറ്റവും ക്രൂരമായ മുഖമാണ് 1919 ലെ ജാലിയൻവാലാബാഗ് കൂട്ടക്കൊല.

### ജാലിയൻ വാലാബാഗ് കൂട്ടക്കൊല

റൗലറ്റ്നിയമവിരുദ്ധ സമരങ്ങൾക്ക് പഞ്ചാബിൽ നേതൃത്വം നൽകിയ സെയ്ഫുദ്ദീൻ കിച്ച്ലു, സത്യപാൽ എന്നിവരെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിക്കാനായി 1919 ഏപ്രിൽ 13 ന് ജനങ്ങൾ അമൃതസറിലെ ജാലിയൻ വാലാബാഗിൽ ഒത്തുകൂടി. അമൃതസർ പട്ടണത്തിന്റെ നിയന്ത്രണം ഈ സമയം പട്ടാളം ഏറ്റെടുത്തിരുന്നു. പട്ടാളമേധാവിയായ ജനറൽ ഡയർ തന്റെ ഉത്തരവു ലംഘിച്ചു എന്ന് വ്യാഖ്യാനിച്ചുകൊണ്ട് യാതൊരു മുന്നറിയിപ്പുമില്ലാതെ മുന്നുവശവും കെട്ടിടങ്ങളാൽ ചുറ്റപ്പെട്ട മൈതാനത്തിന്റെ പ്രവേശനകവാടത്തിൽ പട്ടാളക്കാരെ നിരത്തി നിരായുധരായ ജനങ്ങൾക്കു നേരെ വെടിവയ്ക്കാൻ ഉത്തരവിട്ടു. പത്തു മിനിറ്റ് നീണ്ടു നിന്ന വെടിവയ്പിൽ 379 പേർ മരിച്ചു എന്നായിരുന്നു ഔദ്യോഗിക കണക്കെങ്കിലും മരണസംഖ്യ ഇതിന്റെ ഇരട്ടിയായിരുന്നു.



THE AMRITSAR MASSACRE.

'Darkest Stain on British Rule.'

GREAT SENSATION IN ENGLAND.

Dismissal and Impeachment of Gen. Dyer and Sir Michael Demanded.

(ASSOCIATED PRESS.)

BOMBAY, *Dec.* 24.

The *Bombay Chronicle* publishes a cable from Mr. B. G. Horniman which *inter alia* says :— The *Westminster Gazette* says :—The amazing narrative recalls the early German occupation of Belgium and the Peterloo massacre. General Dyer must be recalled and dealt with in such a way that the Amritsar massacre is solemnly repudiated by the Imperial Government. If he is not condemned by the nation he will be condemned by the world.

The *Star* says :—It is the darkest stain on British rule in India and asks how shall we redeem our humanity.

Eight large Labour meetings in Glasgow demand the dismissal and impeachment of General Dyer and Sir Micheal O'Dwyer. Scottish Liberals are also taking action.



ജാലിയൻവാലാബാഗ് കൂട്ടക്കൊല ചിത്രകാരന്റെ ഭാവനയിൽ

ഇന്ത്യയിലെമ്പാടും ശക്തമായ പ്രതിഷേധം രൂപപ്പെടുന്നതിന് ജാലിയൻവാലാബാഗ് സംഭവം കാരണമായി. "പ്ലാസിയുദ്ധം ബ്രിട്ടീഷ് ഭരണത്തിന് അടിത്തറയിട്ടെങ്കിൽ ജാലിയൻവാലാബാഗ് സംഭവം ബ്രിട്ടീഷ് ഭരണത്തിന്റെ അടിത്തറയിളക്കി" എന്നാണ് ജാലിയൻവാലാബാഗ് സംഭവത്തെക്കുറിച്ച് ഗാന്ധിജി പ്രതികരിച്ചത്.

ജാലിയൻവാലാബാഗ് സംഭവം ഇന്ത്യയുടെ ദേശീയപ്രസ്ഥാനത്തെ സ്വാധീനിച്ചതെങ്ങനെയെന്ന് ചർച്ചചെയ്യുക.



## നിസ്സഹകരണസമരവും ഖിലാഫത്ത് പ്രസ്ഥാനവും

ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നടത്തിയ ആദ്യത്തെ ദേശീയപ്രക്ഷോഭമാണ് നിസ്സഹകരണസമരം. റൗലറ്റ് വിരുദ്ധ സമരം നൽകിയ ആത്മവിശ്വാസം ബ്രിട്ടീഷ് ഭരണത്തോട് നിസ്സഹകരണം പ്രഖ്യാപിക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ചു. നിസ്സഹകരണത്തിന്റെ സവിശേഷതകൾ എന്തായിരുന്നുവെന്ന് പരിശോധിക്കൂ.




ഇന്ത്യയിലെ ജനങ്ങൾ ഗാന്ധിജിയുടെ ആഹ്വാനം സ്വീകരിച്ചതിന് ചില ഉദാഹരണങ്ങൾ:

- അവധിലെ കർഷകർ നികുതി നൽകാൻ വിസമ്മതിച്ചു.
- വടക്കൻ ആന്ധ്രയിലെ ഗിരിവർഗക്കാർ വനനിയമം ലംഘിച്ച് വനത്തിനുള്ളിൽ പ്രവേശിക്കുകയും ഉത്പന്നങ്ങൾ ശേഖരിക്കുകയും ചെയ്തു.
- ഉത്തർപ്രദേശിലെ കർഷകർ കോളനി ഉദ്യോഗസ്ഥരുടെ ചുമടുകൾ എടുക്കാൻ വിസമ്മതിച്ചു.
- തൊഴിലാളികൾ പണിമുടക്കി.
- വക്കീലന്മാർ കോടതിയിൽ പോകാൻ വിസമ്മതിച്ചു.
- വിദ്യാർഥികൾ ബ്രിട്ടീഷ് സർക്കാരിന്റെ സ്കൂളുകളും കോളേജുകളും ഉപേക്ഷിച്ചു.
- സ്ത്രീകളടക്കമുള്ള ജനങ്ങൾ വിദേശവസ്ത്രങ്ങൾ പൊതുനിരത്തുകളിൽ കൂട്ടിയിട്ട് കത്തിച്ചു.


ഗാന്ധിജിയുടെ ചർക്ക – സബർമതി ആശ്രമത്തിലെ മ്യൂസിയത്തിൽ നിന്ന്

ബഹിഷ്കരണത്തോടൊപ്പം നിർമാണപ്രവർത്തനങ്ങൾക്കും (Constructive Programme)ഗാന്ധിജി ആഹ്വാനം നൽകി. ഇതിനെത്തുടർന്ന് ജനങ്ങൾ തദ്ദേശീയമായ ഉൽപ്പന്നങ്ങൾ നിർമിക്കുകയും ചർക്കയിൽ നൂൽ നൂറ്റ് ഖാദിവസ്ത്രങ്ങൾ നെയ്യുകയും ദേശീയ വിദ്യാലയങ്ങൾ ആരംഭിക്കുകയും ഹിന്ദി പ്രചരിപ്പിക്കുകയും ചെയ്തു. അയിത്തോച്ചാടനപ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായിരുന്നു. അക്കാലത്ത് സ്ഥാപിക്കപ്പെട്ട ദേശീയവിദ്യാലയങ്ങൾക്ക്



അലി സഹോദരന്മാർ - മുഹമ്മദലി, ഷൗക്കത്തലി

ഉദാഹരണമാണ് കാശി വിദ്യാപീഠം, ഗുജറാത്ത് വിദ്യാപീഠം, ജാമിയ മില്ലിയ തുടങ്ങിയവ. ഇംഗ്ലീഷ് വിദ്യാലയങ്ങൾ ബഹിഷ്കരിച്ചിറങ്ങിയ വിദ്യാർഥികൾ ദേശീയ വിദ്യാഭ്യാസത്തിലേക്ക് ആകർഷിക്കപ്പെട്ടു.

നിസ്സഹകരണസമരം നടക്കുന്ന അതേ കാലഘട്ടത്തിൽ ഇന്ത്യയിലെ ഖിലാഫത്ത് നേതാക്കളായ മൗലാനാ മുഹമ്മദലി, മൗലാനാ ഷൗക്കത്തലി എന്നിവരുടെ നേതൃത്വത്തിൽ ഖിലാഫത്ത് പ്രസ്ഥാനം ശക്തിപ്രാപിച്ചു. ഖിലാഫത്ത് പ്രസ്ഥാനത്തെ ഇന്ത്യൻ ദേശീയപ്രസ്ഥാനത്തോടു ചേർത്തുനിർത്തിയതിലൂടെ സ്വാതന്ത്ര്യസമരത്തിൽ മുസ്‌ലിംകളുടെ സജീവസാന്നിധ്യം ഉറപ്പാക്കാൻ ഗാന്ധിജിക്ക് കഴിഞ്ഞു. ഗാന്ധിജി ഖിലാഫത്ത് നേതാക്കളോടൊപ്പം ഇന്ത്യയിലുടനീളം സഞ്ചരിച്ച് തന്റെ ആശയങ്ങൾ പ്രചരിപ്പിച്ചു. തൽഫലമായി:

- ബ്രിട്ടീഷ് വിരുദ്ധ വികാരം ഇന്ത്യയുടെ മുക്കിലും മൂലയിലും എത്തി.
- ഹിന്ദു-മുസ്‌ലിം ഐക്യം ശക്തിപ്പെട്ടു.



**ഖിലാഫത്ത് പ്രസ്ഥാനം**

ഒന്നാം ലോകയുദ്ധത്തിനുശേഷം തുർക്കിയിലെ ഭരണാധികാരിയും ലോകമുസ്‌ലിംകളുടെ ആത്മീയ നേതാവുമായിരുന്ന ഖലീഫയുടെ അധികാരങ്ങൾ പരിമിതപ്പെടുത്താനുള്ള ബ്രിട്ടന്റെ ശ്രമങ്ങൾക്കെതിരെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉയർന്നുവന്നതാണ് ഖിലാഫത്ത് പ്രസ്ഥാനം.



ഗാന്ധിജി ഖിലാഫത്ത് പ്രസ്ഥാനത്തെ പിന്തുണയ്ക്കാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കുക.

ഇന്ത്യൻ സമൂഹത്തിലെ വിദ്യാസമ്പന്നരുടെയും ഉയർന്ന വിഭാഗത്തിലുള്ളവരുടെയുമിടയിൽ മാത്രം ഒതുങ്ങിനിന്നിരുന്ന സ്വാതന്ത്ര്യപ്രക്ഷോഭത്തെ ഇന്ത്യയിലെ എല്ലാപ്രദേശങ്ങളിലേക്കും ജനവിഭാഗങ്ങളിലേക്കും വ്യാപിപ്പിക്കാൻ നിസ്സഹകരണപ്രസ്ഥാനത്തിനു സാധിച്ചു. എന്നാൽ ദൗർഭാഗ്യകരമായ ഒരു സംഭവത്തിന്റെ പേരിൽ ഗാന്ധിജി നിസ്സഹകരണ സമരം നിർത്തിവച്ചു. ഉത്തർപ്രദേശിലെ ചൗരിചൗരാ എന്ന ഗ്രാമത്തിൽ ജനങ്ങൾക്കുനേരെ പോലീസ് വെടിവച്ചതിൽ രോഷാകുലരായ ജനങ്ങൾ പോലീസ് സ്റ്റേഷൻ ആക്രമിച്ചു തീയിട്ടു. ഇരുപത്തിരണ്ട് പോലീസുകാർ കൊല്ലപ്പെട്ട ഈ സംഭവം ഗാന്ധിജിയെ വേദനിപ്പിച്ചു. ജനങ്ങൾക്ക് അഹിംസയുടെ മാർഗം ശരിയായി മനസ്സിലായില്ല എന്നതിനാൽ നിസ്സഹകരണ പ്രസ്ഥാനം നിർത്തിവയ്ക്കാൻ ഗാന്ധിജി ആഹ്വാനം ചെയ്തു.



നിസ്സഹകരണ പ്രസ്ഥാനം നിർത്തിവയ്ക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച സാഹചര്യം പരിശോധിക്കുക.



**നിസ്സഹകരണ സമരകാലഘട്ടത്തിൽ നിങ്ങൾ ഒരു സ്കൂൾ വിദ്യാർഥിയായിരുന്നുവെന്ന് സങ്കൽപിക്കുക. നിസ്സഹകരണസമരത്തോട് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് ഏതാനും മുദ്രാവാക്യങ്ങൾ തയാറാക്കുക.**

## പൂർണസ്വരാജും സിവിൽ നിയമലംഘനവും

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ വഴിത്തിരിവായിരുന്നു 1929 ൽ ലാഹോറിൽ വച്ച് ജവഹർലാൽ നെഹ്റുവിന്റെ അധ്യക്ഷതയിൽ നടന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സമ്മേളനം. പ്രസ്തുത സമ്മേളനത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

- ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ അന്തിമലക്ഷ്യം പൂർണസ്വരാജ് (സമ്പൂർണസ്വാതന്ത്ര്യം) ആണെന്ന് ഈ സമ്മേളനം പ്രഖ്യാപിച്ചു.
- ഗാന്ധിജിയുടെ നേതൃത്വത്തിൽ സിവിൽ നിയമ ലംഘനം ആരംഭിക്കാൻ തീരുമാനിച്ചു.



ഗാന്ധിജി ഉപ്പുനിയമം ലംഘിക്കുന്നു - ചിത്രകാരന്റെ ഭാവനയിൽ

ബ്രിട്ടീഷുകാരുടെ ജനവിരുദ്ധമായ സിവിൽ നിയമങ്ങളെ ലംഘിക്കുക എന്നതായിരുന്നു സിവിൽ നിയമലംഘന സമരംകൊണ്ട് ഗാന്ധിജി ഉദ്ദേശിച്ചത്. ഈ സമരത്തിന്റെ ഭാഗമായി ഗാന്ധിജി മുന്നോട്ടുവെച്ച ആവശ്യങ്ങളാണ് ചുവടെ നൽകിയിരിക്കുന്നത്.

**ഗാന്ധിജി മുന്നോട്ട് വച്ച ആവശ്യങ്ങൾ**

- ഉപ്പുനികുതി എടുത്തു കളയുക.
- കൃഷിക്കാർക്ക് 50% നികുതിയിളവ് നൽകുക.
- വിദേശവസ്ത്രങ്ങളുടെ ഇറക്കുമതിക്ക് ചുമത്തുന്ന നികുതി വർധിപ്പിക്കുക.
- രാഷ്ട്രീയത്തടവുകാരെ വിട്ടയക്കുക.
- സൈനികച്ചെലവും ഉയർന്ന ഉദ്യോഗസ്ഥരുടെ ശമ്പളവും വെട്ടിക്കുറയ്ക്കുക.
- ഇന്ത്യക്കാരെ നിരീക്ഷിക്കുന്നതിനായി നിയോഗിച്ചിട്ടുള്ള രഹസ്യാന്വേഷണ വിഭാഗത്തെ പിരിച്ചുവിടുക.
- തീരദേശ കപ്പൽ ഗതാഗതം ആരംഭിക്കുക.
- സമ്പൂർണ മദ്യനിരോധനം നടപ്പാക്കുക.

ഇന്ത്യയുടെ സ്വാതന്ത്ര്യം നേടിയെടുക്കുന്നതിൽ ഗാന്ധിജി മുന്നോട്ടു വച്ച ആവശ്യങ്ങൾ എത്രമാത്രം അനുയോജ്യമായിരുന്നു? ചർച്ചചെയ്യുക.



ഗാന്ധിജി തന്റെ ആവശ്യങ്ങളുടെ പട്ടികയിൽ ഏറ്റവും കൂടുതൽ പ്രാധാന്യം നൽകിയത് ഉപ്പുനികുതി കുറയ്ക്കുക എന്നതിനായിരുന്നു. ഉപ്പ് സമരായുധമായി തിരഞ്ഞെടുക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തായിരുന്നുവെന്ന് പരിശോധിക്കാം.

- ബ്രിട്ടീഷ് സർക്കാരിന്റെ നികുതിവരുമാനത്തിന്റെ അഞ്ചിൽ രണ്ടു ഭാഗവും ഉപ്പിനുമേൽ ചുമത്തുന്ന നികുതിയായിരുന്നു.

### വട്ടമേശസമ്മേളനങ്ങൾ

ഇന്ത്യയിൽ നടപ്പിൽ വരുത്തേണ്ട ഭരണപരിഷ്കാരങ്ങളെക്കുറിച്ച് ചർച്ച ചെയ്യാനായി ബ്രിട്ടീഷ് ഗവൺമെന്റ് ലണ്ടനിലെ ജയിംസ് പാലസിൽ 1930, 1931, 1932 എന്നീ വർഷങ്ങളിൽ മൂന്ന് വട്ടമേശ സമ്മേളനങ്ങൾ വിളിച്ചുചേർത്തു. രണ്ടാം വട്ടമേശസമ്മേളനത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിനെ പ്രതിനിധീകരിച്ച് ഗാന്ധിജി പങ്കെടുത്തു.

- ദരിദ്രർക്ക് ഈ നികുതി വലിയ ഭാരമായിരുന്നു.
- തദ്ദേശീയരായ ചെറുകിട ഉപ്പുൽപ്പാദകർക്കുമേൽ ഉപ്പുണ്ടാക്കുന്നതിന് നിരോധനം ഏർപ്പെടുത്തി.
- ഉപ്പിന്റെ വില മൂന്നു മടങ്ങ് വർധിച്ചു.
- സാധാരണക്കാരെ ഉണർത്താൻ ഉതകുന്ന ഒരു മുദ്രാവാക്യമായിരുന്നു ഇത്.

ഉപ്പുനിയമം ലംഘിക്കുന്നതിലൂടെ സിവിൽ നിയമലംഘനം നടത്താൻ ഗാന്ധിജി തീരുമാനിച്ചപ്പോൾ പലർക്കും അതിന്റെ പ്രാധാന്യം മനസ്സിലായില്ല. നിയമലംഘനസമരത്തിന്റെ ശക്തി വിശദീകരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു:

*"ഏഴുലക്ഷം ഗ്രാമങ്ങളിലെ പത്തുപേർ വീതം ഉപ്പു കുറുക്കാൻ തുടങ്ങുകയാണെങ്കിൽ ഈ സർക്കാരിന് എന്തു ചെയ്യുവാൻ കഴിയും? നിങ്ങൾക്ക് ഊഹിക്കാവുന്നതിൽ ഏറ്റവും നീചനായ സ്വേച്ഛാധിപതിപോലും സമാധാനപരമായി നിയമം ലംഘിക്കുന്ന ജനതയെ പീരങ്കികൊണ്ട് നേരിടാൻ ഊറ്റം കാണിക്കയില്ല. നിങ്ങൾ ഒരൽപം സ്വയം മാറാൻ തയാറായാൽ നമുക്ക് ഈ സർക്കാരിനെ കുറഞ്ഞ സമയംകൊണ്ട് ക്ഷീണിപ്പിക്കുവാൻ കഴിയുമെന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പുനൽകുന്നു."*

*ഗാന്ധിജി*


ഗാന്ധിജി ലണ്ടനിൽ

ഗാന്ധിജിയുടെ ആഹ്വാനം ഏറ്റെടുത്ത ജനങ്ങൾ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഉപ്പുകുറുക്കി നിയമലംഘനത്തിൽ പങ്കാളികളായി. കേരളത്തിൽ പയ്യന്നൂർ, തമിഴ്നാട്ടിൽ വേദാരണ്യം, മഹാരാഷ്ട്രയിൽ ബോംബെ, ബംഗാളിൽ നവഖാലി, വടക്കുപടിഞ്ഞാറൻ അതിർത്തിപ്രദേശം തുടങ്ങിയവ നിയമലംഘനസമരത്തിന്റെ പ്രധാന കേന്ദ്രങ്ങളായി. ഇവിടങ്ങളിൽ സമരവോളന്റിയർമാർ ഉപ്പുണ്ടാക്കി ജനങ്ങൾക്ക് വിതരണം ചെയ്യുകയും ദേശീയപതാക ഉയർത്തുകയും ബ്രിട്ടീഷ് വിരുദ്ധ മുദ്രാവാക്യം വിളിക്കുകയും ചെയ്തു. ഗുജറാത്തിലെ ധരാസന ഉപ്പുനിർമാണശാലയിലേക്ക് സരോജിനി നായിഡുവിന്റെ നേതൃത്വത്തിൽ പുറപ്പെട്ട സത്യഗ്രഹികളെ വളരെ നിഷ്ഠുരമായ രീതിയിൽ ബ്രിട്ടീഷ് പോലീസ് നേരിട്ടു.


സരോജിനി നായിഡു

ഉപ്പുസത്യഗ്രഹത്തെത്തുടർന്ന് ബ്രിട്ടീഷ് ഗവൺമെന്റ് ഗാന്ധിജിയെ അറസ്റ്റ് ചെയ്യുകയും സമരം ക്രൂരമായി അടിച്ചമർത്തുകയും ചെയ്തു.

ഉപ്പിനെ സമരായുധമാക്കിയതിലൂടെ ഗാന്ധിജി -

- നിസ്സാരമെന്നു തോന്നുന്ന ജനകീയപ്രശ്നങ്ങളെപ്പോലും ശക്തമായ സമരായുധമാക്കാൻ സാധിക്കും എന്നു തെളിയിച്ചു.
- വൻതോതിൽ ജനകീയപിന്തുണ നേടുന്നതിൽ വിജയിച്ചു.
- ബ്രിട്ടീഷ് സർക്കാരിന്റെ ചൂഷണം ഏറ്റവും ലളിതമായി ജനങ്ങളെ ബോധ്യപ്പെടുത്തി.

'അഹിംസയിലൂന്നിയ ധീരതയ്ക്ക് ഏറ്റവും നല്ല ഉദാഹരണമാണ് ഉപ്പു സത്യഗ്രഹം'. സമർഥിക്കുക.

## ബ്രിട്ടീഷുകാർ ഇന്ത്യ വിടുക

*"ഇതാ ഒരു മന്ത്രം, ഒരു കൊച്ചു മന്ത്രം ഞാൻ നിങ്ങൾക്ക് തരുന്നു. നിങ്ങളുടെ ഓരോ ശ്വാസവും അതിന് ആവിഷ്കാരം നൽകണം - പ്രവർത്തിക്കുക, അല്ലെങ്കിൽ മരിക്കുക. നാം ഒന്നുകിൽ ഇന്ത്യയെ സ്വതന്ത്രമാക്കും. അല്ലെങ്കിൽ ആ ശ്രമത്തിൽ മരിക്കും. നാം നമ്മുടെ അടിമത്തം തുടരുന്നതു കാണാൻ ജീവിച്ചിരിക്കുകയില്ല."*

*ഗാന്ധിജി*

1942 ആഗസ്റ്റ് 8 ന് ബോംബെയിൽ ചേർന്ന കോൺഗ്രസ് സമ്മേളനത്തിൽ ഗാന്ധിജി ജനങ്ങളോടു പറഞ്ഞ വാക്കുകളാണിത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഗാന്ധിജിയുടെ നേതൃത്വത്തിൽ നടത്തിയ അവസാനത്തെ ബഹുജനസമരമായ ക്വിറ്റ് ഇന്ത്യാ സമരത്തിനുള്ള ആഹ്വാനമായിരുന്നു ഇത്.



മൗലാനാ അബുൽകലാം ആസാദ്, ജെ.ബി. കൃപലാനി എന്നിവർക്കൊപ്പം ഗാന്ധിജി ക്വിറ്റ് ഇന്ത്യാ സമ്മേളനവേദിയിൽ

സിവിൽ നിയമലംഘന സമരം പോലെത്തന്നെ ജനകീയമായ മറ്റൊരു സമരമായിരുന്നു ക്വിറ്റ് ഇന്ത്യാ സമരം. എല്ലാ അധികാരങ്ങളും ഇന്ത്യക്കു കൈമാറി ഇന്ത്യ വിടാൻ ബ്രിട്ടീഷുകാരെ നിർബന്ധിക്കുന്ന അഹിംസയിലൂന്നിയുള്ള ഒരു സമരമാണ് ഇതിലൂടെ ഇന്ത്യൻ നാഷണൽ കോൺഗ്രസ് വിഭാവനം ചെയ്തത്. ക്വിറ്റ് ഇന്ത്യാ സമരത്തിന് കാരണമായ ചില ഘടകങ്ങൾ പരിശോധിക്കാം.

- ഇന്ത്യയിൽ ഭരണഘടനാ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ബ്രിട്ടൺ കാണിച്ച വൈമനസ്യം.
- വിലക്കയറ്റവും ക്ഷാമവും മൂലമുള്ള ജനങ്ങളുടെ അതൃപ്തി.
- രണ്ടാം ലോകയുദ്ധത്തിൽ ബ്രിട്ടൻ പരാജയപ്പെടുമെന്ന തോന്നൽ.

ഈ സമരത്തിന്റെ ഭാഗമായി ഗാന്ധിജി ജനങ്ങൾക്ക് നൽകിയ നിർദേശങ്ങളായിരുന്നു:

- നാട്ടുരാജാക്കന്മാർ സ്വന്തം ജനങ്ങളുടെ പരമാധികാരം അംഗീകരിക്കണം.
- കർഷകർ ഭൂനികുതി കൊടുക്കാൻ കൂട്ടാക്കരുത്.
- സർക്കാർ ജീവനക്കാർ രാജിവയ്ക്കാതെ ദേശീയപ്രസ്ഥാനത്തോടുള്ള കൂറ് പരസ്യമാക്കണം.
- പട്ടാളക്കാർ സ്ഥാനങ്ങൾ വെടിയാതെ സ്വന്തം ആൾക്കാർക്കുനേരെ വെടിവയ്ക്കാൻ വിസമ്മതിക്കണം.
- സ്വാതന്ത്ര്യപ്രാപ്തി വരെ പിടിച്ചുനിൽക്കാൻ കഴിയുമെങ്കിൽ വിദ്യാർഥികൾ പഠനം ഉപേക്ഷിക്കണം.

*ഇന്ത്യയിൽ ഗാന്ധിജി നടത്തിയ വിവിധ സമരങ്ങളുടെ ചിത്രങ്ങൾ ഉൾപ്പെടുത്തി ഡിജിറ്റൽ ആൽബം തയാറാക്കുക.*

ഗാന്ധിജി അടക്കമുള്ള നേതാക്കളെ അറസ്റ്റ് ചെയ്ത ബ്രിട്ടീഷ് സർക്കാർ പ്രക്ഷോഭത്തെ അതിക്രൂരമായി നേരിട്ടു. അക്രമാസക്തരായ ജനങ്ങൾ പലയിടങ്ങളിലും ഗവൺമെന്റ് കെട്ടിടങ്ങൾ, ഇലക്ട്രിക് ലൈനുകൾ, ഗതാഗത മാർഗങ്ങൾ തുടങ്ങിയവ തകർത്തു. 1942 അവസാനിക്കുമ്പോൾ ഇന്ത്യയാകെ സമരത്തിന്റെ തീച്ചൂളയിലായിരുന്നു. സ്വാതന്ത്ര്യം നേടാനുള്ള ഇന്ത്യൻ മന



- ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ സുപ്രധാന വഴിത്തിരിവായിരുന്നു ക്വിറ്റ് ഇന്ത്യാ സമരം-ചർച്ചചെയ്യുക.
- "ഗാന്ധിജിയും ഇന്ത്യൻ സ്വാതന്ത്ര്യസമരവും" എന്ന വിഷയത്തെ ആസ്പദമാക്കി ഒരു പ്രശ്നോത്തരി അവതരിപ്പിക്കുക.

## വേറിട്ട വഴികൾ

*"പൊതുജനവികാരം അതിന്റെ പാരമ്യത്തിൽ എത്തിനിൽക്കുമ്പോൾ പിൻമാറ്റത്തിന്റെ കാഹളം പുറപ്പെടുവിക്കുന്നത് ഒരു ദേശീയദുരന്തത്തിൽ കുറഞ്ഞ് മറ്റൊന്നുമല്ല. മഹാത്മയുടെ പ്രധാന കൂട്ടാളികളായ ദേശബന്ധു സി.ആർ. ദാസ്, മോത്തിലാൽ നെഹ്റു, ലാലാ ലജ്പത് റായ്, പിന്നെ ഞാനും ജയിലിൽ വച്ച് പൊതുജനങ്ങളുടെ പ്രതിഷേധത്തോടൊപ്പം ചേർന്നു. മഹാത്മാഗാന്ധിയുടെ ഈ പിൻമാറ്റത്തിൽ ദുഃഖിതനും രോഷാകുലനുമായ ദേശബന്ധുവിനെയായിരുന്നു ഞാൻ ജയിലിൽ വച്ചു കണ്ടത്."*

*സുഭാഷ് ചന്ദ്രബോസ്*



ചന്ദ്രശേഖർ ആസാദ്



ഭഗത്സിങ്



സുഖ്ദേവ്



രാജ്ഗുരു

ചൗരിചൗര സംഭവത്തെത്തുടർന്ന് ഗാന്ധിജി നിസ്സഹകരണസമരം പിൻവലിച്ചതിനെതിരായ സുഭാഷ് ചന്ദ്രബോസിന്റെ വാക്കുകളാണിവ. ഇത്തരത്തിൽ ഗാന്ധിയൻ സമരരീതികളിൽനിന്നും ആശയങ്ങളിൽനിന്നും വ്യത്യസ്തമായ കാഴ്ചപ്പാടുണ്ടായിരുന്ന പ്രസ്ഥാനങ്ങളും വ്യക്തികളും ഇന്ത്യയുടെ ദേശീയസമരത്തിൽ നിർണായക പങ്കുവഹിച്ചിരുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യം തന്നെയായിരുന്നു അവരുടെയും ലക്ഷ്യം.

ഗാന്ധിജിയുടെ ബഹിഷ്കരണ സമരരീതിയെ എതിർത്ത സി.ആർ. ദാസ്, മോത്തിലാൽ നെഹ്റു എന്നിവർ 1923 ൽ സ്വരാജ് പാർട്ടിക്ക് രൂപം നൽകി. നിയമനിർമാണസഭകളെ നമ്മൾ ബഹിഷ്കരിക്കുകയല്ല, മറിച്ച്, പോരാട്ടത്തിനും ബദൽ അഭിപ്രായത്തിനുമുള്ള വേദികളാക്കണം എന്ന് അവർ ആവശ്യപ്പെടുകയും നിയമനിർമാണസഭകളിലേക്ക് മൽസരിക്കുകയും ചെയ്തു. ക്രമേണ ഗാന്ധിയൻ സമരരീതികളോടുള്ള വിയോജിപ്പ് കൂടുതൽ ശക്തമായ രീതിയിൽ പ്രകടമാകാൻ തുടങ്ങി.

പഞ്ചാബ്, രാജസ്ഥാൻ, ഉത്തർപ്രദേശ്, ബിഹാർ എന്നിവിടങ്ങളിലെ വിപ്ലവകാരികൾ ഡൽഹിയിൽ വച്ച് 1928 ൽ 'ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷൻ' എന്ന സംഘടനയ്ക്കു രൂപം നൽകി. ഭഗത്സിങ്, ചന്ദ്രശേഖർ ആസാദ്, രാജ്ഗുരു, സുഖ്ദേവ് തുടങ്ങിയവരായിരുന്നു ഇതിനു നേതൃത്വം നൽകിയത്. സായുധവിപ്ലവത്തിനായി ഇവർ ആരംഭിച്ച സേനാവിഭാഗമാണ് 'റിപ്പബ്ലിക്കൻ ആർമി'. കോളനിഭരണം അട്ടിമറിക്കുകയും ഇന്ത്യൻ സംസ്ഥാനങ്ങളുടെ ഫെഡറൽ റിപ്പബ്ലിക് സ്ഥാപിക്കുന്നതിന് സായുധവിപ്ലവം സംഘടിപ്പിക്കുകയുമായിരുന്നു ഇവരുടെ ലക്ഷ്യം. ദേശീയനേതാക്കളിൽ ഒരാളായിരുന്ന ലാലാലജ്പത്റായിയുടെ മരണത്തിലേക്കു നയിച്ച ലാത്തിച്ചാർജിനുത്തരവാദിയായ സാൻഡേഴ്സ് എന്ന പോലീസ് ഉദ്യോഗസ്ഥനെ ഭഗത്സിങ്, രാജ്ഗുരു, സുഖ്ദേവ് എന്നിവർ ചേർന്ന് ലാഹോറിൽ വച്ച് വെടിവച്ചുകൊന്നു. പൗരാവകാശങ്ങൾ പരിമിതപ്പെടുത്താനുള്ള കരിനിയമങ്ങൾ പാസാക്കുന്നതിൽ പ്രതിഷേധിച്ചുകൊണ്ട് ഭഗത്സിങ്ങും ബദുകേശ്വർ ദത്തും ചേർന്ന് സെൻട്രൽ ലജിസ്ലേറ്റീവ് അസംബ്ലിയിൽ ബോംബെറിഞ്ഞു. തുടർന്ന് അറസ്റ്റ് വരിച്ചു. 1931 മാർച്ച് 23 ന് ഭഗത്സിങ്ങിനെയും സുഖ്ദേവിനെയും രാജ്ഗുരുവി


The Tribune.
LAHORE, WEDNESDAY, MARCH 25, 1931
BHAGAT SINGH, RAJGURU AND SUKHDEV EXECUTED.
NO "LAST INTERVIEW" WITH RELATIONS.
Shouts Emerge From Jail.
Dead Bodies Secretly Disposed Of
Removed to Distant Place.

ഭഗത്സിങ്ങും കൂട്ടരും വധിക്കപ്പെട്ട വാർത്തയടങ്ങിയ പത്രം

നെയും ബ്രിട്ടീഷ് സർക്കാർ തൂക്കിലേറ്റി.

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി രൂപീകരിക്കപ്പെട്ട ചില വിപ്ലവപ്രസ്ഥാനങ്ങളെയും അവയുടെ നേതാക്കളെയുമാണ് ചുവടെ തന്നിട്ടുള്ളത്.

| | |
|---|---|
| അഭിനവ് ഭാരത് സൊസൈറ്റി | വി.ഡി. സവർക്കർ |
| അനുശീലൻ സമിതി | ബരീന്ദർ കുമാർ ഘോഷ്, പുലിൻ ബിഹാരി ദാസ് |
| ഗദർപാർട്ടി | ലാലാ ഹർദയാൽ |
| ഇന്ത്യൻ റിപ്പബ്ലിക്കൻ ആർമി | സൂര്യസെൻ |

### ഭഗത്സിങ് ബദുകേശ്വർ ദത്തിന് അയച്ച കത്ത്

പ്രിയ ആത്മമിത്രമേ,

കേസിന്റെ വിധി പ്രഖ്യാപിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. സാമ്രാജ്യത്വം എനിക്ക് തൂക്കുകയറാണ് വിധിച്ചിരിക്കുന്നത്. ഈ ഇരുണ്ട ജയിലറകളിൽ മറ്റു തടവുകാരോടൊപ്പം ഞാനും തൂക്കിക്കൊല കാത്തിരിക്കുന്നു. ഒരുപക്ഷേ സഖാക്കളുടെയെല്ലാം പ്രാർഥന ഏതുവിധേനയും ഈ തൂക്കുകയറിൽ നിന്ന് രക്ഷപ്പെടുക എന്നുള്ളതാണ്. എന്നാൽ എന്റെ കാര്യമാകട്ടെ, ഇവരിൽനിന്ന് വ്യത്യസ്തമാണ്. എന്റെ ദേശത്തിനും ഞാൻ ജീവനോടു ചേർത്ത ആദർശത്തിനുംവേണ്ടി തൂക്കുമരത്തെ ആശ്ലേഷിക്കാനുള്ള ആ സുദിനവും കാത്തിരിക്കുകയാണ് ഞാൻ.

അത്യാഹ്ലാദത്തോടുകൂടി ഞാൻ കൊലക്കുരുക്കിൽ കയറും. ധീരദേശാഭിമാനികൾ ഒരു ദേശത്തിനുവേണ്ടി എങ്ങനെയാണ് തങ്ങളുടെ പ്രാണൻ വെടിയുന്നത് എന്നത് ഞാൻ ലോകത്തിനു കാണിച്ചുകൊടുക്കും. വധശിക്ഷയാണല്ലോ എനിക്ക് വിധിച്ചിരിക്കുന്നത്. എന്നാൽ എന്നിൽ നിന്നു തികച്ചും വിഭിന്നമായി നിങ്ങൾക്ക് ജീവപര്യന്തം നാടുകടത്തലിനുള്ള ശിക്ഷയാണ് കിട്ടിയിരിക്കുന്നത്. അപ്പോഴും നിങ്ങൾ ജീവിക്കും. ജീവിതം അപ്രകാരം തുടരുമ്പോൾ നിങ്ങൾ ലോകത്തിന് പറഞ്ഞുകൊടുക്കേണ്ടത് സമരവിപ്ലവകാരികൾ തങ്ങളുടെ ആദർശങ്ങൾക്കുവേണ്ടി മരിക്കാൻ തയാറാവുക മാത്രമല്ല ചെയ്യുന്നത്, ഏത് ആപത്ഘട്ടത്തെയും തലയുയർത്തിപ്പിടിച്ച് നേരിടാൻ തയാറാണ് എന്നതാണ്. മൃത്യു ലൗകികപ്രയാസങ്ങളിൽനിന്ന് ഒളിച്ചോടാനുള്ള ഒരു വഴിയാകരുത്. കൊലക്കയറിൽനിന്ന് ഇറങ്ങിനടക്കാൻ കഴിഞ്ഞ വിപ്ലവസഖാക്കൾ ജീവിക്കുകയും തങ്ങൾ കൊലമരത്തിലേറാൻ ഉത്സുകരാണെന്ന് മാത്രമല്ല, കൊഴുത്ത ഇരുട്ടിന്റെ ജയിൽഭിത്തികൾക്കുള്ളിൽ കിടന്ന് അതിക്രൂരമായ പീഡനങ്ങൾപോലും സഹിക്കുകയും ചെയ്യുമെന്ന് ലോകത്തിന് പറഞ്ഞുകൊടുക്കും.

സെൻട്രൽ ജയിൽ, ലാഹോർ
1930 നവംബർ

താങ്കളുടെ ഭഗത്സിങ്

റഷ്യൻ വിപ്ലവത്തിൽ നിന്നു പ്രചോദനം ഉൾക്കൊണ്ട് 1930 കളോടെ സോഷ്യലിസ്റ്റാശയങ്ങൾ ഇന്ത്യയിൽ പ്രചരിക്കാൻ തുടങ്ങി. ആ ആശയങ്ങൾ കോൺഗ്രസ്സിനുള്ളിലെ ഒരു വിഭാഗത്തെയും സ്വാധീനിച്ചു. ജവഹർലാൽ നെഹ്റു, സുഭാഷ്ചന്ദ്രബോസ്, ജയപ്രകാശ് നാരായൺ, അരുണാ ആസഫലി എന്നിവർ ചേർന്ന് കോൺഗ്രസ് പാർട്ടിക്കുള്ളിൽ കോൺഗ്രസ് സോഷ്യലിസ്റ്റ് വിഭാഗത്തിനു നേതൃത്വം നൽകി.



അരുണാ ആസഫലിയെ ആദരിച്ചുകൊണ്ട് ഇന്ത്യാ ഗവൺമെന്റ് പുറത്തിറക്കിയ സ്റ്റാമ്പ്


ജയപ്രകാശ് നാരായൺ

1934 ൽ ബോംബെയിൽ ചേർന്ന സമ്മേളനത്തിൽ ജയപ്രകാശ് നാരായണിന്റെ നേതൃത്വത്തിൽ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി രൂപംകൊണ്ടു. ക്വിറ്റ് ഇന്ത്യാ സമരകാലഘട്ടത്തിൽ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി പ്രവർത്തകർ വളരെ സജീവമായിരുന്നു. ഗാന്ധിജി അടക്കമുള്ള കോൺഗ്രസിന്റെ മുൻനിര നേതാക്കളെല്ലാം അറസ്റ്റിലായപ്പോൾ ഒളിവിൽ നിന്നുകൊണ്ട് സമരത്തിന് ശക്തമായ പിന്തുണ നൽകിയത് ജയപ്രകാശ് നാരായൺ, അരുണാ ആസഫലി തുടങ്ങിയവരാണ്.



സിംഗപ്പൂർ കേന്ദ്രമാക്കി സുഭാഷ് ചന്ദ്രബോസും മന്ത്രിസഭാ അംഗങ്ങളും

ഗാന്ധിയൻ സമരരീതികളോട് പലഘട്ടങ്ങളിലും വിയോജിപ്പ് പ്രകടിപ്പിച്ച ആളായിരുന്നു സുഭാഷ് ചന്ദ്ര ബോസ്. കോൺഗ്രസ് വിട്ട അദ്ദേഹം 'ഫോർവേഡ് ബ്ലോക്ക്' എന്ന രാഷ്ട്രീയ പാർട്ടിക്ക് രൂപം നൽകി. പിന്നീട് ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി റാഷ് ബിഹാരി ബോസ് രൂപീകരിച്ച 'ഇന്ത്യൻ നാഷണൽ ആർമി' (INA) യുടെ നേതൃത്വം അദ്ദേഹം ഏറ്റെടുത്തു. സിംഗപ്പൂരിൽ വച്ച് സ്വതന്ത്രഭാരതത്തിന് ഒരു താൽക്കാലിക ഗവൺമെന്റ് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ചു. ബ്രിട്ടീഷുകാരെ ഇന്ത്യൻ മണ്ണിൽനിന്ന് തുരത്തിയോടിക്കാനുള്ള സമരം നടത്തുക എന്നതായിരുന്നു താൽക്കാലിക ഗവൺമെന്റിന്റെ പ്രധാന ചുമതല. ഇന്ത്യൻ നാഷണൽ ആർമിയുടെ വനിതാ വിഭാഗമായി ഝാൻസി റാണി റെജിമെന്റ് രൂപീകരിച്ചു. ഇതിന്റെ ചുമതല മലയാളിയായ ക്യാപ്റ്റൻ ലക്ഷ്മിക്കായിരുന്നു. ജപ്പാന്റെ സഹായത്തോടെ സുഭാഷ് ചന്ദ്രബോസിന്റെ നേതൃത്വത്തിലുള്ള ഇന്ത്യൻ നാഷണൽ ആർമി ഇന്ത്യയുടെ വടക്കുകിഴക്കൻ അതിർത്തി വരെ എത്തുകയും ഇംഫാലിൽ ദേശീയപതാക ഉയർത്തുകയും ചെയ്തു.

### വാഞ്ചി അയ്യർ

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ദക്ഷിണേന്ത്യയിലെ ആദ്യത്തെ രക്തസാക്ഷിയാണ് വാഞ്ചി അയ്യർ. ജനകീയ പ്രക്ഷോഭങ്ങൾ നിഷ്ഠുരമായി അടിച്ചമർത്തിയിരുന്ന തിരുനെൽവേലി ജില്ലാ കളക്ടർ ആയിരുന്ന റോബർട്ട് വില്യം ഡെസ്കോർട്ട് ആഷേയെ 1911 ജൂലൈ 17 ന് തമിഴ്നാട്ടിലെ മനിയാച്ചി (Maniachi) റെയിൽവേ സ്റ്റേഷനിൽ വച്ച് വെടിവച്ചുകൊന്നു. ബ്രിട്ടീഷുകാർക്ക് പിടികൊടുക്കാതെ ആ ഫ്ളാറ്റ്ഫോമിൽത്തന്നെ അദ്ദേഹവും ആത്മാഹുതി ചെയ്തു. വാഞ്ചി അയ്യരുടെ പ്രവൃത്തിയെപ്പറ്റി മാഡം കാമ തന്റെ വന്ദേമാതരം പ്രസിദ്ധീകരണത്തിൽ ഇങ്ങനെ എഴുതി: "വാഞ്ചി ഉതിർത്ത വെടിയുണ്ടകൾ നൂറ്റാണ്ടുകളായി അടിമത്തത്തിലായിരുന്ന ഒരു രാജ്യത്തെ ഗാഢനിദ്രയിൽ നിന്നും ഉണർത്തി."



ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി ഗാന്ധിയൻ സമരരീതികളിൽനിന്നു വ്യത്യസ്തമായി രൂപംകൊണ്ട പ്രസ്ഥാനങ്ങളെയും അവയുടെ ആശയങ്ങളെയും കുറിച്ച് ഒരു സെമിനാർ സംഘടിപ്പിക്കുക.

## തൊഴിലാളി - കർഷകപ്രസ്ഥാനങ്ങൾ

റഷ്യൻ വിപ്ലവത്തെ തുടർന്ന് സോഷ്യലിസ്റ്റ് ആശയങ്ങളുടെ സ്വാധീനം ഇന്ത്യയിൽ തൊഴിലാളിപ്രസ്ഥാനങ്ങൾ രൂപീകരിക്കുന്നതിനിടയാക്കി. ആദ്യകാലത്ത് ഇന്ത്യയിൽ രൂപീകരിക്കപ്പെട്ട തൊഴിലാളിസംഘടനകൾ ചുവടെ പറയുന്നതാണ്:

- അഹമ്മദാബാദ് ടെക്സ്റ്റൈൽ അസോസിയേഷൻ
- മദ്രാസ് ലേബർ യൂണിയൻ

1920 ൽ എൻ.എം. ജോഷി, ലാലാ ലജ്പത് റായി എന്നിവർ മുൻകൈ എടുത്ത് അഖിലേന്ത്യ ട്രേഡ് യൂണിയൻ കോൺഗ്രസ് (AITUC) രൂപീകരിച്ചു.

ഈ സംഘടനയുടെ മൂന്നു പ്രധാന ലക്ഷ്യങ്ങളായിരുന്നു:

- തൊഴിലാളിവർഗമെന്ന നിലയിൽ സംഘടിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക.
- ഇന്ത്യൻ തൊഴിലാളിവർഗം രാജ്യത്തിനു പുറത്തുള്ള തൊഴിലാളിവർഗവുമായി ചേർന്നു പ്രവർത്തിക്കുക.
- സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ സജീവ പങ്കുവഹിക്കുക.

ബ്രിട്ടീഷുകാരുടെ നികുതിനയങ്ങളും സെമീന്ദാർമാരുടെ ചൂഷണവും കാർഷിക ഉൽപ്പന്നങ്ങൾക്കുണ്ടായ വിലയിടിവും കർഷകരുടെ ഇടയിൽ കൂട്ടായ്മയുടെ ആവശ്യകത ബോധ്യപ്പെടുത്തി. ഇത് കർഷകപ്രസ്ഥാനങ്ങളുടെ രൂപീകരണത്തിന് കാരണമായി. എൻ.ജി. രംഗ അടക്കമുള്ള കർഷകനേതാക്കളുടെ ശ്രമഫലമായി ലാഹോറിൽ വച്ച് അഖിലേന്ത്യാ കിസാൻ കോൺഗ്രസ് സ്ഥാപിതമായി. പിൽക്കാലത്ത് ഇത് അഖിലേന്ത്യ കിസാൻസഭ എന്ന പേരു സ്വീകരിച്ചു. ബോംബെയിലെ അഖിലേന്ത്യാ കിസാൻ സമിതി സമ്മേളനത്തിൽവച്ച് കർഷകരുടെ ആവശ്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു കിസാൻ മാനിഫെസ്റ്റോയ്ക്ക് രൂപം നൽകി. ഇതിൽ ഉൾപ്പെടുത്തിയിരുന്ന ചില ആവശ്യങ്ങൾ.



- ഭൂനികുതിയും പാട്ടവും 50% കുറയ്ക്കുക.
- കടങ്ങൾ മരവിപ്പിക്കുക.
- ഫ്യൂഡൽ നികുതികൾ റദ്ദാക്കുക.
- കർഷകത്തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുക.
- കർഷക യൂണിയനുകളെ അംഗീകരിക്കുക.

കർഷകരുടെയും തൊഴിലാളികളുടെയും ഒത്തുചേരലും പ്രതിഷേധവും ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന് ഉണർവേകി. ബ്രിട്ടീഷുകാരുടെ സാമ്രാജ്യത്വനയങ്ങളെയും ഇന്ത്യയിൽ നിലനിന്ന ഫ്യൂഡൽ വ്യവസ്ഥയെയും ഒരുപോലെ എതിർത്ത തൊഴിലാളികളുടെയും കർഷകരുടെയും നിലപാടുകൾ ഇന്ത്യയുടെ വിവിധ സ്ഥലങ്ങളിൽ കലാപങ്ങൾക്കും സമരങ്ങൾക്കും വഴിതെളിച്ചു.

| സമരങ്ങൾ | നടന്ന സ്ഥലങ്ങൾ |
|---|---|
| • തേഭാഗസമരം | • ബംഗാൾ |
| • തെലങ്കാനസമരം | • ആന്ധ്രപ്രദേശ് |
| • നാവികകലാപം | • ബോംബെ |

ഇന്ത്യയുടെ ദേശീയസമരത്തിൽ തൊഴിലാളികളും കർഷകരും വഹിച്ച പങ്ക് വിശദമാക്കുക.



## സ്വാതന്ത്ര്യത്തിലേക്ക്

രണ്ടാം ലോകയുദ്ധം ലോകത്താകമാനം സാമ്രാജ്യത്വത്തിന്റെ തകർച്ചയ്ക്ക് കാരണമായി. ബ്രിട്ടൻ സാമ്പത്തികമായി ദുർബലമാവുകയും അതുവഴി കോളനികൾ നിലനിർത്താനുള്ള ശേഷി നഷ്ടപ്പെടുകയും ചെയ്തു. ഏഷ്യയിലും ആഫ്രിക്കയിലും സ്വാതന്ത്ര്യസമരങ്ങൾ ശക്തിപ്പെട്ടതും ലോകത്തെ വൻശക്തികളായി വളർന്നു വന്ന അമേരിക്കയും സോവിയറ്റ് യൂണിയനും കോളനിവാഴ്ചയ്ക്കെതിരായി നിലപാടെടുത്തതും ഇന്ത്യക്കു സ്വാതന്ത്ര്യം നൽകാൻ ബ്രിട്ടനെ നിർബന്ധിതമാക്കി. ഇന്ത്യയോട് അനുഭാവം പുലർത്തിയിരുന്ന ക്ലമന്റ് ആറ്റ്‌ലിയുടെ നേതൃത്വത്തിൽ ലേബർപാർട്ടി ബ്രിട്ടനിൽ അധികാരത്തിൽ വന്നതും സ്വാതന്ത്ര്യസമ്പാദനം എളുപ്പമാക്കി. എന്നാൽ മുഹമ്മദലി ജിന്നയുടെ നേതൃത്വത്തിൽ സർവേന്ത്യാ ലീഗ്, പാകിസ്ഥാൻ എന്ന

### അതിർത്തിഗാന്ധി



ദിരാഷ്ട്രവാദത്തെയും ഇന്ത്യയുടെ വിഭജനത്തെയും ശക്തമായി എതിർത്തിരുന്ന നേതാവാണ് ഖാൻ അബ്ദുൽ ഗാഫർ ഖാൻ. ഇന്ത്യയുടെ. വടക്കുപടിഞ്ഞാറൻ അതിർത്തി പ്രദേശങ്ങളിൽ നിരവധി സമരങ്ങൾക്കു നേതൃത്വം നൽകിയ അദ്ദേഹത്തെ ഇന്ത്യയുടെ വിഭജനം ദുഃഖിപ്പിച്ചു. ഹിന്ദു-മുസ്ലിം ഐക്യത്തിനുവേണ്ടി നിലകൊണ്ട അദ്ദേഹം 'അതിർത്തി ഗാന്ധി' എന്നറിയപ്പെടുന്നു. ഇന്ത്യാ ഗവൺമെന്റിന്റെ പരമോന്നത ബഹുമതിയായ 'ഭാരതരത്ന' നൽകി രാഷ്ട്രം അദ്ദേഹത്തെ ആദരിച്ചു.

യിരുന്ന ക്ലമന്റ് ആറ്റ്ലിയുടെ നേതൃത്വത്തിൽ ലേബർപാർട്ടി ബ്രിട്ടനിൽ അധികാരത്തിൽ വന്നതും സ്വാതന്ത്ര്യസമ്പാദനം എളുപ്പമാക്കി. എന്നാൽ മുഹമ്മദലി ജിന്നയുടെ നേതൃത്വത്തിൽ സർവേന്ത്യാ ലീഗ്, പാകിസ്ഥാൻ എന്ന പ്രത്യേക രാജ്യം വേണമെന്ന് ആവശ്യപ്പെട്ടു. തുടർന്ന് ഈ പ്രശ്നം പരിഹരിച്ച് ഇന്ത്യക്ക് സ്വാതന്ത്ര്യം നൽകാനുള്ള പ്രവർത്തനങ്ങൾക്കായി മൗണ്ട് ബാറ്റൺ പ്രഭുവിനെ ഇന്ത്യയുടെ വൈസ്രോയിയായി നിയമിച്ചു. ഇന്ത്യയെ വിഭജിക്കാതെ അധികാരക്കൈമാറ്റം സാധ്യമല്ലെന്നു വാദിച്ച മൗണ്ട്ബാറ്റൺ അതിനുവേണ്ടി തയാറാക്കിയതാണ്. 'മൗണ്ട് ബാറ്റൻ പദ്ധതി'. അതനുസരിച്ച്,

- മുസ്ലിംകൾക്ക് ഭൂരിപക്ഷമുള്ള പ്രദേശത്ത് അവർ ആഗ്രഹിക്കുകയാണെങ്കിൽ ഒരു പ്രത്യേകരാജ്യം അനുവദിക്കേണ്ടതാണ്.
- പഞ്ചാബും ബംഗാളും രണ്ടായി വിഭജിക്കേണ്ടതാണ്.
- വടക്കുപടിഞ്ഞാറൻ അതിർത്തിസംസ്ഥാനം പാകിസ്ഥാനിൽ ചേർക്കണമോ വേണ്ടയോ എന്നു തീരുമാനിക്കുന്നതിന് ഒരു ഹിതപരിശോധന നടത്തുന്നതാണ്.
- ബംഗാളിലെയും പഞ്ചാബിലെയും ഹിന്ദു-മുസ്ലിം സംസ്ഥാനങ്ങളുടെ അതിർത്തി നിർണയിക്കുന്നതിന് ഒരു അതിർത്തിനിർണയ കമ്മീഷനെ നിയമിക്കുന്നതാണ്.



ജവഹർലാൽ നെഹ്റു ചെങ്കോട്ടയിൽ പ്രസംഗിക്കുന്നു

കോൺഗ്രസും സർവേന്ത്യാ ലീഗും ഈ പദ്ധതി അംഗീകരിച്ചു. എന്നാൽ ഖാൻ അബ്ദുൽ ഗാഫർഖാനെപ്പോലുള്ള ദേശീയവാദികൾ ഇതിനെ എതിർത്തു. 1947 ജൂലൈയിൽ ബ്രിട്ടീഷ് പാർലമെന്റ് ഇന്ത്യൻ സ്വാതന്ത്ര്യനിയമം (Indian Independence Act) പാസാക്കി. ഇന്ത്യ, പാകിസ്ഥാൻ എന്നീ രണ്ടു സ്വതന്ത്രരാജ്യങ്ങൾ നിലവിൽ വന്നു. സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയായി ജവഹർലാൽ നെഹ്റു സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് വേണ്ടി പോരാടിയ നേതാക്കളുടെയും പ്രസ്ഥാനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി പ്രോജക്ട് തയാറാക്കുക.

ഇന്ത്യയുടെ സ്വാതന്ത്ര്യസമരം ഒരു ബഹുജന ദേശീയസമരമായി മാറിയതെങ്ങനെയെന്നാണ് നമ്മൾ ചർച്ചചെയ്തത്. ഗാന്ധിജിയുടെ ആശയങ്ങളും സമരരീതികളുമായിരുന്നു ഇതിൽ പ്രധാന പങ്കു വഹിച്ചത്. ഗാന്ധിയൻ രീതിയിൽ നിന്ന് വ്യത്യസ്തമായ സമരമാർഗങ്ങൾക്കും ഈ കാലഘട്ടം സാക്ഷ്യം വഹിച്ചു. ഇത്തരത്തിൽ വ്യത്യസ്തധാരകളിലൂടെ ശക്തിപ്രാപിച്ച ദേശീയപ്രസ്ഥാനത്തിന്റെ ഫലമായിരുന്നു 1947 ആഗസ്റ്റ് 15 ന് ഇന്ത്യക്ക് ലഭിച്ച സ്വാതന്ത്ര്യം.




## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- ഗാന്ധിജി ഇന്ത്യയിൽ തിരിച്ചെത്തിയതിനുശേഷം പ്രാദേശികപ്രശ്നങ്ങളിൽ ഇടപെട്ട സാഹചര്യം വിലയിരുത്തുന്നു.
- ഗാന്ധിജി ഇന്ത്യൻ ദേശീയസമരത്തിന്റെ നേതൃത്വത്തിൽ എത്തിച്ചേർന്ന പശ്ചാത്തലം വിശദമാക്കുന്നു.
- ജാലിയൻ വാലാബാഗ് സംഭവം ഇന്ത്യൻ ദേശീയപ്രസ്ഥാനത്തെ സ്വാധീനിച്ചതെങ്ങനെയെന്ന് തിരിച്ചറിയുന്നു.
- നിസ്സഹകരണപ്രസ്ഥാനത്തിന്റെ സവിശേഷതകളും ഫലങ്ങളും വിശകലനം ചെയ്യുന്നു.
- സിവിൽ നിയമലംഘനത്തിന്റെ ഭാഗമായ ഉപ്പുസത്യഗ്രഹത്തിന്റെ പ്രസക്തി വിശകലനം ചെയ്യുന്നു.
- ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ പശ്ചാത്തലം വിശദമാക്കുന്നു.
- ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ഐ.എൻ.എയുടെയും സുഭാഷ് ചന്ദ്ര ബോസിന്റെയും പങ്കു വിലയിരുത്തുന്നു.
- സ്വാതന്ത്ര്യസമരകാലത്തു രൂപംകൊണ്ട വിപ്ലവപ്രസ്ഥാനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നു.
- ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ തൊഴിലാളി-കർഷകപ്രസ്ഥാനങ്ങളുടെ പങ്ക് വിശകലനം ചെയ്യുന്നു.

## വിലയിരുത്താം

- ഇന്ത്യയിൽ തിരിച്ചെത്തിയതിനുശേഷം ഗാന്ധിജി പങ്കെടുത്ത പ്രാദേശികസമരങ്ങൾ ഏതെല്ലാം?
- ഖേഡ കർഷകസമരത്തിൽ ഉപയോഗിച്ച സമരായുധങ്ങൾ എന്തെല്ലാമായിരുന്നു?
- ഗാന്ധിജിയുടെ ആദ്യകാല സമരങ്ങളുടെ ഫലങ്ങൾ വിശകലനം ചെയ്യുക.
- ഭീകരവാദപ്രവർത്തനം തടയാനെന്ന പേരിൽ ബ്രിട്ടീഷുകാർ നടപ്പിലാക്കിയ നിയമം ഏതായിരുന്നു?
- ജാലിയൻ വാലാബാഗ് സംഭവത്തെപ്പറ്റി കുറിപ്പ് തയാറാക്കുക.
- ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന നിസ്സഹകരണപ്രസ്ഥാനത്തിന്റെ ഫലങ്ങൾ പട്ടികപ്പെടുത്തുക.
- നിസ്സഹകരണപ്രസ്ഥാനം നിർത്തിവയ്ക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച സംഭവം എന്തായിരുന്നു?
- ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ അന്തിമലക്ഷ്യം പൂർണസ്വരാജ് ആണെന്ന് പ്രഖ്യാപിച്ച കോൺഗ്രസ് സമ്മേളനം ഏതായിരുന്നു?
- ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ സിവിൽ നിയമലംഘനത്തിന്റെ പ്രസക്തിയെക്കുറിച്ച് ഒരു സെമിനാർ പേപ്പർ തയാറാക്കുക.
- ക്വിറ്റ് ഇന്ത്യാ സമരത്തെക്കുറിച്ച് ഒരു ചർച്ചക്കുറിപ്പ് തയാറാക്കുക.

## തുടർപ്രവർത്തനങ്ങൾ

- ഗാന്ധിജിയുടെ ദക്ഷിണാഫ്രിക്കൻ ജീവിതത്തെക്കുറിച്ച് ലഘുചരിത്രം തയാറാക്കുക.
- ഗാന്ധിജിയുടെ സ്മരണയ്ക്കായി ഇന്ത്യാ ഗവൺമെന്റ് പുറത്തിറക്കിയ വിവിധ സ്റ്റാമ്പുകൾ, വിദേശരാജ്യങ്ങൾ പുറത്തിറക്കിയ സ്റ്റാമ്പുകൾ, അവയുടെ ചിത്രങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി ഐ.സി.ടി. സാധ്യത ഉപയോഗിച്ച് ഒരു ഡിജിറ്റൽ ആൽബം തയാറാക്കുക.




# സ്വാതന്ത്ര്യാനന്തര ഇന്ത്യ

> വിധിയുടെ ചക്രങ്ങൾ ഒരുനാൾ ഇന്ത്യ ഉപേക്ഷിക്കുവാൻ ബ്രിട്ടീഷുകാരെ നിർബന്ധിതരാക്കും. പക്ഷേ ഏതു രൂപത്തിലുള്ള ഇന്ത്യയെയാവും അവർ ഇവിടെ ഉപേക്ഷിച്ചു പോകുക. നൂറ്റാണ്ടുകളായുള്ള അവരുടെ ഭരണത്തിന്റെ അരുവി അവസാനം വറ്റി വരണ്ട് പോകുമ്പോൾ അവർ വിട്ടുപോകുന്നത് ചെളിയുടെയും അഴുക്കിന്റെയും കൂമ്പാരമായിരിക്കും.
>
> രവീന്ദ്രനാഥ ടാഗോർ



രവീന്ദ്രനാഥ ടാഗോർ 1941 ൽ നടത്തിയ നിരീക്ഷണമാണ് മുകളിൽ നൽകിയിരിക്കുന്നത്. ഇതിലൂടെ അദ്ദേഹം എന്തെല്ലാം കാര്യങ്ങളാണ് സൂചിപ്പിക്കുന്നത്.

- ഇന്ത്യയുടെ ഭരണം ബ്രിട്ടീഷുകാർക്ക് ഉപേക്ഷിക്കേണ്ടി വരും.
- ദുരിതപൂർണമായ ഇന്ത്യയെയായിരിക്കും ബ്രിട്ടീഷുകാർ ഉപേക്ഷിച്ചു പോകുന്നത്.

നൂറ്റാണ്ടുകളായുള്ള ബ്രിട്ടീഷ് ഭരണം ഇന്ത്യയുടെ സാമ്പത്തികാവസ്ഥയെയും സാമൂഹിക-സാംസ്കാരിക ജീവിതത്തെയും തകർത്തതെങ്ങനെയെന്ന് മുൻ അധ്യായങ്ങളിൽ നാം ചർച്ചചെയ്തിട്ടുണ്ട്.

സമസ്ത മേഖലകളും തകർന്നടിഞ്ഞ ഇന്ത്യയെ ഒരു ആധുനിക രാഷ്ട്രമാക്കി മാറ്റുക എന്ന സുപ്രധാനമായ ഉത്തരവാദിത്തമാണ് സ്വതന്ത്ര ഇന്ത്യ അഭിമുഖീകരിച്ചത്. ഒരേ സമയം നിരവധി പ്രശ്നങ്ങളെയാണ് സ്വാതന്ത്ര്യാനന്തര ഇന്ത്യക്ക് നേരിടേണ്ടി വന്നത്. ഇത്തരം വെല്ലുവിളികളെ സധൈര്യം നേരിട്ട് പുരോഗതിയിലേക്ക് നമ്മുടെ രാജ്യം നടത്തിയ പ്രയാണമാണ് ഈ അധ്യായത്തിൽ ചർച്ചചെയ്യുന്നത്. ഇന്ത്യയുടെ വിഭജനത്തെക്കുറിച്ച് മുൻ അധ്യായത്തിൽ ചർച്ചചെയ്തത് ഓർക്കുമല്ലോ. സ്വാതന്ത്ര്യാനന്തര ഇന്ത്യ നേരിടേണ്ടിവന്ന ഏറ്റവും പ്രധാന വെല്ലുവിളി വിഭജനവും അതേത്തുടർന്നുണ്ടായ അഭയാർഥിപ്രവാഹവുമായിരുന്നു.

## അഭയാർഥിപ്രവാഹം



മുകളിൽ കൊടുത്തിട്ടുള്ള ചിത്രങ്ങൾ ശ്രദ്ധിക്കൂ. കുടുംബാംഗങ്ങളോടും വസ്തുവകകളോടുമൊപ്പം യാത്രചെയ്യുന്ന അഭയാർഥികളായ ജനങ്ങളുടെ ചിത്രങ്ങളാണിത്. വിഭജനകാലത്തെ ഇന്ത്യയിലെ സാധാരണ കാഴ്ചയായിരുന്നു ഇത്. അക്കാലത്ത് ഇന്ത്യയിൽനിന്ന് പാകിസ്ഥാനിലേക്കും പാകിസ്ഥാനിൽ നിന്ന് ഇന്ത്യയിലേക്കും അഭയാർഥിപ്രവാഹങ്ങളുണ്ടായി. ഇതോടൊപ്പം രാജ്യത്ത് പലയിടങ്ങളിലായി വർഗീയലഹളകൾ നടന്നു. കൽക്കട്ട, ബിഹാർ, നവഖാലി, ദില്ലി, പഞ്ചാബ്, കാശ്മീർ എന്നിവിടങ്ങളിലെ കലാപങ്ങൾ രക്തരൂഷിതമായിരുന്നു. ആയിരക്കണക്കിന് ആളുകൾ കൊല്ലപ്പെടുകയും സ്ത്രീകൾ ആക്രമിക്കപ്പെടുകയും ചെയ്തു. ഇതിന്റെ ഫലമായി സർവതും നഷ്ടപ്പെട്ട് പലായനം ചെയ്ത വ്യത്യസ്ത വിഭാഗക്കാർ അഭയാർഥികളായി മാറി. കാൽനടയായും കാളവണ്ടിയിലും തീവണ്ടിയിലുമായി പത്ത് ദശലക്ഷംപേർ അഭയാർഥികളായി സഞ്ചരിച്ചു. സ്വാതന്ത്ര്യാനന്തര ഗവൺമെന്റിന്റെ ഫലപ്രദമായ ഇടപെടലും പുനരധിവാസ നടപടികളുംവഴി അഭയാർഥി പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞു.



**ഗാന്ധിജിയുടെ രക്തസാക്ഷിത്വം**

"നമ്മുടെ ജീവിതത്തിൽ നിന്ന് പ്രകാശം മറഞ്ഞുപോയിരിക്കുന്നു. എവിടെയും ഇരുട്ടാണ്". ഗാന്ധിജിയുടെ മരണത്തെക്കുറിച്ച് നെഹ്റു പറഞ്ഞ വാക്കുകളാണിത്. ഇന്ത്യയെ ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് മോചിപ്പിക്കാനുള്ള അഹിംസാത്മക സമരത്തിന് നേതൃത്വം നൽകിയ ഗാന്ധിജി 1948 ജനുവരി 30 ന് ഡൽഹിയിലെ പ്രാർഥനായോഗ സ്ഥലത്തുവച്ച് നാഥുറാം വിനായക് ഗോഡ്സെയുടെ വെടിയേറ്റു മരിച്ചു. ഇന്ത്യാ വിഭജനശേഷം നടന്ന വർഗീയ ലഹളകളുടെ അനന്തരഫലമായിരുന്നു ഗാന്ധിജിയുടെ രക്തസാക്ഷിത്വം.



സ്വതന്ത്ര ഇന്ത്യയിൽ അഭയാർഥിപ്രവാഹങ്ങൾ ഉണ്ടാകാനിടയായ സാഹചര്യം ചർച്ചചെയ്യുക.

## നാട്ടുരാജ്യങ്ങളുടെ സംയോജനം

സ്വാതന്ത്ര്യത്തിനു മുമ്പ് ഇന്ത്യയിൽ ബ്രിട്ടീഷുകാർ നേരിട്ടു ഭരണം നടത്തിയിരുന്ന പ്രദേശങ്ങൾക്കു പുറമെ ബ്രിട്ടീഷ് നിയന്ത്രണത്തിലുള്ള അറുനൂറോളം നാട്ടുരാജ്യങ്ങളും ഉണ്ടായിരുന്നു. നാട്ടുരാജ്യങ്ങൾക്ക് ഇന്ത്യയിലോ പാകിസ്ഥാനിലോ ചേരാനോ സ്വതന്ത്രമായി നിൽക്കാനോ ഉള്ള അധികാരം നൽകിയ ശേഷമാണ് ബ്രിട്ടൻ ഇന്ത്യ വിട്ടത്. അതിനാൽ സ്വാതന്ത്ര്യാനന്തര ഇന്ത്യ

നേരിടേണ്ടിവന്ന മറ്റൊരു പ്രധാന പ്രശ്നമായിരുന്നു നാട്ടുരാജ്യങ്ങളുടെ ഇന്ത്യൻ യൂണിയനിലേക്കുള്ള സംയോജനം. ഇത് ശ്രമകരമായ ഒരു ദൗത്യമായിരുന്നു. കേന്ദ്ര മന്ത്രിസഭയിലെ സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട വകുപ്പിന്റെ ചുമതല സർദാർ വല്ലഭ്ഭായ് പട്ടേലിനായിരുന്നു. സ്റ്റേറ്റ്സ് ഡിപാർട്ട്മെന്റിന്റെ സെക്രട്ടറിയായി മലയാളിയായ വി.പി. മേനോനെ അദ്ദേഹം നിയമിച്ചു. നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുന്നതിന് പട്ടേലും വി.പി മേനോനും ചേർന്ന് ഒരു ലയനക്കരാർ (Instrument of Accession) തയാറാക്കി. അതനുസരിച്ച് പ്രതിരോധം, വിദേശകാര്യം, വാർത്താവിനിമയം എന്നിവയുടെ നിയന്ത്രണം നാട്ടുരാജ്യങ്ങൾ കേന്ദ്രസർക്കാരിന് കൈമാറണം. ജനകീയപ്രതിഷേധങ്ങളും ഇന്ത്യാ ഗവൺമെന്റിന്റെ പ്രായോഗികസമീപനങ്ങളുംമൂലം ഭൂരിഭാഗം നാട്ടുരാജ്യങ്ങളും ലയനക്കരാറിൽ ഒപ്പുവച്ച് ഇന്ത്യൻ യൂണിയനിൽ ചേർന്നു. എന്നാൽ ഹൈദരാബാദ്, കാശ്മീർ, ജുനഗഡ് എന്നീ നാട്ടുരാജ്യങ്ങൾ ഇന്ത്യൻ യൂണിയനിൽ ചേരാൻ വിസമ്മതിച്ചു. പിന്നീട് അനുരഞ്ജനത്തിലൂടെയും സൈനികനടപടിയിലൂടെയും ഇവയെ ഇന്ത്യൻ യൂണിയനിൽ കൂട്ടിച്ചേർത്തു.

### വിഭജനം സിനിമയിൽ

വിഭജനകാലത്തെ സംഭവങ്ങളെ ആസ്പദമാക്കി ധാരാളം സിനിമകൾ നിർമിക്കപ്പെട്ടിട്ടുണ്ട്. ഋത്വിക് ഘട്ടക്കിന്റെ 'മേഘെ ധാക്കധാര', എം.എസ്. സത്യുവിന്റെ 'ഗരംഹവ', ഗോവിന്ദ് നിഹലാനിയുടെ 'തമസ്സ്', പമേല റൂക്ക്സിന്റെ 'ട്രെയിൻ ടു പാകിസ്ഥാൻ' എന്നിവ വിഭജനകാലത്തെ പ്രശ്നങ്ങളെ അടിസ്ഥാനമാക്കി നിർമിച്ച പ്രശസ്ത സിനിമകളാണ്.



സർദാർ വല്ലഭ്ഭായ് പട്ടേൽ

### വി.പി. മേനോൻ



1894-ൽ പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്ത് ജനിച്ചു. സ്കൂൾ ജീവിതത്തിനുശേഷം വിവിധ മേഖലകളിൽ ജോലി നോക്കി. പിന്നീട് ഡൽഹി സെക്രട്ടറിയേറ്റിൽ ഒരു ക്ലാർക്കായി ജോലി നേടി. ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യമുണ്ടായിരുന്നതിനാൽ അദ്ദേഹത്തെ ഗവൺമെന്റ് നിരവധി ചുമതലകൾ ഏൽപ്പിച്ചു. സർദാർ പട്ടേലിനും നെഹ്റുവിനുമൊപ്പം നാട്ടുരാജ്യങ്ങളുടെ സംയോജനത്തിൽ നിർണായക പങ്കു വഹിച്ചു. 1952ൽ ഒറീസയിൽ ഗവർണറായി ചുമതലയേറ്റു. 'ദി ട്രാൻസ്ഫർ ഓഫ് പവർ ഇൻ ഇന്ത്യ', ഇന്റഗ്രേഷൻ ഓഫ് ഇന്ത്യൻ സ്റ്റേറ്റ്സ്' എന്നീ ഗ്രന്ഥങ്ങളുടെ കർത്താവാണ്.

### മാഹി (മയ്യഴി)യുടെ വിമോചനം

കേരളത്തിലെ ഫ്രഞ്ച് അധിനിവേശ പ്രദേശമായിരുന്ന മയ്യഴിയുടെ വിമോചനത്തിന് നേതൃത്വം നൽകിയത് മയ്യഴി മഹാജന സഭയാണ്. 'മയ്യഴിഗാന്ധി' എന്നറിയപ്പെട്ട ഐ.കെ. കുമാരൻ മയ്യഴി മഹാജനസഭയുടെ പ്രധാന നേതാക്കളിലൊരാളായിരുന്നു. നിരവധി ജനകീയപ്രക്ഷോഭങ്ങൾക്കും പ്രതിഷേധങ്ങൾക്കും ശേഷമാണ് മയ്യഴിയും മറ്റ് ഫ്രഞ്ച് അധിനിവേശ പ്രദേശങ്ങളായ പോണ്ടിച്ചേരി, കാരക്കൽ, യാനം എന്നിവയും ഫ്രാൻസ് ഇന്ത്യക്കു കൈമാറുന്നത്.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷവും ഫ്രാൻസ്, പോർട്ടുഗൽ എന്നീ യൂറോപ്യൻ രാജ്യങ്ങൾക്ക് ഇന്ത്യയിൽ അധീനപ്രദേശങ്ങൾ ഉണ്ടായിരുന്നു. ഇവിടങ്ങളിൽ

ശക്തമായ ജനകീയപ്രക്ഷോഭങ്ങൾ ഉണ്ടായി. ഇതോടെ ഫ്രാൻസ് തങ്ങളുടെ അധീനപ്രദേശങ്ങൾ തിരിച്ചു നൽകി. സൈനികനടപടിയിലൂടെ പോർട്ടുഗലിന്റെ അധീനതയിലുണ്ടായിരുന്ന പ്രദേശങ്ങളും ഇന്ത്യൻ യൂണിയനിൽ ലയിപ്പിച്ചു. നൽകിയിട്ടുള്ള പട്ടികയിൽനിന്ന് ഇതു വ്യക്തമാകും.

| രാജ്യം | അധിനിവേശ പ്രദേശം | ഇന്ത്യയോടു ചേർക്കപ്പെട്ട വർഷം |
|---|---|---|
| • ഫ്രാൻസ് | • പോണ്ടിച്ചേരി, കാരക്കൽ, മാഹി, യാനം | • 1954 |
| • പോർട്ടുഗൽ | • ഗോവ, ദാമൻ, ദിയു | • 1961 |

## ഭരണഘടനാരൂപീകരണവും ആദ്യ പൊതുതിരഞ്ഞെടുപ്പും


ഡോ. രാജേന്ദ്രപ്രസാദ്


ഡോ. ബി.ആർ. അംബേദ്കർ

ഇന്ത്യയുടെ രാഷ്ട്രരൂപീകരണത്തിനുള്ള അടിത്തറയായത് ഇന്ത്യൻ ഭരണഘടനയാണ്. സ്വാതന്ത്ര്യത്തിനു മുമ്പുതന്നെ ബ്രിട്ടീഷ് ഭരണത്തിൻ കീഴിലുള്ള കാബിനറ്റ് മിഷൻ ഒരു ഭരണഘടനാനിർമാണസഭ രൂപീകരിക്കണമെന്ന് നിർദേശിച്ചു. 1946 ൽ ഡോ. രാജേന്ദ്രപ്രസാദ് അധ്യക്ഷനായി ഭരണഘടനാനിർമാണസഭ രൂപീകരിച്ചു. സ്വാതന്ത്ര്യത്തിനു ശേഷം കൂടുതൽ വേഗത്തിൽ ഇതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചു. ഭരണഘടന എഴുതി തയാറാക്കാനായി ബി.ആർ. അംബേദ്കർ ചെയർമാനായി ഒരു ഡ്രാഫ്റ്റിങ് കമ്മിറ്റിയെ നിയമിച്ചു. നിരവധി ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും ഭരണഘടനയ്ക്ക് രൂപം നൽകി. ഇന്ത്യൻ സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ ഉയർന്നു വന്ന ആശയാഭിലാഷങ്ങളുടെ പ്രതിഫലനമായിരുന്നു ഇന്ത്യയുടെ ഭരണഘടന. 1950 ജനുവരി 26 ന് സ്വതന്ത്ര ഇന്ത്യയുടെ ഭരണഘടന നിലവിൽ വരുകയും ഇന്ത്യയെ ഒരു റിപ്പബ്ലിക്കായി പ്രഖ്യാപിക്കുകയും ചെയ്തു.



ഇന്ത്യൻ ഭരണഘടനയുടെ പുറംചട്ട

സ്വാതന്ത്ര്യാനന്തര ഇന്ത്യ നേരിട്ട മറ്റൊരു പ്രശ്നം ജനാധിപത്യ വ്യവസ്ഥയുടെ രൂപീകരണമായിരുന്നു. ഭരണഘടനാനുസൃതമായി ഇന്ത്യയിലെ ആദ്യ പൊതുതെരഞ്ഞെടുപ്പ് നടന്നത് 1951–1952 കാലയളവിലായിരുന്നു. സ്വതന്ത്രവും നിഷ്പക്ഷവുമായി നടന്ന ആദ്യ തിരഞ്ഞെടുപ്പ് ഇന്ത്യൻ ജനാധിപത്യത്തിന്റെ വിജയമായിരുന്നു. ഇന്ത്യൻ സ്വാതന്ത്ര്യസമരപ്രസ്ഥാനം ഉയർത്തിപ്പിടിച്ച ജനാധിപത്യ മൂല്യങ്ങളുടെ മഹത്തായ പാരമ്പര്യമാണ് നമ്മുടെ തിരഞ്ഞെടുപ്പുകളിൽ ഇന്നും തുടർന്നു പോരുന്നത്. ഇന്ത്യക്കൊപ്പം സ്വാതന്ത്ര്യം നേടിയ ഏഷ്യയിലെയും ആഫ്രിക്കയിലെയും ഒട്ടുമിക്ക രാജ്യങ്ങളും ജനാധിപത്യത്തിൽ നിന്ന്

വ്യതിചലിക്കുമ്പോഴും ഇന്ത്യയുടെ ജനാധിപത്യവ്യവസ്ഥ ഇന്നും ശക്തമായി നിലകൊള്ളുന്നു.

ഇന്ത്യയുടെ ജനാധിപത്യം സംരക്ഷിക്കുന്നതിൽ ഭരണഘടന വഹിക്കുന്ന പങ്ക് ചർച്ചചെയ്യുക.



## ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെ രൂപീകരണം

നാട്ടുരാജ്യങ്ങളുടെ സംയോജനം നാം ചർച്ചചെയ്തല്ലോ. ഇവിടങ്ങളിലെ ജനങ്ങൾ അഭിമുഖീകരിച്ച ഒരു പ്രധാന പ്രശ്നം ഭാഷയുമായി ബന്ധപ്പെട്ടതായിരുന്നു. ഒരു നാട്ടുരാജ്യത്തു തന്നെ വ്യത്യസ്തഭാഷകൾ സംസാരിക്കുന്നവർ ഉണ്ടായിരുന്നു. അതിനാൽ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കണമെന്ന ആവശ്യം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഉയർന്നുവന്നു. 1920 ലെ നാഗ്പൂർ കോൺഗ്രസ് സമ്മേളനത്തിൽത്തന്നെ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന കോൺഗ്രസ് കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചിരുന്നു. സ്വാതന്ത്ര്യാനന്തരം ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കുക എന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് ജനകീയപ്രക്ഷോഭങ്ങൾ ആരംഭിച്ചു. തെലുങ്ക് സംസാരിക്കുന്നവർക്കായി ആന്ധ്രസംസ്ഥാനം രൂപീകരിക്കുക എന്ന ആവശ്യവുമായി സ്വാതന്ത്ര്യസമരസേനാനിയായിരുന്ന പോട്ടി ശ്രീരാമലു നിരാഹാരസമരം തുടങ്ങി. അൻപത്തിയെട്ടു ദിവസത്തെ നിരാഹാര സമരത്തെത്തുടർന്ന് അദ്ദേഹം മരണമടഞ്ഞു. ഇതു പ്രക്ഷോഭം രൂക്ഷമാക്കി. തുടർന്ന് തെലുങ്ക് സംസാരിക്കുന്നവർക്കായി ആന്ധ്രപ്രദേശ് സംസ്ഥാനം 1953ൽ രൂപീകരിച്ചു. ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനം വേണമെന്ന ആവശ്യം ഇതിനെത്തുടർന്ന് ശക്തമായി. ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുനസ്സംഘടിപ്പിക്കുന്നതിനായി സംസ്ഥാന പുനസ്സംഘടനാ കമ്മീഷൻ രൂപീകരിച്ചു. ഫസൽ അലിയായിരുന്നു ഈ കമ്മീഷന്റെ അധ്യക്ഷൻ. എച്ച്. എൻ. കുൻസ്രു, മലയാളിയായ കെ.എം. പണിക്കർ എന്നിവരായിരുന്നു ഇതിലെ മറ്റ് അംഗങ്ങൾ.



പോട്ടി ശ്രീരാമലു



ഫസൽ അലി കെ.എം. പണിക്കർ എച്ച്. എൻ. കുൻസ്രു

ഈ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1956 ൽ ഇന്ത്യൻ സംസ്ഥാന പുനസ്സംഘടനാനിയമം പാർലമെന്റ് പാസാക്കി. ഇതു പ്രകാരം പതിനാല് സംസ്ഥാനങ്ങളും ആറ് കേന്ദ്രഭരണ പ്രദേശങ്ങളും നിലവിൽ വന്നു.

പിന്നീട് പല ഘട്ടങ്ങളിലായി പുതിയ സംസ്ഥാനങ്ങൾ നിലവിൽ വന്നു. ഇപ്പോൾ ഇന്ത്യയിൽ ഇരുപത്തിയൊൻപത് സംസ്ഥാനങ്ങളും ഏഴ് കേന്ദ്രഭരണപ്രദേശങ്ങളുമുണ്ട്.

സ്വതന്ത്ര ഇന്ത്യ സംസ്ഥാന പുനസ്സംഘടനയ്ക്കുള്ള മാനദണ്ഡമായി ഭാഷയെ സ്വീകരിച്ചതെന്തുകൊണ്ട്?



## സാമ്പത്തികമേഖലയിലെ മുന്നേറ്റങ്ങൾ

ബ്രിട്ടീഷ് കാലഘട്ടത്തിലെ സാമ്പത്തികചൂഷണത്തെക്കുറിച്ച് മുൻ ക്ലാസുകളിൽ ചർച്ചചെയ്തല്ലോ. സ്വതന്ത്ര ഇന്ത്യയുടെ സാമ്പത്തിക അടിത്തറ വളരെ പരിതാപകരമായിരുന്നു. സ്വാതന്ത്ര്യാനന്തരം ഇന്ത്യയുടെ സാമ്പത്തിക വികാസത്തിന് ഏതുതരം സമ്പദ്‌വ്യവസ്ഥയാണ് സ്വീകരിക്കേണ്ടതെന്ന ചർച്ചകളുണ്ടായി. ഈ ചർച്ചകൾ പ്രധാനമായും അന്നു നിലനിന്നിരുന്ന രണ്ട് സമ്പദ്‌വ്യവസ്ഥകളെ കേന്ദ്രീകരിച്ചായിരുന്നു.

- മുതലാളിത്ത സമ്പദ്‌വ്യവസ്ഥ.
- സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥ.

എന്നാൽ മുതലാളിത്ത-സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥകളുടെ സമന്വയമായ മിശ്രസമ്പദ് വ്യവസ്ഥ (Mixed Economy) യാണ് ഇന്ത്യ സ്വീകരിച്ചത്. അത് പൊതുമേഖലയ്ക്കാണ് പ്രാധാന്യം നൽകിയത്.

സ്വാതന്ത്ര്യാനന്തരം ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് സാമ്പത്തികമുന്നേറ്റം ലക്ഷ്യമാക്കി നിരവധി പദ്ധതികൾ ആവിഷ്ക്കരിക്കുകയുണ്ടായി. ഈ പദ്ധതികളിൽ പലതും സ്വാതന്ത്ര്യസമരകാലത്ത് പല കോൺഗ്രസ് സമ്മേളനങ്ങളിലും ചർച്ചചെയ്തിരുന്നവയാണ്. കേന്ദ്രീകൃത സാമ്പത്തികാസൂത്രണമായിരുന്നു അവയിൽ പ്രധാനപ്പെട്ടത്. സോവിയറ്റ് യൂണിയനിൽ നിന്നാണ് ഇന്ത്യ സാമ്പത്തികാസൂത്രണം എന്ന ആശയം കൈക്കൊണ്ടത്. ഇന്ത്യയിലെ സാമ്പത്തികാസൂത്രണത്തിന്റെ ചരിത്രം മുൻ ക്ലാസുകളിൽ ചർച്ച ചെയ്തത് ഓർക്കുമല്ലോ.

**ആസൂത്രണ കമ്മീഷൻ**

1950 മാർച്ച് 15 ന് ആസൂത്രണ കമ്മീഷൻ നിലവിൽ വന്നു. പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ചെയർമാനും ഗുൽസാരിലാൽ നന്ദ വൈസ് ചെയർമാനുമായിരുന്നു. ടി.ടി കൃഷ്ണമാചാരി, സി.ഡി. ദേശ്മുഖ് എന്നിവർ അംഗങ്ങളുമായിരുന്നു.

സ്വാതന്ത്ര്യത്തിനുശേഷം സാമ്പത്തിക ആസൂത്രണ പരിപാടികൾക്ക് ശക്തി വർധിച്ചു. 1950 ൽ ജവഹർലാൽ നെഹ്റുവിന്റെ അധ്യക്ഷതയിൽ ആസൂത്രണ കമ്മീഷൻ നിലവിൽ വന്നു. സാമ്പത്തികപുരോഗതിക്കായി ആസൂത്രണ കമ്മീഷൻ നിരവധി പദ്ധതികൾ മുന്നോട്ടുവച്ചു.



നെഹ്റു ആസൂത്രണ കമ്മീഷൻ യോഗത്തിൽ.

രാജ്യത്തിന്റെ സാമ്പത്തികവളർച്ച ലക്ഷ്യമിട്ട് ആസൂത്രണ കമ്മീഷൻ നടപ്പിലാക്കിയ പദ്ധതികളാണ് പഞ്ചവത്സരപദ്ധതികൾ. 1951 ൽ തുടക്കം കുറിച്ച പഞ്ചവത്സരപദ്ധതികൾ വികസനപ്രക്രിയയിൽ വളരെയധികം മുന്നോട്ടുപോകാൻ ഇന്ത്യയെ സഹായിച്ചു. കാർഷിക-വ്യാവസായിക മേഖല പുഷ്ടിപ്പെടാനും ദാരിദ്ര്യനിർമാർജനത്തിനും ഊർജോൽപ്പാദനത്തിനും വിദ്യാഭ്യാസമേഖലയിലെ പുരോഗതിക്കും ഇത് സഹായകമായി.

സാമ്പത്തികപുരോഗതിക്കായി വിദേശരാജ്യങ്ങളുടെ സഹായവും ഇന്ത്യക്ക് ലഭിച്ചു. വിദേശസഹായത്താൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഇരുമ്പുരുക്കു വ്യവസായശാലകൾ ആരംഭിച്ചു.

| ഇരുമ്പുരുക്കു വ്യവസായശാലകൾ | സഹായം നൽകിയ രാഷ്ട്രങ്ങൾ |
|---|---|
| • ഭിലായി | • സോവിയറ്റ് യൂണിയൻ |
| • ബൊക്കാറോ | • സോവിയറ്റ് യൂണിയൻ |
| • റൂർക്കേല | • ജർമനി |
| • ദുർഗാപ്പൂർ | • ബ്രിട്ടൺ |

ഇന്ത്യയുടെ സാമ്പത്തികമായ ആധുനികവൽക്കരണത്തിൽ വൻകിട അണക്കെട്ടുകൾ പ്രധാന പങ്കു വഹിച്ചു. കൃഷിക്കാവശ്യമായ ജലവും വ്യവസായങ്ങൾക്കാവശ്യമായ വൈദ്യുതോർജവും ഇതിൽനിന്നു ലഭിച്ചു. ഇന്ത്യയിലെ ഏറ്റവും വലിയ വിവിധോദ്ദേശ്യ നദീതടപദ്ധതിയായ ഭക്രാനംഗൽ പദ്ധതി സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ അഭിമാനമാണ്.


ഭക്രാനംഗൽ പദ്ധതി

ജലസേചനസൗകര്യങ്ങൾ ലഭ്യമായതോടെ ഇന്ത്യയിൽ കാർഷികോൽപ്പാദനം വർധിച്ചു. കാർഷിക പുരോഗതി, കന്നുകാലി സംരക്ഷണം, ഭൗതികസാഹചര്യങ്ങളുടെ ഉന്നമനം തുടങ്ങിയ ലക്ഷ്യങ്ങളോടെ ദേശീയതലത്തിൽ അൻപത്തിയഞ്ച് പദ്ധതികൾക്ക് 1952 ഒക്ടോബർ 2 (മഹാത്മാഗാന്ധിയുടെ ജന്മദിനം) ന് തുടക്കം കുറിച്ചു.

1990 കളിൽ ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയിൽ പ്രകടമായ വ്യതിയാനമുണ്ടായി. പൊതുമേഖലയ്ക്ക് പകരം സ്വകാര്യമേഖലയ്ക്ക് പ്രാധാന്യം കൈവന്നു.


യന്ത്രവൽകൃത കൃഷി

**ഭക്രാനംഗൽ**

ലോകത്തിലെ ഏറ്റവും ഉയരമുള്ള രണ്ടാമത്തെ അണക്കെട്ടായ ഭക്രാനംഗലിന് 680 അടിയാണ് ഉയരം. ഭക്രയിൽ പണിയെടുത്തിരുന്നവർ ഒരാളൊഴികെ എല്ലാവരും ഇന്ത്യക്കാരായിരുന്നു. ആ ഒരാൾ ഒരു അമേരിക്കക്കാരനായിരുന്നു - ഹാർവി സ്ലോകം. സ്ലോകമിന് പ്രാഥമിക വിദ്യാഭ്യാസം തീരെയില്ലായിരുന്നു. അയാൾ ഒരു ഉരുക്കുശാലയിലെ പണിക്കാരന്റെ സ്ഥാനത്തുനിന്ന് ഗ്രാന്റ് കൗലി അണക്കെട്ടിന്റെ (ലോകത്തിലെ ഏറ്റവും ഉയരമുള്ള അണക്കെട്ട്) സൂപ്രണ്ട് പദവിയിലേക്ക് ഉയർന്നു. 1952 ൽ ഭക്രാ ടീമിലേക്ക് ചീഫ് എഞ്ചിനീയറായി സ്ലോകം എത്തുന്നത് ജവഹർലാൽ നെഹ്റുവിന്റെ ശ്രമഫലമായാണ്.



സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ സാമ്പത്തികമേഖലയിലെ പുരോഗതിയെക്കുറിച്ച് ക്ലാസിൽ ഒരു ചർച്ച സംഘടിപ്പിക്കുക.



സ്വതന്ത്ര ഇന്ത്യ സാമ്പത്തികരംഗത്ത് കൈക്കൊണ്ട നടപടികളുടെ പ്രത്യേകതകൾ എന്തെല്ലാമായിരുന്നു?

## ശാസ്ത്ര - സാങ്കേതിക നേട്ടങ്ങൾ

സ്വാതന്ത്ര്യാനന്തര ഇന്ത്യ ശാസ്ത്ര-സാങ്കേതികരംഗങ്ങളിൽ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു. ഇന്ത്യയുടെ കാർഷികപുരോഗതിയിലും വ്യവസായവൽക്കരണത്തിലും സാങ്കേതികവിദ്യക്കും സാങ്കേതികവിദഗ്ധർക്കും ഒരു പ്രധാന പങ്കുണ്ട്. ആധുനികശാസ്ത്രത്തിന്റെ ആരാധകനായിരുന്ന നെഹ്റുവിന്റെ നേതൃത്വത്തിൽ ശാസ്ത്ര-സാങ്കേതിക രംഗങ്ങളിൽ ഇന്ത്യ അഭൂതപൂർവമായ നേട്ടങ്ങൾ കൈവരിച്ചു. നിരവധി ഗവേഷണസ്ഥാപനങ്ങൾ നിലവിൽ വന്നു. അവയിൽ ചിലത് താഴെപ്പറയുന്നു.

- ശാസ്ത്ര-വ്യാവസായിക ഗവേഷണ സമിതി (Council of Scientifc and Industrial Research)
- ഇന്ത്യൻ കാർഷിക ഗവേഷണ സമിതി (Indian Council for Agricultural Research)
- ഇന്ത്യൻ മെഡിക്കൽ ഗവേഷണ സമിതി (Indian Council of Medical Research)



ഹോമി ജഹാംഗീർ ഭാഭ

ശാസ്ത്ര-വ്യാവസായിക ഗവേഷണ സമിതിയുടെ പദ്ധതികൾക്ക് നേതൃത്വം നൽകിയത് ഹോമി ജഹാംഗീർ ഭാഭയും എസ്.എൻ. ഭട്നാഗറുമായിരുന്നു. ഹോമി ജഹാംഗീർ ഭാഭ നേതൃത്വം നൽകിയ ശാസ്ത്രസ്ഥാപനങ്ങളാണ് ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച്, ഇന്ത്യൻ ആണവോർജകമ്മീഷൻ എന്നിവ.



എസ്.എൻ. ഭട്നാഗർ

ലോകോത്തര നിലവാരമുള്ള നിരവധി എൻജിനീയറിങ് വിദ്യാലയങ്ങൾ അക്കാലത്ത് സ്ഥാപിതമായി. അഞ്ച് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജികൾ (IIT) 1954 നും 1964 നും ഇടയ്ക്ക് സ്ഥാപിക്കുകയുണ്ടായി. ശാസ്ത്ര സാമഗ്രികളുടെയും വിജ്ഞാനത്തിന്റെയും കാര്യത്തിൽ പാശ്ചാത്യരാജ്യങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കണം എന്ന നെഹ്റുവിന്റെ കാഴ്ചപ്പാടാണ് ഇതിന് അടിസ്ഥാനമായത്. തുടർന്ന് മെഡിക്കൽ വിദ്യാഭ്യാസം, ബയോമെഡിക്കൽ എൻജിനീയ



ഐ.ഐ.ടി. ഗോരഖ്പൂർ

റിങ്, ജനിതകശാസ്ത്രം, ജൈവസാങ്കേതികവിദ്യ, ആരോഗ്യം, ഗതാഗതം, സമുദ്ര ഗവേഷണം, വിവരസാങ്കേതികവിദ്യ, ആണവോർജം എന്നീ മേഖലകളിൽ ഇന്ത്യ വൻനേട്ടം കൈവരിച്ചു.

## ഇന്ത്യയും ബഹിരാകാശഗവേഷണവും

സ്വാതന്ത്ര്യാനന്തരം ബഹിരാകാശ ഗവേഷണരംഗത്ത് ഇന്ത്യ നിരവധി പര്യവേക്ഷണങ്ങൾ നടത്തി. 1962 ൽ ജവഹർലാൽ നെഹ്റുവിന്റെയും ശാസ്ത്രജ്ഞനായ വിക്രം സാരാഭായിയുടെയും ശ്രമഫലമായി ഇന്ത്യൻ ദേശീയ ബഹിരാകാശ ഗവേഷണ സമിതി രൂപീകൃതമായി. അതിനെത്തുടർന്ന് 1969 ൽ ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടനയുടെ (ഐ.എസ്.ആർ.ഒ) രൂപീകരണത്തോടെ ഇന്ത്യൻ ബഹിരാകാശ ഗവേഷണത്തിന്റെ നേതൃത്വം ഇതിന്റെ കീഴിലായി. തിരുവനന്തപുരത്തിനടുത്തുള്ള തുമ്പയിലാണ് ഇന്ത്യയിലെ ആദ്യത്തെ റോക്കറ്റ് വിക്ഷേപണകേന്ദ്രം ആരംഭിച്ചത്.


ഐ.എസ്.ആർ.ഒ. ആസ്ഥാനം, ബാംഗളൂരു


വി.എസ്.എസ്.സി, തുമ്പ

ഇന്ത്യൻ ബഹിരാകാശ ഗവേഷകരുടെ കൂട്ടായ പരിശ്രമഫലമായി 1975 ൽ ആര്യഭട്ട എന്ന ഉപഗ്രഹം വിജയകരമായി വിക്ഷേപിച്ചു. ഉപഗ്രഹങ്ങൾക്കു പുറമെ ബഹിരാകാശ വിക്ഷേപണവാഹനങ്ങളും ഇന്ത്യ വികസിപ്പിച്ചെടുത്തു. ഉപഗ്രഹങ്ങൾ നിർമിക്കാനും വിക്ഷേപിക്കാനും കഴിവുള്ള ഏക വികസ്വരരാഷ്ട്രമെന്ന ബഹുമതി നേടിയെടുക്കാൻ ഇന്ത്യക്ക് കഴിഞ്ഞത് നെഹ്റുവിന്റെ ദീർഘദൃഷ്ടി മൂലമാണ്. ഉപഗ്രഹങ്ങൾ വികസിപ്പിച്ചെടുക്കുന്നതിൽ നിരവധി ഏജൻസികൾ ഇന്ന് നമുക്കുണ്ട്. അവ താഴെപ്പറയുന്നവയാണ്.

- നാഷണൽ റിമോർട്ട് സെൻസിങ് ഏജൻസി
- ഫിസിക്കൽ റിസർച്ച് ലബോറട്ടറി


ആര്യഭട്ട

മിസൈൽ സാങ്കേതികവിദ്യയിലും ഇന്ത്യ പുരോഗതി കൈവരിച്ചു. ഇന്ത്യ വികസിപ്പിച്ച മിസൈലുകളാണ് അഗ്നി, പൃഥ്വി തുടങ്ങിയവ. ഡോ. രാജാ രാമണ്ണ, ഡോ. എ.പി.ജെ. അബ്ദുൽകലാം എന്നിവർ ആണവരംഗത്ത് പരീക്ഷണങ്ങൾക്ക് നേതൃത്വം നൽകി.


ഡോ. രാജാ രാമണ്ണ

ചാന്ദ്രയാൻ, മംഗൾയാൻ ദൗത്യങ്ങളോടെ ഇന്ത്യ ബഹിരാകാശ പര്യവേക്ഷണങ്ങളുടെ പുതുയുഗത്തിലേക്ക് പ്രവേശിച്ചു. ഇന്ത്യയുടെ ആദ്യത്തെ ചന്ദ്രപരീക്ഷണ ദൗത്യമായ ചന്ദ്രയാന് 2008 ഒക്ടോബറിൽ തുടക്കം

### വിക്രം സാരാഭായി



ആണവശാസ്ത്ര മേഖലയിലും ബഹിരാകാശ മേഖലയിലും ഒരുപോലെ സംഭാവനകൾ നൽകിയ ശാസ്ത്രജ്ഞനാണ് വിക്രം സാരാഭായി. കേംബ്രിഡ്ജിൽ നിന്ന് ഉന്നതവിദ്യാഭ്യാസം നേടി ഇന്ത്യയിലെത്തിയ അദ്ദേഹം അഹമ്മദാബാദിലെ ഫിസിക്കൽ റിസർച്ച് ലബോറട്ടറിയിൽ ഫിസിക്സ് പ്രൊഫസറും ഡയറക്ടറുമായി. തുമ്പ ബഹിരാകാശ ഗവേഷണകേന്ദ്രം, അഹമ്മദാബാദിലെ ഉപഗ്രഹ വാർത്താവിനിമയ കേന്ദ്രം തുടങ്ങിയവയുടെ ശില്പി വിക്രം സാരാഭായിയാണ്. അദ്ദേഹത്തിന്റെ ഓർമയ്ക്കായി തുമ്പയിലെ ബഹിരാകാശ കേന്ദ്രത്തിന് 'വിക്രം സാരാഭായി സ്പേസ് സെന്റർ' (വി.എസ്.എസ്.സി) എന്ന പേരു നൽകി.



ഇന്ത്യയുടെ ബഹിരാകാശ ദൗത്യവുമായി ബന്ധപ്പെട്ട ആദ്യകാല ചിത്രങ്ങൾ

### ഡോ. എ.പി.ജെ. അബ്ദുൽകലാം



ഇന്ത്യയുടെ പതിനൊന്നാം രാഷ്ട്രപതിയായ ഡോ. എ.പി.ജെ. അബ്ദുൽകലാം ശാസ്ത്രജ്ഞനും ഗവേഷകനുമായിരുന്നു. മിസൈൽ സാങ്കേതികവിദ്യ പരിപോഷിപ്പിക്കുന്നതിൽ വിദഗ്ധനായിരുന്നു അദ്ദേഹം. ഐ.എസ്.ആർ.ഒയുടെ ചുമതല വഹിച്ച അദ്ദേഹം ബഹിരാകാശ ഉപഗ്രഹവിക്ഷേപണവാഹിനികൾ (SLV3, PSLV) വികസിപ്പിച്ചു. അദ്ദേഹത്തെ 'മിസൈൽ മാൻ ഓഫ് ഇന്ത്യ' എന്ന് വിശേഷിപ്പിക്കുന്നു.

കുറിച്ചു. അമേരിക്ക, റഷ്യ, യൂറോപ്യൻ സ്പേസ് ഏജൻസി, ചൈന, ജപ്പാൻ എന്നിവയ്ക്കുശേഷം ചന്ദ്രന്റെ ഭ്രമണപഥത്തിൽ സ്വന്തം പേടകമെത്തിക്കുന്ന രാജ്യമായി ഇന്ത്യ മാറി. ഇന്ത്യൻ ബഹിരാകാശ വകുപ്പിന്റെ ചൊവ്വ ദൗത്യത്തിന്റെ പേരാണ് മംഗൾയാൻ. ഭൂമിയിൽ നിന്ന് ഏറ്റവും അകലയെത്തിയ ഇന്ത്യൻ നിർമിത പേടകമെന്ന ഖ്യാതി മംഗൾയാനാണ്. ഇതിന്റെ ചുവടുപിടിച്ചുകൊണ്ട് ബഹിരാകാശ ഗവേഷണരംഗത്ത് പുതിയ പരീക്ഷണങ്ങൾക്കൊരുങ്ങുകയാണ് ഇന്ത്യ.

ബഹിരാകാശ രംഗത്തെ ഇന്ത്യയുടെ നേട്ടങ്ങൾ എന്ന ആശയത്തെ അടിസ്ഥാനമാക്കി ഒരു സചിത്ര ആൽബം തയാറാക്കുക.

ശാസ്ത്രരംഗത്ത് കൈവരിച്ച നേട്ടങ്ങൾ ഇന്ത്യയുടെ പുരോഗതിക്ക് സഹായകമായതെങ്ങനെ?

## വിദ്യാഭ്യാസം

*"ഇന്ത്യയുടെ ഭാവി നിർണയിക്കപ്പെടുന്നത് ഇന്ത്യയുടെ ക്ലാസ് മുറികളിലാണ്".*

സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ വിദ്യാഭ്യാസരംഗത്തെക്കുറിച്ച് പഠിക്കാൻ നിയോഗിക്കപ്പെട്ട കമ്മീഷന്റെ അധ്യക്ഷനായ ഡോ. ഡി.എസ്. കോത്താരി വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ സൂചിപ്പിച്ചുകൊണ്ട് പറഞ്ഞ വാക്കുകളാണിത്.

രാഷ്ട്രപുരോഗതിയിൽ വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം തിരിച്ചറിഞ്ഞ ദേശീയനേതാക്കൾ സ്വാതന്ത്ര്യാനന്തരം തദ്ദേശീയമായ വിദ്യാഭ്യാസനയം വളർത്തിയെടുക്കാൻ ശ്രമിച്ചു. ഇന്ത്യൻ വിദ്യാഭ്യാസത്തെക്കുറിച്ച് പഠിക്കുന്നതിനും ശുപാർശകൾ സമർപ്പിക്കുന്നതിനുമായി ഗവൺമെന്റ് പല ഘട്ടങ്ങളിലായി വിവിധ കമ്മീഷനുകളെ നിയമിച്ചു. താഴെ നൽകിയിട്ടുള്ള പട്ടികയിൽ നിന്ന് അവയെക്കുറിച്ച് മനസ്സിലാക്കാം.

| കമ്മീഷനുകൾ | ലക്ഷ്യങ്ങൾ | ശുപാർശകൾ |
|---|---|---|
| • ഡോ. രാധാകൃഷ്ണൻ കമ്മീഷൻ (1948) | സർവകലാശാലാ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പഠനം | • തൊഴിലധിഷ്ഠിത വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങുക.<br>• സ്ത്രീവിദ്യാഭ്യാസത്തിനു പ്രാധാന്യം നൽകണം.<br>• യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷൻ (യു.ജി.സി) രൂപീകരിക്കണം. |
| • ഡോ. ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ (1952) | സെക്കണ്ടറി വിദ്യാഭ്യാസ മേഖലയെക്കുറിച്ചുള്ള പഠനം | • ത്രിഭാഷാ പദ്ധതി നടപ്പിലാക്കണം.<br>• സെക്കണ്ടറി തലത്തിൽ വിദ്യാഭ്യാസ കമ്മീഷൻ രൂപീകരിക്കണം.<br>• വിവിധോദ്ദേശ്യ സ്കൂളുകൾ സ്ഥാപിക്കണം.<br>• അധ്യാപകപരിശീലന സമിതി രൂപീകരിക്കണം. |
| • ഡോ. ഡി.എസ്. കോത്താരി കമ്മീഷൻ (1964) | വിദ്യാഭ്യാസത്തിന്റെ ദേശീയ മാതൃകയെപ്പറ്റിയുള്ള നിർദേശം | • 10+2+3 മാതൃകയിൽ വിദ്യാഭ്യാസം നടപ്പിലാക്കണം.<br>• സെക്കണ്ടറി തലത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കണം.<br>• ധാർമികവിദ്യാഭ്യാസത്തിന് ഊന്നൽ നൽകണം. |

### സർവ ശിക്ഷാ അഭിയാനും രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാനും

പ്രൈമറി തലത്തിലെ വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് ആരംഭിച്ച പദ്ധതിയാണ് സർവശിക്ഷാ അഭിയാൻ. സെക്കണ്ടറി, ഹയർ സെക്കണ്ടറി തലത്തിലെ വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിനുവേണ്ടി നടപ്പിലാക്കിയ പദ്ധതിയാണ് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ.

### മൗലാനാ അബുൽ കലാം ആസാദ്

സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ വിദ്യാഭ്യാസമന്ത്രിയാണ് മൗലാനാ അബുൽ കലാം ആസാദ്. സ്വതന്ത്ര ഇന്ത്യയുടെ വിദ്യാഭ്യാസനയം രൂപപ്പെടുത്തുന്നതിൽ അദ്ദേഹം സുപ്രധാന പങ്കുവഹിച്ചു. അദ്ദേഹത്തിന്റെ ജന്മദിനമായ നവംബർ 11 ദേശീയ വിദ്യാഭ്യാസദിനമായി ആചരിക്കുന്നു. അദ്ദേഹം രചിച്ച ശ്രദ്ധേയമായ ഗ്രന്ഥമാണ് 'ഇന്ത്യ വിൻസ് ഫ്രീഡം'.

1968 ലും 1986 ലും ദേശീയ വിദ്യാഭ്യാസ നയം (New Education Policy) രൂപീകരിച്ചു. പുതിയ സഹസ്രാബ്ദത്തിലേക്ക് ഇന്ത്യയെ നയിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇത് നടപ്പിലാക്കിയത്. 1986 ലെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ പ്രധാന നിർദേശങ്ങൾ താഴെപ്പറയുന്നു:

- പ്രാഥമികവിദ്യാഭ്യാസത്തിനും തുടർവിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകണം.
- പ്രൈമറി തലത്തിൽ വിദ്യാഭ്യാസം സാർവത്രികമാക്കാനും സ്കൂളുകളിലെ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്താനും 'ഓപ്പറേഷൻ ബ്ലാക്ക് ബോർഡ്' പദ്ധതി നടപ്പിലാക്കണം.
- ഓരോ ജില്ലയിലും നവോദയ വിദ്യാലയങ്ങൾ സ്ഥാപിക്കണം.
- പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകണം.

വിദ്യാഭ്യാസരംഗത്ത് ശ്രദ്ധേയമായ മാറ്റങ്ങൾക്കു തുടക്കം കുറിക്കാൻ പുത്തൻ വിദ്യാഭ്യാസനയത്തിന് കഴിഞ്ഞു. 2009 ൽ ഇന്ത്യാ ഗവൺമെന്റ് വിദ്യാഭ്യാസം മൗലികാവകാശമാക്കിക്കൊണ്ട് നിയമം പാസാക്കി.

കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ള സർവശിക്ഷാ അഭിയാൻ, രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ തുടങ്ങിയ പദ്ധതികൾ വിദ്യാഭ്യാസരംഗത്തെ ശക്തിപ്പെടുത്തുന്നതിൽ പ്രധാന പങ്കു വഹിച്ചു പോരുന്നു.

സ്വാതന്ത്ര്യാനന്തര ഇന്ത്യ വിദ്യാഭ്യാസമേഖലയിൽ കൈവരിച്ച നേട്ടങ്ങൾ വിശകലനം ചെയ്യുക.

### സാംസ്കാരിക വിനിമയം അധ്യാപകർക്കായി

വിദ്യാഭ്യാസത്തെ സംസ്കാരവുമായി ബന്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സാംസ്കാരിക വകുപ്പ് 1979 ൽ രൂപീകരിച്ച സ്ഥാപനമാണ് സെന്റർ ഫോർ കൾച്ചറൽ റിസോഴ്സ് ആന്റ് ട്രെയിനിങ് (Centre for Cultural Resource and Training). ന്യൂഡൽഹിയാണ് ആസ്ഥാനം. അധ്യാപകർക്കും കുട്ടികൾക്കുമായി സാംസ്കാരിക വിനിമയത്തിനുള്ള വിവിധ പരിപാടികൾ സംഘടിപ്പിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

## സാംസ്കാരികനേട്ടങ്ങൾ

സ്വാതന്ത്ര്യാനന്തര ഇന്ത്യ സാംസ്കാരിക മേഖലയിലും വൻപുരോഗതി നേടുകയുണ്ടായി. ഇന്ത്യക്ക് തനതായ ഒരു സാംസ്കാരികപാരമ്പര്യം ഉണ്ട് എന്ന് മുൻ ക്ലാസുകളിൽ മനസ്സിലാക്കിയിട്ടുണ്ടല്ലോ. ഇന്ത്യക്കകത്തും പുറത്തും ഇന്ത്യയുടെ സാംസ്കാരിക മുന്നേറ്റത്തിന്റെ പ്രോത്സാഹനം ലക്ഷ്യമാക്കി സ്വാതന്ത്ര്യാനന്തരം ധാരാളം സ്ഥാപനങ്ങൾ ആരംഭിച്ചു. ഇവയിൽ പ്രധാനപ്പെട്ടവ പട്ടികയിൽ നൽകിയിരിക്കുന്നു.

| സ്ഥാപനം | പ്രവർത്തനങ്ങൾ | ആസ്ഥാനം |
|---|---|---|
| • സംഗീത നാടക അക്കാദമി | • ദി നാഷണൽ അക്കാദമി ഓഫ് ഡാൻസ്, ഡ്രാമ ആന്റ് മ്യൂസിക് എന്നാണ് ഇത് മുൻപ് അറിയപ്പെട്ടിരുന്നത്. സംഗീതത്തിന്റെയും നാടകത്തിന്റെയും പ്രോത്സാഹനമാണ് ലക്ഷ്യം. | • ന്യൂഡൽഹി |
| • ലളിതകലാ അക്കാദമി | • ഇന്ത്യക്കകത്തും പുറത്തും ഇന്ത്യൻ കലകളുടെ പ്രചാരണമാണ് ലക്ഷ്യം. | • ന്യൂഡൽഹി |
| • സാഹിത്യ അക്കാദമി | • ഇന്ത്യൻ ഭാഷാ സാഹിത്യത്തിന്റെ ഉന്നമനമാണ് ലക്ഷ്യം. | • ന്യൂഡൽഹി |
| • നാഷണൽ സ്കൂൾ ഓഫ് ഡ്രാമ | • സംഗീത നാടക അക്കാദമിയുടെ കീഴിൽ സ്ഥാപിതമായി. സ്കൂൾ ഓഫ് ഡ്രാമ എല്ലാ വർഷവും നാടകമേള നടത്തുന്നു. | • ന്യൂഡൽഹി |
| • നാഷണൽ ബുക്ക് ട്രസ്റ്റ് ഓഫ് ഇന്ത്യ | • കുറഞ്ഞ ചെലവിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക. വായന വളർത്തുക, ഇന്ത്യൻ പുസ്തകങ്ങൾ സ്വദേശത്തും വിദേശത്തും പ്രോത്സാഹിപ്പിക്കുക. | • ന്യൂഡൽഹി |

സ്വാതന്ത്ര്യാനന്തര ഗവൺമെന്റിന്റെ ദീർഘവീക്ഷണത്തിനുള്ള തെളിവുകളാണ് ഈ സാംസ്കാരിക സ്ഥാപനങ്ങൾ. ഇന്നും ഇന്ത്യയിലെ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഇവയാണ് നേതൃത്വം നൽകുന്നത്.

## വിദേശനയം

*ലോകത്തെ എല്ലാ ജനവിഭാഗത്തിന്റെയും സൗഖ്യവും സ്വാതന്ത്ര്യവും ഉറപ്പുവരുത്തുന്ന വലിയ ദൗത്യം ഏറ്റെടുത്തുകൊണ്ട് എല്ലാവരുമായും സൗഹൃദപരമായ സഹകരണമാണ് നമ്മുടെ ലക്ഷ്യം, ആരുമായും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിന് ഞങ്ങൾ തയാറല്ലെന്നാണ് ലോകരാജ്യങ്ങളോടുണർത്താനുള്ളത്.*

ജവഹർലാൽ നെഹ്റുവിന്റെ പ്രസംഗം (1947)

വിദേശരാജ്യങ്ങളോടുള്ള ഇന്ത്യയുടെ സമീപനം വ്യക്തമാക്കുന്നതാണ് നെഹ്റുവിന്റെ ഈ വാക്കുകൾ. സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപപ്പെടുത്തിയ വിദേശനയമാണ് സ്വാതന്ത്ര്യാനന്തര ഇന്ത്യ സ്വീകരിച്ചത്. ഇന്ത്യൻ വിദേശനയത്തിന്റെ മുഖ്യ ശില്പി ജവഹർലാൽ നെഹ്റു ആണ്.

ഇന്ത്യയുടെ വിദേശനയത്തിന്റെ പ്രധാനതത്ത്വങ്ങളാണ് ചുവടെ തന്നിട്ടുള്ളത്:

- സാമ്രാജ്യത്വത്തോടും കൊളോണിയൽ വ്യവസ്ഥയോടുമുള്ള എതിർപ്പ്.
- വംശീയവാദത്തോടുള്ള വിദ്വേഷം.
- ഐക്യരാഷ്ട്രസഭയിലുള്ള വിശ്വാസം.
- സമാധാനപരമായ സഹവർത്തിത്വം.
- പഞ്ചശീലതത്ത്വങ്ങൾ
- വിദേശസഹായത്തിന്റെ ആവശ്യകതയിലുള്ള ഊന്നൽ.
- ചേരിചേരായ്മ



സ്വതന്ത്ര ഇന്ത്യയുടെ വിദേശനയത്തിൽ ദേശീയ പ്രസ്ഥാനത്തിന്റെ മൂല്യങ്ങൾ എത്രമാത്രം പ്രതിഫലിച്ചിരുന്നു? പരിശോധിക്കുക.

## പഞ്ചശീലതത്ത്വങ്ങൾ

1954 ൽ ചൈനയുമായി അതിർത്തിത്തർക്കം ഉണ്ടായപ്പോൾ ഇന്ത്യ ചൈനയുമായി ഒപ്പിട്ട കരാറാണ് പഞ്ചശീലതത്ത്വങ്ങൾ. ജവഹർലാൽ നെഹ്റുവും ചൈനീസ് പ്രധാനമന്ത്രി ചൗ എൻ ലായിയുമാണ് സംയുക്ത പ്രസ്താവനയിൽ ഒപ്പുവച്ചത്. ചൈനയുമായി ഒപ്പിട്ട കരാറാണ് പഞ്ചശീലമെങ്കിലും എല്ലാ രാജ്യങ്ങളോടുമുള്ള ഇന്ത്യയുടെ സമീപനം അതു തന്നെയായിരുന്നു. അവ താഴെ പറയുന്നു:

സ്വാതന്ത്ര്യാനന്തര ഇന്ത്യ വിവിധ മേഖലകളിൽ കൈവരിച്ച നേട്ടങ്ങളെ ആസ്പദമാക്കി ഒരു ദൃശ്യാവിഷ്കാരം (Visual Presentation) തയാറാക്കുക.



- രാജ്യത്തിന്റെ അതിർത്തിയും പരമാധികാരവും പരസ്പരം അംഗീകരിക്കുക.
- പരസ്പരം ആക്രമിക്കാതിരിക്കുക.
- ആഭ്യന്തരകാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക.
- സമത്വവും പരസ്പരസഹായവും പുലർത്തുക.
- സമാധാനപരമായ സഹവർത്തിത്വം പാലിക്കുക.

രണ്ടാം ലോകയുദ്ധാനന്തരം രൂപീകരിക്കപ്പെട്ട ചേരിചേരാപ്രസ്ഥാനത്തെക്കുറിച്ച് മുൻ പാഠഭാഗത്ത് ചർച്ച ചെയ്തത് ഓർക്കുമല്ലോ. അതിന്റെ രൂപീകരണത്തിന് നേതൃത്വം കൊടുത്തതിലൊരാൾ ഇന്ത്യൻ പ്രധാനമന്ത്രിയായ ജവഹർലാൽ നെഹ്റുവായിരുന്നു. അന്താരാഷ്ട്രപ്രശ്നങ്ങളിൽ സ്ഥിരമായി ഒരു ചേരിയോടൊപ്പം നിൽക്കാതെ പ്രശ്നത്തിന്റെ ശരിതെറ്റുകൾ വിലയിരുത്തി നിലപാടെടുക്കുക എന്ന സമീപനമാണ് ഇന്ത്യ സ്വീകരിച്ചത്.



ഇന്നത്തെ ഇന്ത്യയുടെ വിദേശനയം പരിശോധിച്ച് അതിന്റെ അടിസ്ഥാനതത്ത്വങ്ങളിൽ എന്തെങ്കിലും മാറ്റമുണ്ടോയെന്ന് ചർച്ചചെയ്യുക.




## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- സ്വതന്ത്ര ഇന്ത്യ അഭിമുഖീകരിച്ച വെല്ലുവിളികൾ കണ്ടെത്തുന്നു.
- ഇന്ത്യൻ നാട്ടുരാജ്യങ്ങളുടെ സംയോജനം വിശദമാക്കുന്നു.
- ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന രൂപീകരണത്തിന് ഇടയാക്കിയ സാഹചര്യം വിശകലനം ചെയ്യുന്നു.
- സ്വതന്ത്ര ഇന്ത്യ സാമ്പത്തികരംഗത്ത് കൈവരിച്ച പുരോഗതി വിശദമാക്കുന്നു.
- ശാസ്ത്രരംഗത്ത് ഇന്ത്യ കൈവരിച്ച നേട്ടങ്ങൾ പട്ടികപ്പെടുത്തുന്നു.
- സ്വതന്ത്ര ഇന്ത്യയുടെ വിദ്യാഭ്യാസനയത്തെയും സാംസ്കാരിക സ്ഥാപനങ്ങളെയും വിലയിരുത്തുന്നു.
- സ്വതന്ത്ര ഇന്ത്യയുടെ വിദേശനയം വിശകലനം ചെയ്യുന്നു.

## വിലയിരുത്താം

- സ്വാതന്ത്ര്യം ലഭിച്ചപ്പോൾ ഇന്ത്യക്ക് അഭിമുഖീകരിക്കേണ്ടി വന്ന പ്രധാന പ്രശ്നങ്ങൾ എന്തെല്ലമായിരുന്നു?
- നാട്ടുരാജ്യങ്ങളുടെ ഏകീകരണത്തെക്കുറിച്ച് ലഘുകുറിപ്പ് തയാറാക്കുക.
- ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനരൂപീകരണത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ വിശകലനം ചെയ്യുക.
- ഇന്ത്യൻ ഭരണഘടനാരൂപീകരണത്തെക്കുറിച്ച് കുറിപ്പ് തയാറാക്കുക.
- സ്വാതന്ത്ര്യാനന്തര ഇന്ത്യ ശാസ്ത്ര-സാങ്കേതിക രംഗങ്ങളിൽ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു. ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.
- സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ബഹിരാകാശരംഗത്തുണ്ടായ പുരോഗതി വിശദമാക്കുക.
- 1986 ലെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ പ്രത്യേകതകൾ വിശദമാക്കുക.
- സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ പ്രധാന സാംസ്കാരിക സ്ഥാപനങ്ങൾ ഏതെല്ലാം? പട്ടികപ്പെടുത്തുക.
- ഇന്ത്യൻ വിദേശനയത്തിന്റെ പ്രധാന തത്ത്വങ്ങൾ പട്ടികപ്പെടുത്തുക.

## തുടർപ്രവർത്തനങ്ങൾ

- ലോകരാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധത്തെ അടിസ്ഥാനമാക്കി ഒരു പ്രബന്ധം തയാറാക്കുക.
- ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ പേര്, തലസ്ഥാനം, രൂപംകൊണ്ട വർഷം എന്നിവ ചേർത്ത് പട്ടിക തയാറാക്കുക.
- സ്വാതന്ത്ര്യാനന്തര ഭാരതം വിവിധ മേഖലകളിൽ കൈവരിച്ച പുരോഗതിയെ അടിസ്ഥാനമാക്കി ഒരു ഓൺലൈൻ ക്വിസ് തയാറാക്കി അവതരിപ്പിക്കുക.

ധ്യായം
07



# കേരളം ആധുനികതയിലേക്ക്

**1498**
**മെയ് 20 ഞായർ**

*'സമീപസ്ഥമായി മനോഹരമായ മലനിരകൾ ഉണ്ടായിരുന്നു. ഞങ്ങളുടെ വഴികാട്ടിക്ക് സ്ഥലം പെട്ടെന്ന് കൃത്യമായി തിരിച്ചറിയാൻ പറ്റിയില്ല. കരയോട് കുറേക്കൂടി അടുത്തപ്പോൾ അയാൾ പറഞ്ഞു, നമ്മൾ കലെക്കുറ്റിന് വടക്കായിട്ടാണെന്നും ഇതുതന്നെയാണ് നമ്മുടെ ലക്ഷ്യസ്ഥാനമെന്നും . അന്നുരാത്രി കലെക്കുറ്റ് പട്ടണത്തിന് രണ്ടുകാതം ദൂരെ ഞങ്ങൾ നങ്കൂരമിട്ടു. കാപ്പ്വ (കാപ്പാട്) എന്ന ഈ പട്ടണത്തെ ഞങ്ങളുടെ വഴികാട്ടി കലെക്കുറ്റ് എന്ന് തെറ്റിദ്ധരിച്ചതിനാലാണ് ഇപ്രകാരം ചെയ്തത്. അൽപ്പം ദൂരെയായി പന്തരിനി (പന്തലായിനി) എന്ന പട്ടണവുമുണ്ട്. നാല് വഞ്ചികളിലായി കരയിൽ നിന്നു പുറപ്പെട്ട കുറേപ്പേർ ഞങ്ങളെ സമീപിച്ചു. അവർക്ക് അറിയേണ്ടത് ഞങ്ങൾ ഏതു നാട്ടുകാർ ആണെന്നായിരുന്നു. കലെക്കുറ്റിലേക്കുള്ള വഴി അവർ ചൂണ്ടിക്കാട്ടി തന്നു.'*

*വാസ്ഗോഡഗാമയ്ക്കൊപ്പം കേരളത്തിലെത്തിയ പോർട്ടുഗീസ് നാവികൻ അൽവാരോ വെൻഹോവിന്റെ ഡയറിക്കുറിപ്പുകൾ*

മുകളിൽ കൊടുത്തിട്ടുള്ള ഡയറിക്കുറിപ്പ് എന്താണ് സൂചിപ്പിക്കുന്നത്? പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനകാലത്താണ് യൂറോപ്യർ വ്യാപാരത്തിനായി കേരളതീരത്തെത്തുന്നത്. കേരളത്തിലേക്കുള്ള യൂറോപ്യരുടെ വരവിനെക്കുറിച്ച് മുൻ ക്ലാസുകളിൽ ചർച്ച ചെയ്തിട്ടുണ്ടല്ലോ. അവർക്കു മുൻപ് കേരളവുമായി വ്യാപാരത്തിലേർപ്പെട്ടിരുന്നവരിൽ പ്രധാനികൾ അറബികളും ചൈനക്കാരുമായിരുന്നു. അവരുടെ വ്യാപാരക്കുത്തക അവസാനിപ്പിക്കുക എന്നതായിരുന്നു പോർട്ടുഗീസുകാരുടെ ലക്ഷ്യം. കോഴിക്കോട്ടെ ഭരണാധികാരിയായ സാമൂതിരിയോട് അറബിക്കച്ചവടക്കാരെ പുറത്താക്കണമെന്ന് പോർട്ടുഗീസുകാർ ആവശ്യപ്പെട്ടു. എന്നാൽ ഈ ആവശ്യം അംഗീകരിക്കാൻ സാമൂതിരി തയാറാകാതിരുന്നത് പോർട്ടുഗീസുകാരെ കുപിതരാക്കി. കോഴിക്കോടിന്റെ

## കുഞ്ഞാലി മരക്കാർമാർ


കുഞ്ഞാലി മരക്കാർ സ്മാരകം - വടകര

കോഴിക്കോട്ട് ഭരണം നടത്തിയിരുന്ന സാമൂതിരിമാരുടെ നാവികപ്പടയുടെ തലവൻമാരായിരുന്നു കുഞ്ഞാലി മരക്കാർമാർ. കോഴിക്കോട് ജില്ലയിലെ വടകരയ്ക്കടുത്തുള്ള പുതുപ്പണത്തെ മരക്കാർ കോട്ടയായിരുന്നു ഇവരുടെ ആസ്ഥാനം. ഇവർ നാലുപേർ ഉണ്ടായിരുന്നു. പോർട്ടുഗീസുകാരുടെ കൈയിൽ നിന്നു ചാലിയം കോട്ട തിരിച്ചുപിടിക്കാൻ സാമൂതിരിയെ സഹായിച്ചത് കുഞ്ഞാലി മൂന്നാമനാണ്. ചാലിയംകോട്ടയിലെ വിജയത്തെ പ്രകീർത്തിച്ചുകൊണ്ട് ഖാസി മുഹമ്മദ് പതിനാറാം നൂറ്റാണ്ടിൽ എഴുതിയ അറബി കാവ്യമാണ് 'ഫത്ത്ഹുൽ മുബീൻ' (വ്യക്തമായ വിജയം).

*ഇസ്ലാം മതത്തിനും*
*ഹിന്ദുധർമത്തിനും വേണ്ടിയൊരു*
*പോലെ പോരാടിടും*
*ഹിന്ദുവായുള്ളൊരീ രാജാവിനെ*
*കണ്ടുപഠിക്കുവിൻ സുൽത്താന്മാരെ*

എന്ന വരികൾ അക്കാലത്തെ സാമുദായിക സൗഹാർദത്തെ സൂചിപ്പിക്കുന്നു.

ശത്രുരാജ്യമായ കൊച്ചിയിൽ താവളമുറപ്പിച്ച് കേരളത്തിൽ ആധിപത്യം നേടാൻ അവർ പരിശ്രമിച്ചു. കുഞ്ഞാലിമരക്കാരുടെ നേതൃത്വത്തിലുള്ള സാമൂതിരിയുടെ നാവികപ്പട പോർട്ടുഗീസുകാർക്കെതിരെ അറബിക്കടലിൽ ശക്തമായ ചെറുത്തുനിൽപ്പുകൾ നടത്തിയെങ്കിലും വിജയിക്കാനായില്ല.

പോർട്ടുഗീസുകാരെ കൂടാതെ ഡച്ചുകാരും ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും വ്യാപാര കുത്തക നേടിയെടുക്കുന്നതിന് പരസ്പരം മത്സരിച്ചു. കുരുമുളകിനു വേണ്ടിയായിരുന്നു ഈ മൽസരങ്ങളെല്ലാം. 1663 ൽ ഡച്ചുകാർ പോർട്ടുഗീസുകാരെ കേരളത്തിൽ നിന്നു തുരത്തി. എന്നാൽ ബ്രിട്ടീഷുകാരുടെ സഹായത്തോടെ തിരുവിതാംകൂറിലെ ഭരണാധികാരിയായ മാർത്താണ്ഡവർമ 1741 ലെ കുളച്ചൽ യുദ്ധത്തിൽ ഡച്ചുകാരെ പരാജയപ്പെടുത്തിയതോടെ അവർക്ക് കേരളം വിട്ടുപോകേണ്ടി വന്നു. ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും തമ്മിൽ നടന്ന കർണാട്ടിക് യുദ്ധങ്ങളിൽ ബ്രിട്ടീഷുകാർ വിജയിച്ചതോടെ ദക്ഷിണേന്ത്യയിലെ വ്യാപാര കുത്തക ബ്രിട്ടീഷുകാരുടെ കൈയിലായി.


മാർത്താണ്ഡവർമ

**കേരളത്തിലേക്കുള്ള യൂറോപ്യൻ ആഗമനത്തെയും അവരുടെ ലക്ഷ്യങ്ങളെയുംകുറിച്ച് ചർച്ച ചെയ്യുക.**

## കുളച്ചൽ യുദ്ധം

"കുളച്ചൽ യുദ്ധം ഡച്ചുകാരെ സംബന്ധിച്ചിടത്തോളം അത്യന്തം വിനാശകരമായിരുന്നു. പ്ലാസിയുദ്ധത്തെപ്പോലെ ഇതും ഒരു മഹായുദ്ധമൊന്നുമായിരുന്നില്ല. പക്ഷേ, കേരളം (മലബാർ) പിടിച്ചെടുക്കാമെന്ന ഡച്ചുകാരുടെ മോഹം ഇതോടെ അസ്തമിച്ചു. ഡച്ചുകാരുടെ ആയുധബലത്തിനേറ്റ ആദ്യത്തെ ശക്തിയേറിയ പ്രഹരമായിരുന്നു കുളച്ചൽ യുദ്ധം. അതിന്റെ ആഘാതത്തിൽ നിന്നും മുക്തി നേടാൻ പിന്നീടൊരിക്കലും അവർക്ക് കഴിഞ്ഞില്ല. ഇതുതന്നെയാണ് ഈ യുദ്ധംകൊണ്ടുണ്ടായ ധാർമികനേട്ടവും".

സർദാർ കെ.എം. പണിക്കർ,
ഹിസ്റ്ററി ഓഫ് കേരള

## ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി കേരളത്തിലേക്ക്

ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ പ്രതിനിധിയായി 1615 ൽ കേരളത്തിലെത്തിയ ക്യാപ്റ്റൻ വില്യം കീലിങ് സാമൂതിരിയെ സന്ദർശിക്കുകയും വ്യാപാര ഉടമ്പടിയിൽ ഒപ്പുവയ്ക്കുകയും ചെയ്തു. പിന്നീട് വിഴിഞ്ഞത്തും തലശ്ശേരിയിലും അഞ്ചുതെങ്ങിലും പാണ്ടികശാലകൾ (സംഭരണകേന്ദ്രങ്ങൾ) ആരംഭിക്കാനുള്ള അനുമതി കമ്പനി കരസ്ഥമാക്കി. തുടർന്ന് ആറ്റിങ്ങൽ റാണിയിൽനിന്ന് അഞ്ചുതെങ്ങിൽ കോട്ടപണിയാ

നുള്ള അനുവാദം നേടിയെടുത്തു. പിൽക്കാലത്ത് പശ്ചിമതീരത്തെ ബ്രിട്ടീഷുകാരുടെ ഏറ്റവും പ്രധാന സൈനികകേന്ദ്രമായി അഞ്ചുതെങ്ങ് മാറി. അഞ്ചുതെങ്ങിനെ ബ്രിട്ടീഷ് സൈനികകേന്ദ്രമാക്കിയതിൽ നാട്ടുകാർക്ക് ശക്തമായ പ്രതിഷേധമുണ്ടായിരുന്നു. 1721 ൽ ആറ്റിങ്ങൽ റാണിക്ക് സമ്മാനവുമായി പോകുകയായിരുന്ന നൂറ്റമ്പതോളം പേരുള്ള ഇംഗ്ലീഷ് സംഘത്തെ നാട്ടുകാർ വധിച്ചു. ഇത് ആറ്റിങ്ങൽ കലാപം എന്നറിയപ്പെടുന്നു. ബ്രിട്ടീഷുകാർക്കെതിരെ കേരളത്തിൽ നടന്ന ആദ്യത്തെ സംഘടിത കലാപമായാണ് ആറ്റിങ്ങൽ കലാപത്തെ കണക്കാക്കുന്നത്.

മൈസൂരിലെ ഭരണാധികാരികളും ബ്രിട്ടീഷുകാരും തമ്മിൽ 1792 ൽ ഒപ്പിട്ട ശ്രീരംഗപട്ടണം സന്ധിപ്രകാരം മലബാർ ബ്രിട്ടീഷുകാർക്കു ലഭിച്ചു. 1792 – ൽ കൊച്ചിരാജാവ് ബ്രിട്ടീഷ് മേൽക്കോയ്മ അംഗീകരിച്ച് കപ്പം കൊടുക്കാൻ നിർബന്ധിതനായി. 1795 ലെ ഉടമ്പടിപ്രകാരം തിരുവിതാംകൂറും ബ്രിട്ടീഷ് മേൽക്കോയ്മ അംഗീകരിച്ചു. പകരമായി ശത്രുക്കളിൽ നിന്ന് സംരക്ഷണം അവർക്ക് ബ്രിട്ടീഷുകാർ വാഗ്ദാനം ചെയ്തു. അങ്ങനെ മലബാറിൽ നേരിട്ടും കൊച്ചിയിലും തിരുവിതാംകൂറിലും സാമന്തരാജാക്കന്മാർ വഴിയും ബ്രിട്ടീഷുകാർ ഭരണം നടത്തി. ചുരുക്കത്തിൽ, പതിനെട്ടാം നൂറ്റാണ്ടോടെ കേരളം പൂർണമായി ബ്രിട്ടീഷ് ആധിപത്യത്തിൻ കീഴിലായി.

**മലബാർ, തിരുവിതാംകൂർ, കൊച്ചി തുടങ്ങിയ പ്രദേശങ്ങൾ ബ്രിട്ടീഷ് നിയന്ത്രണത്തിൽ വന്നതെങ്ങനെ? കുറിപ്പ് തയാറാക്കുക.**



## ബ്രിട്ടീഷുകാർക്കെതിരെ നടന്ന ആദ്യകാലചെറുത്തുനിൽപ്പുകൾ

**വേലുത്തമ്പി ദളവയുടെ കുണ്ടറവിളംബരത്തിൽനിന്ന്...**

*"അന്യരുടെ രാജ്യങ്ങൾ വഞ്ചനകൊണ്ട് കൈയടക്കുന്നത് അവരുടെ വംശപാരമ്പര്യമാണ്. അങ്ങനെ ഒരു രാജ്യം അവരുടെ കൈപ്പിടിയിലമർന്നാൽ അവരുടെ പട്ടാളം അവിടത്തെ രാജധാനിയും കോട്ടയും തങ്ങളുടെ രക്ഷാശാസനത്തിൽ കൊണ്ടുവരും. രാജാവിന്റെയും അഭിജാതവർഗത്തിന്റെയും പരമ്പരാഗതമായ അന്തസ്സും പദവികളും ആചാരാനുഷ്ഠാനങ്ങളും എല്ലാം അതോടെ അവസാനിക്കും. ഉപ്പുൾപ്പെടെയുള്ള എല്ലാ വ്യാപാരങ്ങളും അവരുടെ കുത്തകയാകും. വസ്തുക്കളും വീടും വയലുകളും ഫലവൃക്ഷത്തോട്ടങ്ങളും അവരുടേതാകും. ഏറ്റവും നിസ്സാരമായ കുറ്റങ്ങൾക്കുപോലും അവരുടെ നികൃഷ്ട ജന്മാക്കളായ കിങ്കരന്മാർ കഠിനശിക്ഷ നൽകും..."*

**അവലംബം : കൃഷ്ണചൈതന്യ, കേരളം, പേജ് – 51**

മുകളിൽ തന്നിട്ടുള്ള വിളംബരത്തിന്റെ ഭാഗം പരിശോധിച്ച് ബ്രിട്ടീഷ് ആധിപത്യത്തിന്റെ സ്വഭാവത്തെക്കുറിച്ച് ധാരണ നേടിയല്ലോ. രാഷ്ട്രീയാധിപത്യം കൈക്കലാക്കിയ ബ്രിട്ടീഷുകാർ രാജാക്കന്മാരുടെയും നാടുവാഴികളുടെയും

അധികാരത്തിൽ ഇടപെടാൻ തുടങ്ങി. നൂറ്റാണ്ടുകളായി അനുഭവിച്ചുകൊണ്ടിരുന്ന സ്വാതന്ത്ര്യത്തിന്റെയും അവകാശങ്ങളുടെയും മേലുള്ള കൈകടത്തലുകൾ അവർക്ക് ഇഷ്ടമായില്ല. ഇതിനെതിരെ മലബാറിലും കൊച്ചിയിലും തിരുവിതാംകൂറിലും ബ്രിട്ടീഷുകാർക്കെതിരെ ചെറുത്തുനിൽപ്പുകൾ വളർന്നു വന്നു.

## പഴശ്ശിക്കലാപങ്ങൾ

ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ മലബാറിൽ നടന്ന ശക്തമായ ചെറുത്തുനിൽപ്പിന് നേതൃത്വം നൽകിയത് മലബാറിലെ കോട്ടയം രാജകുടുംബത്തിലെ കേരളവർമ പഴശ്ശിരാജയാണ്. മൈസൂരിലെ ഭരണാധികാരികൾക്കെതിരെ ബ്രിട്ടീഷുകാരെ സഹായിച്ചതിനു പകരമായി കോട്ടയം പ്രദേശത്തെ നികുതി പിരിക്കാനുള്ള അധികാരം ബ്രിട്ടീഷുകാർ പഴശ്ശിരാജയ്ക്ക് വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ വിജയിച്ചശേഷം വാഗ്ദാനം നിറവേറ്റാൻ ബ്രിട്ടീഷുകാർ തയാറായില്ല. മാത്രവുമല്ല, വയനാടിന് മേൽ ബ്രിട്ടീഷുകാർ അവകാശവാദം ഉന്നയിക്കുകയും ചെയ്തു. ഈ നീതികേടിനെതിരെ പഴശ്ശിരാജാ ജനങ്ങളെ സംഘടിപ്പിച്ച് ബ്രിട്ടീഷുകാർക്കെതിരെ പോരാടി. ചെമ്പൻപോക്കർ, കൈതേരി അമ്പുനായർ, എടച്ചേന കുങ്കൻനായർ, വയനാട്ടിലെ കുറിച്യ നേതാവായ തലക്കൽ ചന്തു എന്നിവരുടെ സഹായത്താൽ പഴശ്ശി ശക്തമായ ഒളിപ്പോർ നടത്തി. പോരാട്ടത്തിനിടയിൽ 1805 നവംബർ 30 ന് പഴശ്ശിരാജാ മരണപ്പെട്ടു.

### പഴശ്ശിയെക്കുറിച്ച് ബേബർ

"ഒരു പ്രക്ഷോഭകാരിയാണെങ്കിലും അദ്ദേഹം ഈ രാജ്യത്തെ സ്വാഭാവിക നേതാക്കളിൽ ഒരുവനും അക്കാരണത്താൽ പരാജിതനായ വെറുമൊരു ശത്രു എന്നതിനുപരി പരിഗണിക്കപ്പെടേണ്ടവനുമാകുന്നു. തന്റെ മരണത്തിനുപോലും മായ്ക്കാൻ ആകാത്ത വിധത്തിൽ ഇന്നാട്ടുകാർ അദ്ദേഹത്തെക്കുറിച്ച് ഭക്തിയുടെ സീമയിലെത്തുന്ന സ്നേഹാദരങ്ങൾ പുലർത്തിപ്പോന്നു."

*(ബേബറുടെ കത്തുകളിൽനിന്ന്, മലബാർ മാന്വൽ - വില്യം ലോഗൺ)*

### കേരളസിംഹം

കേരളസിംഹം എന്ന പേരിൽ അറിയപ്പെട്ട പഴശ്ശിരാജായെ ബ്രിട്ടീഷ് രേഖകളിൽ 'പൈച്ചി രാജ' യെന്നും 'കൊട്ട്യോട്ട് രാജ' യെന്നുമാണ് വിശേഷിപ്പിക്കുന്നത്. പഴശ്ശിരാജാവിന്റെ ജീവിതം ഇതിവൃത്തമാക്കി സർദാർ കെ.എം. പണിക്കർ 'കേരളസിംഹം' എന്ന പേരിൽ ഒരു ചരിത്രനോവൽ എഴുതിയിട്ടുണ്ട്. ബ്രിട്ടീഷുകാർക്ക് പിടികൊടുക്കാതെ തന്റെ വജ്രമോതിരം വിഴുങ്ങി പഴശ്ശിരാജാവ് ആത്മഹത്യ ചെയ്തതായാണ് നോവലിലെ പരാമർശം.



പഴശ്ശിസ്മാരകം മാനന്തവാടി

## വേലുത്തമ്പിയും പാലിയത്തച്ചനും


മണ്ണടിയിലെ വേലുത്തമ്പി ദളവയുടെ പ്രതിമയും സ്മാരകവും

തിരുവിതാംകൂറിന്റെയും കൊച്ചിയുടെയും ആഭ്യന്തരകാര്യങ്ങളിൽ ബ്രിട്ടീഷുകാർ അനിയന്ത്രിതമായി ഇടപെട്ടതിനെതിരായാണ് ദിവാൻമാരായ വേലുത്തമ്പിയും പാലിയത്തച്ചനും പ്രതിഷേധിച്ചത്. 1809 ജനുവരി 11 ന് പുറത്തിറക്കിയ കുണ്ടറവിളംബരത്തിലൂടെ വേലുത്തമ്പി ബ്രിട്ടീഷുകാർക്കെതിരെ ആയുധമെടുത്തു പോരാടാൻ ജനങ്ങളോട് ആഹ്വാനം ചെയ്തു. തിരുവിതാംകൂറിന്റെയും കൊച്ചിയുടെയും സംയുക്തസൈന്യം ബ്രിട്ടീഷ് റസിഡന്റ് മെക്കാളെയുടെ ഔദ്യോഗികവസതി ആക്രമിച്ചു. പക്ഷേ, ബ്രിട്ടീഷ് സൈന്യത്തിനു മുൻപിൽ പിടിച്ചുനിൽക്കാൻ ഇവർക്കായില്ല. പിടിക്കപ്പെടുമെന്നുറപ്പായപ്പോൾ വേലുത്തമ്പിദളവ മണ്ണടിയിലെ ക്ഷേത്രത്തിൽ വച്ച് ആത്മഹത്യ ചെയ്തു. അരിശം തീരാത്ത ബ്രിട്ടീഷുകാർ വേലുത്തമ്പിദളവയുടെ മൃതശരീരം തിരുവനന്തപുരത്തെ കണ്ണമ്മൂലയിൽ കെട്ടിത്തൂക്കി. പാലിയത്തച്ചനെ മദ്രാസിലേക്കു നാടുകടത്തി.


പാലിയത്തച്ചൻ

പഴശ്ശിരാജ, വേലുത്തമ്പി, പാലിയത്തച്ചൻ എന്നിവരുടെ പരാജയത്തോടെ ബ്രിട്ടീഷുകാരോടുള്ള നാടുവാഴികളുടെ എതിർപ്പ് അവസാനിച്ചു. എന്നാൽ ജനകീയ ചെറുത്തുനിൽപ്പുകൾ തുടർന്നു. വയനാട്ടിലെ കുറിച്യരും മലബാറിലെ മാപ്പിളകർഷകരും ബ്രിട്ടീഷുകാർക്കെതിരെ നടത്തിയ ചെറുത്തുനിൽപ്പുകൾ നിങ്ങൾ മുൻ അധ്യായത്തിൽ ചർച്ചചെയ്തല്ലോ. എന്നാൽ ഈ കലാപങ്ങളെയെല്ലാം ബ്രിട്ടീഷുകാർ അടിച്ചമർത്തി.

- ബ്രിട്ടീഷുകാർക്കെതിരെ കേരളത്തിൽ നടന്ന ആദ്യകാല ചെറുത്തുനിൽപ്പുകൾ, ഇവ നടന്ന പ്രദേശങ്ങൾ, കാരണങ്ങൾ എന്നിവ ഉൾപ്പെടുത്തി പട്ടിക തയാറാക്കുക.



## കേരളം ലോകകമ്പോളത്തിന്റെ ഭാഗമാകുന്നു

ഭരണനിയന്ത്രണം ഏറ്റെടുത്തതോടെ ബ്രിട്ടീഷുകാർ ഇവിടത്തെ ഉൽപ്പന്നങ്ങൾ ചുരുങ്ങിയ വിലയ്ക്ക് കൈക്കലാക്കുകയും അവരുടെ നാട്ടിലുണ്ടാക്കുന്ന വ്യാവസായിക ഉൽപ്പന്നങ്ങൾ ഉയർന്ന വിലയ്ക്ക് ഇവിടെ വിറ്റഴിക്കുകയും ചെയ്തു. ഇതോടെ സ്വയംപര്യാപ്തമായിരുന്ന നമ്മുടെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥ തകർന്നു. അങ്ങനെ ബ്രിട്ടീഷ് ഭരണത്തിനുകീഴിൽ വിദേശവ്യാപാരം വൻതോതിൽ വർധിച്ചു. കേരളം ലോകകമ്പോളത്തിന്റെ ഭാഗമായി മാറി.

| കയറ്റുമതി | ഇറക്കുമതി |
|---|---|
| • നാളികേരം<br>• ശർക്കര<br>• കശുവണ്ടി<br>• കുരുമുളക്<br>• അടക്ക<br>• ഇരുമ്പയിര് | • തുണിത്തരങ്ങൾ<br>• മണ്ണെണ്ണ<br>• പുകയില<br>• പഞ്ചസാര<br>• ലോഹഉൽപ്പന്നങ്ങൾ |



**മുകളിൽ നൽകിയിട്ടുള്ള പട്ടിക പരിശോധിച്ച് കേരളത്തിലെ വിദേശവ്യാപാരത്തെക്കുറിച്ച് എന്തെല്ലാം നിഗമനങ്ങളിൽ എത്തിച്ചേരാൻ കഴിയും?**

- 
- 
- 
- 



**റെയിൽപ്പാത**

കേരളത്തിലെ ആദ്യത്തെ റെയിൽപ്പാത നിർമിച്ചത് ബ്രിട്ടീഷുകാരാണ്. ബേപ്പൂർ മുതൽ തിരൂർ വരെ നീണ്ടുകിടക്കുന്ന ഈ റെയിൽപ്പാത 1861 ലാണ് നിർമിച്ചത്. അസംസ്കൃതവസ്തുക്കൾ കൊണ്ടുപോകുന്നതിനും വ്യവസായ ഉൽപ്പന്നങ്ങൾ വിദൂര ഗ്രാമങ്ങളിൽപ്പോലും എത്തിക്കുന്നതിനും റെയിൽവേയെ ബ്രിട്ടീഷുകാർ ഉപയോഗപ്പെടുത്തി.

വ്യാപാരം സുഗമമാക്കാൻ മലബാറിലും കൊച്ചിയിലും തിരുവിതാംകൂറിലും നിലനിന്നിരുന്ന വ്യാപാരനിയമങ്ങൾ തങ്ങൾക്കനുകൂലമായി ബ്രിട്ടീഷുകാർ ഭേദഗതിചെയ്തു. ഏകീകരിച്ച നാണയവ്യവസ്ഥയും അളവുതൂക്കസമ്പ്രദായവും നടപ്പിലാക്കി. വ്യാപാരത്തിനായി ഗതാഗതസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ റോഡുകളും പാലങ്ങളും റെയിൽപ്പാളങ്ങളും പണിതു. ചരക്കുഗതാഗതം സുഗമമാക്കാൻ കൊച്ചി, കോഴിക്കോട്, ആലപ്പുഴ തുറമുഖങ്ങൾ വികസിപ്പിച്ചു.



വ്യാപാരം മെച്ചപ്പെടുത്താൻ ബ്രിട്ടീഷുകാർ സ്വീകരിച്ച നടപടികളുടെ ഫലങ്ങൾ വിശദമാക്കുക

## ഭൂബന്ധങ്ങളിലുണ്ടായ മാറ്റങ്ങൾ

ബ്രിട്ടീഷ് ഭരണം ഭൂമിയുടെ മേൽ വിവിധ ജനവിഭാഗങ്ങൾക്കുണ്ടായിരുന്ന അവകാശങ്ങളിൽ വലിയ മാറ്റം വരുത്തി. പ്രാദേശിക നാടുവാഴികളെയും ജന്മിമാരെയും ഭൂവുടമകളായി കണക്കാക്കുകയും അവർ ബ്രിട്ടീഷുകാർക്ക് കൊടുക്കേണ്ട നികുതി മുൻകൂട്ടി നിശ്ചയിക്കുകയും ചെയ്തു. ജന്മിമാരും നാടുവാഴികളും കുടിയാൻമാരുടെ മേൽ നികുതിഭാരം അടിച്ചേൽപ്പിക്കുകയും കൃഷിക്കാരെ കുടിയൊഴിപ്പിക്കുകയും ചെയ്തു. ഇതോടെ മലബാറിലെ കൃഷിക്കാരുടെ ജീവിതം കൂടുതൽ പരിതാപകരമായി. ഇതിനെതിരെ നടന്ന കലാപങ്ങളെപ്പറ്റി

മുൻ അധ്യായത്തിൽ പരാമർശിച്ചത് ഓർക്കുമല്ലോ. മാപ്പിള കലാപങ്ങളെക്കുറിച്ചന്വേഷിക്കാൻ നിയമിച്ച ലോഗൻ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ 1929 ൽ മലബാർ കുടിയായ്മനിയമം നടപ്പിലാക്കിയതോടെ കർഷകർക്ക് ഭൂമിയുടെ മേൽ നാമമാത്രമായെങ്കിലും അവകാശം ലഭിച്ചു.

തിരുവിതാംകൂറിൽ മാർത്താണ്ഡവർമയുടെ കാലംമുതൽതന്നെ ഭൂവുടമാ ബന്ധങ്ങളിൽ മാറ്റം വരുത്തിയിരുന്നു. മാടമ്പിമാരുടെ ഭൂമിയെല്ലാം പണ്ടാരംവക (സർക്കാർവക) ഭൂമിയായി മാറി. ഈ പണ്ടാരംവക ഭൂമിയിലെ കുടിയാൻമാർക്ക് അവർ കൃഷിചെയ്യുന്ന ഭൂമി സ്വന്തമായി നൽകിക്കൊണ്ടുള്ള സുപ്രധാന വിളംബരം 1865 ൽ തിരുവിതാംകൂർ സർക്കാർ പുറപ്പെടുവിച്ചു. ഇത് പണ്ടാരപ്പാട്ട വിളംബരമെന്ന് അറിയപ്പെടുന്നു. 1896 ൽ പാസാക്കിയ ജന്മി-കുടിയാൻ നിയമപ്രകാരവും തിരുവിതാംകൂറിൽ കുടിയാന് ഭൂമിയുടെ മേൽ ഉടമാവകാശം ലഭിച്ചു. അങ്ങനെ ഭൂരിഭാഗം കുടിയാന്മാരും തിരുവിതാംകൂറിൽ നാമമാത്രമായ ഭൂവുടമകളായി മാറി. ഇതിനുപകരമായി അവർ സർക്കാരിലേക്ക് വലിയ നികുതി അടയ്ക്കേണ്ടിയിരുന്നു. ചുരുക്കത്തിൽ, തിരുവിതാംകൂറിലെ കർഷകരും നികുതിഭാരം കൊണ്ട് പൊറുതിമുട്ടി. 1914 ലാണ് കൊച്ചിയിൽ കുടിയായ്മനിയമം നിലവിൽ വന്നത്.

## കാർഷികമേഖലയിലെ വാണിജ്യവൽക്കരണം

കാർഷികരംഗത്തെ വാണിജ്യവൽക്കരണത്തെക്കുറിച്ച് മുൻ അധ്യായത്തിൽ മനസ്സിലാക്കിയിട്ടുണ്ടല്ലോ. കമ്പോളത്തെ ലക്ഷ്യമാക്കിയുള്ള കൃഷിയാണ് ബ്രിട്ടീഷുകാർ പ്രോത്സാഹിപ്പിച്ചിരുന്നത്. കേരോൽപ്പന്നങ്ങൾക്ക് വിദേശ കമ്പോളങ്ങളിൽ ധാരാളം ആവശ്യക്കാരുണ്ടായിരുന്നു. അതിനാൽ നെല്ലിനു പകരമായി തെങ്ങ് വൻതോതിൽ കൃഷിചെയ്യാൻ തുടങ്ങി. നെല്ലിന്റെ ഉൽപ്പാദനം കുറഞ്ഞതുകാരണം പല പ്രദേശങ്ങളിലും ഭക്ഷ്യക്ഷാമം പടർന്നുപിടിച്ചു. അത് പരിഹരിക്കാനാണ് മരച്ചീനി കൃഷി കേരളത്തിൽ വ്യാപകമായി ആരംഭിച്ചത്. മലയോര പ്രദേശങ്ങളിൽ കാപ്പി, തേയില, ഏലം, റബ്ബർ തുടങ്ങിയ വാണിജ്യവിളകൾ വൻകിട തോട്ടങ്ങളിലായി കൃഷി ചെയ്യാൻ തുടങ്ങി. ഇതേ കാലത്തുതന്നെയാണ് ബ്രിട്ടീഷുകാരനായ കോനോലി പ്രഭുവിന്റെ നേതൃത്വത്തിൽ നിലമ്പൂരിൽ തേക്കുതോട്ടം ആരംഭിക്കുന്നത്. ഈ തോട്ടങ്ങൾ ഭൂരിഭാഗവും ബ്രിട്ടീഷുകാരുടെ ഉടമസ്ഥതയിലായിരുന്നു. വനഭൂമി വൻതോതിൽ ബ്രിട്ടീഷുകാർക്ക് പതിച്ചു നൽകിയും



*നിലമ്പൂരിലെ തേക്കുതോട്ടം*

### കോനോലി പ്ലോട്ട്

വ്യാപാരാവശ്യത്തിനുള്ള കപ്പലുകൾ നിർമിക്കുന്നതിന് വൻതോതിൽ തേക്കുമരങ്ങൾ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിക്ക് ആവശ്യമായി വന്നു. തേക്കിനു പറ്റിയ മലബാറിലെ വളക്കൂറുള്ള മണ്ണിൽ തേക്കുമരങ്ങൾ വച്ചുപിടിപ്പിക്കാൻ കലക്ടറായ ഹെൻറി വാലന്റെൻ കോനോലിയെ കമ്പനി ചുമതലപ്പെടുത്തി. നിലമ്പൂർ മേഖലയിലെ 1500 ഏക്കറിലും കോനോലി (1823 - 38) തേക്ക് വച്ചു പിടിപ്പിച്ചു. ഇതു പിന്നീട് കോനോലി പ്ലോട്ട് എന്നറിയപ്പെട്ടു.

തോട്ടങ്ങളിലേക്ക് ഗതാഗതസൗകര്യമേർപ്പെടുത്തിയും തിരുവിതാംകൂറിലെയും കൊച്ചിയിലെയും ഭരണാധികാരികൾ തോട്ടകൃഷി പ്രോത്സാഹിപ്പിച്ചു. അങ്ങനെ കേരളം വാണിജ്യവിളകൾ കൃഷിചെയ്യുന്ന പ്രദേശമായി മാറി.

വാണിജ്യവത്ക്കരണം കേരളത്തിലെ കാർഷികമേഖലയിൽ വരുത്തിയ മാറ്റങ്ങൾ വിശകലനം ചെയ്യുക.

## തോട്ടവ്യവസായത്തിന്റെയും പരമ്പരാഗത വ്യവസായത്തിന്റെയും വളർച്ച



ഫറോക്കിലെ ഓട്ടുകമ്പനി



ആലപ്പുഴയിലെ കയർ ഫാക്ടറി

തോട്ടവിളകൾ സംസ്കരിക്കുന്നതിനും കയറ്റി അയക്കുന്നതിനുമായി ബ്രിട്ടീഷ് മൂലധനത്തോടെ കേരളത്തിൽ തോട്ടവ്യവസായങ്ങൾ ആരംഭിച്ചു. തേയില ഫാക്ടറികൾ, കാപ്പിക്കുരു സംസ്കരിക്കുന്ന ഫാക്ടറികൾ, റബ്ബർ ഫാക്ടറികൾ എന്നിവ തോട്ടമേഖലകൾ കേന്ദ്രീകരിച്ചാണ് രൂപംകൊണ്ടത്. ഇവ വയനാട്, ഇടുക്കി തുടങ്ങിയ മലയോരപ്രദേശങ്ങളിലാണ് ആരംഭിച്ചത്. മർഡോക്ക് ബ്രൗൺ, കണ്ണൻദേവൻ കമ്പനി, മലയാളം പ്ലാന്റേഷൻസ് എന്നിവ ഇക്കൂട്ടത്തിൽ പ്രധാനപ്പെട്ടവയാണ്. ഇതോടൊപ്പം നാളികേരം, കയർ, കശുവണ്ടി, കൈത്തറി, ബീഡി തുടങ്ങിയവയുമായി ബന്ധപ്പെട്ട പരമ്പരാഗത വ്യവസായങ്ങളും വളർന്നുവന്നു. ഡീസൽ എഞ്ചിൻ കൊണ്ടു പ്രവർത്തിപ്പിക്കുന്ന എണ്ണയാട്ടു മില്ലുകൾ കേരളത്തിൽ വ്യാപകമായി. ആലപ്പുഴയായിരുന്നു വെളിച്ചെണ്ണവ്യവസായത്തിന്റെ കേന്ദ്രം. 1859 ൽ ജെയിംസ് ഡാറ എന്ന അയർലണ്ടുകാരൻ ആലപ്പുഴയിൽ കയർ ഫാക്ടറി സ്ഥാപിച്ചു. കശുവണ്ടി വറുത്ത് തോടുപൊളിച്ച് പരിപ്പ് കയറ്റുമതിചെയ്യുന്ന ഫാക്ടറികൾ കൊല്ലം കേന്ദ്രമായി വളർന്നുവന്നു. ഫറോക്ക്, കൊല്ലം, ഒല്ലൂർ തുടങ്ങിയ പ്രദേശങ്ങളിൽ ഓട്ടുകമ്പനികളും കണ്ണൂരും കോഴിക്കോട്ടും കൈത്തറി നിർമാണശാലകളും ആരംഭിച്ചു. പുകവലി വ്യാപകമായതോടെ ബീഡി തെറുക്കുന്ന കമ്പനികൾ കണ്ണൂർ കേന്ദ്രമായി വളർന്നുവന്നു. ഈ വ്യവസായങ്ങളെല്ലാം പരമ്പരാഗത രീതിയിൽ കൈവേലയെ ആശ്രയിച്ചാണ് സംഘടിപ്പിക്കപ്പെട്ടിരുന്നത്.

കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ വളർച്ച പ്രാപിച്ച തോട്ടവ്യവസായങ്ങളും പരമ്പരാഗത വ്യവസായങ്ങളും അവയുടെ വളർച്ചയ്ക്ക് കാരണമായ ഘടകങ്ങളും കണ്ടെത്തി കുറിപ്പ് തയാറാക്കുക.

## ആധുനിക വ്യവസായങ്ങളുടെ ഉദയം

ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയോടെയാണ് ആധുനിക വ്യവസായശാലകൾ കേരളത്തിൽ സ്ഥാപിക്കപ്പെടുന്നത്. അവയിൽ ഭൂരിഭാഗവും തിരുവിതാംകൂറിലും കൊച്ചിയിലുമായിരുന്നു. തിരുവിതാംകൂറിലെ ഭരണാധികാരികൾ ആധുനിക വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നയങ്ങളാണ് സ്വീകരിച്ചിരുന്നത്. ബ്രിട്ടീഷുകാർ വ്യവസായങ്ങൾക്കാവശ്യമായ സാങ്കേതിക - സാമ്പത്തിക സഹായങ്ങൾ നൽകി. പള്ളിവാസൽ വൈദ്യുതിനിലയം സ്ഥാപിക്കപ്പെട്ടത് ആധുനിക വ്യവസായങ്ങളുടെ വളർച്ച ത്വരിതപ്പെടുത്തി. അക്കാലത്ത് സ്ഥാപിക്കപ്പെട്ട മറ്റ് വ്യവസായശാലകളാണ് ചുവടെ തന്നിട്ടുള്ളത്.



പള്ളിവാസൽ വൈദ്യുതിനിലയം

- പുനലൂർ പേപ്പർമിൽ
- കളമശ്ശേരിയിലെ ഫാക്ട് (FACT)
- കുണ്ടറ സിറാമിക്സ്
- തിരുവനന്തപുരത്തെ റബ്ബർവർക്സ്
- കൊച്ചിയിലെ ടാറ്റാ ഓയിൽ മിൽസ്
- കൊച്ചിയിലെ അളഗപ്പ തുണിമിൽ

തിരുവിതാംകൂറിലെയും കൊച്ചിയിലെയും സമ്പന്നരുടെ കൂട്ടുടമസ്ഥതയിലും വ്യവസായസംരംഭങ്ങൾ ആരംഭിച്ചു. മൂലധനം സ്വരൂപിക്കുന്നതിനുള്ള പണമിടപാട് സ്ഥാപനങ്ങളായി ബാങ്കുകൾ ഇക്കാലത്ത് കേരളത്തിൽ വളർന്നുവന്നു. ആദ്യമായി രൂപംകൊണ്ട സ്വകാര്യ ബാങ്ക് നെടുങ്ങാടി ബാങ്ക് ആയിരുന്നു. തുടർന്ന് ഇംപീരിയൽ ബാങ്ക്, ഇന്ത്യൻ നാഷണൽ ബാങ്ക്, ചാർട്ടേഡ് ബാങ്ക് എന്നിവ നിലവിൽ വന്നു.

ബ്രിട്ടീഷ് ഭരണകാലത്ത് കേരളത്തിലുണ്ടായ വ്യാവസായിക പുരോഗതി സൂചിപ്പിക്കുന്ന ഫ്ളോചാർട്ട് തയാറാക്കുക.



## സാംസ്കാരികമേഖലയിലെ ബ്രിട്ടീഷ് സ്വാധീനം

യൂറോപ്യരുടെ വരവോടെയാണ് കേരളത്തിൽ അച്ചടി ആരംഭിച്ചത്. മലയാളത്തിൽ വ്യാകരണഗ്രന്ഥങ്ങളും നിഘണ്ടുവും തയാറാക്കുന്നതിൽ കൂടുതൽ താൽപ്പര്യം പ്രകടിപ്പിച്ചിരുന്നത് ജെസ്യൂട്ട് മിഷനറിമാരാണ്. ഡോ. ആഞ്ചലോസ് ഫ്രാൻസിസ് ആണ് മലയാളത്തിലെ ആദ്യത്തെ വ്യാകരണഗ്രന്ഥം തയാറാക്കിയത്. മലയാളഭാഷയിലെ ആദ്യ നിഘണ്ടു രൂപപ്പെടുത്തിയത് അർണോസ് പാതിരിയാണ്. മലയാളഭാഷയിൽ അച്ചടിച്ച ആദ്യത്തെ സമ്പൂർണ ഗ്രന്ഥമാണ് 'സംക്ഷേപവേദാർഥം.' മിഷനറിയായ ബെഞ്ചമിൻ ബെയ്‌ലി ഇംഗ്ലീഷ്-മലയാളം നിഘണ്ടുവും ഡോ. ഹെർമൻ ഗുണ്ടർട്ട് മലയാളം-ഇംഗ്ലീഷ് നിഘണ്ടുവും പ്രസിദ്ധപ്പെടുത്തി.




ഹെർമൻ ഗുണ്ടർട്ട്

ഡോ. ഹെർമൻ ഗുണ്ടർട്ട് തലശ്ശേരിയിൽനിന്നു പ്രസിദ്ധപ്പെടുത്തിയ രാജ്യസമാചാരം, പശ്ചിമോദയം എന്നിവ മലയാളത്തിലെ ആദ്യത്തെ പത്രങ്ങളാണ്.

ജാതിമതഭേദമെന്യേ എല്ലാവർക്കും വിദ്യാഭ്യാസം എന്ന ആശയത്തിന് കേരളത്തിൽ തുടക്കം കുറിക്കുന്നത് മിഷനറിമാരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെയാണ്. വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കാൻ തിരുവിതാംകൂറിലെയും കൊച്ചിയിലെയും ഭരണാധികാരികൾ മിഷനറിസംഘങ്ങൾക്ക് ഭൂമി ദാനമായി നൽകി.


രാജ്യസമാചാരം

| മിഷനറിസംഘം | പ്രവർത്തനമേഖല |
|---|---|
| • ലണ്ടൻ മിഷൻ സൊസൈറ്റി (എൽ.എം.എസ്.) | • തിരുവിതാംകൂർ |
| • ചർച്ച് മിഷൻ സൊസൈറ്റി (സി.എം.എസ്.) | • കൊച്ചി, തിരുവിതാംകൂർ |
| • ബാസൽ ഇവാഞ്ചലിക്കൽ മിഷൻ (ബി.ഇ.എം.) | • മലബാർ |

വരാപ്പുഴ ആർച്ചുബിഷപ്പായി സേവനം അനുഷ്ഠിച്ച ഡോ. ബർണഡീൻ ബച്ചിനെല്ലി, റവറന്റ് മീഡ്, റവറന്റ് ഡൗസൺ, റവറന്റ് ഹബീക്ക് തുടങ്ങിയവർ കേരളത്തിലെ വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്കുവഹിച്ച മിഷനറിമാരായിരുന്നു. ഇവരുടെ നേതൃത്വത്തിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിച്ചു. തുടർന്ന് തിരുവിതാംകൂറിലെയും കൊച്ചിയിലെയും നാട്ടുരാജാക്കന്മാരും വിദ്യാഭ്യാസരംഗത്ത് ഇടപെടുകയും സ്കൂളുകളും കോളേജുകളും സ്ഥാപിക്കുകയും ചെയ്തു. തിരുവിതാംകൂറിലെ ഭരണാധികാരിയായിരുന്ന ഗൗരി പാർവതി ഭായി 1817 ൽ പ്രൈമറി വിദ്യാഭ്യാസം സൗജന്യമാക്കിക്കൊണ്ട് പുറപ്പെടുവിച്ച വിളംബരം ശ്രദ്ധേയമാണ്.


ഗൗരി പാർവതി ഭായി

ബ്രിട്ടീഷുകാരുടെ വരവിനു മുമ്പ് കേരളത്തിൽ നിലനിന്നിരുന്ന ശിക്ഷാവിധികളെക്കുറിച്ച് മുൻ ക്ലാസുകളിൽ ചർച്ചചെയ്തിട്ടുണ്ടല്ലോ. അക്കാലത്ത് കുറ്റാരോപിതന്റെ ജാതിയെ അടിസ്ഥാനമാക്കിയാണ് വിചാരണയും ശിക്ഷയും നടപ്പാക്കിയിരുന്നത്. ഈ നീതിന്യായവ്യവസ്ഥയെ ബ്രിട്ടീഷുകാർ പരിഷ്കരിച്ചു. കുറ്റവാളിയുടെ വാദം കേട്ടശേഷം കുറ്റത്തിന്റെ സ്വഭാവത്തിനനുസരിച്ച് ഏകീകൃതമായ ശിക്ഷാവിധികൾ നടപ്പിലാക്കാൻ തുടങ്ങി. ഇതോടെ ജാതിക്കതീതമായി നിയമത്തിനുമുന്നിൽ എല്ലാവരും തുല്യരായി. കേസുകളുടെ വിചാരണയ്ക്കായി വിവിധ സ്ഥലങ്ങളിൽ കോടതികൾ സ്ഥാപിച്ചു.

ബ്രിട്ടീഷ് ഭരണത്തോടെ കേരളത്തിലെ പരമ്പരാഗത ആയുർവേദ ചികിത്സാരീതിയുടെ സ്ഥാനത്ത് അലോപ്പതി ചികിത്സാരീതിക്ക് പ്രാധാന്യം ലഭിച്ചു.

വസൂരി തടയാനുള്ള കുത്തിവയ്പ് ആദ്യമായി നടത്തിയത് മലബാറിലാണ്. ഇക്കാലത്ത് തിരുവിതാംകൂറിലേക്ക് ഇംഗ്ലണ്ടിൽനിന്നു മരുന്നു വരുത്താൻ ഒരു കമ്പനിയെത്തന്നെ രാജാവ് നിയമിച്ചു. മലബാർ, തിരുവിതാംകൂർ, കൊച്ചി എന്നിവിടങ്ങളിൽ സർക്കാർ ആശുപത്രികൾ ആരംഭിച്ചു.

കേരളത്തിലെ ചില സമുദായങ്ങളിൽ നിലനിന്നിരുന്ന പിന്തുടർച്ചക്രമം മാതാവ് വഴിയുള്ള മരുമക്കത്തായമായിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ച യുവാക്കൾ ഇതിനെതിരെ ശക്തമായി പ്രതികരിക്കുകയും കോടതികളിൽ വ്യവഹാരങ്ങൾ ഫയൽ ചെയ്യുകയും ചെയ്തു. അങ്ങനെ തിരുവിതാംകൂറിലും മലബാറിലും കൊച്ചിയിലും മരുമക്കത്തായത്തിനെതിരായ നിയമങ്ങൾ നിലവിൽവന്നു. മക്കത്തായസമ്പ്രദായത്തിനാണ് ഈ നിയമങ്ങൾ ഊന്നൽ നൽകിയത്. ഇതുപ്രകാരം തറവാട്ടിലെ എല്ലാ അംഗങ്ങൾക്കും സ്വത്തിനു മേൽ അവകാശം ലഭിച്ചു. ഇത് തറവാട്, കൂട്ടുകുടുംബം എന്നിവയുടെ തകർച്ചയ്ക്കു കാരണമായി.

കേരളത്തിലെ വിഭവങ്ങൾ ചൂഷണം ചെയ്യാനും ഭരണം സുഗമമാക്കാനുമുള്ള നടപടികളുടെ ഭാഗമായിരുന്നു ഈ പരിഷ്കാരങ്ങൾ എങ്കിലും കേരളീയ സമൂഹത്തിന്റെ ആധുനീകരണത്തിന് ഇവ സഹായകമായി.

ബ്രിട്ടീഷുകാരുടെ വരവോടെ കേരളത്തിന്റെ നിയമരംഗത്തും ആരോഗ്യരംഗത്തും ഉണ്ടായ മാറ്റങ്ങൾ ചർച്ചചെയ്യുക.



## പരിഷ്കരണപ്രസ്ഥാനങ്ങളും സാമൂഹികമാറ്റങ്ങളും





### കേരളം ഒരു ഭ്രാന്താലയം

*"മലബാറിൽ (കേരളം) ഞാൻ കണ്ടതിനേക്കാൾ കവിഞ്ഞ ഒരു വിഡ്ഢിത്തം ഇതിനുമുമ്പ് എവിടെയും കണ്ടിട്ടില്ല. സവർണർ നടക്കുന്ന വഴിയിൽക്കൂടി അവർണന് നടന്നുകൂടാ... ഈ മലബാറുകാരെല്ലാം ഭ്രാന്തന്മാരാണ്"... അവരുടെ വീടുകൾ അത്രയും ഭ്രാന്താലയങ്ങൾ....*

*(സ്വാമി വിവേകാനന്ദൻ - 1897, മദിരാശി)*

പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളത്തിന്റെ സാമൂഹികാവസ്ഥ വിശദമാക്കുന്ന സ്വാമി വിവേകാനന്ദന്റെ പരാമർശം ശ്രദ്ധിച്ചല്ലോ.

ജാതിവ്യവസ്ഥയുടെ കാർക്കശ്യം അക്കാലത്ത് കേരളത്തിൽ ശക്തമായിരുന്നു. താഴ്ന്ന ജാതിക്കാരെ തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരുമായാണ് കണക്കാക്കിയിരുന്നത്. ഒരു വ്യക്തിയുടെ സമൂഹത്തിലെ പദവി തീരുമാനിച്ചിരുന്നത് ജനിച്ച ജാതിയെ അടിസ്ഥാനമാക്കിയായിരുന്നു. ഓരോ ജാതിയിലും ധാരാളം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിലനിന്നിരുന്നു. ആധുനികവിദ്യാഭ്യാസത്തിന്റെ പ്രചാരവും പാശ്ചാത്യ ആശയങ്ങളോടുള്ള സമ്പർക്കവും മൂലം ജാതിവ്യവസ്ഥിതിയുടെയും അന്ധവിശ്വാസങ്ങളുടെയും യുക്തിരാഹിത്യം കേര

ളീയർക്ക് ബോധ്യമായി. സമൂഹത്തിലെ അസമത്വങ്ങളും അനാചാരങ്ങളും ഇല്ലാതാക്കുന്നതിനുവേണ്ടി പരിഷ്കരണപ്രസ്ഥാനങ്ങൾ രൂപംകൊണ്ടു.

| സാമൂഹികപരിഷ്കർത്താക്കൾ | പ്രസ്ഥാനങ്ങൾ/ പ്രവർത്തനങ്ങൾ |
|---|---|
| • വൈകുണ്ഠസ്വാമികൾ | • സമത്വസമാജം |
| • ചട്ടമ്പിസ്വാമികൾ | • കൂട്ടുകുടുംബവ്യവസ്ഥ, സംബന്ധം, മരുമക്കത്തായം എന്നിവയ്ക്കെതിരെ പോരാടി. |
| • ശ്രീനാരായണഗുരു | • ശ്രീനാരായണധർമപരിപാലനയോഗം |
| • കുര്യാക്കോസ് ഏലിയാസ് ചാവറ | • അനാഥാലയങ്ങളും വിദ്യാലയങ്ങളും സ്ഥാപിച്ചു. |
| • അയ്യങ്കാളി | • സാധുജനപരിപാലനസംഘം |
| • വക്കം അബ്ദുൽഖാദർ മൗലവി | • തിരുവിതാംകൂർ മുസ്‌ലിം മഹാജനസഭ |
| • വാഗ്ഭടാനന്ദൻ | • ആത്മവിദ്യാസംഘം |
| • സഹോദരൻ അയ്യപ്പൻ | • സഹോദരപ്രസ്ഥാനം |
| • പണ്ഡിറ്റ് കെ.പി. കറുപ്പൻ | • അരയസമാജം |
| • മന്നത്ത് പത്മനാഭൻ | • നായർ സർവീസ് സൊസൈറ്റി |
| • വി.ടി. ഭട്ടതിരിപ്പാട് | • യോഗക്ഷേമസഭ |
| • കുമാരഗുരു ദേവൻ | • പ്രത്യക്ഷരക്ഷാദൈവസഭ |



കേരളത്തിലെ സാമൂഹികപരിഷ്കർത്താക്കളുടെ കാഴ്ചപ്പാടുകളും ആശയങ്ങളും കേരളീയസമൂഹം എത്രമാത്രം ഉൾക്കൊണ്ടിട്ടുണ്ട്? സംവാദം സംഘടിപ്പിക്കുക.

കേരളത്തിലെ സാമൂഹിക പരിഷ്കർത്താക്കളുടെ ചിത്രങ്ങളും ജീവചരിത്രക്കുറിപ്പുകളും ഉൾപ്പെടുത്തി ഡിജിറ്റൽ മാഗസിൻ തയാറാക്കുക.

സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങൾ സാമൂഹികമാറ്റത്തിനായുള്ള സമരങ്ങൾക്ക് പ്രചോദനമേകി. മാറുമറയ്ക്കാനുള്ള അവകാശത്തിനായി തെക്കൻ തിരുവിതാംകൂറിലെ ചാന്നാർ സ്ത്രീകൾ പോരാട്ടം നടത്തി. ഇതിനെത്തുടർന്ന് 1859 ൽ ജാക്കറ്റും മേൽമുണ്ടും ധരിക്കാനുള്ള അവകാശം ചാന്നാർ സ്ത്രീകൾക്ക് അനുവദിക്കാൻ ഉത്രംതിരുനാൾ മഹാരാജാവ് നിർബന്ധിതനായി.

1888 ൽ ശ്രീനാരായണഗുരു അരുവിപ്പുറത്ത് നടത്തിയ ശിവപ്രതിഷ്ഠ സാമൂഹികരംഗത്ത് പുതുചലനങ്ങൾ സൃഷ്ടിച്ചു. ക്ഷേത്രകർമവും പൂജകളും ചെയ്യാനുള്ള അവകാശം അവർണസമുദായത്തിൽപ്പെട്ടവർക്കുകൂടി നേടിയെടുക്കാൻ ഇതിലൂടെ കഴിഞ്ഞു. "ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവരും

സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്" എന്ന് അരുവിപ്പുറത്ത് ക്ഷേത്രത്തിനുമുന്നിൽ ശ്രീനാരായണഗുരു രേഖപ്പെടുത്തി. വിജ്ഞാനത്തിന് പ്രാധാന്യം നൽകിയിരുന്ന ഗുരു ക്ഷേത്രങ്ങളോടനുബന്ധിച്ച് വിദ്യാലയങ്ങളും വായനശാലകളും സ്ഥാപിച്ചു. വിദ്യകൊണ്ട് പ്രബുദ്ധരാവാനും സംഘടനകൊണ്ട് ശക്തരാകാനും അദ്ദേഹം ഉദ്ബോധിപ്പിച്ചു. 'വാദിക്കാനും ജയിക്കാനുമല്ല, അറിയാനും അറിയിക്കാനുമാണ്' എന്ന പ്രഖ്യാപനത്തോടെ ആലുവയിൽ സർവമത സമ്മേളനം വിളിച്ചുകൂട്ടി. ഉദാത്തമായ മനുഷ്യസ്നേഹത്തിലും സർവമതസാഹോദര്യത്തിലും അധിഷ്ഠിതമായിരുന്നു ശ്രീനാരായണഗുരുവിന്റെ സന്ദേശങ്ങളും പ്രവർത്തനങ്ങളും.

സഞ്ചാരസ്വാതന്ത്ര്യത്തിനായി കേരളത്തിൽ നടന്ന പ്രക്ഷോഭങ്ങളിൽ പ്രധാനപ്പെട്ടതാണ് വൈക്കം സത്യഗ്രഹം (1924). ടി.കെ. മാധവന്റെ നേതൃത്വത്തിൽ നടന്ന ഈ സമരത്തോട് അനുഭാവം പ്രകടിപ്പിച്ച് മന്നത്ത് പത്മനാഭന്റെ നേതൃത്വത്തിൽ സവർണജാഥ സംഘടിപ്പിച്ചു. ഈ സമരങ്ങളെത്തുടർന്നാണ് വൈക്കം ക്ഷേത്രത്തിനു ചുറ്റുമുള്ള പൊതുനിരത്തിലൂടെ യാത്ര ചെയ്യാൻ അവർണജാതിക്കാർക്ക് അനുവാദം ലഭിച്ചത്. ഗുരുവായൂർ ക്ഷേത്രത്തിൽ എല്ലാ ജാതിയിലുംപെട്ട ഹിന്ദുക്കൾക്ക് പ്രവേശനം അനുവദിക്കണമെന്നാവശ്യപ്പെട്ട് കെ. കേളപ്പന്റെ നേതൃത്വത്തിൽ ഗുരുവായൂർ സത്യഗ്രഹം നടന്നു (1931). എ.കെ. ഗോപാലനായിരുന്നു സമരത്തിന്റെ വളണ്ടിയർ ക്യാപ്റ്റൻ. ഈ സത്യഗ്രഹത്തിൽ പി. കൃഷ്ണപിള്ളക്ക് ക്രൂരമായ മർദനമേറ്റു. ഈ ജനകീയസമരങ്ങളുടെയെല്ലാം ഫലമായാണ് 1936 നവംബർ 12 ന് തിരുവിതാംകൂറിൽ ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിച്ചത്. തുടർന്ന് മദിരാശി ക്ഷേത്രപ്രവേശനവിളംബരപ്രകാരം മലബാറിലും കൊച്ചിരാജാവിന്റെ വിളംബരപ്രകാരം കൊച്ചിയിലും എല്ലാ വിഭാഗക്കാർക്കും ആരാധനാസ്വാതന്ത്ര്യം ലഭിച്ചു.

**ദൈവദശകവും ആത്മോപദേശശതകവും**



*ആഴമേറും നിൻ മഹസ്സാ-*
*മാഴിയിൽ ഞങ്ങളാകവേ*
*ആഴണം വാഴണം നിത്യം*
*വാഴണം വാഴണം സുഖം.*
(ശ്രീനാരായണഗുരു നൂറു വർഷം മുമ്പ് രചിച്ച പ്രാർഥനാഗീതമായ ദൈവദശകത്തിൽ നിന്നുള്ള വരികൾ).

*അവനിവനെന്നറിയുന്നതൊക്കെയോർത്താ-*
*ലവനിയിലാദിമമായൊരാത്മരൂപം*
*അവനവനാത്മസുഖത്തിനാചരിക്കു-*
*ന്നവയപരന്നു സുഖത്തിനായ് വരേണം.*
(ആത്മോപദേശശതകം 24-ാം ശ്ലോകം)


ടി.കെ. മാധവൻ


മന്നത്ത് പത്മനാഭൻ


കെ. കേളപ്പൻ


എ.കെ. ഗോപാലൻ


പി. കൃഷ്ണപിള്ള

കേരളത്തിലെ സാമൂഹികമാറ്റത്തിന് ചാന്നാർകലാപം, വൈക്കം സത്യഗ്രഹം, ഗുരുവായൂർ സത്യഗ്രഹം എന്നിവ വഹിച്ച പങ്കു വിലയിരുത്തുക.

## ദേശീയപ്രസ്ഥാനം കേരളത്തിൽ

ഭരണപരമായി ഏകീകരിക്കപ്പെടാതിരുന്നതിനാൽ കേരളത്തിലെ ദേശീയപ്രസ്ഥാനത്തിന് ഒരു ഏകീകൃതരൂപം കൈവന്നിരുന്നില്ല. മലബാറിൽ ബ്രിട്ടീഷുകാർ നേരിട്ട് ഭരണം നടത്തിയപ്പോൾ കൊച്ചിയിലും തിരുവിതാംകൂറിലും




റസിഡന്റ്മാരിലൂടെ പരോക്ഷമായാണ് ഭരണം നടത്തിയിരുന്നത്. അതിനാൽ മലബാറിലെപ്പോലെ രാഷ്ട്രീയസമരങ്ങൾ കൊച്ചിയിലും തിരുവിതാംകൂറിലും ശക്തമായിരുന്നില്ല.

## മലബാർ


കെ.പി. കേശവ മേനോൻ


ഇ. മൊയ്തു മൗലവി

ഒന്നാം ലോകയുദ്ധ കാലഘട്ടത്തിലാണ് മലബാർ പ്രദേശത്ത് രാഷ്ട്രീയപ്രവർത്തനങ്ങൾ സജീവമായത്. മലബാർ ജില്ലാ കോൺഗ്രസ്സിന്റെ പ്രഥമസമ്മേളനം 1916 ൽ ആനിബസന്റിന്റെ അധ്യക്ഷതയിൽ പാലക്കാട്ടു വച്ച് നടന്നു. കെ.പി. കേശവമേനോൻ, കെ.പി. രാമൻമേനോൻ, മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്, കെ. മാധവൻനായർ, ഇ. മൊയ്തു മൗലവി, എം. പി നാരായണമേനോൻ എന്നിവരായിരുന്നു ഇക്കാലത്ത് കോൺഗ്രസ് പ്രവർത്തനങ്ങൾക്ക് മലബാറിൽ നേതൃത്വം നൽകിയത്. 1920 ൽ മഞ്ചേരിയിൽ നടന്ന അവസാനത്തെ മലബാർ രാഷ്ട്രീയസമ്മേളനത്തിൽ ഭരണപരിഷ്കരണം, കുടിയാൻ പ്രശ്നം, ഖിലാഫത്ത് തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തു. 1920 ൽ ഗാന്ധിജിയും ഷൗക്കത്തലിയും കോഴിക്കോട്ടെത്തി ഖിലാഫത്ത് പ്രസ്ഥാനത്തിന് പിന്തുണ പ്രഖ്യാപിച്ചു. കട്ടിലശ്ശേരി മുഹമ്മദ് മൗലവി പ്രസിഡന്റായും മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് സെക്രട്ടറിയായും ഖിലാഫത്ത് കമ്മിറ്റി രൂപീകരിച്ചു. ഖിലാഫത്ത് പ്രസ്ഥാനം മലബാറിൽ ശക്തിപ്പെട്ടു. അതേത്തുടർന്ന് മലബാറിൽ പലേടത്തും ബ്രിട്ടീഷുകാരുമായി നേരിട്ടുള്ള ഏറ്റുമുട്ടലുകൾ ഉണ്ടായി. ഏറനാട്, വള്ളുവനാട്, പൊന്നാനി താലൂക്കുകളിലായി മലബാറിലെ കർഷകരായ മാപ്പിളമാർ ശക്തമായ പോരാട്ടങ്ങൾക്കു നേതൃത്വം നൽകി. ഈ സമരങ്ങളെ പൊതുവെ മലബാർ കലാപം (1921) എന്നാണു വിശേഷിപ്പിക്കുന്നത്.

### പൂക്കോട്ടൂർ യുദ്ധം

നിസ്സഹകരണവും ഖിലാഫത്തും ശക്തമായ മലബാറിൽ 1921 ലെ മലബാർ കലാപത്തിന്റെ ഭാഗമായി നടന്ന പ്രധാന സംഭവമാണ് പൂക്കോട്ടൂർ യുദ്ധം. പൂക്കോട്ടൂരിലെ ഖിലാഫത്ത് കമ്മിറ്റിയുടെ സെക്രട്ടറിയായ വടക്കേവീട്ടിൽ മുഹമ്മദിനെ മോഷണക്കുറ്റം ചുമത്തി അറസ്റ്റ് ചെയ്യാൻ ബ്രിട്ടീഷ് പോലീസ് ശ്രമിച്ചതോടെയാണ് കലാപം ആരംഭിച്ചത്. മുവായിരത്തിലധികം ആളുകൾ പങ്കെടുത്ത കലാപം അമർച്ചചെയ്യാൻ ബ്രിട്ടീഷ് ഗവൺമെന്റ് ഏറെ പ്രയാസപ്പെട്ടു. യുദ്ധത്തിൽ നൂറുകണക്കിനു പേർ കൊല്ലപ്പെട്ടു.


മുഹമ്മദ് അബ്ദുറഹിമാൻ

1930 കളിൽ നിയമലംഘനപ്രസ്ഥാനം മലബാറിൽ ശക്തമായി. കെ. കേളപ്പന്റെ നേതൃത്വത്തിൽ പയ്യന്നൂരിലും മുഹമ്മദ് അബ്ദുറഹിമാന്റെ നേതൃത്വത്തിൽ കോഴിക്കോട്ടും ഉപ്പുനിയമം ലംഘിച്ച് ഉപ്പുണ്ടാക്കി. ഉപ്പുനിയമം ലംഘിച്ച സത്യഗ്രഹികളെ ബ്രിട്ടീഷ് പട്ടാളം ക്രൂരമായി മർദ്ദിക്കുകയും നേതാക്കളെ അറസ്റ്റു ചെയ്യുകയുമുണ്ടായി. വിദേശവസ്തു ബഹിഷ്കരണവും മദ്യഷാപ്പ്

പിക്കറ്റിങ്ങുകളും ഖാദി പ്രചാരണവും നിയമലംഘന ത്തിന്റെ ഭാഗമായി നടന്നു. 1934 ൽ ഗാന്ധിജി നിയമലം ഘനപ്രസ്ഥാനം പിൻവലിച്ചതിൽ പ്രതിഷേധിച്ച് കേരള ത്തിലെ കോൺഗ്രസ് പ്രവർത്തകരിൽ ഒരു വിഭാഗം സോഷ്യലിസ്റ്റ് പാർട്ടിക്കാരായി മാറി. 1939 ൽ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി കമ്മ്യൂണിസ്റ്റ് പാർട്ടിയായി രൂപ പ്പെട്ടു. ഇ.എം.എസ്, എ.കെ. ഗോപാലൻ, പി. കൃഷ്ണ പിള്ള എന്നിവരായിരുന്നു പ്രമുഖ കമ്മ്യൂണിസ്റ്റ് നേതാ ക്കന്മാർ. അവർ കർഷകരെയും തൊഴിലാളികളെയും സംഘടിപ്പിച്ച് ജന്മിത്തത്തിനും ബ്രിട്ടീഷ് സാമ്രാജ്യത്വ ത്തിനുമെതിരെ സമരസജ്ജരാക്കി. കയ്യൂർ, മൊറാഴ, കരി വെള്ളൂർ എന്നിവിടങ്ങളിൽ കർഷകസംഘത്തിന്റെ നേതൃത്വത്തിൽ സമരങ്ങൾ നടന്നു. ക്വിറ്റ് ഇന്ത്യാ സമര കാലത്ത് സർക്കാർകെട്ടിടങ്ങൾ നശിപ്പിക്കുക, പാലങ്ങൾ തകർക്കുക, ടെലഗ്രാഫ് കമ്പികൾ മുറിച്ചിടുക തുടങ്ങിയ പ്രവർത്തനങ്ങൾ മല ബാറിലുണ്ടായി. ഇതിൽ പ്രധാനപ്പെട്ടതാണ് കീഴരിയൂർ ബോംബ് കേസ്. ഫറോക്ക് പാലം തകർക്കാൻ കെ.ബി. മേനോൻ, കുഞ്ഞിരാമകിടാവ് എന്നിവ രുടെ നേതൃത്വത്തിൽ ഗൂഢാലോചന നടന്നു എന്നാരോപിച്ച് 27 പേരെ പ്രതി ചേർത്ത് കേസ് ഫയൽ ചെയ്തു.

### ചേറ്റൂർ ശങ്കരൻനായർ



ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അധ്യക്ഷപദവിയിലിരുന്ന ഒരേ ഒരു മലയാളി യാണ് പാലക്കാട്ടുകാരനായ ചേറ്റൂർ ശങ്ക രൻനായർ. 1897 ലെ അമരാവതി സമ്മേളന ത്തിലാണ് അദ്ദേഹം പ്രസിഡന്റായി തിരഞ്ഞെ ടുക്കപ്പെട്ടത്. ജാലിയൻവാലാബാഗ് കൂട്ടക്കൊ ലയിൽ പ്രതിഷേധിച്ച് അദ്ദേഹം വൈസ്രോ യിയുടെ എക്സിക്യൂട്ടീവ് കൗൺസിൽ അംഗത്വം രാജിവച്ചു. ഗാന്ധിയൻ സമര മാർഗങ്ങളോട് കടുത്ത വിയോജിപ്പ് പ്രകടി പ്പിച്ച അദ്ദേഹം 'ഗാന്ധിയും അരാജകത്വവും' (Gandhi and Anarchy) എന്ന ഗ്രന്ഥം രചിച്ചു.

### മലബാർ കലാപത്തെക്കുറിച്ചുള്ള പടപ്പാട്ട്



"അന്നിരുപത്തൊന്നിൽ നമ്മള് ഇമ്മലയാളത്തില്
ഒന്നുചേർന്നു വെള്ളയോടെതിർത്ത് നല്ലെ മട്ടില്
ഏറനാട്ടിൽ ധീരമക്കൾ ചോര ചിന്തിയ നാടിതിൽ
ചീറിടും പീരങ്കികൾക്ക് മാറുകാട്ടിയ നാടിതിൽ
വാരിയംകുന്നത്ത് വീര കുഞ്ഞഹമ്മതാജിയും
വാശിമൂത്തെ മൂപ്പരുടെ കൂടെ കൂട്ടമായിട്ടും.

* * * *

നമ്മളുണ്ടാക്കുന്ന നെല്ല് ജന്മിമാരെ തീറ്റുവാൻ
സമ്മതിക്കില്ലെന്നതാണ് ഹേതു ഏറ്റ് മുട്ടുവാൻ
നമ്മളുടെ കാശ് വാങ്ങി ഇംഗ്ലണ്ടിലേക്കയക്കുവാൻ
സമ്മതിക്കില്ലെന്നതാണ ഹേതു ഏറ്റ് മുട്ടുവാൻ

* * * *

നമ്മളുടെ നെഞ്ചിലാണാ കല്ല് കേറ്റി വെച്ചത്
നമ്മളുടെ കൂട്ടാരെയാണാ സുബറ് കൊന്നത്
മഞ്ചേരിനിന്നഞ്ചാറ് മൈല് ദൂരവേ മോങ്ങത്തില്
സഞ്ചരിക്കുന്നോർക്ക് കാണാറാകുമാ നിരത്തില്
ചത്തുപോയ ഹിച്ച് കോക്ക് സാഹിബിന്റെ
സ്മാരകം
ചാത്തനെ കുടിവെച്ചപോലെ
ആ ബലാലിൻ സ്മാരകം.

* * * *

രാജ്യസ്നേഹം വീറ് കൊണ്ടെ, ധീരരുണ്ടീ നാട്ടില്,
രക്ഷ വേണങ്കില് മണ്ടിക്കോട്ടവർ ഇംഗ്ലണ്ടില്."

(മലബാർ കലാപത്തെ അടിച്ചമർത്തിയ ജില്ലാ പോലീസ് മേധാവി ഹിച്ച്കോക്കിനെ കലാപകാരി കൾ കൊലപ്പെടുത്തി. ബ്രിട്ടീഷ് ഗവൺമെന്റ് അദ്ദേഹത്തിന് ഒരു സ്മാരകം നിർമിച്ചു. ഇത് പൊളി ച്ചുമാറ്റണമെന്നാവശ്യപ്പെട്ട് സമരത്തിൽ പങ്കെടുത്ത കമ്പളത്ത് ഗോവിന്ദൻനായർ എഴുതിയ പാട്ട്.)

## തിരുവിതാംകൂർ

തിരുവിതാംകുറിൽ രാഷ്ട്രീയപ്രക്ഷോഭത്തിന്റെ ആരംഭം കുറിക്കുന്നത് 1891 ലെ മലയാളി മെമ്മോറിയലോടുകൂടിയാണ്. സർക്കാർജോലികളിൽ തിരുവിതാംകൂർകാർക്ക് മതിയായ പ്രാതിനിധ്യം ആവശ്യപ്പെട്ട് ബാരിസ്റ്റർ ജി.പി. പിള്ളയുടെ നേതൃത്വത്തിൽ പതിനായിരത്തിലധികം പേർ ഒപ്പിട്ട മെമ്മോറാണ്ടം മഹാരാജാവിന് സമർപ്പിച്ചു. ഇത് മലയാളി മെമ്മോറിയൽ എന്നറിയപ്പെടുന്നു. 1896 ൽ ഡോ. പൽപ്പു ഈഴവർ അനുഭവിക്കുന്ന പ്രയാസങ്ങൾ ചൂണ്ടിക്കാണിച്ച് ഈഴവ മെമ്മോറിയലും മഹാരാജാവിന് സമർപ്പിച്ചു. തിരുവിതാംകൂർ ദിവാനെ വിമർശിച്ചതിന്റെ പേരിൽ 'സ്വദേശാഭിമാനി' പത്രത്തിന്റെ പത്രാധിപരായ രാമകൃഷ്ണപിള്ളയെ നാടുകടത്തിയത് വലിയ രാഷ്ട്രീയചലനങ്ങൾ സൃഷ്ടിച്ചു. തിരുവിതാംകൂറിലുടനീളം വിദ്യാർഥി പ്രക്ഷോഭങ്ങൾ വളർന്നുവന്നു. സർക്കാർ ഉദ്യോഗങ്ങളിലും നിയമസഭയിലും ജനസംഖ്യാനുപാതികമായി സംവരണം വേണമെന്നാവശ്യപ്പെട്ട് ക്രിസ്ത്യൻ - മുസ്ലിം - ഈഴവ സമുദായക്കാർ 1932 ൽ നിവർത്തന പ്രക്ഷോഭം ആരംഭിച്ചു. എൻ.വി. ജോസഫ്, പി.കെ. കുഞ്ഞ്, സി. കേശവൻ എന്നിവരുടെ നേതൃത്വത്തിലാണ് ഉത്തരവാദഭരണത്തിനായുള്ള ഈ സമരം നടന്നത്. 1938 ൽ പട്ടം താണുപിള്ള പ്രസിഡന്റായി തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് രൂപംകൊണ്ടതോടെ തിരുവിതാംകൂറിൽ രാഷ്ട്രീയ പ്രവർത്തനങ്ങൾ സജീവമാകാൻ തുടങ്ങി. ദിവാൻ സർ സി.പി. രാമസ്വാമി അയ്യരുടെ ഭരണപരിഷ്കാരങ്ങൾക്കെതിരെ 1946-ൽ നടന്ന പുന്നപ്ര-വയലാർ സമരത്തോടെ തൊഴിലാളികളും രാഷ്ട്രീയരംഗത്തേക്കു വന്നു.

എന്റെ ദൈവം കല്ലും മരവുമല്ലാ;
എന്റെ രാജാവ് അഴിമതിക്കാരായ രാജസേവകന്മാരുമല്ലാ.
എന്നെ നാടുകടത്തുന്ന രാജസേവകന്മാരുടെ പേരിൽ
ഭക്തിയില്ലെന്ന കുറ്റത്തിനാണെങ്കിൽ ആ ശിക്ഷാനിയമം
ആ സേവകന്മാരുടെ മനോരാജ്യത്തിൽ
നടപ്പാക്കപ്പെട്ടിട്ടുള്ള വകയായിരിക്കാം;
തിരുവിതാംകൂർ രാജ്യത്തിലെ ശിക്ഷാനിയമപ്രകാരമായിരിക്കയില്ല.
അല്ലെങ്കിൽ തന്നെ, നാടുകടത്തൽ, കാരാഗൃഹം മുതലായ
ശിക്ഷകളെ ഭയപ്പെടേണ്ട ആവശ്യം എനിക്കില്ല.
ഞാൻ എന്റെ രാജ്യത്തിലെ നിയമത്തെ ലംഘിക്കുന്നില്ല.
ആ ശിക്ഷകളെ ഭയപ്പെടേണ്ടവർ, കൊട്ടാരങ്ങളിൽ
കൊലപാതകം ചെയ്തും, സാധുജനങ്ങളുടെ
ധനാപഹാരം ചെയ്തും, യജമാനന്മാരെ ദ്രോഹിച്ചും
ഈശ്വര സങ്കൽപ്പത്തിന്നു വിരുദ്ധമായ മറ്റു അകൃത്യങ്ങൾ
പ്രവർത്തിച്ചും പാപക്കുണ്ടിൽ പതിച്ചിരിക്കുന്നവരാണ്



K. Ramakrishna Pillai

കെ. രാമകൃഷ്ണപിള്ള



പട്ടം വി. താണുപിള്ള

### പുന്നപ്ര - വയലാർ

"തിരുവിതാംകൂർ പൗരസ്വാതന്ത്ര്യം കൈവരിക്കുന്നതിനുള്ള സമരം തുടങ്ങിയിട്ട് കാലം കുറേയായി. പുന്നപ്രയിലും വയലാറിലും തൊഴിലാളികൾ നടത്തിയ സമരം പൗരസ്വാതന്ത്ര്യത്തിനും ജനകീയഭരണത്തിനും വേണ്ടിയുള്ളതായിരുന്നു. 1938 ൽ കടയ്ക്കലും പാങ്ങോടും ആലപ്പുഴയിലും കൊല്ലത്തും നടന്ന സമരങ്ങൾ സ്വാതന്ത്ര്യസമരത്തെ സഹായിച്ചതുപോലെ പുന്നപ്രയിലെയും വയലാറിലെയും കൂട്ടക്കൊലകളും സ്വാതന്ത്ര്യത്തിന്റെ വേഗം കൂട്ടുകയാണ് ചെയ്തത്."

സി. കേശവൻ (അവലംബം : സി.കേശവന്റെ പ്രസംഗങ്ങൾ)

## കൊച്ചി


ഇ. ഇക്കണ്ടവാര്യർ

ദിവാനായ ഷൺമുഖം ചെട്ടി വൈദ്യുതിവിതരണം സ്വകാര്യകമ്പനിയെ ഏൽപ്പിച്ചതിനെതിരെ നടന്ന ഇലക്ട്രിസിറ്റി സമരത്തോടെയാണ് (1936) കൊച്ചിയിൽ ഉത്തരവാദഭരണത്തിനായുള്ള പ്രക്ഷോഭങ്ങൾ ആരംഭിക്കുന്നത്. എന്നാൽ തിരുവിതാംകൂറിലെപ്പോലെ കൊച്ചിയിൽ പ്രക്ഷോഭങ്ങൾ ശക്തമായിരുന്നില്ല. 1941 ൽ കൊച്ചി രാജ്യ പ്രജാമണ്ഡലം രൂപീകൃതമായശേഷം രാഷ്ട്രീയസമരങ്ങൾ ശക്തിപ്പെട്ടുവന്നു. ഇ. ഇക്കണ്ടവാര്യർ, പനമ്പിള്ളി ഗോവിന്ദമേനോൻ, കെ. അയ്യപ്പൻ തുടങ്ങിയവരായിരുന്നു കൊച്ചി രാജ്യ പ്രജാമണ്ഡലത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്.

**മലബാർ, തിരുവിതാംകൂർ, കൊച്ചി എന്നിവിടങ്ങളിൽ നടന്ന പ്രധാന രാഷ്ട്രീയ പ്രക്ഷോഭങ്ങൾ ഉൾപ്പെടുത്തി ഫ്ളോചാർട്ട് തയാറാക്കുക.**



## ദേശീയപ്രസ്ഥാനവും സ്ത്രീകളും

*നമ്മുടെ നാട്ടിലെ സാമ്പത്തികവ്യവസ്ഥ ഏറ്റവും അതൃപ്തികരമായ ഒന്നാണ്. ഒരു വശത്ത് കുബേരൻമാർ സുഖിക്കുകയും മറുവശത്ത് 80% ആളുകളും ദുരിതം അനുഭവിക്കുകയുമാണ് ചെയ്യുന്നത്. ഈ സാമ്പത്തികവ്യവസ്ഥകൊണ്ട് പട്ടിണിയും പരിവട്ടവും ആയിട്ടാണ് നമ്മുടെ ആളുകൾ കഴിയുന്നത്. ഈ സാമ്പത്തികവ്യവസ്ഥ മാറാതെ തിരുവിതാംകൂറിൽ ഒരു ഭരണകൂടത്തിന് ജീവിക്കുവാൻ സാധ്യമല്ല. ഒരു സ്ഥിതിസമീകരണംകൊണ്ടു മാത്രമേ സാമ്പത്തികവ്യവസ്ഥ മാറുകയുള്ളൂ. ഭാവി തിരുവിതാംകൂർ ഒരു സോഷ്യലിസ്റ്റ് തിരുവിതാംകൂർ ആയാൽ മാത്രമേ തിരുവിതാംകൂറിന് നിലനിൽക്കുവാൻ സാധ്യമുള്ളൂ. അത് മാറുന്നത് ഒരു രക്തച്ചൊരിച്ചിൽ കൊണ്ടു മാത്രമേ സാധ്യമാകൂ എന്ന് ഞാൻ വിചാരിക്കുന്നില്ല. ഏതു സാമ്പത്തിക നീതിയും സമാധാനപരമായിരിക്കണം.*

അവലംബം : വർക്കല ക്ഷേത്രമൈതാനത്തു വച്ചു കൂടിയ സ്റ്റേറ്റ് കോൺഗ്രസ് യോഗത്തിൽ മിസ് ആനിമസ്ക്രീൻ ചെയ്ത പ്രസംഗം
(സ്വാതന്ത്ര്യസമരസേനാനികളുടെ തിരഞ്ഞെടുത്ത പ്രസംഗങ്ങൾ, സംസ്ഥാന പുരാരേഖാ വകുപ്പ്)


എ.വി. കുട്ടിമാളു അമ്മ

മുകളിൽ നൽകിയിരിക്കുന്ന പ്രസംഗത്തിന്റെ ഭാഗം ശ്രദ്ധിച്ചല്ലോ. സ്ത്രീകളും കേരളമൊട്ടാകെ രാഷ്ട്രീയപ്രക്ഷോഭങ്ങളിൽ സജീവമായി പങ്കെടുക്കുകയും അവരുടെ രാഷ്ട്രീയബോധം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. ഗാന്ധിജിയുടെ രംഗപ്രവേശത്തോടെയാണ് സ്ത്രീകൾ കൂടുതലായി ദേശീയപ്രസ്ഥാനത്തിലേക്കാകർഷിക്കപ്പെട്ടത്. മലബാർ കലാപം മുതൽ അത് പ്രകടമായിരുന്നു. വിദേശവസ്ത്ര ബഹിഷ്കരണം, മദ്യഷാപ്പ് പിക്കറ്റിങ്, അയിത്തോച്ചാടനം, ഹരിജനോദ്ധാരണം, ഖാദിപ്രചാരണം എന്നിവ സ്ത്രീപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായിരുന്നു. 1931 ൽ കോൺഗ്രസ്സിന്റെ വടകരസമ്മേളനത്തിന്റെ ഭാഗമായി മഹിളാസമ്മേളനം ചേർന്നു. അത് കേരളത്തിലെ ആദ്യത്തെ മഹിളാ സമ്മേളനമായാണ് അറിയപ്പെടുന്നത്. മലബാറിൽ എ.വി. കുട്ടിമാളു അമ്മയും തിരുവിതാംകൂറിൽ അക്കമ്മ ചെറിയാൻ, ആനി മസ്ക്രീൻ തുടങ്ങിയവരും ദേശീയപ്രക്ഷോഭത്തിന് നേതൃത്വം നൽകിയവരാണ്.


അക്കമ്മ ചെറിയാൻ


ആനി മസ്ക്രീൻ

**കൗമുദിയെപ്പറ്റി ഗാന്ധിജി**



"ഹരിജനോദ്ധാരണത്തിന്റെ ഭാഗമായി ഞാൻ വടകരയിൽ സംസാരിക്കുമ്പോൾ ആഭരണങ്ങൾ സംഭാവനയായി നൽകണമെന്ന് സ്ത്രീജനങ്ങളോട് ആവശ്യപ്പെട്ടിരുന്നു. പ്രസംഗം നിർത്തിയ ഉടനെ പതിനാറുകാരിയായ കൗമുദി എന്ന പെൺകുട്ടി പ്ലാറ്റ്ഫോമിലേക്ക് കയറിവന്നു. അവൾ കൈയിലെ വള അഴിച്ചു തന്നുകൊണ്ട് എന്നോട് ഓട്ടോഗ്രാഫ് ആവശ്യപ്പെട്ടു. ഞാനത് നൽകാൻ ഒരുങ്ങുകയായിരുന്നു. അപ്പോൾ അവൾ മറ്റേ വളയും അഴിച്ചുതന്നു. ഞാൻ പറഞ്ഞു, നീ രണ്ടു വളകളും എനിക്ക് തരണമെന്നില്ല. സ്വർണ നെക്ലേസ് ഊരിത്തന്നുകൊണ്ടാണ് അവൾ അതിനു മറുപടി പറഞ്ഞത്. അവൾ ആളുകളുടെ ആഹ്ലാദാരവങ്ങൾക്കിടെ തന്റെ കർണാഭരണങ്ങൾകൂടി അഴിച്ചുതന്നു. ഈ ആഭരണങ്ങൾക്കു പകരം ആഭരണങ്ങൾ വാങ്ങി അണിയേണ്ടതില്ലെന്ന് ഞാൻ കൗമുദിയെ ഓർമിപ്പിച്ചു. നിന്റെ ത്യാഗം നീ ഉപേക്ഷിച്ച ആഭരണങ്ങളേക്കാൾ സത്യസന്ധമായ ആഭരണമാണ്."

## ഐക്യകേരളത്തിലേക്ക്

ഒരേ ഭാഷ സംസാരിച്ചിരുന്നവരെങ്കിലും മലയാളികൾ മൂന്നു വ്യത്യസ്ത ഭരണമേഖലകളിലായി ഭിന്നിച്ചു കിടക്കുകയായിരുന്നു. 1920 ൽ നാഗ്പൂരിൽ ചേർന്ന കോൺഗ്രസ് സമ്മേളനം ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന കോൺഗ്രസ് കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 1921 ഏപ്രിൽ 23 മുതൽ 26 വരെ ഒറ്റപ്പാലത്തുവച്ച് ഒന്നാം കേരള സംസ്ഥാന രാഷ്ട്രീയ സമ്മേളനം നടന്നു. ആന്ധ്ര കേസരി എന്നറിയപ്പെടുന്ന ബാരിസ്റ്റർ ടി. പ്രകാശമായിരുന്നു ഈ സമ്മേളനത്തിന്റെ അധ്യക്ഷൻ. തുടർന്ന് തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളെ ഉൾപ്പെടുത്തി കേരളപ്രദേശ് കോൺഗ്രസ് കമ്മിറ്റി നിലവിൽ വന്നു.

ജവഹർലാൽ നെഹ്റുവിന്റെ അധ്യക്ഷതയിൽ ചേർന്ന പയ്യന്നൂർ കോൺഗ്രസ് സമ്മേളനത്തിൽ സ്വാതന്ത്ര്യത്തിനുശേഷം കേരളത്തെ ഒരു പ്രത്യേക സംസ്ഥാനമായി പുനസ്സംഘടിപ്പിക്കണമെന്ന പ്രമേയം അവതരിപ്പിച്ചു. 1947 ൽ കേളപ്പന്റെ അധ്യക്ഷതയിൽ തൃശൂരിൽ ചേർന്ന ഐക്യകേരള കൺവെൻഷനിലും സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ആലുവയിൽ വച്ച് ചേർന്ന ഐക്യകേരള സമ്മേളനത്തിലും ഐക്യകേരളപ്രമേയം പാസാക്കി. ഇതേത്തുടർന്ന് 1949 ജൂലൈ ഒന്നിന് തിരുവിതാംകൂറിനെയും കൊച്ചിയെയും സംയോജിപ്പിച്ച് തിരു-കൊച്ചി സംസ്ഥാനം രൂപീകരിച്ചു. മലയാളം സംസാരിക്കുന്ന പ്രദേശങ്ങളെ ഉൾപ്പെടുത്തി കേരളം രൂപീകരിക്കണമെന്ന് ഇ.എം.എസ്. നമ്പൂതിരിപ്പാട് 'ഒന്നേകാൽ കോടി മലയാളികൾ' എന്ന ഗ്രന്ഥത്തിൽ സൂചിപ്പിക്കുകയുണ്ടായി. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനരൂപീകരണത്തിനായി പ്രക്ഷോഭങ്ങൾ ശക്തമായതിനെ തുടർന്ന് കേന്ദ്ര ഗവൺമെന്റ് സംസ്ഥാന പുനസ്സംഘടനാ കമ്മീഷൻ രൂപീകരിച്ചു. കമ്മീഷന്റെ



ഇ.എം.എസ്. നമ്പൂതിരിപ്പാട്

ശുപാർശപ്രകാരം മലബാർ, തിരുവിതാംകൂർ, കൊച്ചി പ്രദേശങ്ങൾ ഉൾപ്പെടുത്തി 1956 നവംബർ 1 ന് കേരളസംസ്ഥാനം രൂപീകൃതമായി.

തിരുവിതാംകൂറിന്റെ ഭാഗമായിരുന്ന തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവൻകോട് എന്നീ താലൂക്കുകൾ മദിരാശി സംസ്ഥാനത്തിനു വിട്ടുകൊടുത്തു. തെക്കൻ കർണാടകത്തിന്റെ ഭാഗമായിരുന്ന കാസറഗോഡ്, ഹോസ്ദുർഗ് താലൂക്കുകൾ കേരളത്തോട് കൂട്ടിച്ചേർക്കപ്പെട്ടു.





### ഐക്യകേരള പ്രതിജ്ഞ

മൂന്നായ് മുറിഞ്ഞു കിടക്കുമീ കേരളം
ഒന്നാക്കുമെന്നായ് പ്രതിജ്ഞചെയ്യുന്നു നാം
നൂറ്റിരുപത്തഞ്ചു ലക്ഷം കരൾകളിൽ
ഒത്തു തുടിപ്പതീ സത്യാക്ഷരങ്ങളാം
രണ്ടരക്കോടി ബലിഷ്ഠഹസ്തങ്ങളീ
സംഗരത്തിങ്കലുണ്ടായുധമേന്തുവാൻ
ധൈര്യമുണ്ടെങ്കിലെതിർത്തിനി നിൽക്കട്ടെ
ദൈവാധികാരവും സന്ധിപ്പഴമയും!
ശക്തിയുണ്ടെങ്കിലെതിർത്തിനി നിൽക്കട്ടെ
ധിക്കാരകാപട്യമർദനശക്തികൾ!
സ്വേച്ഛാധിപത്യം തകർത്തു, ബഹുജന-
സ്വച്ഛന്ദവാഴ്ച നടപ്പാക്കുമിങ്ങുനാം
ഒറ്റ ജനസഭ, ഒറ്റനീതിന്യായം
ഒറ്റ സർക്കാരിനിക്കേരളഭൂമിയിൽ!

*എൻ.വി. കൃഷ്ണവാരിയർ*



ഐക്യകേരളത്തിന്റെ രൂപീകരണത്തിലേക്കു നയിച്ച സാഹചര്യം വിശകലനം ചെയ്യുക

*സംസ്ഥാനരൂപീകരണത്തിലേക്ക് നയിച്ച വിവിധ സംഭവവികാസങ്ങൾ ഉൾപ്പെടുത്തി ഡിജിറ്റൽ അസൈൻമെന്റ് തയാറാക്കുക.*



**ഭൂപരിഷ്കരണം, പൊതുജനാരോഗ്യം, വിദ്യാഭ്യാസം, വികേന്ദ്രീകൃതാസൂത്രണം തുടങ്ങിയ മേഖലകളിൽ കേരളം ഇന്നുവരെ കൈവരിച്ച നേട്ടങ്ങൾ വിവിധ സ്രോതസുകളുടെ സഹായത്താൽ കണ്ടെത്തി പതിപ്പ് തയാറാക്കുക.**




## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- കേരളത്തിൽ ബ്രിട്ടീഷാധിപത്യം സ്ഥാപിക്കപ്പെട്ടതെങ്ങനെയെന്ന് വിലയിരുത്തുന്നു.
- ബ്രിട്ടീഷ് ചൂഷണങ്ങൾക്കെതിരെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന ചെറുത്തുനിൽപ്പുകളുടെ പ്രത്യേകതകൾ പട്ടികപ്പെടുത്തുന്നു.
- കേരളം ലോകകമ്പോളത്തിന്റെ ഭാഗമായിമാറാൻ ഇടയായ സാഹചര്യം വിശകലനം ചെയ്യുന്നു.
- കൃഷിയിലെ വാണിജ്യവൽക്കരണം ഭൂബന്ധങ്ങളിൽ വരുത്തിയ മാറ്റങ്ങൾ തിരിച്ചറിയുന്നു.
- വ്യാവസായികമേഖലയിൽ ബ്രിട്ടീഷ് ഭരണകാലത്തുണ്ടായ പുരോഗതി പട്ടികപ്പെടുത്തുന്നു.
- സാംസ്കാരികമേഖലയിൽ ബ്രിട്ടീഷ് ഭരണം സൃഷ്ടിച്ച സ്വാധീനം തിരിച്ചറിയുന്നു.
- ദേശീയപ്രക്ഷോഭങ്ങളിൽ സ്ത്രീകൾ വഹിച്ച പങ്കു വിശദമാക്കുന്നു.
- കേരളത്തിലെ സാമൂഹികമാറ്റങ്ങൾക്ക് പരിഷ്കരണപ്രസ്ഥാനങ്ങൾ വഹിച്ച പങ്കു തിരിച്ചറിയുന്നു.
- ഐക്യകേരളം രൂപപ്പെട്ടുവന്ന സാഹചര്യം വിശകലനം ചെയ്യുന്നു.

## വിലയിരുത്താം

- കോളം എ യിൽ തന്നിട്ടുള്ളവയ്ക്ക് യോജിക്കുന്നവ കോളം ബി യിൽ നിന്ന് കണ്ടെത്തി എഴുതുക.

| എ | ബി |
|---|---|
| • പോർട്ടുഗീസ് | • ആറ്റിങ്ങൽ കലാപം |
| • ഡച്ച് | • കർണാട്ടിക് യുദ്ധങ്ങൾ |
| • ഫ്രഞ്ച് | • കുളച്ചൽ യുദ്ധം |
| • ബ്രിട്ടീഷ് | • കുഞ്ഞാലി മരക്കാർമാരുടെ പോരാട്ടങ്ങൾ |

- ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി കേരളത്തിൽ ആധിപത്യം സ്ഥാപിച്ചതെങ്ങനെ?
- ബ്രിട്ടീഷ് ഭരണത്തിൽ കേരളത്തിലെ വ്യാപാരം, വ്യവസായം, കൃഷി തുടങ്ങിയ മേഖലകളിലുണ്ടായ പ്രത്യാഘാതങ്ങൾ വിശകലനം ചെയ്യുക.
- താഴെ കൊടുത്തിട്ടുള്ള സംഭവങ്ങളുമായി ബന്ധപ്പെട്ട വ്യക്തികളെ ബ്രാക്കറ്റിൽനിന്നു കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.
  - കുണ്ടറവിളംബരം ....................................
  - വൈക്കംസത്യഗ്രഹം ....................................
  - ഗുരുവായൂർസത്യഗ്രഹം ....................................
  - കീഴരിയൂർ ബോംബ് കേസ് ....................................
  - മലയാളി മെമ്മോറിയൽ ....................................

  (ഡോ. പൽപ്പു, ജി.പി. പിള്ള, പഴശ്ശിരാജാ, കെ. കേളപ്പൻ, കെ.ബി. മേനോൻ, ശ്രീനാരായണഗുരു, വേലുത്തമ്പി ദളവ, ടി.കെ. മാധവൻ)
- കേരളത്തിൽ നിലനിന്നിരുന്ന സാമൂഹിക അസമത്വങ്ങളും അനാചാരങ്ങളും ഇല്ലാതാക്കാൻ വളർന്നുവന്ന പരിഷ്കരണപ്രസ്ഥാനങ്ങളും സമരങ്ങളും ഏതെല്ലാമായിരുന്നു? പട്ടികപ്പെടുത്തുക.
- കേരളത്തിലെ ദേശീയപ്രസ്ഥാനത്തിന് ഐകരൂപ്യമുണ്ടായിരുന്നില്ല. കാരണങ്ങൾ എന്തെല്ലാമായിരുന്നു?
- ഐക്യകേരളത്തിലേക്കു നയിച്ച സംഭവങ്ങൾ വിശദമാക്കുക.

## തുടർപ്രവർത്തനങ്ങൾ

- കേരളത്തിൽ ബ്രിട്ടീഷുകാർക്കെതിരെ നടന്ന ആദ്യകാല ചെറുത്തുനിൽപ്പുകളായ ആറ്റിങ്ങൽ കലാപം, പഴശ്ശിക്കലാപങ്ങൾ, വേലുത്തമ്പിയുടെയും പാലിയത്തച്ചന്റെയും പോരാട്ടങ്ങൾ എന്നിവയെ ആസ്പദമാക്കി ഒരു നാടകം തയാറാക്കി ക്ലാസിൽ അവതരിപ്പിക്കുക.
- കേരളത്തിലെ സാംസ്കാരികരംഗത്ത് ബ്രിട്ടീഷ് ഭരണകാലത്തുണ്ടായ മാറ്റങ്ങളെക്കുറിച്ച് സെമിനാർ പ്രബന്ധം തയാറാക്കുക.

  ഉൾപ്പെടുത്തേണ്ട മേഖലകൾ:
  - അച്ചടിയും വിദ്യാഭ്യാസവും
  - ആരോഗ്യം
  - നിയമവും നീതിന്യായവും
  - പിന്തുടർച്ചക്രമം
- കേരളത്തിലുണ്ടായ സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങളെക്കുറിച്ചും സാമൂഹികമാറ്റത്തിനായി നടന്ന സമരങ്ങളെക്കുറിച്ചും ഐ.സി.ടി. സഹായത്തോടെ വിവരങ്ങൾ ശേഖരിച്ച് ഡിജിറ്റൽ ആൽബം തയാറാക്കുക.

്യായം

8



# പൊതുഭരണം




പ്രേഷകൻ

സുരേഷ്കുമാർ

അനശ്വര, വഴുതക്കാട്, തിരുവനന്തപുരം

സ്വീകർത്താവ്

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കരമന, തിരുവനന്തപുരം

സർ,

വിവരാവകാശനിയമം 2005 പ്രകാരം താങ്കളുടെ വിദ്യാലയത്തിലെ സ്കൂൾ ലൈബ്രറിയുമായി ബന്ധപ്പെട്ട് ചുവടെ നൽകിയ ചോദ്യങ്ങൾക്കുള്ള വിവരങ്ങൾ ലഭ്യമാക്കണമെന്ന് അപേക്ഷിക്കുന്നു.

1. വിദ്യാലയത്തിൽ ലൈബ്രറി പ്രവർത്തിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ, പ്രവർത്തന സമയം എപ്പോൾ മുതൽ എപ്പോൾ വരെ?
2. ലൈബ്രറിക്ക് പ്രത്യേക ചുമതലക്കാരനുണ്ടോ?
3. സ്കൂൾ ലൈബ്രറിയിൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം എത്ര പുസ്തകങ്ങളുണ്ട്?
4. സ്കൂൾ ലൈബ്രറിയിൽ വരുത്തുന്ന പ്രസിദ്ധീകരണങ്ങളേതെല്ലാം?

തിരുവനന്തപുരം — എന്ന് (ഒപ്പ്)

25/08/15 — സുരേഷ്കുമാർ

വിവരാവകാശനിയമം അടിസ്ഥാനമാക്കി സമർപ്പിക്കപ്പെട്ട അപേക്ഷയാണ് നിങ്ങൾ പരിചയപ്പെട്ടത്. സ്കൂളിന്റെ പ്രധാന ചുമതല കുട്ടികൾക്ക് മികച്ച പഠനാവസരങ്ങൾ ഒരുക്കുക എന്നതാണ്. സ്കൂൾ ലൈബ്രറികൾ ഇതിൽ പ്രധാന പങ്കു വഹിക്കുന്നു.

സ്കൂളുകൾപോലെ ദൈനംദിനജീവിതവുമായി ബന്ധപ്പെട്ട നിരവധി ഗവൺമെന്റ് സ്ഥാപനങ്ങൾ നമുക്ക് ചുറ്റുമുണ്ട്. ഇത്തരത്തിലുള്ള ചില സ്ഥാപനങ്ങളും അവ നിർവഹിക്കുന്ന ചുമതലകളും താഴെ തന്നിരിക്കുന്നു. കൂടുതൽ എഴുതി പട്ടിക വിപുലീകരിക്കുക.

| സ്ഥാപനങ്ങൾ | ചുമതലകൾ |
|---|---|
| • പ്രാഥമിക ആരോഗ്യകേന്ദ്രം | • ചികിത്സാസൗകര്യം ഒരുക്കുന്നു. |
| • കൃഷിഭവൻ | • കൃഷി പ്രോത്സാഹിപ്പിക്കുന്നു. |
| • പോലീസ്സ്റ്റേഷൻ | • ക്രമസമാധാനം പാലിക്കുന്നു. |
| • | • |

ഓരോ സ്ഥാപനവും വ്യത്യസ്തമായ ചുമതലകളാണ് നിർവഹിക്കുന്നതെന്ന് പട്ടികയിൽനിന്ന് മനസ്സിലാക്കാം. രാജ്യത്തെവിടെയും ഇത്തരം സ്ഥാപനങ്ങൾ നമുക്ക് കാണാൻ സാധിക്കും.

ഗവൺമെന്റ് രൂപംനൽകുന്ന നിയമങ്ങളും വികസനപദ്ധതികളും നടപ്പാക്കുന്നതിന് എല്ലാ രാജ്യങ്ങളിലും ഭരണസ്ഥാപനങ്ങൾ നിലനിൽക്കുന്നു. ഗവൺമെന്റിന്റെ ചുമതലകൾ ഫലപ്രദമായി നിർവഹിക്കുന്നത് ഈ സ്ഥാപനങ്ങളാണ്.

## പൊതുഭരണം (Public Administration)

> *പൊതുഭരണമെന്നാൽ ഗവൺമെന്റ് ഭരണത്തെ സംബന്ധിക്കുന്നതാണ്.*
>
> **എൻ. ഗ്ലാഡൻ**

പൊതുഭരണത്തെ വിശകലനം ചെയ്ത പാശ്ചാത്യചിന്തകനായ ഗ്ലാഡന്റെ നിർവചനമാണ് മുകളിൽ നൽകിയിരിക്കുന്നത്. ഇതിൽനിന്നും പൊതുഭരണത്തിന്റെ പ്രധാന മേഖല ഗവൺമെന്റ് ഭരണമാണെന്ന് മനസ്സിലാക്കാം. രാജ്യത്ത് നിലവിലുള്ള നിയമങ്ങളും ഗവൺമെന്റിന്റെ നയപരിപാടികളും വികസനപദ്ധതികളും നടപ്പാക്കുന്നതിന് ഭൗതികസാഹചര്യങ്ങളും മനുഷ്യവിഭവവും ഫലപ്രദ

**അഡ്മിനിസ്ട്രേഷൻ (Administrator)**

Ad എന്നും ministaire എന്നുമുള്ള ലാറ്റിൻ പദങ്ങളിൽ നിന്നാണ് Administration എന്ന പദത്തിന്റെ ഉൽഭവം. സേവനം എന്നാണ് ഇതിനർഥം.

മായി വിനിയോഗിക്കുന്നതിനെ പൊതുഭരണമെന്നു പറയുന്നു. ഇതിനായി ധാരാളം ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടെന്ന് മുകളിൽ ചർച്ചചെയ്തല്ലോ. ഇത്തരം ഗവൺമെന്റ് സ്ഥാപനങ്ങളെല്ലാം പൊതുഭരണ സംവിധാനത്തിന്റെ ഭാഗമാണ്. ജനക്ഷേമം മുൻനിർത്തിയാണ് അവ പ്രവർത്തിക്കുന്നത്.

ഗവൺമെന്റുകൾക്ക് നിലനിൽക്കാനും പ്രവർത്തിക്കാനും ഭരണസംവിധാനം ആവശ്യമാണ്.

രാഷ്ട്രം നിലവിൽ വന്നപ്പോൾ മുതൽ പൊതുഭരണത്തിന്റെ ചരിത്രവും ആരംഭിക്കുന്നു. ഭരണരീതിക്കനുസരിച്ച് പൊതുഭരണത്തിലും വ്യത്യാസങ്ങൾ കാണാം. രാജഭരണകാലത്ത് രാജാവിന്റെ താൽപ്പര്യങ്ങളായിരുന്നു പൊതുഭരണത്തിന്റെ അടിസ്ഥാനം. എന്നാൽ ജനാധിപത്യവ്യവസ്ഥയിൽ ജനങ്ങളുടെ താൽപ്പര്യങ്ങളാണ് പ്രധാനം. ജനാധിപത്യഭരണം കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമായത് പൊതുഭരണസംവിധാനത്തിലൂടെയാണ്.

രാജഭരണം, ജനാധിപത്യം തുടങ്ങിയ ഭരണരീതികളിൽ പൊതുഭരണ സംവിധാനത്തിന്റെ ലക്ഷ്യങ്ങളും അവയിൽ വന്ന മാറ്റങ്ങളും ചർച്ചചെയ്ത് പട്ടികപ്പെടുത്തൂ.

## പൊതുഭരണത്തിന്റെ പ്രാധാന്യം

നൽകിയിരിക്കുന്ന വാർത്താതലക്കെട്ടുകൾ നിരീക്ഷിക്കൂ. ഗവൺമെന്റ് സ്ഥാപനങ്ങളിലൂടെ ജനങ്ങൾക്ക് ലഭിക്കുന്ന ചില സേവനങ്ങളാണ് ഇതിൽ പ്രതിപാദിക്കുന്നത്. ജനങ്ങളുടെ വിവിധ പ്രശ്നങ്ങൾക്കു പരിഹാരം കാണാനും ജനക്ഷേമം ഉറപ്പാക്കാനുമാണ് പൊതുഭരണത്തിലൂടെ ഗവൺമെന്റുകൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.




പൊതുഭരണത്തിന്റെ പ്രാധാന്യം പദസൂര്യനിൽ നിരീക്ഷിക്കൂ.



നിങ്ങൾ എന്തെങ്കിലും നടപ്പാക്കുന്നതിനുമുമ്പ്,
നിങ്ങൾ കണ്ട പാവപ്പെട്ടവനും നിസ്സഹായനുമായ ഒരുവന്റെ മുഖം
ഓർക്കുക. ഞാനിപ്പോൾ ചെയ്യാൻ പോകുന്നത്
ആ പാവപ്പെട്ടവന് എങ്ങനെ
സഹായകമാകുമെന്ന് സ്വയം ചോദിക്കുക.

മഹാത്മാഗാന്ധി



ഗാന്ധിജിയുടെ വാക്കുകൾ നൽകുന്ന സന്ദേശമെന്താണ്? ഭരണത്തിന്റെ ഗുണം ആർക്കൊക്കെ ലഭിക്കണമെന്നാണ് അദ്ദേഹം ആഗ്രഹിച്ചത്?

എല്ലാവരുടെയും താൽപ്പര്യസംരക്ഷണമാണ് പൊതുഭരണത്തിലൂടെ ഗാന്ധിജി ലക്ഷ്യമിട്ടത്. എന്നാൽ കൂടുതൽ പരിഗണനയും പരിരക്ഷയും വേണ്ടവർ നമ്മുടെ സമൂഹത്തിലുണ്ട്. പൊതുഭരണം അവരെ പ്രത്യേകമായി പരിഗണിക്കുകയും സംരക്ഷിക്കുകയും ചെയ്യണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.



**പൊതുഭരണംകൊണ്ട് ആർക്കൊക്കെ എന്തൊക്കെ സേവനങ്ങൾ ലഭിക്കണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത്? ക്ലാസിൽ ചർച്ച നടത്തി അഭിപ്രായങ്ങൾ എഴുതൂ.**



**സ്വകാര്യഭരണം**

നമുക്കു ചുറ്റും നിരവധി സ്വകാര്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവിടെ ജോലിചെയ്യുന്നവരുടെ നിയമനവും സേവനവുമെല്ലാം നിയന്ത്രിക്കുന്നത് സ്വകാര്യ കമ്പനികളോ വ്യക്തികളോ ആണ്. അതിനെ സ്വകാര്യഭരണമെന്നു വിശേഷിപ്പിക്കാം.

ഗാന്ധിജിയുടെ ഗ്രാമസ്വരാജ് എന്ന ആശയം ഇന്ത്യയിലെ പൊതുഭരണ കാഴ്ചപ്പാടിനെ വളരെയധികം സ്വാധീനിക്കുകയുണ്ടായി. ഇതിന്റെ പരിണതഫലമായാണ് പ്രാദേശിക ഭരണസ്ഥാപനങ്ങൾക്ക് രൂപംനൽകിയത്. അതനുസരിച്ച് രൂപംകൊണ്ട തദ്ദേശസ്വയംഭരണ സംവിധാനങ്ങൾ മുൻ ക്ലാസിൽ ചർച്ചചെയ്തല്ലോ.

## ഉദ്യോഗസ്ഥവൃന്ദം (Bureaucracy)




ജനക്ഷേമം ലക്ഷ്യമിട്ട് ഗവൺമെന്റുകൾ എടുക്കുന്ന തീരുമാനങ്ങളാണ് വാർത്തകളിലുള്ളത്. ഈ സേവനങ്ങൾ ജനങ്ങൾക്കായി ലഭ്യമാക്കുന്നതാരാണ്?

തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും മന്ത്രിമാർക്കും മാത്രമായി ഇത്തരം പ്രവർത്തനങ്ങൾ നടപ്പാക്കാൻ കഴിയില്ല. ആയതിനാൽ അവരെ ഭരണനിർവഹണത്തിൽ സഹായിക്കുന്നതിനും ഉപദേശിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി ഒരു ഉദ്യോഗസ്ഥസമൂഹത്തിന് രൂപംനൽകിയിരിക്കുന്നു. പ്രാദേശികതലം മുതൽ കേന്ദ്രതലം വരെ വ്യാപിച്ചുകിടക്കുന്ന ഒരു പൊതുഭരണസംവിധാനത്തിനും രൂപംനൽകിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക്

ധാരാളം ഉദ്യോഗസ്ഥരെയും നിയമിച്ചിട്ടുണ്ട്. പൊതുഭരണശൃംഖലയെ ചലനാത്മകമാക്കുന്നത് ഉദ്യോഗസ്ഥരാണ്. ഗവൺമെന്റിന്റെ എല്ലാ സേവനങ്ങളും ജനങ്ങളിലേക്കെത്തുന്നത് ഇവരിലൂടെയാണ്. രാജ്യത്തിന്റെ ഭരണകാര്യങ്ങൾ നിർവഹിക്കുകയും പൊതുഭരണത്തിനു കീഴിൽ പ്രവർത്തിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥരെ ഉദ്യോഗസ്ഥവൃന്ദം എന്നു പറയുന്നു.

രാജ്യത്തിന്റെ ഭൗതികവിഭവങ്ങളും മനുഷ്യവിഭവശേഷിയും പരമാവധി പ്രയോജനപ്പെടുത്തുമ്പോഴാണ് രാഷ്ട്രം പുരോഗമിക്കുന്നത്. ഇവയെ ശാസ്ത്രീയമായി വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾ തയാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നത് ഉദ്യോഗസ്ഥവൃന്ദമാണ്. ഉദ്യോഗസ്ഥവൃന്ദത്തിന് പൊതുവായ ചില സവിശേഷതകളുണ്ട്. അവ ഏതെല്ലാമെന്നു പരിശോധിക്കാം.

**ഉദ്യോഗസ്ഥവൃന്ദത്തിന്റെ സവിശേഷതകൾ**

**ശ്രേണീപരമായ സംഘാടനം (Hierarchical Organisation)**

ഏറ്റവും ഉയർന്ന തലത്തിൽ ഒരു ഉദ്യോഗസ്ഥനും താഴെ തലങ്ങളിലേക്കു വരുംതോറും കൂടുതൽ ഉദ്യോഗസ്ഥരും ഉൾക്കൊള്ളുന്ന രീതി. ഇത് ശ്രേണീപരമായ സംഘാടനം എന്നാണറിയപ്പെടുന്നത്.

**സ്ഥിരത (Permanan#mece)**

ഉദ്യോഗസ്ഥനായി നിയമിക്കപ്പെടുന്നവർക്ക് നിശ്ചിത പ്രായംവരെ സേവനകാലാവധി ഉണ്ടായിരിക്കും.

**യോഗ്യത അടിസ്ഥാനമാക്കി നിയമനം (Appointment on the basis of Qualification)**

വിദ്യാഭ്യാസയോഗ്യത അടിസ്ഥാനമാക്കിയാണ് ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുകയും നിയമിക്കുകയും ചെയ്യുന്നത്.

**രാഷ്ട്രീയ നിഷ്പക്ഷത (Political Neutrality)**

ഏതു രാഷ്ട്രീയകക്ഷി അധികാരത്തിൽ വന്നാലും നയങ്ങൾ നടപ്പാക്കാൻ ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണ്. കക്ഷിരാഷ്ട്രീയ താൽപ്പര്യങ്ങൾ അവരുടെ പ്രവർത്തനങ്ങളിൽ പ്രതിഫലിക്കാൻ പാടില്ല. അതായത് അവർ നിഷ്പക്ഷമായി പ്രവർത്തിക്കണം.

**വൈദഗ്ധ്യം (Professionalism)**

ഓരോ ഗവൺമെന്റ് ഉദ്യോഗസ്ഥനും തങ്ങൾ നിർവഹിക്കേണ്ടുന്ന തൊഴിലിൽ വൈദഗ്ധ്യമുള്ളവരായിരിക്കും.

നിങ്ങളുടെ സമീപത്തുള്ള ഒരു ഗവൺമെന്റ് ഓഫീസ് സന്ദർശിച്ച് ഉദ്യോഗസ്ഥവൃന്ദത്തിന്റെ സവിശേഷതകൾ കണ്ടെത്തി റിപ്പോർട്ട് തയാറാക്കൂ.



ഉദ്യോഗസ്ഥവൃന്ദത്തിന്റെ ഈ സവിശേഷതകളാണ് ഭരണം സുഗമവും കാര്യക്ഷമവുമാക്കുന്നത്. എല്ലാ ജനാധിപത്യ രാജ്യങ്ങളിലും ഉദ്യോഗസ്ഥവൃന്ദത്തിന് ഈ സവിശേഷതകൾ ഉണ്ടായിരിക്കും.

## ഉദ്യോഗസ്ഥവൃന്ദം ഇന്ത്യയിൽ


**160 തസ്തികകളിൽ പി.എസ്.സി. വിജ്ഞാപനം**

മുനിസിപ്പൽ സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

നൽകിയിരിക്കുന്ന പത്രപ്പരസ്യം ശ്രദ്ധിക്കൂ. ഗവൺമെന്റ് സർവീസിലേക്കുള്ള നിയമനത്തിനുവേണ്ടി കേരള പബ്ലിക് സർവീസ് കമ്മീഷൻ പുറപ്പെടുവിച്ച വിജ്ഞാപനമാണിത്. വിവിധ സർക്കാർ വകുപ്പുകളിലേക്ക് ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നതിനുള്ള പ്രാരംഭനടപടിയാണിത്. തുടർന്ന് മത്സരപ്പരീക്ഷയുടെയോ അഭിമുഖത്തിന്റെയോ അടിസ്ഥാനത്തിൽ ഏറ്റവും യോഗ്യരായവരെ തിരഞ്ഞെടുത്ത് വിവിധ ഗവൺമെന്റ് ഓഫീസുകളിൽ നിയമിക്കുന്നു. ഇത്തരത്തിൽ നിയമിക്കപ്പെടുന്നവരെല്ലാം ഇന്ത്യയിലെ സിവിൽ സർവീസിന്റെ ഭാഗമാണ്.

പുരാതനകാലം മുതൽ തന്നെ ഇന്ത്യയിൽ പൊതുഭരണസംവിധാനം നിലനിന്നിരുന്നു. എന്നാൽ ആധുനികരീതിയിലുള്ള പൊതുഭരണസംവിധാനം നിലവിൽ വന്നത് ബ്രിട്ടീഷ് ഭരണകാലത്താണ്. ബ്രിട്ടീഷുകാർക്കാവശ്യമായ ഉദ്യോഗസ്ഥരെ ഇന്ത്യയിൽനിന്നുതന്നെ തിരഞ്ഞെടുക്കാൻ അവർ സിവിൽ സർവീസിന് തുടക്കമിട്ടു. സ്വാതന്ത്ര്യാനന്തരം ഇത് ഇന്ത്യയുടെ സിവിൽ സർവീസായി മാറി. ജനക്ഷേമകരമായ പ്രവർത്തനങ്ങൾ എല്ലാവരിലേക്കും വേഗത്തിലെത്തിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. കേന്ദ്രതലത്തിലും സംസ്ഥാനതലത്തിലും പ്രത്യേകം സർവീസുകൾ ഇന്നു നിലവിലുണ്ട്. കേന്ദ്രഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും കീഴിൽ പ്രവർത്തിക്കുന്ന മുഴുവൻ ഉദ്യോഗസ്ഥരും വിവിധ പൊതുമേഖലാസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും ഇന്ത്യയുടെ സിവിൽ സർവീസിന്റെ ഭാഗമാണ്. ഇന്ത്യയിലെ സിവിൽ സർവീസിന്റെ വർഗീകരണം സൂചിപ്പിക്കുന്ന ചാർട്ട് നിരീക്ഷിക്കുക.

### ഇന്ത്യൻ സിവിൽ സർവീസ്

| അഖിലേന്ത്യാസർവീസ് (All India Civil Service) | കേന്ദ്രസർവീസ് (Central Service) | സംസ്ഥാനസർവീസ് (State Service) |
|---|---|---|
| • ദേശീയതലത്തിൽ തിരഞ്ഞെടുക്കുന്നു.<br>• കേന്ദ്രസർവീസിലോ സംസ്ഥാന സർവീസിലോ നിയമിക്കപ്പെടുന്നു.<br>ഉദാ:<br>• ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ് (IAS)<br>• ഇന്ത്യൻ പോലീസ് സർവീസ് (IPS) | • ദേശീയതലത്തിൽ തിരഞ്ഞെടുക്കുന്നു.<br>• കേന്ദ്രഗവൺമെന്റിന് മാത്രം അധികാരമുള്ള ഭരണവകുപ്പുകളിൽ നിയമിക്കപ്പെടുന്നു.<br>ഉദാ:<br>• ഇന്ത്യൻ ഫോറിൻ സർവീസ്<br>• ഇന്ത്യൻ റെയിൽവേ സർവീസ് | • സംസ്ഥാനതലത്തിൽ തിരഞ്ഞെടുക്കുന്നു.<br>• സംസ്ഥാന ഗവൺമെന്റിനു കീഴിൽ വരുന്ന വകുപ്പുകളിൽ നിയമിക്കപ്പെടുന്നു.<br>ഉദാ:<br>• സെയിൽസ് ടാക്സ് ഓഫീസർ. |

**നിങ്ങൾക്കും കലക്ടറാകാം**

ജില്ലയിലെ ഉയർന്ന ഭരണാധികാരിയാണ് ജില്ലാ കലക്ടർ. ഐ.എ.എസ്. കേഡറിലുള്ളവരെയാണ് കലക്ടറായി നിയമിക്കുക. ഇതിനായി യു.പി.എസ്.സി. നടത്തുന്ന മത്സരപ്പരീക്ഷ സിവിൽ സർവീസ് പരീക്ഷ എന്നറിയപ്പെടുന്നു. ഏതെങ്കിലും വിഷയത്തിലുള്ള സർവകലാശാലാ ബിരുദമാണ് പരീക്ഷയ്ക്ക് അപേക്ഷിക്കാനുള്ള അടിസ്ഥാനയോഗ്യത. മത്സരപ്പരീക്ഷയിൽ ഉയർന്ന റാങ്ക് ലഭിക്കുന്നവരെ അഭിമുഖം നടത്തി കണ്ടെത്തുകയും ഐ.എ.എസ്. കേഡറിൽപ്പെടുത്തി പരിശീലനം നൽകുകയും ചെയ്യുന്നു. ഉയർന്ന പോലീസ് മേധാവിയുടെ യോഗ്യതയായ ഐ.പി.എസ്. കേഡറിലുള്ളവരെ തിരഞ്ഞെടുക്കുന്നതും ഇതേ പരീക്ഷയിലൂടെയാണ്.

കേന്ദ്ര സർവീസിലേക്കും അഖിലേന്ത്യാ സർവീസിലേക്കും ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നത് യൂണിയൻ പബ്ലിക് സർവീസ് കമ്മീഷനാണ് (യു.പി.എസ്.സി.). കമ്മീഷന്റെ ചെയർമാനെയും അംഗങ്ങളെയും നിയമിക്കുന്നത് രാഷ്ട്രപതിയാണ്. യോഗ്യതയുടെ അടിസ്ഥാനത്തിൽ ഉദ്യോഗാർഥികളെ തിരഞ്ഞെടുക്കാൻ വിപുലമായ സംവിധാനങ്ങൾ യു.പി.എസ്.സിക്കുണ്ട്.



കേരള പി.എസ്.സി.

സംസ്ഥാനതലത്തിൽ ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നത് അതതു സംസ്ഥാനങ്ങളിലെ പബ്ലിക് സർവീസ് കമ്മീഷനാണ് (പി.എസ്.സി). ഗവർണറാണ് പി.എസ്.സി. ചെയർമാനെയും അംഗങ്ങളെയും നിയമിക്കുന്നത്. യു.പി.എസ്.സിയും പി.എസ്.സിയും ഭരണഘടനാനിയമത്തെ അടിസ്ഥാനമാക്കി നിലവിൽവന്ന സ്ഥാപനങ്ങളാണ്. അതിനാൽ ഇവയെ ഭരണഘടനാസ്ഥാപനങ്ങൾ എന്നു വിളിക്കാം.



യു.പി.എസ്.സി.

ശ്രേണീപരമായ സംഘാടനം ഉദ്യോഗസ്ഥവൃന്ദത്തിന്റെ പ്രധാന സവിശേഷതയാണെന്ന് മനസിലാക്കിയല്ലോ. ഇത് പലപ്പോഴും വേഗത്തിൽ തീരുമാനമെടുക്കുന്നതിന് തടസമാവാറുണ്ട്. പൊതുഭരണത്തിന്റെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിക്കുന്ന മറ്റു ഘടകങ്ങൾ കണ്ടെത്താമോ. ഉത്തരം പ്രശ്നങ്ങൾ പരിഹരിക്കാനും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം എളുപ്പത്തിൽ ലഭിക്കാനും വേണ്ടി ചില നടപടികൾ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. അവ ഏതെല്ലാമാണെന്ന് പരിശോധിക്കാം.

## ഭരണനവീകരണം

ഭരണനിർവഹണത്തിന്റെ കാര്യക്ഷമത വർധിപ്പിക്കാനും കാലവിളംബം കൂടാതെ സേവനങ്ങൾ സമയബന്ധിതമായി പൊതുജനങ്ങൾക്ക് ലഭ്യമാക്കാനും ഗവൺമെന്റുകൾ പല നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇവ ഭരണനവീകരണം എന്ന് അറിയപ്പെടുന്നു. ഭരണം കൂടുതൽ കാര്യക്ഷമവും ജനസൗഹൃദപരവുമാക്കുകയാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. ഇതിനായി ദേശീയതലത്തിലും സംസ്ഥാനതലത്തിലും ഭരണപരിഷ്കാര കമ്മീഷനുകൾ രൂപീകരിക്കാറുണ്ട്. ഭരണനവീകരണം ലക്ഷ്യമാക്കി നമ്മുടെ രാജ്യത്തു നടപ്പാക്കിയ ചില പരിഷ്കാരങ്ങൾ പരിചയപ്പെടാം.



നിങ്ങളുടെ അഭിപ്രായത്തിൽ ഭരണരംഗത്ത് വരുത്തേണ്ട മാറ്റങ്ങൾ എന്തൊക്കെ? ചർച്ച ചെയ്ത് എഴുതൂ.

## ഇ - ഗവേണൻസ്

സുതാര്യവും ചുറുചുറുക്കുമുള്ള ഗവൺമെന്റ് പദ്ധതി. എല്ലാവരിലും സുരക്ഷിതമായും വേഗത്തിലും ഡിപാർട്ട്മെന്റ് തലത്തിലുമുള്ള തടസ്സങ്ങളില്ലാതെയും എത്തുന്ന വിവരങ്ങൾ. എല്ലാ പൗരന്മാർക്കും യാതൊരു പക്ഷഭേദവുമില്ലാതെ വ്യക്തമായ സേവനം ലഭ്യമാക്കുന്ന പദ്ധതി.

എ. പി. ജെ. അബ്ദുൽ കലാം



ഇ-ഗവേണൻസിനെക്കുറിച്ച് മുൻരാഷ്ട്രപതി എ.പി.ജെ. അബ്ദുൽ കലാമിന്റെ നിരീക്ഷണമാണ് മുകളിൽ നൽകിയിരിക്കുന്നത്. സുതാര്യവും പക്ഷപാതരഹിതവുമായി വേഗത്തിൽ എങ്ങനെ ഭരണരംഗം പരിഷ്കരിക്കാമെന്ന ചിന്തയാണ് ഇ-ഗവേണൻസിലേക്ക് നമ്മെ നയിച്ചത്.

ശാസ്ത്രസാങ്കേതികരംഗത്ത് നാം കൈവരിച്ച പുരോഗതി ഭരണരംഗത്തും പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ഇലക്ട്രോണിക് സാങ്കേതികവിദ്യയുടെ ഭരണരംഗത്തെ ഉപയോഗമാണ് ഇ-ഗവേണൻസ്. ഇത് ഗവൺമെന്റ് സേവനങ്ങൾ വേഗത്തിലും എളുപ്പത്തിലും ലഭിക്കുന്നതിന് സഹായകമായി. ഹയർ സെക്കണ്ടറി പ്രവേശനത്തിനുള്ള ഏകജാലക അപേക്ഷ, വിവിധ സ്കോളർഷിപ്പുകൾക്കായുള്ള ഓൺലൈൻ അപേക്ഷ തുടങ്ങിയവ ഇ-ഗവേണൻസിന് ഉദാഹരണങ്ങളാണ്. ഇ-ഗവേണൻസ് കൊണ്ട് പൊതുജനങ്ങൾക്ക് എന്തെല്ലാം നേട്ടങ്ങളുണ്ടെന്ന് പരിശോധിക്കാം.

- സേവനത്തിനായി സർക്കാർ ഓഫീസിൽ കാത്തുനിൽക്കേണ്ടതില്ല.
- വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ സേവനം നേടാം.
- സർക്കാർ സേവനം കുറഞ്ഞ ചെലവിലും വേഗത്തിലും ലഭിക്കുന്നു.
- ഓഫീസുകളുടെ കാര്യക്ഷമതയും സേവനത്തിന്റെ ഗുണമേന്മയും വർധിക്കുന്നു.



### അക്ഷയകേന്ദ്രം

ഇ-ഗവേണൻസിലൂടെ ഗവൺമെന്റ് നൽകുന്ന സേവനങ്ങൾ ജനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനായി രൂപംനൽകിയിട്ടുള്ള സംരംഭമാണ് അക്ഷയകേന്ദ്രം. ജനങ്ങളെ ഇ-സാക്ഷരരാക്കുക എന്നതും അക്ഷയ കേന്ദ്രത്തിന്റെ ലക്ഷ്യമാണ്. ഇന്റർനെറ്റ് ഇലക്ട്രോണിക് സാങ്കേതിക വിദ്യയുടെ പ്രാഥമിക അറിവാണ് ഇ-സാക്ഷരത.



ഇന്ന് ഗവൺമെന്റ് ഓഫീസുകളിൽ ഈ സൗകര്യങ്ങൾ ലഭ്യമാണ്. കേരളത്തിൽ ഇതെല്ലാവർക്കും പ്രാപ്യമാക്കാനുള്ള അടിസ്ഥാനസൗകര്യങ്ങൾ അക്ഷയകേന്ദ്രങ്ങളിലൂടെ ഉറപ്പുവരുത്തുന്നു. ഇ-സാക്ഷരത വ്യാപകമാകുന്നതോടെ ഇ-ഗവേണൻസ് വഴിയുള്ള സേവനങ്ങൾ വീട്ടിൽനിന്നുതന്നെ എല്ലാവർക്കും നേടാം.

## അറിയാനുള്ള അവകാശം (Right to Information)

### വിവരാവകാശ അപേക്ഷക്കുള്ള മറുപടി

പ്രേഷകൻ
പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കരമന, തിരുവനന്തപുരം

സ്വീകർത്താവ്
ശ്രീ. സുരേഷ്കുമാർ
അനശ്വര, വഴുതക്കാട്, തിരുവനന്തപുരം

സർ,

വിഷയം : വിവരാവകാശനിയമം 2005 പ്രകാരം വിവരങ്ങൾ നൽകുന്നത് സംബന്ധിച്ച്

സൂചന : 25/08/15 ൽ ലഭിച്ച താങ്കളുടെ അപേക്ഷ

താങ്കൾ സമർപ്പിച്ച വിവരാവകാശ പ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.
ഉത്തരങ്ങൾ ചോദ്യക്രമത്തിൽ നൽകിയിരിക്കുന്നു.

ഉത്തരം 1 : ഉണ്ട്, 10 AM മുതൽ 4 PM വരെ.
ഉത്തരം 2 : പ്രത്യേകം നിയമിക്കപ്പെട്ട ലൈബ്രേറിയനില്ല. സ്കൂളിലെ ഒരു അധ്യാപികയ്ക്ക് ചുമതല നൽകിയിരിക്കുന്നു.
ഉത്തരം 3 : സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 6216 പുസ്തകങ്ങളുണ്ട്.
ഉത്തരം 4 : ദിനപത്രങ്ങൾ, ആഴ്ചപ്പതിപ്പുകൾ, മാസികകൾ

താങ്കൾക്ക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടിയിൽ എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ 30 ദിവസത്തിനകം അപ്പീൽ അധികാരിക്ക് അപ്പീൽ ഹർജി സമർപ്പിക്കാവുന്നതാണ്.
അപ്പീൽ അധികാരിയുടെ വിലാസം
പേര് :
അപ്പീൽഅധികാരി, ഡി.ഇ.ഒ, തിരുവനന്തപുരം

വിശ്വസ്തതയോടെ,

തിരുവനന്തപുരം (ഒപ്പ്)
തീയതി : 08/09/2015 പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

അധ്യായത്തിന്റെ തുടക്കത്തിൽ പരിചയപ്പെട്ട വിവരാവകാശ അപേക്ഷയ്ക്ക് ലഭിച്ച മറുപടിയാണ് മുകളിൽ നൽകിയിരിക്കുന്നത്. ഏതൊരു സർക്കാർ സ്ഥാപനത്തിൽനിന്നും അവയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് വിവരങ്ങൾ ആരായാം. ഇതിനുള്ള അവസരം ഒരുക്കിയത് 2005 ലെ വിവരാവകാശ നിയമമാണ്.

രാജസ്ഥാനിലെ മസ്ദൂർ കിസാൻ ശക്തി സംഘാതൻ എന്ന സംഘടന നടത്തിയ പ്രവർത്തനങ്ങളാണ് വിവരാവകാശ നിയമനിർമാണത്തിലേക്ക് നയിച്ചത്. വിവിധ സംഘടനകളുടെയും സാമൂഹികപ്രവർത്തകരുടെയും ഇടപെടലുകളും 2005 ൽ വിവരാവകാശനിയമത്തിന് വഴിയൊരുക്കി. ഇത് രാജ്യത്തെ പൗരന്മാർക്കെല്ലാം വിവരങ്ങൾ അറിയാനുള്ള അവകാശം ഉറപ്പുവരുത്തുന്നു.



വിവിധ സംഘടനകളുടെ പ്രവർത്തനം വിവരാവകാശ നിയമനിർമാണത്തെ സഹായിച്ചതെങ്ങനെ? വിശകലനം ചെയ്യൂ.

അഴിമതി നിയന്ത്രിക്കുന്നതിനും ഉദ്യോഗസ്ഥർക്കിടയിൽ ഉത്തരവാദിത്വബോധമുണ്ടാക്കുന്നതിനും ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും ഈ നിയമം ലക്ഷ്യമിടുന്നു. കൂടാതെ പൊതുസ്ഥാപനങ്ങളുടെ കൈവശമുള്ള വിവരങ്ങൾ ആവശ്യപ്പെടുന്നപക്ഷം പൗരന്മാർക്ക് ലഭ്യമാക്കാനും ഈ നിയമത്തിലൂടെ കഴിയുന്നു.

## വിവരാവകാശ കമ്മീഷൻ (Information Commission)



**എന്തൊക്കെയാണ് വിവരങ്ങൾ?**

ഗവൺമെന്റ് ഓഫീസുമായി ബന്ധപ്പെട്ട ഫയലുകൾ, രേഖകൾ, പ്രമാണങ്ങൾ, സർക്കുലർ, മെമ്മോകൾ, ഉപദേശങ്ങൾ, ഉത്തരവുകൾ, കരാറുകൾ, സ്ഥിതിവിവരക്കണക്കുകൾ, റിപ്പോർട്ടുകൾ, ലോഗ് ബുക്ക്, പത്രക്കുറിപ്പ്, സാമ്പിളുകൾ, മാതൃകകൾ, ഇലക്ട്രോണിക് രൂപത്തിൽ കൈവശം വച്ചിരിക്കുന്ന വിവരങ്ങൾ, ഇ-മെയിൽ, പൊതു അധികാരികൾക്ക് ലഭ്യമാവുന്ന സ്വകാര്യസ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയവ പൊതുവിവരത്തിൽപ്പെടും. ഈ വിവരങ്ങൾ അറിയാനുള്ള അവകാശം എന്നത് സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ ധനസഹായം നൽകുന്ന സ്ഥാപനങ്ങൾ എന്നിവയുടെ നിയന്ത്രണത്തിലുള്ള വിവരങ്ങൾ പരിശോധിക്കുന്നതിനും പകർപ്പ് ആവശ്യപ്പെടുന്നതിനുമാണ്.

എന്നാൽ രാജ്യസുരക്ഷയെയും അഖണ്ഡതയെയും ബാധിക്കുന്ന വിവരങ്ങൾ, കോടതി പരിഗണനയിലുള്ളവ, വ്യക്തികളുടെ ജീവനും സുരക്ഷയ്ക്കും ഭീഷണിയാകുന്നവ തുടങ്ങിയ വിവരങ്ങൾ വെളിപ്പെടുത്തേണ്ടതില്ല.

വിവരാവകാശ നിയമപ്രകാരമുള്ള അധികാരങ്ങൾ പ്രയോഗിക്കാനും ചുമതലകൾ നിർവഹിക്കാനും സംസ്ഥാനതലത്തിലും കേന്ദ്രതലത്തിലും വിവരാവകാശ കമ്മീഷന് രൂപം നൽകിയിട്ടുണ്ട്. മുഖ്യ വിവരാവകാശ കമ്മീഷണറും പത്തിൽ കവിയാത്ത അംഗങ്ങളും വിവരാവകാശ കമ്മീഷനിലുണ്ടാകും.

നാം ആവശ്യപ്പെട്ട വിവരങ്ങൾക്ക് കൃത്യസമയത്തിനകം മറുപടി തരാതിരിക്കുകയോ നിരസിക്കുകയോ അപൂർണമോ തെറ്റായതോ തൃപ്തികരമല്ലാത്തതോ ആയ മറുപടി തരുകയോ ആണെങ്കിൽ വിവരാവകാശ കമ്മീഷന് അപ്പീൽ നൽകാവുന്നതാണ്. ഇത് കമ്മീഷന് ബോധ്യപ്പെട്ടാൽ വിവരങ്ങൾ നൽകുന്നതുവരെ ഓരോ ദിവസവും ബന്ധപ്പെട്ട ഉദ്യോഗസ്ഥന് മേൽ 250 രൂപ വീതം പിഴശിക്ഷ ചുമത്താൻ കമ്മീഷന് അധികാരമുണ്ട്.



നമ്മുടെ സമൂഹത്തിൽ ഏതെല്ലാം സാഹചര്യത്തിൽ വിവരാവകാശ നിയമം ഗുണപരമായി വിനിയോഗിക്കാം? ചർച്ച ചെയ്ത് കുറിപ്പ് തയാറാക്കൂ.

## സേവനം അവകാശം

സർക്കാർ ഓഫീസുകളിൽ പ്രദർശിപ്പിച്ചുകാണുന്ന ബോർഡാണിത്. എന്തൊക്കെ സേവനങ്ങളാണ് ഒരു സർക്കാർ ഓഫീസിൽനിന്നു ലഭിക്കുക എന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. സർക്കാർ സേവനങ്ങൾ കൃത്യമായും ഉറപ്പായും ജനങ്ങൾക്ക് ലഭ്യമാക്കാൻ അവസരമൊരുക്കുന്ന നിയമമാണ് സേവനാവകാശനിയമം. ഓരോ സർക്കാർ ഓഫീസും നൽകുന്ന സേവനങ്ങൾ എത്ര കാലപരിധിക്കുള്ളിൽ നൽകണമെന്ന് ഈ നിയമം അനുശാസിക്കുന്നു. അർഹതപ്പെട്ട സേവനം നിശ്ചിത കാലത്തിനകം പൗരന് നൽകിയില്ലെങ്കിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ പിഴ ഒടുക്കണമെന്ന വ്യവസ്ഥയും നിയമത്തിലുണ്ട്. സേവനാവകാശ നിയമപ്രകാരം എല്ലാ ഓഫീസുകളിലും അപേക്ഷകർക്ക് മാർഗനിർദേശം നൽകുന്നതിനും സഹായിക്കുന്നതിനുമായി ഒരുദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടാകും.




പൊതുസമൂഹത്തിന്റെ നിരന്തരമായ ഇടപെടലും ആവശ്യവും പരിഗണിച്ച് പൊതുഭരണം കാര്യക്ഷമമാക്കുന്നതിന് മറ്റ നടപടികളും സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. അവയിൽ ചിലത് പരിശോധിക്കാം.




**പൊതുജനങ്ങൾക്ക് സർക്കാർ ഓഫീസുകളിൽനിന്നു ലഭിക്കേണ്ട സേവനങ്ങൾ കൃത്യമായി ലഭിക്കുന്നതിന് സേവനാവകാശ നിയമം സഹായകമാണോ? ചർച്ചചെയ്യൂ.**



## ലോക്പാലും ലോകായുക്തയും

വാർത്തകൾ നിരീക്ഷിക്കൂ. പൊതുപ്രവർത്തകർക്കിടയിലെ അഴിമതി തടയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളാണ് ഇവിടെ പ്രതിപാദിക്കുന്നത്.

ഭരണതലത്തിലും ഉദ്യോഗസ്ഥതലത്തിലും രാഷ്ട്രീയതലത്തിലുമുള്ള അഴിമതി തടയുന്നതിന് രൂപം നൽകിയിരിക്കുന്ന സ്ഥാപനങ്ങളാണ് ലോക്പാലും ലോകായുക്തയും.



### അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ

വിവിധ ഗവൺമെന്റ് വകുപ്പുകൾ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ എടുക്കാറുണ്ട്. അതിനെതിരെ ഉദ്യോഗസ്ഥർക്ക് പരാതിപ്പെടാനുള്ള സംവിധാനമാണ് ഭരണട്രൈബ്യൂണൽ.

ദേശീയതലത്തിൽ അഴിമതി തടയുന്നതിനായി രൂപംനൽകിയ സ്ഥാപനമാണ് ലോക്പാൽ. പൊതുപ്രവർത്തകർക്കെതിരെയും ഉദ്യോഗസ്ഥർക്കെതിരെയും ഉന്നയിക്കപ്പെടുന്ന അഴിമതികളിൽ കേസെടുത്ത് അന്വേഷിക്കാനും നടപടികൾ നിർദേശിക്കാനും ലോക്പാലിന് അധികാരമുണ്ട്. സംസ്ഥാനതലത്തിൽ അഴിമതിക്കേസുകൾ പരിശോധിക്കുന്നതിന് രൂപം നൽകിയ സ്ഥാപനമാണ് ലോകായുക്ത. കോടതിനടപടികളുടെ രീതിയാണ് ഇവയ്ക്കുള്ളത്.

## സെൻട്രൽ വിജിലൻസ് കമ്മീഷൻ (Central Vigilence Commission)

സെൻട്രൽ വിജിലൻസ് കമ്മീഷൻ ലോഗോ

എല്ലാ ഗവൺമെന്റ് ഓഫീസുകളിലും ഇത്തരത്തിലുള്ള ബോർഡുകൾ കാണാം. അഴിമതി ശ്രദ്ധയിൽപ്പെട്ടാൽ എന്ത് ചെയ്യണമെന്നാണ് ഇവിടെ പ്രതിപാദിക്കുന്നത്.

അഴിമതി തടയുന്നതിന് ദേശീയതലത്തിൽ രൂപംനൽകിയ സ്ഥാപനമാണ് സെൻട്രൽ വിജിലൻസ് കമ്മീഷൻ. 1964 ലാണ് ഇതു നിലവിൽവന്നത്. കേന്ദ്ര ഗവൺമെന്റ് ഓഫീസുകളുമായി ബന്ധപ്പെട്ട് അഴിമതി തടയുന്നതിന് വേണ്ടിയാണ് ഇതിന് രൂപം നൽകിയിട്ടുള്ളത്.




സെൻട്രൽ വിജിലൻസ് കമ്മീഷന്റെ തലപ്പത്ത് ഒരു വിജിലൻസ് കമ്മീഷണർ ഉണ്ടാകും. അതുപോലെ എല്ലാ വകുപ്പുകളിലും മുഖ്യ വിജിലൻസ് ഓഫീസറും പ്രവർത്തിച്ചുവരുന്നു. വിജിലൻസ് കേസുകളിൽ അന്വേഷണം നടത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളുകയാണ് കമ്മീഷന്റെ ചുമതല.

സെൻട്രൽ വിജിലൻസ് കമ്മീഷൻ മാതൃകയിൽ എല്ലാ സംസ്ഥാനങ്ങളിലും സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് ഓഫീസുകളിലെ അഴിമതിയെക്കുറിച്ചന്വേഷിക്കുകയാണ് സംസ്ഥാന വിജിലൻസ് കമ്മീഷന്റെ ചുമതല. വിജിലൻസ് കേസുകളിൽ തീർപ്പുകൽപ്പിക്കുന്നതിന് വിജിലൻസ് കോടതികളും നിലവിലുണ്ട്.

ഇന്ത്യയിലെ വിവിധ പൊതുഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങൾ പവർപോയിന്റ് പ്രസന്റേഷൻ തയാറാക്കി അവതരിപ്പിക്കുക.

## ഓംബുഡ്സ്മാൻ

ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പൊതുഭരണത്തിന്റെ ഭാഗമാണെന്ന് കണ്ടല്ലോ. അവർ അഴിമതിയോ സ്വജനപക്ഷപാതമോ ധനദുർവിനിയോഗമോ ചുമതലകളിൽ വീഴ്ചയോ വരുത്തിയാൽ അതിനെതിരെ പരാതി നൽകാം. അതിനുള്ള മറ്റൊരു സംവിധാനമാണ് ഓംബുഡ്സ്മാൻ, സർവീസിൽനിന്നു

വിരമിച്ച ഹൈക്കോടതി ജഡ്ജിയെയാണ് ഓംബുഡ്സ്മാനായി നിയമിക്കുന്നത്. ജനങ്ങൾക്ക് നേരിട്ട് പരാതിയുമായി ഓംബുഡ്സ്മാനെ സമീപിക്കാം. പരാതി ലഭിച്ചാൽ ആരെയും വിളിച്ചുവരുത്തി അന്വേഷണം നടത്താനും നടപടി ശുപാർശ ചെയ്യാനും അദ്ദേഹത്തിന് അധികാരമുണ്ട്. ബാങ്കിങ് രംഗത്ത് ഇടപാടുകാരുടെ പരാതി കേൾക്കാനും പരിഹരിക്കാനുമായാണ് ഓംബുഡ്സ്മാൻ ആരംഭിച്ചത്.

ഓംബുഡ്സ്മാൻ സംവിധാനംകൊണ്ട് പൊതുജനങ്ങൾക്കുള്ള പ്രയോജനങ്ങൾ എന്തൊക്കെയായിരിക്കും? കുറിപ്പ് തയാറാക്കൂ.

സേവനങ്ങൾ വൈകി നൽകുന്നതും സേവനം ലഭിക്കാനുള്ള ഒരാളുടെ അവകാശം നിഷേധിക്കുന്നതും സേവനത്തെ ഔദാര്യമാക്കുന്നതും ആധുനികസമൂഹത്തിൽ അഴിമതിയായാണ് കണക്കാക്കുന്നത്. സർക്കാർസേവനം ആരുടെയും ഔദാര്യമല്ലെന്നും പൊതുജനങ്ങളുടെ അവകാശമാണെന്നുമുള്ള കാഴ്ചപ്പാട് ഇന്നു നമ്മുടെ പൊതുഭരണസംവിധാനം നടപ്പാക്കാൻ ശ്രമിക്കുന്നുണ്ട്.

പൊതുഭരണത്തിന്റെ പ്രസക്തിയും പ്രാധാന്യവും വ്യക്തമാക്കുന്ന ഡിജിറ്റൽ അസൈൻമെന്റ് തയാറാക്കുക.

മുകളിൽ പരാമർശിച്ച സംവിധാനങ്ങളിലൂടെ സർക്കാർ സേവനം സുതാര്യവും അഴിമതിരഹിതവുമാക്കാൻ സാധിക്കുന്നുണ്ടോ? ക്ലാസിലൊരു സംവാദം നടത്തൂ.




## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- പൊതുഭരണത്തെ നിർവചിക്കുന്നു.
- പൊതുഭരണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു.
- ഉദ്യോഗസ്ഥവൃന്ദത്തിന്റെ പ്രത്യേകതകൾ വിശദീകരിക്കുന്നു.
- ഉദ്യോഗസ്ഥവൃന്ദത്തിന്റെ സവിശേഷതകൾ വിലയിരുത്തുന്നു.

- ഇന്ത്യയിലെ ഉദ്യോഗസ്ഥവൃന്ദത്തിന്റെ ഘടനയും പ്രത്യേകതകളും വിശദമാക്കുന്നു.
- പൊതുഭരണരംഗത്തെ കാര്യക്ഷമത വർധിപ്പിക്കാനുള്ള നടപടികൾ വിശകലനം ചെയ്യുന്നു.
- ഗവൺമെന്റ് സേവനങ്ങൾ ലഭ്യമാക്കുന്നതിൽ ഇ-ഗവേണൻസിനുള്ള പങ്ക് വിലയിരുത്തുന്നു.
- അറിയാനുള്ള അവകാശത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നു.
- സേവനാവകാശനിയമത്തിന്റെ സാധ്യതകൾ വിലയിരുത്തുന്നു.
- രാജ്യത്തെ വിവിധ രംഗങ്ങളിലെ അഴിമതി തടയുന്നതിന് കൈക്കൊണ്ടിട്ടുള്ള പ്രധാന സംവിധാനങ്ങൾ വിലയിരുത്തുന്നു.

## വിലയിരുത്തൽ

- ഒരു രാജ്യത്ത് പൊതുഭരണസംവിധാനത്തിന്റെ ആവശ്യകത എന്തെന്ന് വിശദമാക്കുക.
- പൊതുഭരണസംവിധാനത്തിൽ ഉദ്യോഗസ്ഥവൃന്ദത്തിന്റെ തിരഞ്ഞെടുപ്പുരീതികൾ ഏവ?
- ഉദ്യോഗസ്ഥവൃന്ദത്തിന്റെ സവിശേഷതകൾ വ്യക്തമാക്കുക.
- ഇന്ത്യയിലെ ഉദ്യോഗസ്ഥവൃന്ദത്തിന്റെ വിവിധ വിഭാഗങ്ങളെ തരംതിരിച്ച് വിശദമാക്കുക.
- ഭരണനവീകരണത്തിനായി ഇന്ത്യയിൽ നടപ്പാക്കിയിട്ടുള്ള വിവിധ നടപടികൾ എന്തെല്ലാം? കുറിപ്പ് തയാറാക്കുക.
- ഇ-ഗവേണൻസ് സംവിധാനം ഏതെല്ലാം വിധത്തിൽ ജനങ്ങൾക്ക് പ്രയോജനകരമാകും?
- അറിയാനുള്ള അവകാശം, സേവനാവകാശം എന്നിവ നമ്മുടെ പൊതുഭരണസംവിധാനത്തെ ജനകീയമാക്കാൻ ഏതെല്ലാം വിധത്തിൽ സഹായിക്കും?
- ഇന്ത്യയിൽ ഭരണതലത്തിലുള്ള അഴിമതി തടയാൻ കൊണ്ടുവന്ന നടപടികൾ പട്ടികപ്പെടുത്തുക.

## തുടർപ്രവർത്തനങ്ങൾ

- ഏതെങ്കിലും ഒരു ഓഫീസുമായി ബന്ധപ്പെട്ട് വിവരാവകാശ അപേക്ഷ തയാറാക്കുക.
- അഴിമതിനിരോധനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ ശേഖരിച്ച് കൊളാഷ് തയാറാക്കി പ്രദർശിപ്പിക്കുക.
- അഖിലേന്ത്യാ സർവീസിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന ചാർട്ട് തയാറാക്കുക.
- ജില്ലാ കലക്ടറുമായി ഒരു അഭിമുഖം നടത്താൻ നിങ്ങൾക്ക് അവസരം ലഭിക്കുന്നു എന്നിരിക്കട്ടെ. അഭിമുഖത്തിനായുള്ള ചോദ്യാവലി തയാറാക്കുക.

ധ്യായം

9



# രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും

> *ഇത് ഞങ്ങളുടെ രണ്ടാം ജന്മമാണ്. ജീവനോടെ നാട്ടിലേക്കു തിരിച്ചു വരാൻ കഴിയുമെന്ന് യാതൊരു പ്രതീക്ഷയും ഉണ്ടായിരുന്നില്ല. ഞങ്ങളെ മോചിപ്പിക്കുന്നതിനായി പ്രവർത്തിച്ച ഇന്ത്യാ ഗവൺമെന്റിനോടും മറ്റെല്ലാവരോടും ഞങ്ങൾ നന്ദി രേഖപ്പെടുത്തുന്നു. ഇന്ത്യൻ പൗരനായതിൽ അഭിമാനം തോന്നുന്ന നിമിഷമാണിത്.*

സിറിയയിലെ ആഭ്യന്തരകലാപത്തിൽപ്പെട്ട് നാട്ടിലേക്കു തിരിച്ചുവരാൻ കഴിയാതിരുന്ന ഇന്ത്യൻ നഴ്സുമാരെ രാഷ്ട്രം ഒറ്റക്കെട്ടായി നിന്ന് പ്രവർത്തിച്ച് തിരികെയെത്തിച്ചപ്പോഴുള്ള അവരുടെ പ്രതികരണമാണ് മുകളിൽ നൽകിയിരിക്കുന്നത്. സമാനമായ സംഭവങ്ങളെക്കുറിച്ച് നിങ്ങൾക്കും അറിവുണ്ടാകുമല്ലോ. എപ്പോഴും ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കാനും ജനക്ഷേമപ്രവർത്തനങ്ങൾ നടപ്പാക്കാനും മുകളിൽ സൂചിപ്പിച്ചതിനു സമാനമായ പ്രതിസന്ധിഘട്ടങ്ങളിൽ ഫലപ്രദമായി പ്രവർത്തിക്കാനും കഴിയുന്ന ഏക സ്ഥാപനം രാഷ്ട്രം മാത്രമാണ്. അതിനാൽ നാം രൂപീകരിച്ചിട്ടുള്ള സാമൂഹിക-രാഷ്ട്രീയ സ്ഥാപനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് രാഷ്ട്രം.

## എന്താണ് രാഷ്ട്രം?

ഒരു നിശ്ചിത ഭൂപ്രദേശത്ത് സ്ഥിരമായി അധിവസിക്കുന്നവരും പരമാധികാരമുള്ള ഗവൺമെന്റോടുകൂടിയതുമായ ഒരു ജനതയാണ് രാഷ്ട്രം.

മുകളിൽ നൽകിയിരിക്കുന്ന നിർവചനത്തിൽനിന്ന് ഒരു രാഷ്ട്രത്തിനുണ്ടായിരിക്കേണ്ട അടിസ്ഥാന ഘടകങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്താൻ ശ്രമിക്കൂ.

- ജനങ്ങൾ
- 
- 
- 

**സപ്താംഗ സിദ്ധാന്തം**

ഇന്ത്യൻ ചിന്തകനായ കൗടില്യന്റെ അഭിപ്രായത്തിൽ രാഷ്ട്രത്തിന് ഏഴ് ഘടകങ്ങളുണ്ട്. സ്വാമിൻ (ഭരണാധികാരി), അമാത്യ (മന്ത്രി), ജനപദ (ഭൂപ്രദേശവും ജനങ്ങളും), ദുർഗ (കോട്ടകളോടുകൂടിയ തലസ്ഥാനം), കോശ (ട്രഷറി), ദണ്ഡ (സൈന്യം), മിത്ര (സഖ്യ രാഷ്ട്രം) എന്നിവയാണവ. ഏഴു ഘടകങ്ങളുള്ളതിനാൽ സപ്താംഗസിദ്ധാന്തം എന്നാണ് ഇതറിയപ്പെടുന്നത്.

സാർവത്രികവും ശക്തവും ഒഴിച്ചുകൂടാൻ സാധിക്കാത്തതുമായ ഒരു സ്ഥാപനമാണ് രാഷ്ട്രം. മനുഷ്യൻ സ്ഥിരവാസം ആരംഭിച്ചതിനെത്തുടർന്നാണ് രാഷ്ട്രം രൂപീകൃതമായത്. വ്യത്യസ്ത രൂപത്തിലും ഘടനയിലുമായിരുന്നു എങ്കിലും രാഷ്ട്രം എല്ലാ കാലത്തും നിലനിന്നിരുന്നതായി ചരിത്രത്തിൽ നിന്നു നമുക്ക് മനസ്സിലാക്കാം. രാഷ്ട്രം എന്ന പദം ആദ്യമായി ഉപയോഗിച്ചത് പാശ്ചാത്യചിന്തകനായ നിക്കോളോ മാകൃവല്ലിയാണ്.



നിക്കോളോ മാക്യവല്ലി

## ജനങ്ങൾ (Population)



ഇന്ത്യയിലെ ജനസംഖ്യ 132 കോടി കവിഞ്ഞു

ജനസംഖ്യയിൽ ഇന്ത്യ ചൈനയെ സമീപഭാവിയിൽ മറികടക്കും

കുറഞ്ഞ ജനസംഖ്യ: കാനഡ അന്തർദേശീയ കുടിയേറ്റത്തെ പ്രോത്സാഹിപ്പിക്കുന്നു

നൽകിയ വാർത്തകൾ നിരീക്ഷിക്കൂ. വിവിധ രാജ്യങ്ങളിലെ ജനസംഖ്യയുമായി ബന്ധപ്പെട്ട വിവരങ്ങളാണ് വാർത്തകളിൽ പ്രതിപാദിക്കുന്നത്. രാഷ്ട്രരൂപീകരണത്തിന് അനിവാര്യമായ ഒരു ഘടകമാണ് ജനങ്ങൾ. പരസ്പരധാരണ, പരസ്പരാശ്രയത്വം, പൊതുതാൽപ്പര്യം എന്നിവയെ അടിസ്ഥാനമാക്കി ജനങ്ങൾ ഒത്തൊരുമയോടെ പ്രവർത്തിക്കേണ്ടത് രാഷ്ട്രത്തിന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. ജനങ്ങളില്ലാതെ രാഷ്ട്രമില്ല. എന്നാൽ ഒരു രാജ്യത്ത് ഉണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ ജനസംഖ്യയെത്രയെന്നോ പരമാവധി എത്ര ജനങ്ങൾ ഉണ്ടാകണമെന്നോ നിശ്ചയിക്കപ്പെട്ടിട്ടില്ല. അമിതമായ ജനസംഖ്യയും കുറഞ്ഞ ജനസംഖ്യയും രാഷ്ട്രത്തിന് ഗുണകരമല്ല. ഇത് രാഷ്ട്രത്തിന്റെ വികസനത്തെ പ്രതികൂലമായി ബാധിക്കും. ജനസംഖ്യ കുറവായ കാനഡ കുടിയേറ്റത്തെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. മനുഷ്യവിഭവശേഷിയുടെ ലഭ്യതക്കുറവാണ് ഇതിനു കാരണം. എന്നാൽ അമിതജനസംഖ്യ തൊഴിലില്ലായ്മയ്ക്കും ദാരിദ്ര്യത്തിനും കാരണമാകുന്നു.

**ജനസംഖ്യാശാസ്ത്രം (Demography)**

ജനസംഖ്യയുടെ വളർച്ചയും വികാസവും സ്ഥിതി വിവരക്കണക്കുകൾ അടിസ്ഥാനമാക്കി പഠനം നടത്തുന്ന ശാസ്ത്രശാഖയാണ് ജനസംഖ്യാശാസ്ത്രം. ജനങ്ങൾ എന്നർത്ഥം വരുന്ന 'ഡമോസ്' വിവരണം എന്നർത്ഥം വരുന്ന 'ഗ്രാഫി' എന്ന ഗ്രീക്കുപദങ്ങളിൽ നിന്നാണ് 'ഡമോഗ്രഫി' എന്ന പദം രൂപംകൊണ്ടത്.

**അമിതമായ ജനസംഖ്യയും കുറഞ്ഞ ജനസംഖ്യയും ഏതു വിധത്തിലാണ് രാഷ്ട്രത്തെ പ്രതികൂലമായി ബാധിക്കുകയെന്ന് വിലയിരുത്തുക.**

ഇന്ത്യയിലെ ജനങ്ങളുടെ ഏതാനും പൊതുസവിശേഷതകൾ തന്നിരിക്കുന്നു.

- ഇന്ത്യയിലെ ജനങ്ങൾ വിവിധ മതവിഭാഗങ്ങളിൽപ്പെട്ടവരാണ്.
- വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്നവരാണ്.
- വ്യത്യസ്ത ആചാരങ്ങൾ പിന്തുടരുന്നവരാണ്.
- 

എന്താണ് ഇതിൽനിന്ന് നമുക്കു മനസ്സിലാക്കാൻ കഴിയുന്നത്? ഒരു രാജ്യത്തെ ജനങ്ങൾ ഒരു മതവിഭാഗത്തിൽപ്പെട്ടവരോ ഒരേ ഭാഷയോ സംസ്കാരമോ ഉള്ളവരോ ആവണമെന്നില്ല. എന്നാൽ പൊതുവായ ദേശീയതയെ അടിസ്ഥാനമാക്കി ഒത്തൊരുമയോടെ ജീവിക്കുന്നവരായിരിക്കണം. ദേശീയത എന്താണെന്നും അത് ഏതു രീതിയിൽ രാഷ്ട്രത്തെ സ്വാധീനിക്കുന്നു എന്നും മുൻ അധ്യായങ്ങളിൽ ചർച്ച ചെയ്തിട്ടുണ്ടല്ലോ.

## ഭൂപ്രദേശം (Territory)




നൽകിയിട്ടുള്ള ഇന്ത്യയുടെ ഭൂപടവും ചുവടെ നൽകിയ വിവരങ്ങളും പരിശോധിക്കൂ. ഇന്ത്യയുടെ ഭൂപ്രദേശം, അതിർത്തികൾ എന്നിവയെക്കുറിച്ചുള്ള പരാമർശങ്ങളാണ് ഭൂപടത്തിനൊപ്പം നൽകിയിരിക്കുന്നത്. രാഷ്ട്രരൂപീകരണത്തിന് അനിവാര്യമായ ഒരു ഘടകമാണ് ഭൂപ്രദേശം.

കൃത്യമായ അതിർത്തികളോടുകൂടിയ ഒരു ഭൂപ്രദേശം രാഷ്ട്രത്തിനുണ്ടാവണം. ജനങ്ങൾ നിശ്ചിത ഭൂപ്രദേശത്ത് സ്ഥിരതാമസമാക്കുമ്പോഴാണ് രാഷ്ട്രം രൂപീകരിക്കപ്പെടുക. ഭൂപ്രദേശമേഖലയിൽ രാഷ്ട്രത്തിന് പൂർണമായ നിയന്ത്രണം ഉണ്ടായിരിക്കണം.

ഭൂപ്രദേശം എന്നാൽ കരപ്രദേശം എന്നല്ല അർഥമാക്കുന്നത്. അതിർത്തിക്കുള്ളിൽ വരുന്ന കരയും ജലമേഖലയും വായുമേഖലയും തീരപ്രദേശവും ഭൂപ്രദേശത്തിന്റെ ഭാഗമാണ്.

ലോകരാജ്യങ്ങളിൽ വലുപ്പത്തിൽ ഇന്ത്യക്ക് ഏഴാം സ്ഥാനമാണുള്ളതെന്ന് നിങ്ങൾക്കറിയാമല്ലോ. ലോക രാഷ്ട്രീയ ഭൂപടം നിരീക്ഷിക്കൂ. വലുപ്പം കൂടിയ റഷ്യ, കാനഡ, അമേരിക്ക തുടങ്ങിയ രാജ്യങ്ങളും വലുപ്പം കുറഞ്ഞ സാൻമെരീനോ, വത്തിക്കാൻ സിറ്റി തുടങ്ങിയ രാജ്യങ്ങളും നിങ്ങൾക്ക് കാണാൻ കഴിയും. ഭൂപ്രദേശ വലുപ്പം രാഷ്ട്രരൂപീകരണത്തെ ബാധിക്കുന്നില്ല; അതിർത്തികളോടുകൂടിയ ഭൂപ്രദേശം ഉണ്ടായാൽ മതി.

**ടെറിടോറിയൽ വാട്ടേഴ്സ്**

സമുദ്രസാമീപ്യമുള്ള രാജ്യങ്ങളുടെ തീരപ്രദേശത്തുനിന്നു 12 നോട്ടിക്കൽ മൈൽ (22 കിലോമീറ്റർ) കടലും ഭൂപ്രദേശത്തിന്റെ ഭാഗമായി കണക്കാക്കും. ഈ മേഖല ടെറിടോറിയൽ വാട്ടേഴ്സ് എന്നറിയപ്പെടുന്നു. അനുമതിയില്ലാതെ ഈ മേഖലയിൽ പ്രവേശിക്കുന്ന കപ്പലുകളും ബോട്ടുകളും തീരദേശസേന പിടിച്ചെടുക്കാറുണ്ട്.

**പാലസ്തീൻ**

ഐക്യരാഷ്ട്രസംഘടനയിൽ നിരീക്ഷക പദവിയുള്ള രാഷ്ട്രമാണ് പാലസ്തീൻ. ഇസ്രായേലുമായുള്ള തർക്കവും നിരന്തരമായ യുദ്ധവും മൂലം പാലസ്തീന് നാലുവശവും അതിർത്തിയോടുകൂടിയ ഒരു ഭൂപ്രദേശ മേഖല ഇല്ല. പാലസ്തീന്റെ വിഷയത്തിൽ ഭൂപ്രദേശമേഖല അവ്യക്തമാണ്.

റഷ്യ, അമേരിക്ക, വത്തിക്കാൻ സിറ്റി എന്നീ രാജ്യങ്ങൾ തമ്മിൽ വലുപ്പത്തിലുള്ള വ്യത്യാസം ലോകഭൂപടത്തിൽ നിരീക്ഷിക്കുക. അവ ഏതു രീതിയിൽ രാഷ്ട്രത്തെ സ്വാധീനിക്കുന്നു എന്നു പരിശോധിക്കുക.

## ഗവൺമെന്റ്

ഇന്ത്യയിലെ ഗവൺമെന്റിനെക്കുറിച്ചും ഗവൺമെന്റിന്റെ ഘടകങ്ങളെക്കുറിച്ചും നിങ്ങൾ മുൻക്ലാസുകളിൽ ചർച്ച ചെയ്തിട്ടുണ്ട്. രാഷ്ട്രത്തിനനിവാര്യമായ ഘടകമാണ് ഗവൺമെന്റ്. രാഷ്ട്രത്തിനുവേണ്ടി നിയമങ്ങൾ നിർമിക്കുകയും നടപ്പാക്കുകയും നീതി ഉറപ്പാക്കുകയും ചെയ്യുന്നത് ഗവൺമെന്റാണ്.

ജനങ്ങൾക്ക് സുരക്ഷ ഉറപ്പാക്കുന്നതും വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതും ഗവൺമെന്റാണ്. രാഷ്ട്രത്തിനുവേണ്ടി ഗവൺമെന്റുകൾ നിർവഹിക്കുന്ന ഏതാനും ചുമതലകൾ ചുവടെ നൽകിയിരിക്കുന്നു. കൂടുതൽ എഴുതി പട്ടിക വിപുലീകരിക്കുക.

- ക്രമസമാധാനം ഉറപ്പുവരുത്തുക.
- തൊഴിലവസരങ്ങൾ വർധിപ്പിക്കുക.
- വികസനപദ്ധതികൾ നടപ്പാക്കുക.
- 
- 

ഗവൺമെന്റുകൾ നിർവഹിക്കുന്ന ഇത്തരം ചുമതലകളിലൂടെയാണ് രാഷ്ട്രം ജനങ്ങളിലേക്കെത്തുന്നത്. വിവിധ രാജ്യങ്ങളിൽ വ്യത്യസ്തതരം ഗവൺമെന്റുകളാണ് നിലനിൽക്കുന്നത്.

രാജഭരണം, സൈനികഭരണം, ജനാധിപത്യഭരണം എന്നിങ്ങനെ വിവിധ തരം ഗവൺമെന്റുകളെക്കുറിച്ച് നിങ്ങൾ ചർച്ച ചെയ്തിട്ടുണ്ടല്ലോ. ഏതുതരം ഗവൺമെന്റായാലും എല്ലാ രാഷ്ട്രങ്ങളിലും ഗവൺമെന്റ് ഉണ്ടാവണം. ഗവൺമെന്റുകൾ കാലാനുസൃതമായ മാറ്റങ്ങൾക്കു വിധേയമാണ്. എന്നാൽ രാഷ്ട്രം സ്ഥിരമാണ്.

## പരമാധികാരം (Sovereignty)




മുകളിൽ നൽകിയിരിക്കുന്ന വാർത്താ തലക്കെട്ടുകൾ നിരീക്ഷിക്കൂ. ദേശീയവിഷയങ്ങളിലും അന്തർദേശീയ വിഷയങ്ങളിലും ഇന്ത്യാ ഗവൺമെന്റെടുത്ത തീരുമാനങ്ങളോ നിലപാടുകളോ ആണ് ഇവിടെ പരാമർശിക്കുന്നത്. ബാഹ്യ നിയന്ത്രണമില്ലാതെ ആഭ്യന്തരവിഷയങ്ങളിൽ തീരുമാനമെടുക്കാനും അന്തർദേശീയ വിഷയങ്ങളിൽ സ്വന്തമായ നിലപാടെടുക്കാനുമുള്ള പൂർണമായ അധികാരം രാഷ്ട്രത്തിനുണ്ട്. രാഷ്ട്രത്തിന്റെ ഈ അധികാരം പരമാധികാരം എന്നറിയപ്പെടുന്നു. രാഷ്ട്രത്തെ മറ്റു സ്ഥാപനങ്ങളിൽനിന്നു വ്യത്യസ്തമാക്കുന്നത് പരമാധികാരമാണ്.

**കേരളം ഒരു രാഷ്ട്രമല്ല**

കൃത്യമായ ഭൂപ്രദേശവും ജനങ്ങളും ഗവൺമെന്റും കേരളത്തിനുണ്ട്. എന്നാൽ ആഭ്യന്തരവും വൈദേശികവുമായ എല്ലാ വിഷയങ്ങളിലും തീരുമാനമെടുക്കാനുള്ള അധികാരം ഇല്ല. അതുകൊണ്ടു തന്നെ കേരളത്തെ രാഷ്ട്രമായി കണക്കാക്കാൻ കഴിയില്ല.

ജനങ്ങളും ഭൂപ്രദേശവും ഗവൺമെന്റും ഉണ്ടായാലും രാഷ്ട്രം രൂപീകരിക്കപ്പെടുകയില്ല. പരമാധികാരം ഉണ്ടെങ്കിൽ മാത്രമേ രാഷ്ട്രം നിലവിൽ വരുകയുള്ളൂ. രാഷ്ട്രത്തിന്റെ സമ്പൂർണവും അപരിമിതവും അവിഭാജ്യവുമായ അധികാരമാണത്. പരമാധികാരത്തിന് പ്രധാനമായും രണ്ടു തലങ്ങളുണ്ട്. അവ ഏതെല്ലാമാണെന്ന് നിരീക്ഷിക്കൂ.

**പരമാധികാരം**

- **ആഭ്യന്തരതലം** : ഭൂപ്രദേശപരിധിക്കുള്ളിൽ എല്ലാ വിഷയത്തിലും തീരുമാനമെടുക്കാനുള്ള അധികാരം.
- **ബാഹ്യതലം**: അന്തർദേശീയ വിഷയങ്ങളിൽ സ്വന്തമായ തീരുമാനമെടുക്കാനുള്ള അധികാരം.

**ദക്ഷിണസുഡാൻ**

സുഡാൻ വിഭജിച്ച് 2011 ൽ രൂപീകൃതമായ രാഷ്ട്രമാണ് ദക്ഷിണസുഡാൻ. ഒരു രാഷ്ട്രത്തിന്റെ പരമാധികാര വിഭജനം പുതിയ രാഷ്ട്രരൂപീകരണത്തിലേക്ക് നയിക്കുമെന്നതിന് ഏറ്റവും പുതിയ ഉദാഹരണമാണ് ഐക്യരാഷ്ട്രസഭയിലെ 193-ാമത് അംഗരാജ്യമായ ദക്ഷിണ സുഡാൻ.

യാതൊരു കാരണവശാലും പരമാധികാരത്തെ വിഭജിക്കുക സാധ്യമല്ല. പരമാധികാരം വിഭജിക്കപ്പെട്ടാൽ പുതിയ രാഷ്ട്രം രൂപീകരിക്കപ്പെടും.

രാഷ്ട്രരൂപീകരണത്തിന് അനിവാര്യമായ ഘടകങ്ങൾ ഉൾപ്പെടുത്തി ഒരു സെമിനാർ പേപ്പർ തയാറാക്കുക.

## രാഷ്ട്രത്തിന്റെ ചുമതലകൾ

> *രാഷ്ട്രത്തിന്റെ ലക്ഷ്യം ഏറ്റവും കൂടുതൽ പേർക്ക് ഏറ്റവും കൂടുതൽ നന്മ ചെയ്യലാണ്.*
>
> **ജെർമി ബന്താം**

രാഷ്ട്രത്തിന്റെ ചുമതല സംബന്ധിച്ച പ്രമുഖ പാശ്ചാത്യചിന്തകനായ ജെർമി ബെന്താമിന്റെ കാഴ്ചപ്പാടാണ് മുകളിൽ നൽകിയിരിക്കുന്നത്. പൊതുനന്മ അഥവാ ജനക്ഷേമം എല്ലാ രാഷ്ട്രങ്ങളുടെയും ചുമതലയാണ്. ഗ്രീക്ക് ചിന്തകരായ പ്ലേറ്റോയും അരിസ്റ്റോട്ടിലും രാഷ്ട്രത്തിന്റെ പ്രധാന ചുമതലയായി കണക്കാക്കിയത് പൗരന് മെച്ചപ്പെട്ട ജീവിതം നൽകുക എന്നതാണ്.

ആധുനികകാലത്ത് അതിവിപുലമായ ചുമതലകളാണ് രാഷ്ട്രത്തിനുള്ളത്. ക്ഷേമരാഷ്ട്രം (Welfare State) എന്ന ആശയം നിലവിൽവന്നതോടെ ചുമതലകളും ഗണ്യമായി വർധിച്ചു. രാഷ്ട്രത്തിന്റെ ചുമതലകൾ സൂചിപ്പിക്കുന്ന ചാർട്ട് നിരീക്ഷിക്കൂ.




ചാർട്ടിൽനിന്നു രാഷ്ട്രത്തിന്റെ ചില ചുമതലകൾ നിർബന്ധിതവും മറ്റു ചില ചുമതലകൾ വിവേചനപരവുമാണെന്ന് മനസ്സിലാക്കാം. രാഷ്ട്രം എല്ലാ കാലത്തും നിർബന്ധമായും നിർവഹിക്കേണ്ട ചുമതലകളാണ് നിർബന്ധിത ചുമതലകൾ. നിർബന്ധിത ചുമതലകൾ നിർവഹിക്കുന്നതിൽ നിന്നും രാഷ്ട്രങ്ങൾക്ക് മാറി നിൽക്കുക സാധ്യമല്ല. ഈ ചുമതലകൾ നിർവഹിക്കാത്തപക്ഷം ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉണ്ടാവുകയില്ല.

**നിർബന്ധിത ചുമതലകൾ നിർവഹിക്കുന്നതിനായി ഇന്ത്യയിൽ രൂപീകരിച്ചിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാം? കണ്ടെത്തി പട്ടികപ്പെടുത്തുക.**



നിർബന്ധിത ചുമതലയിൽ നിന്നു വിവേചനപരമായ ചുമതലകൾക്കുള്ള വ്യത്യാസമെന്താണ്? രാഷ്ട്രത്തിന്റെ സാമ്പത്തികസ്ഥിതിക്കനുസരിച്ച് നിർവഹിക്കേണ്ട ചുമതലകളാണ് വിവേചനപരമായ ചുമതല. വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം തുടങ്ങി ഇത്തരം ചുമതലകളുടെ നിർവഹണം, ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട ജീവിതം സാധ്യമാക്കും. ഇത്തരം പുരോഗമനപരമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്ന രാഷ്ട്രത്തെ നാം ക്ഷേമരാഷ്ട്രം എന്നു വിളിക്കുന്നു. രാഷ്ട്രത്തിന്റെ വിവേചനപരമായ ചുമതലകളുടെ പരിധി നിശ്ചയിക്കുക സാധ്യമല്ല. സാങ്കേതികവിദ്യയുടെ വളർച്ചയും മനുഷ്യന്റെ ആവശ്യങ്ങളിലുണ്ടാകുന്ന വർധനവും ഈ മേഖലയെ വിപുലപ്പെടുത്തുന്നു.

*രാഷ്ട്രത്തിന്റെ വ്യത്യസ്ത ചുമതലകളുമായി ബന്ധപ്പെട്ട വാർത്തകളും ചിത്രങ്ങളും ശേഖരിച്ച് ഷോർട്ട്ഫിലിം തയാറാക്കുക.*

## രാഷ്ട്രത്തിന്റെ ആവിർഭാവം

**രാഷ്ട്രം നിർവഹിക്കുന്ന നിർബന്ധിതവും വിവേചനപരവുമായ ചുമതലകളുടെ പ്രാധാന്യം വിമർശനാത്മകമായി ചർച്ചചെയ്യൂ.**



രാഷ്ട്രം എപ്പോൾ എങ്ങനെ നിലവിൽ വന്നു എന്നതു സംബന്ധിച്ച് വ്യക്തമായ രേഖകൾ ഒന്നും ഇല്ല. പുരാതനകാലം മുതൽ തന്നെ രാഷ്ട്രം നിലനിന്നിരുന്നു എന്നതിന് ധാരാളം തെളിവുകളുണ്ട്. പുരാതന ഇന്ത്യയിൽ ജനപദങ്ങൾ രൂപപ്പെട്ടതിനെക്കുറിച്ചും അവ മഹാജനപദങ്ങളായും പിന്നീട് സാമ്രാജ്യങ്ങളായും വളർന്നതിനെക്കുറിച്ചും നിങ്ങൾ മുൻ ക്ലാസിൽ ചർച്ചചെയ്തിട്ടുണ്ടല്ലോ. രാഷ്ട്രം എങ്ങനെ നിലവിൽ വന്നു എന്നു വിശദമാക്കുന്ന ഏതാനും സിദ്ധാന്തങ്ങൾ നിരീക്ഷിക്കൂ.

### രാഷ്ട്രരൂപീകരണ സിദ്ധാന്തങ്ങൾ

**ദൈവദത്ത സിദ്ധാന്തം**

രാഷ്ട്രം ദൈവസൃഷ്ടിയാണ്. രാജാവ് ദൈവത്തിന്റെ പ്രതിപുരുഷനാണ്. ദൈവത്തോട് മാത്രമേ രാജാവിന് കടപ്പാടുള്ളൂ.

**പരിണാമസിദ്ധാന്തം**

രാഷ്ട്രം ചരിത്രസൃഷ്ടിയാണ്. സാമൂഹിക പരിണാമ പ്രക്രിയയുടെ ഫലമായി രൂപംകൊണ്ടു.

**സാമൂഹിക ഉടമ്പടി സിദ്ധാന്തം**

ജനങ്ങൾ രൂപംനൽകിയ ഒരു കരാറിലൂടെ രാഷ്ട്രം നിലവിൽവന്നു.

മനുഷ്യന്റെ ആവശ്യങ്ങൾ സാക്ഷാൽക്കരിക്കുന്നതിനുവേണ്ടി അവർ രാഷ്ട്രത്തിന് രൂപം നൽകി.

**ശക്തിസിദ്ധാന്തം**

ശക്തരായവർ ദുർബലരുടെ മേൽ ആധിപത്യം സ്ഥാപിച്ചതിലൂടെ രാഷ്ട്രം രൂപീകരിക്കപ്പെട്ടു.

രാഷ്ട്രരൂപീകരണത്തെക്കുറിച്ച വ്യത്യസ്ത കാഴ്ചപ്പാടുകളാണ് മുകളിൽ നൽകിയിരിക്കുന്ന സിദ്ധാന്തങ്ങൾ മുന്നോട്ടുവയ്ക്കുന്നത്. ഇവയിൽ ഏറ്റവും സ്വീകാര്യമായത് പരിണാമസിദ്ധാന്തമാണ്. വിവിധ സാഹചര്യങ്ങളുടെ സ്വാധീന ഫലമായി രാഷ്ട്രം രൂപംകൊള്ളുകയും വിവിധ വികാസപരിണാമങ്ങളിലൂടെ ഇന്നത്തെ രൂപത്തിൽ എത്തുകയും ചെയ്തു എന്ന് ഈ സിദ്ധാന്തം വ്യക്തമാക്കുന്നു. ഗോത്രം, ഗോത്രഭരണം എന്നിവയിൽ തുടങ്ങി നഗരരാഷ്ട്രം, സാമ്രാജ്യത്വരാഷ്ട്രങ്ങൾ, ഫ്യൂഡൽ രാഷ്ട്രം എന്നിങ്ങനെ വ്യത്യസ്ത രൂപത്തിൽ രാഷ്ട്രം നിലനിന്നിരുന്നു. ഇന്ന് രാഷ്ട്രങ്ങൾ പൊതുവെ ദേശരാഷ്ട്രം (Nation State) എന്നാണ് അറിയപ്പെടുന്നത്. പൊതുവായ ദേശീയകാഴ്ചപ്പാടിനെ അടിസ്ഥാനമാക്കി രൂപംകൊള്ളുന്നതിനാലാണ് ഇവയെ ദേശരാഷ്ട്രം എന്നു വിളിക്കുന്നത്.

## രാഷ്ട്രവും പൗരനും



രാഷ്ട്രരൂപീകരണത്തിന് ജനങ്ങൾ അനിവാര്യമാണെന്ന് മുമ്പു നമ്മൾ ചർച്ചചെയ്തല്ലോ. ഇന്ത്യൻ പൗരന് രാജ്യത്തിനു പുറത്തേക്ക് സഞ്ചരിക്കാൻ അനിവാര്യമായ പാസ്പോർട്ടിന്റെ ചിത്രം നൽകിയിരിക്കുന്നു. പാസ്പോർട്ട്, ജനനസർട്ടിഫിക്കറ്റ് തുടങ്ങിയവയിൽ ദേശീയത രേഖപ്പെടുത്താറുണ്ട്. ഒരു വ്യക്തിയുടെ പൗരത്വം ഏതാണെന്ന് ഇതു വ്യക്തമാക്കുന്നു.

## പൗരത്വം

> ഒരു രാഷ്ട്രത്തിന്റെ നിയമനിർമാണ നടപടികളിലും നീതിനിർവഹണത്തിലും
> പങ്കെടുക്കാൻ അധികാരമുള്ള ഏതു വ്യക്തിയെയും
> ആ രാഷ്ട്രത്തിലെ പൗരൻ എന്ന് വിളിക്കാം. **അരിസ്റ്റോട്ടിൽ**




ഗ്രീക്ക് ചിന്തകനായ അരിസ്റ്റോട്ടിലിന്റെ പൗരത്വ കാഴ്ചപ്പാടാണ് മുകളിൽ നൽകിയിരിക്കുന്നത്. രാഷ്ട്രവും പൗരനും തമ്മിലുള്ള ബന്ധം ഇതിലൂടെ വ്യക്തമാകുന്നു.

ഒരു രാജ്യത്തെ പൂർണവും തുല്യവുമായ അംഗത്വമാണ് പൗരത്വം. പൗരത്വം ഒരു വ്യക്തിയെ രാഷ്ട്രീയ അവകാശങ്ങളും പൗരാവകാശങ്ങളും അനുഭവിക്കാൻ പ്രാപ്തനാക്കുന്നു. രാഷ്ട്രവും പൗരനും തമ്മിലുള്ള പരസ്പരബന്ധം വ്യക്തമാക്കുന്ന ചാർട്ട് നിരീക്ഷിക്കൂ.

രാഷ്ട്രം പൗരന് അവകാശങ്ങൾ ഉറപ്പു നൽകുമ്പോൾതന്നെ പൗരന് രാഷ്ട്രത്തോട് കടമകൾ ഉണ്ടെന്നും ഇതു വ്യക്തമാക്കുന്നു.

ജനാധിപത്യവ്യവസ്ഥ നിലവിൽ വന്നതോടെയാണ് പൗരത്വം എന്ന ആശയത്തിന് പ്രാധാന്യം ലഭിച്ചത്. ജനാധിപത്യവ്യവസ്ഥ ഭരണനിർവഹണത്തിൽ പൗരന്റെ പങ്കാളിത്തം രാഷ്ട്രീയാവകാശങ്ങളിലൂടെ ഉറപ്പുവരുത്തുന്നു. പൗരന് മാത്രമാണ് രാഷ്ട്രീയാവകാശങ്ങൾ ലഭിക്കുക.

**രാഷ്ട്രീയ അവകാശങ്ങൾ**

വോട്ടുചെയ്യാനുള്ള അവകാശം, തിരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള അവകാശം, സംഘടനകൾ രൂപീകരിക്കാനുള്ള അവകാശം, ഗവൺമെന്റിനെ വിമർശിക്കാനുള്ള അവകാശം, ഔദ്യോഗിക സ്ഥാനങ്ങൾ വഹിക്കാനുള്ള അവകാശം തുടങ്ങിയവയാണ് രാഷ്ട്രീയാവകാശങ്ങൾ.

ഒരു രാജ്യത്ത് താമസിക്കുന്ന എല്ലാവരും ആ രാജ്യത്തെ പൗരന്മാരാണോ? പൗരന്മാരെ കൂടാതെ വിദേശികളും ഒരു രാജ്യത്തുണ്ടാവും. ധാരാളം ഇന്ത്യൻ പൗരന്മാർ വിദേശരാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്നുണ്ടെന്ന് നിങ്ങൾക്കറിയാമല്ലോ. പൗരന് ലഭിക്കുന്ന എല്ലാ അവകാശങ്ങളും വിദേശികൾക്കു ലഭിക്കില്ല. ഇന്ത്യയിൽ പൗരന് മാത്രം ലഭിക്കുന്ന ഏതാനും അവകാശങ്ങൾ നൽകിയിരിക്കുന്നു. കൂടുതൽ അവകാശങ്ങൾ എഴുതി പട്ടിക വിപുലീകരിക്കുക.

- തിരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള അവകാശം.
- 
- 

ഒരു രാജ്യത്തെ എല്ലാവരുടെയും പൗരത്വം ഒരേ രീതിയിൽ ലഭിക്കുന്നവയാണോ? പൗരത്വം പൊതുവെ രണ്ടു തരമുണ്ട്. ചാർട്ട് നിരീക്ഷിക്കൂ.

**ലാറി ബേക്കർ**

1917 ൽ ബ്രിട്ടണില ബെർമിങ്ഹാമിൽ ജനിച്ചു. 1945 ൽ ലെപ്രസി മിഷന്റെ ഭാഗമായി ഇന്ത്യയിലെത്തി. ഗാന്ധിയൻ ആശയങ്ങൾ അദ്ദേഹത്തെ വളരെയധികം സ്വാധീനിച്ചു. കേരളത്തിൽ ചെലവു കുറഞ്ഞ പാർപ്പിടനിർമാണ രീതി അവതരിപ്പിച്ചു. വാസ്തുവിദ്യാമേഖലയിലെ ഗാന്ധിജി എന്നറിയപ്പെടുന്നു. 1989 ൽ ഇന്ത്യൻ പൗരത്വം സ്വീകരിച്ച ലാറി ബേക്കർ 2007 ൽ അന്തരിച്ചു. ആർജിത പൗരത്വത്തിലൂടെ ബേക്കർ ഇന്ത്യൻ പൗരനായി.






ജന്മനാ ലഭിക്കുന്ന പൗരത്വമാണ് സ്വാഭാവികപൗരത്വം. ഒരു രാജ്യത്തു നിലവിലുള്ള നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഒരാൾ നേടുന്ന പൗരത്വമാണ് ആർജിത പൗരത്വം. പൗരത്വ നിയമങ്ങൾ മുന്നോട്ടുവയ്ക്കുന്ന യോഗ്യതകൾ ഉണ്ടെങ്കിൽ മാത്രമേ പൗരത്വം നേടിയെടുക്കാൻ കഴിയൂ.

**ഇന്ത്യയിൽ ആർജ്ജിതപൗരത്വം നേടിയ കൂടുതൽ വ്യക്തികളെ കണ്ടെത്തി ചിത്രം ശേഖരിച്ച് ആൽബം തയാറാക്കുക.**

## രാഷ്ട്രതന്ത്രശാസ്ത്രം

രാഷ്ട്രവുമായി ബന്ധപ്പെട്ട വിവിധ ആശയങ്ങളാണ് നാം ഇതുവരെ ചർച്ച ചെയ്തത്. രാഷ്ട്രം, ഗവൺമെന്റ് എന്നിവയെക്കുറിച്ചുള്ള പഠനം പുരാതന കാലം മുതൽതന്നെ ആരംഭിച്ചിരുന്നു. മനുഷ്യന്റെ നിത്യജീവിതവുമായി ബന്ധപ്പെട്ടു നിൽക്കുന്നതിനാൽ രാഷ്ട്രീയവിഷയങ്ങളെ കൂടുതൽ സമഗ്രമായ വിശകലനത്തിനും പഠനത്തിനും വിധേയമാക്കേണ്ടതുണ്ട്. രാഷ്ട്രവുമായി

ബന്ധപ്പെട്ട ഒരു പഠനമേഖല എന്ന നിലയിലാണ് രാഷ്ട്രതന്ത്രശാസ്ത്രം നിലവിൽവന്നത്. പുരാതന ഗ്രീക്ക്ചിന്തകനായ അരിസ്റ്റോട്ടിൽ രാഷ്ട്രതന്ത്രശാസ്ത്രത്തിന് നൽകിയിരിക്കുന്ന നിർവചനം വിശകലനം ചെയ്യൂ.

> രാഷ്ട്രത്തെക്കുറിച്ചും ഗവൺമെന്റിനെക്കുറിച്ചുമുള്ള പഠനമാണ് രാഷ്ട്രതന്ത്രശാസ്ത്രം.
>
> അരിസ്റ്റോട്ടിൽ

**അരിസ്റ്റോട്ടിൽ**
**(384 ബി.സി - 322 ബി.സി)**

ഗ്രീക്ക് ചിന്തകനായ അരിസ്റ്റോട്ടിൽ പ്ലേറ്റോയുടെ ശിഷ്യനാണ്. രാഷ്ട്രതന്ത്രശാസ്ത്രമുൾപ്പെടെ വിവിധ വിജ്ഞാനശാഖകളുടെ വളർച്ചയിൽ അദ്ദേഹം വലിയ സംഭാവനകൾ നൽകി. അലക്സാണ്ടർ ചക്രവർത്തിയുടെ ഗുരു എന്ന നിലയിലും അറിയപ്പെടുന്നു. അദ്ദേഹത്തിന്റെ രാഷ്ട്രീയ കാഴ്ചപ്പാടുകൾ 'എത്തിക്സ്', പൊളിറ്റിക്സ് എന്നീ കൃതികളിൽ ചർച്ച ചെയ്യുന്നു.

അരിസ്റ്റോട്ടിലിന്റെ നിർവചനമനുസരിച്ച് രാഷ്ട്രം, ഗവൺമെന്റ് എന്നീ സ്ഥാപനങ്ങളെക്കുറിച്ചുള്ള പഠനമാണ് രാഷ്ട്രതന്ത്രശാസ്ത്രം. രാഷ്ട്രീയവിഷയങ്ങൾ ചർച്ച ചെയ്യുന്ന തന്റെ കൃതിക്ക് അരിസ്റ്റോട്ടിൽ 'പൊളിറ്റിക്സ്' എന്ന പേരു നൽകി. രാഷ്ട്രത്തെ സമഗ്രമായി വിശകലനം ചെയ്ത ആദ്യകൃതിയാണത്. അതുകൊണ്ടുതന്നെ അരിസ്റ്റോട്ടിൽ രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നു. സോക്രട്ടീസ്, പ്ലേറ്റോ തുടങ്ങിയവരുടെ സംഭാവനകളും രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ ആവിർഭാവത്തെ സഹായിച്ചു. നഗരരാഷ്ട്രം എന്നർഥം വരുന്ന ഗ്രീക്ക് പദമായ പോളിസ് എന്ന വാക്കിൽനിന്നാണ് 'പൊളിറ്റിക്സ്' എന്ന പദം രൂപം കൊണ്ടത്.

രാഷ്ട്രതന്ത്രപഠനം തുടക്കത്തിൽ രാഷ്ട്രം, ഗവൺമെന്റ് തുടങ്ങിയ സ്ഥാപനങ്ങളെക്കുറിച്ചും അവയുടെ പ്രവർത്തനങ്ങളെപ്പറ്റിയുമാണ് പഠനം നടത്തിയത്. ജനാധിപത്യ വ്യവസ്ഥ നിലവിൽവന്നതോടെ രാഷ്ട്രീയപങ്കാളിത്തം എന്ന ആശയത്തിനും പ്രാധാന്യം ലഭിച്ചു. ഇതിന്റെ പരിണതഫലമായി രാഷ്ട്രീയസ്ഥാപനങ്ങളെക്കുറിച്ചുള്ള പഠനത്തോടൊപ്പം രാഷ്ട്രീയപ്രക്രിയയും രാഷ്ട്രതന്ത്രപഠനത്തിന്റെ ഭാഗമായി. രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ പഠനമേഖല നിരന്തരം വിപുലമായിക്കൊണ്ടിരിക്കുന്നു. രാഷ്ട്രതന്ത്രശാസ്ത്രത്തിലെ പ്രധാന പഠനമേഖലകൾ ചിത്രത്തിൽ നിരീക്ഷിക്കൂ.




രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ പ്രധാന പഠനമേഖലകൾ പരിചയപ്പെട്ടല്ലോ. ഈ നാലു മേഖലകൾ കൂടാതെ രാഷ്ട്രീയപ്രക്രിയയുമായി ബന്ധപ്പെട്ട എല്ലാ ആശയങ്ങളും രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ ഭാഗമായി ചർച്ചചെയ്യുന്നു.

## രാഷ്ട്രതന്ത്രശാസ്ത്രപഠനം എന്തിന്?

രാഷ്ട്രതന്ത്രശാസ്ത്രപഠനവും രാഷ്ട്രീയവും അകറ്റിനിർത്തേണ്ടവയാണോ? രാഷ്ട്രീയത്തിൽ നാം സജീവമായി ഇടപെടേണ്ടതുണ്ടോ? പ്ലേറ്റോയുടെ ഇതു സംബന്ധിച്ച കാഴ്ചപ്പാട് നിരീക്ഷിക്കൂ.

> *നിങ്ങൾ രാഷ്ട്രീയത്തിൽ സജീവമായി ഇടപെടാതിരിക്കുന്നതിന്റെ പരിണിത ഫലം നിങ്ങളേക്കാൾ മോശമായവർ നിങ്ങളെ ഭരിക്കും എന്നതാണ്.*
>
> പ്ലേറ്റോ

ജനാധിപത്യസമൂഹത്തിൽ പ്ലേറ്റോയുടെ ഈ കാഴ്ചപ്പാടിന് വലിയ പ്രാധാന്യമുണ്ട്. നാം പ്രതിനിധാനം ചെയ്യുന്ന സമൂഹത്തിന്റെ മേന്മയും മികവും നമ്മൾ എങ്ങനെ ആ സമൂഹത്തിലെ രാഷ്ട്രീയപ്രക്രിയയിൽ ഇടപെടുന്നു എന്നതിനെ അടിസ്ഥാനമാക്കിയായിരിക്കും. പൊതുവായ ഏതു വിഷയത്തെയും യുക്തിപൂർവം വിശകലനം ചെയ്യുകയും ക്രിയാത്മകമായി ഇടപെടുകയും വേണം. ഇതിന് രാഷ്ട്രതന്ത്രപഠനം നിങ്ങളെ സഹായിക്കും.

രാഷ്ട്രതന്ത്ര ചിന്തകരുടെ ചിത്രങ്ങളും സംഭാവനകളും ഉൾപ്പെടുത്തി പവർപോയിന്റ് പ്രസന്റേഷൻ തയാറാക്കി അവതരിപ്പിക്കുക.




### പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- രാഷ്ട്രത്തെ നിർവചിക്കുന്നു.
- രാഷ്ട്രത്തിന്റെ ഘടകങ്ങൾ വിശദമാക്കുന്നു.
- രാഷ്ട്രത്തിന്റെ ചുമതലകൾ പട്ടികപ്പെടുത്തുന്നു.
- രാഷ്ട്രരൂപീകരണവുമായി ബന്ധപ്പെട്ട സിദ്ധാന്തങ്ങൾ വിശകലനം ചെയ്യുന്നു.

- പൗരത്വത്തെ നിർവചിക്കുന്നു.
- രാഷ്ട്രവും പൗരനും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്നു.
- ആർജിതപൗരത്വവും സ്വാഭാവികപൗരത്വവും തമ്മിലുള്ള വ്യത്യാസം കണ്ടെത്തുന്നു.
- രാഷ്ട്രതന്ത്രശാസ്ത്രത്തെ നിർവചിക്കുന്നു.
- രാഷ്ട്രതന്ത്രശാസ്ത്രപഠനത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു.

## വിലയിരുത്താം

- രാഷ്ട്രം എന്നാൽ എന്ത്? രാഷ്ട്രത്തിന്റെ അവശ്യഘടകങ്ങൾ എന്തെല്ലാം?
- പരമാധികാരത്തിന്റെ ആഭ്യന്തര-ബാഹ്യതലങ്ങൾ വിശദമാക്കുക.
- രാഷ്ട്രത്തിന് നിർബന്ധിതവും വിവേചനപരവുമായ ചുമതലകളുണ്ട്. അവ ഏതെല്ലാം?
- രാഷ്ട്രരൂപീകരണവുമായി ബന്ധപ്പെട്ട വിവിധ സിദ്ധാന്തങ്ങൾ എന്തെല്ലാം?
- പൗരത്വം എന്നാലെന്ത്? പൗരനും വിദേശിയും തമ്മിലുള്ള വ്യത്യാസം പ്രസ്താവിക്കുക.
- ആർജിതപൗരത്വവും സ്വാഭാവികപൗരത്വവും വിശദമാക്കുക.
- രാഷ്ട്രതന്ത്രശാസ്ത്രം എന്നാൽ എന്ത്?
- താഴെ തന്നിരിക്കുന്നവരിൽ രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നതാര്?

  എ) അരിസ്റ്റോട്ടിൽ ബി) പ്ലേറ്റോ

  സി) സോക്രട്ടീസ് ഡി) കൗടില്യൻ

## തുടർപ്രവർത്തനങ്ങൾ

- പ്രധാന രാഷ്ട്രീയചിന്തകരുടെ ചിത്രങ്ങൾ ശേഖരിച്ച് അടിക്കുറിപ്പോടെ ആൽബം തയാറാക്കുക.
- പ്രമുഖ ചിന്തകരുടെ കൃതികളും അവർ മുന്നോട്ടുവച്ച ചിന്തകളും വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.
- ഇന്ത്യ ഗവൺമെന്റ് നടപ്പാക്കുന്ന ജനക്ഷേമപദ്ധതികൾ പട്ടികപ്പെടുത്തി അവയുടെ പ്രാധാന്യം വ്യക്തമാക്കുന്ന കുറിപ്പ് തയാറാക്കുക.



# പൗരബോധം





**ഹജ്ജബ്ബ**

**മംഗലാപുരത്തിനടുത്തുള്ള ന്യൂപദപ്പ ഗ്രാമത്തിൽ പഞ്ചായത്ത് സ്കൂൾ സ്ഥാപിച്ച് ആയിരക്കണക്കിന് കുട്ടികൾക്ക് വിദ്യാഭ്യാസാവസരം നൽകുന്നു. തെരുവിൽ ഓറഞ്ച് കച്ചവടം നടത്തുന്ന നിരക്ഷരനാണ് അദ്ദേഹം. തനിക്ക് ലഭിക്കാതെപോയ വിദ്യാഭ്യാസം സമൂഹത്തിനാകെ ലഭിക്കാൻ അവസരമൊരുക്കിയ മാതൃകാ വ്യക്തിയാണ് ഹജ്ജബ്ബ.**

**കല്ലേൻ പൊക്കുടൻ**

**കണ്ണൂർ ജില്ലയിലെ പഴയങ്ങാടി ഗ്രാമത്തിൽ ജനിച്ച കല്ലേൻ പൊക്കുടൻ പ്രശസ്ത പരിസ്ഥിതി സംരക്ഷക നായിരുന്നു. രണ്ടാം ക്ലാസ് വിദ്യാഭ്യാസം മാത്രമുള്ള പൊക്കുടൻ കണ്ടൽക്കാടുക ളുടെ സംരക്ഷണത്തിന് സ്വജീവിതം നീക്കിവച്ചു.**
**ആയിരക്കണക്കിന് കണ്ടൽച്ചെടികൾ വച്ചുപിടിപ്പിച്ച കല്ലേൻ പൊക്കുടൻ സമൂഹത്തിൽ പാരിസ്ഥിതികാവബോധം സൃഷ്ടിക്കുന്നതിന് ഉത്തമമാതൃകയായി.**

മുകളിൽ നൽകിയ ചിത്രങ്ങളും വിവരണവും ശ്രദ്ധിച്ചല്ലോ. ഒരു ഗ്രാമത്തിന്റെ വിദ്യാഭ്യാസത്തിന് മികച്ച സംഭാവന നൽകിയ ഹജ്ജബ്ബയെക്കുറിച്ചും കണ്ടലു കളുടെ സംരക്ഷണത്തിലൂടെ പരിസ്ഥിതിസംരക്ഷണത്തിനുവേണ്ടി പ്രവർത്തിച്ച കല്ലേൻ പൊക്കുടനെക്കുറിച്ചുള്ള വിവരങ്ങളാണ് ഇവിടെ നൽകിയിരിക്കുന്നത്. ഹജ്ജബ്ബയും കല്ലേൻ പൊക്കുടനും സമൂഹനന്മയ്ക്കുവേണ്ടി സ്വയം തിരഞ്ഞെ ടുത്ത മേഖലകളിൽ വലിയ സംഭാവനകൾ നൽകിയവരാണ്.

ഇവരെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിച്ച് സഹപാഠികളുമായി ചർച്ച ചെയ്യാൻ ശ്രമിക്കൂ.

സാധാരണ വ്യക്തികൾക്കുപോലും വളരെ ശക്തമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിയുമെന്ന സന്ദേശമാണ് ഇവരുടെ ജീവിതം. വ്യത്യസ്തമായ ചിന്തയും നിസ്വാർഥമായ പ്രവർത്തനവും സമൂഹത്തിന്റെയും സഹജീവികളുടെയും പ്രശ്നങ്ങളെക്കുറിച്ചുള്ള അവബോധവും സേവനസന്നദ്ധതയുമാണ് ഇവരെ മുന്നോട്ടു നയിക്കുന്നത്.



സമൂഹത്തിന്റെ പൊതുനന്മയ്ക്കുവേണ്ടി സമാനമായ രീതിയിൽ പ്രവർത്തിച്ച ആരെയെങ്കിലും നിങ്ങൾക്ക് നേരിട്ട് അറിയാമോ? അത്തരം സവിശേഷ വ്യക്തികളെക്കുറിച്ച് വിവരശേഖരണം നടത്തി കുറിപ്പ് തയാറാക്കി ക്ലാസിൽ അവതരിപ്പിക്കൂ.

ഈ വ്യക്തികളുടെ പ്രവർത്തനങ്ങളിൽ നമുക്ക് കാണാൻ കഴിയുന്ന പ്രധാന സവിശേഷതകൾ എന്തെല്ലാമാണെന്ന് എഴുതി പട്ടിക വിപുലീകരിക്കൂ.

- സാമൂഹികപ്രതിബദ്ധത
- മൂല്യബോധം
- 
- 

ഉത്തമമായ സമൂഹസൃഷ്ടിക്ക് എല്ലാവരിലും ക്രിയാത്മകമായ മനോഭാവങ്ങളും മൂല്യങ്ങളും ഉണ്ടാവേണ്ടത് അനിവാര്യമാണ്. ആധുനികസമൂഹത്തിലെ ഓരോ അംഗവും പൗരൻ എന്നറിയപ്പെടുന്നു. ഓരോ പൗരനും സമൂഹത്തിന് വേണ്ടിയുള്ളതാണെന്നും സമൂഹത്തിന്റെ ഉത്തമതാൽപ്പര്യങ്ങളാണ് പൗരന്റേതെന്നുമുള്ള തിരിച്ചറിവാണ് പൗരബോധം. പൗരബോധമുള്ളവർ അവനവനോടും സമൂഹത്തോടും മാനവികതയോടും കൂറും ഉത്തരവാദിത്തവുമുള്ളവരായിരിക്കും.

## പൗരബോധത്തിന്റെ പ്രാധാന്യം

സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും പുരോഗതിയെ പൗരബോധം വളരെയധികം സ്വാധീനിക്കുന്നു. പൗരബോധമില്ലെങ്കിൽ മനുഷ്യൻ സ്വാർഥനാവുകയും എല്ലാ പ്രവർത്തനങ്ങളും സ്വന്തം നേട്ടങ്ങൾക്കു വേണ്ടി മാത്രമാവുകയും ചെയ്യും. ഇത് സാമൂഹികജീവിതത്തെ പ്രതികൂലമായി ബാധിക്കും. ഇത്തരമൊരു സമൂഹത്തിൽ സമാധാനവും സുരക്ഷിതത്വവും ഉണ്ടാവുകയില്ല.


വേനൽ കനത്തു: കുടിവെള്ളക്ഷാമം രൂക്ഷം
നഗരം മലിനീകരണ ഭീഷണിയിൽ: പകർച്ചവ്യാധികൾക്ക് സാധ്യത
പച്ചക്കറികളിൽ വിഷാംശം : ഭക്ഷ്യസുരക്ഷാ വിഭാഗം ഊർജിതനടപടിയിലേക്ക്

നൽകിയിരിക്കുന്ന വാർത്താ തലക്കെട്ടുകൾ നിരീക്ഷിക്കൂ. നമ്മുടെ പൊതുസമൂഹം അഭിമുഖീകരിക്കുന്ന ചില പ്രശ്നങ്ങളാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ രാഷ്ട്രത്തിനു മാത്രമായി കഴിയുമോ? ജനങ്ങളുടെ കൂട്ടായ പ്രവർത്തനങ്ങളും സഹകരണവും ഇതിന് അനിവാര്യമാണ്. പൊതുസമൂഹം നേരിടുന്ന ചില പ്രശ്നങ്ങളും അവയ്ക്കുള്ള ഏതാനും പരിഹാരമാർഗങ്ങളും നൽകിയിരിക്കുന്നു. കൂടുതൽ പരിഹാരങ്ങൾ എഴുതി പട്ടിക വിപുലീകരിക്കുക.

| പ്രശ്നങ്ങൾ | നമുക്ക് എന്തെല്ലാം ചെയ്യാം? |
|---|---|
| • ജലക്ഷാമം | • കാര്യക്ഷമതയോടെയുള്ള ഉപയോഗം<br>• മഴവെള്ളസംഭരണം<br>• ..........<br>• .......... |
| • പരിസരമലിനീകരണം | • ഉറവിടങ്ങളിൽത്തന്നെ മാലിന്യസംസ്കരണം<br>• മരങ്ങൾ വച്ചുപിടിപ്പിക്കുക.<br>• ..........<br>• .......... |
| • അഴിമതി | • അഴിമതിക്കെതിരായ ബോധവൽക്കരണം<br>• പരാതിപ്പെടൽ<br>• ..........<br>• .......... |

പൊതുസമൂഹം അഭിമുഖീകരിക്കുന്ന പല പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ പൗരബോധം സഹായിക്കുന്നുവെന്ന് ഇതിൽനിന്നു മനസ്സിലാക്കാം.

എല്ലാവരുടെയും ക്ഷേമം ഉറപ്പാക്കുന്നതിനും സമൂഹത്തിന്റെ പുനർനിർമാണത്തിനും ഉത്തമമായ പൗരബോധം വളർത്തിയെടുക്കേണ്ടതുണ്ട്. രാഷ്ട്രപുരോഗതിയെയും ഐക്യത്തെയും അത് വളരെയധികം സഹായിക്കും. അതുകൊണ്ടുതന്നെ പൗരബോധം വളർത്തുന്നതിൽ എല്ലാ രാജ്യങ്ങളും സമൂഹങ്ങളും വലിയ പ്രാധാന്യം കൽപ്പിക്കുന്നു.

പരിസ്ഥിതി സംരക്ഷണം, അഴിമതിക്കെതിരായ ബോധവൽക്കരണം എന്നീ മേഖലകൾ ഉൾപ്പെടുത്തി ലഘുചിത്രം തയാറാക്കി അവതരിപ്പിക്കുക.

ഓരോരുത്തരുടെയും പ്രവർത്തനങ്ങൾ സമൂഹനന്മയ്ക്ക് വേണ്ടിയാകുമ്പോൾ സമൂഹത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്ന തിരിച്ചറിവാണ് പൗരബോധത്തിന്റെ അടിസ്ഥാനം.

## പൗരബോധത്തെ നിർണയിക്കുന്ന ഘടകങ്ങൾ

പൗരബോധ രൂപീകരണത്തെ ജീവിതസാഹചര്യങ്ങളും അനുഭവങ്ങളും സ്വാധീനിക്കുന്നു. ഓരോ വ്യക്തിക്കും ജീവിതസാഹചര്യങ്ങൾ വ്യത്യസ്ത അനുഭവങ്ങൾ നൽകുന്നതിനാൽ പൗരബോധത്തിലും ഏറ്റക്കുറച്ചിലുകൾ ഉണ്ടാകും. പൗരബോധം രൂപപ്പെടുത്തുന്ന പ്രധാന ഘടകങ്ങൾ താഴെ പറയുന്നു.

- കുടുംബം
- വിദ്യാഭ്യാസം
- സാമൂഹികവ്യവസ്ഥ
- സംഘടനകൾ
- രാഷ്ട്രീയവ്യവസ്ഥ

മുകളിൽ നൽകിയിട്ടുള്ള ഓരോ ഘടകവും വ്യക്തിത്വരൂപീകരണത്തെ വളരെയധികം സ്വാധീനിക്കുന്നുണ്ട്. അവ മനുഷ്യന്റെ ചിന്തയെയും പ്രവർത്തനത്തെയും രൂപപ്പെടുത്തുന്നു. അനുകൂലമായ സാഹചര്യങ്ങൾ മാത്രമല്ല,

പ്രതികൂലവും വെല്ലുവിളി ഉയർത്തുന്നതുമായ സാഹചര്യങ്ങളും ഒരു വ്യക്തിയിൽ ശക്തമായ പൗരബോധം രൂപപ്പെടുത്തുന്നതിന് സഹായകമാകും.



**വ്യത്യസ്ത ജീവിതസാഹചര്യങ്ങൾ എങ്ങനെയെല്ലാമാണ് പൗരബോധം രൂപപ്പെടുത്താൻ സഹായിക്കുന്നതെന്ന് ചർച്ചചെയ്യുക. അനുകൂലവും പ്രതികൂലവുമായ സാഹചര്യങ്ങളുടെ സ്വാധീനഫലമായി പൗരബോധം രൂപപ്പെട്ട വ്യക്തിത്വങ്ങളെ കണ്ടെത്തി പട്ടികപ്പെടുത്തുക.**

## പൗരബോധം എങ്ങനെ വളർത്തിയെടുക്കാം?

പൗരബോധം വളർത്തിയെടുക്കുകയും നിലനിർത്തുകയും ചെയ്യേണ്ടത് അനിവാര്യമാണ്. പൗരബോധം വളർത്തിയെടുക്കുന്നതിന് ബോധപൂർവമായ ശ്രമങ്ങൾ ആവശ്യമാണ്. ഏതു സമൂഹവും പൗരബോധം വളർത്തുന്നതിന് ക്രിയാത്മകമായ നടപടികൾ കൈക്കൊള്ളാറുണ്ട്.

സാമൂഹികനന്മ പൂർണമായും ഉൾക്കൊണ്ടുകൊണ്ട് നടത്തുന്ന ക്രിയാത്മക ഇടപെടലിലൂടെ മാത്രമേ എല്ലാവരിലും പൗരബോധം വളർത്തിയെടുക്കാൻ കഴിയുകയുള്ളൂ. ഏതാനും മാർഗങ്ങൾ താഴെക്കൊടുക്കുന്നു.

### കുടുംബം

സാമൂഹികസ്ഥാപനം എന്ന നിലയിൽ കുടുംബം വ്യക്തിത്വരൂപീകരണത്തിൽ വഹിക്കുന്ന പങ്ക് മുൻ ക്ലാസുകളിൽ ചർച്ചചെയ്തിട്ടുണ്ടല്ലോ. മുതിർന്നവരെ ബഹുമാനിക്കാനും സമൂഹസേവനത്തിലേർപ്പെടാനും നാം പഠിക്കുന്നത് പ്രാഥമികസ്ഥാപനമായ കുടുംബത്തിൽ നിന്നാണ്. അംഗങ്ങളിൽ കർത്തവ്യബോധം വളർത്തുന്നതിലും നിലനിർത്തുന്നതിലും കുടുംബം വലിയ പങ്കു വഹിക്കുന്നുണ്ട്. കുടുംബത്തിൽനിന്നുള്ള പ്രചോദനവും പ്രോത്സാഹനവും പലപ്പോഴും ഉന്നതമായ പൗരബോധം വളർത്തും. ഓരോ വ്യക്തിയും കുടുംബത്തിനുവേണ്ടിയും കുടുംബം സമൂഹത്തിനുവേണ്ടിയുമാണെന്ന ബോധ്യം കുടുംബാന്തരീക്ഷത്തിൽ വളർത്തിയെടുക്കാൻ കഴിയണം.



**കുടുംബം പൗരബോധരൂപീകരണത്തെ ഏതു രീതിയിൽ സ്വാധീനിക്കുന്നു? ചർച്ചചെയ്യുക.**

### വിദ്യാഭ്യാസം

*നിങ്ങളുടെ സ്കൂൾ നടത്തുന്ന വിവിധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ബ്ലോഗ് തയാറാക്കുക.*



വിവിധ വിഷയങ്ങളുടെ പഠനത്തിലൂടെ ലഭിക്കുന്ന അറിവുകൾ സമൂഹത്തിന് പ്രയോജനകരമായ രീതിയിൽ ഉപയോഗിക്കാൻ വ്യക്തിയെ പ്രാപ്തനാക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. മൂല്യബോധം, സഹിഷ്ണുത, നേതൃത്വഗുണം, പരിസ്ഥിതിബോധം, ശാസ്ത്രാവബോധം തുടങ്ങിയവ വളർത്തിയെടുക്കാൻ വിദ്യാഭ്യാസം സഹായിക്കും. ശാസ്ത്രവും സാങ്കേതികവിദ്യയും സമൂഹത്തിന് പ്രയോജനകരമായ രീതിയിൽ ഉപയോഗപ്പെടുത്താൻ വിദ്യാഭ്യാസത്തിലൂടെ സാധിക്കണം. മൂല്യാധിഷ്ഠിത വിദ്യാഭ്യാസസമീപനത്തിലൂടെ

പൗരബോധം ജനങ്ങളിലെത്തിക്കാൻ കഴിയും. ഗവൺമെന്റുകൾ വിദ്യാഭ്യാസ നയങ്ങൾക്ക് രൂപം നൽകുന്നത് ഈ ലക്ഷ്യത്തോടെയാണ്.

പൗരബോധ രൂപീകരണത്തിനുതകുന്ന എന്തെല്ലാം പ്രവർത്തനങ്ങൾ സ്കൂളിന് ഏറ്റെടുക്കാൻ കഴിയും. വാർഷിക കലണ്ടർ തയാറാക്കി നടപ്പാക്കുക.



## സംഘടനകൾ

രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ നിരവധി സംഘടനകൾ നമ്മുടെ സമൂഹത്തിലുണ്ട് എന്ന് നിങ്ങൾക്കറിയാമല്ലോ. സേവനസന്നദ്ധതയോടെ പ്രവർത്തിക്കാൻ ഒരു വ്യക്തിയെ പ്രാപ്തനാക്കുന്നത് പലപ്പോഴും ഇത്തരം സംഘടനകളാണ്.

രാഷ്ട്രീയസംഘടനകൾ ജനാധിപത്യരാഷ്ട്രീയത്തിന്റെ ഭാഗമാണ്. അധികാരവും അവകാശങ്ങളും ലഭ്യമാക്കി ജനങ്ങളെ ശാക്തീകരിക്കുന്നതിൽ രാഷ്ട്രീയസംഘടനകൾ വലിയ പങ്കുവഹിക്കുന്നുണ്ട്. ഇത്തരം സംഘടനകൾ നിസ്വാർഥമായ പ്രവർത്തനത്തിലൂടെ വ്യക്തിയിൽ പൗരബോധവും രാഷ്ട്രീയബോധവും വളർത്തുന്നു. ഓരോ വ്യക്തിയുടെയും ചിന്തയെയും പ്രവർത്തനങ്ങളെയും രൂപപ്പെടുത്തുന്നതിൽ വിവിധ സംഘടനകളുടെയും പ്രത്യയശാസ്ത്രകാഴ്ചപ്പാടുകളുടെയും സ്വാധീനമുണ്ട്. ദേശീയബോധവും പൗരബോധവും വളർത്തുന്നതിൽ സംഘടനകൾ പ്രധാന പങ്കു വഹിക്കുന്നു.

പരിസ്ഥിതിസംരക്ഷണം, മനുഷ്യാവകാശസംരക്ഷണം, ജീവകാരുണ്യപ്രവർത്തനം തുടങ്ങിയ മേഖലകളിൽ നിരവധി സന്നദ്ധസംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. പാരിസ്ഥിതിക അവബോധവും മനുഷ്യാവകാശബോധവും വ്യക്തികളിൽ സൃഷ്ടിക്കാൻ ഇത്തരം സംഘടനകൾക്കു സാധിക്കും.

## മാധ്യമങ്ങൾ

പൗരബോധരൂപീകരണത്തിൽ മാധ്യമങ്ങൾക്ക് വലിയ സ്ഥാനമാണുള്ളത്. അച്ചടിമാധ്യമങ്ങളും ഇലക്ട്രോണിക് മാധ്യമങ്ങളും സമൂഹത്തെ വളരെയധികം സ്വാധീനിക്കുന്നുണ്ട്. വാർത്തകളും വിവരങ്ങളും ജനങ്ങളിൽ എത്തിക്കുന്നത് മാധ്യമങ്ങളാണ്. ശരിയായതും വസ്തുനിഷ്ഠവുമായ വിവരങ്ങൾ ക്രിയാത്മകമായ ആശയരൂപീകരണത്തിലേക്കു നയിക്കും. മാധ്യമങ്ങൾ നിഷ്പക്ഷവും സ്വതന്ത്രവുമായിരിക്കണം. മാധ്യമങ്ങളിൽനിന്നു ലഭിക്കുന്ന അറിവുകൾ വിമർശനാത്മകമായി വിലയിരുത്തണം.

പൗരബോധം പ്രതിഫലിപ്പിക്കുന്ന വാർത്തകളും ചിത്രങ്ങളും ഉൾപ്പെടുത്തി ആൽബം തയാറാക്കുക.



## ജനാധിപത്യവ്യവസ്ഥ

പൗരബോധത്തിന് അനിവാര്യമായ ഒരു ഘടകമാണ് ജനാധിപത്യം. പൗരബോധം വളർത്തിയെടുക്കുന്നതിന് സഹായിക്കുന്ന എല്ലാ ഘടകങ്ങളുടെയും അടിസ്ഥാനം ജനാധിപത്യമാണ്. ജനാധിപത്യം ഒരു ഭരണക്രമം എന്നതിലുപരി ജീവിതശൈലിയാണ്. നമ്മുടെ എല്ലാ പ്രവർത്തനങ്ങളിലും ജനാധിപത്യ സമീപനം ഉണ്ടായിരിക്കണം. ജനങ്ങൾ പരസ്പരസഹകരണത്തോടെ ജീവിക്കേണ്ടത് ജനാധിപത്യ സമൂഹത്തിന് അനിവാര്യമാണ്. മറ്റുള്ളവരിൽ നിന്നും സ്വീകരിക്കുന്ന സഹകരണവും പിന്തുണയും തിരികെ നൽകുകയെന്നത് ഉയർന്ന ജനാധിപത്യ ബോധത്തിന്റെ അടയാളമാണ്. ജനാധിപത്യം സഹജീവികളെക്കുറിച്ച് ചിന്തിക്കാനും അവരുടെ സ്വാതന്ത്ര്യം, സമത്വം, അവകാശങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് വേണ്ടി പ്രവർത്തിക്കാനും വ്യക്തികളെ പ്രേരിപ്പിക്കും. ജനാധിപത്യം നിയമവാഴ്ചയിൽ വിശ്വസിക്കുന്നു. എല്ലാവരും നിയമവിധേയരാണ് എന്നതാണ് ഇതിന്റെ അടിസ്ഥാനം.

## ഉത്തമമാതൃകകൾ പരിചയപ്പെടൽ


എ.പി.ജെ. അബ്ദുൽ കലാം


മദർ തെരേസ


മയിലമ്മ


ദശരഥ് മാഞ്ചി

ചിത്രങ്ങൾ നിരീക്ഷിക്കൂ. ഇവരൊക്കെ സമൂഹത്തിന് വലിയ സംഭാവനകൾ നൽകിയ ഉത്തമപൗരബോധമുള്ള വ്യക്തിത്വങ്ങളിൽ ചിലരാണ്. ഇവരുടെ പ്രവർത്തനമേഖലയും സംഭാവനയും കണ്ടെത്തൂ.

വിവിധ മേഖലകളിൽ പ്രവർത്തിക്കുമ്പോഴും മാനുഷികതയും സഹജീവിസ്നേഹവും കർത്തവ്യബോധവും ഇവർ പ്രകടിപ്പിക്കുകയുണ്ടായി. ഇവർ നമുക്ക് പകർന്നുനൽകുന്ന സന്ദേശമെന്താണ്? സ്വന്തം പ്രവർത്തനമേഖലയിൽ നിസ്വാർഥമായും അർപ്പണമനോഭാവത്തോടെയും എല്ലാവരും പ്രവർത്തിക്കണം. ഓരോ വ്യക്തിയെയും ഇത്തരത്തിൽ ചിന്തിപ്പിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുമ്പോഴാണ് സമൂഹപുരോഗതി സാധ്യമാകുന്നത്. ജൈവകൃഷി, ട്രാഫിക് ബോധവൽക്കരണം, ലഹരിവിരുദ്ധപ്രവർത്തനം, ജീവകാരുണ്യപ്രവർത്തനങ്ങൾ എന്നിവയിൽ നിങ്ങളും പങ്കാളികളാകാറുണ്ടല്ലോ. നിങ്ങളിലെ പൗരബോധമാണ് ഇതു വ്യക്തമാക്കുന്നത്.



**പൗരബോധം രൂപപ്പെടുന്നതിന് വിദ്യാലയങ്ങളിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് പട്ടികപ്പെടുത്തുക.**

## പൗരബോധവും ധാർമികതയും

1. ആദർശമില്ലാത്ത രാഷ്ട്രീയം
2. അധ്വാനമില്ലാത്ത സമ്പത്ത്
3. മനുഷ്യത്വമില്ലാത്ത ശാസ്ത്രം
4. ധാർമികതയില്ലാത്ത വാണിജ്യം
5. സ്വഭാവമഹിമയില്ലാത്ത വിദ്യാഭ്യാസം
6. ത്യാഗമില്ലാത്ത ആരാധന
7. മനസ്സാക്ഷിയില്ലാത്ത സന്തോഷം

ഇവ അത്യന്തം അപകടമാണ്.

ഗാന്ധിജി

മനുഷ്യജീവിതത്തിന്റെ എല്ലാ തലങ്ങളിലും ഉണ്ടാവേണ്ട ധാർമികതയെ സംബന്ധിച്ച ഗാന്ധിജിയുടെ കാഴ്ചപ്പാടാണ് മുകളിൽ നൽകിയിരിക്കുന്നത്. എല്ലാ പ്രവർത്തനങ്ങളുടെയും അടിത്തറ ധാർമികതയാണ്. എന്താണ് ധാർമികത? നന്മതിന്മകൾ തിരിച്ചറിഞ്ഞ് നന്മയെ സ്വീകരിക്കുകയും കടമകൾ ഉത്തരവാദിത്വത്തോടെ നിർവഹിക്കുകയുമാണ് ധാർമികത എന്നതുകൊണ്ടർഥമാക്കുന്നത്. സമൂഹത്തോടും രാജ്യത്തോടുമുള്ള കടമ നിറവേറ്റുക ഓരോ വ്യക്തിയുടെയും ധർമമാണ്.

നമ്മുടെ ചിന്തയെയും പ്രവൃത്തികളെയും വിലയിരുത്തി നോക്കൂ. അതിൽ ധാർമികതയുടെയോ അധാർമികതയുടെയോ തലമുണ്ടാവും. നമ്മുടെ സമൂഹത്തിൽ നടക്കുന്ന വിവിധ സംഭവങ്ങളും പ്രവർത്തനങ്ങളും വിലയിരുത്തി ധാർമികവും അധാർമികവുമായ പ്രവർത്തനങ്ങളുടെ പട്ടിക വിപുലീകരിക്കുക.

| ധാർമിക പ്രവർത്തനങ്ങൾ/സംഭവങ്ങൾ | അധാർമിക പ്രവർത്തനങ്ങൾ/സംഭവങ്ങൾ |
|---|---|
| • ജോലിചെയ്ത് പണം സമ്പാദിക്കുന്നു. | • മറ്റുള്ളവരെ ചൂഷണം ചെയ്ത് പണം സമ്പാദിക്കുന്നു. |
| • പൊതുമുതൽ സംരക്ഷിക്കുന്നു. | • പൊതുമുതൽ നശിപ്പിക്കുന്നു. |
| • സഹജീവികളെ സഹായിക്കുന്നു. | • സഹജീവികളെ ദ്രോഹിക്കുന്നു. |
| • | • |
| • | • |

ധാർമികത പൗരബോധത്തെ സഹായിക്കുന്നു. എന്നാൽ അധാർമികത പൗരബോധം ഇല്ലാതാക്കുന്നു.

ജീവിതത്തിന്റെ എല്ലാ മേഖലകളിലും ധാർമികബോധം സൃഷ്ടിക്കലാണ് പൗരബോധം വളർത്തിയെടുക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗം. പൗരബോധം ക്രിയാത്മകമായൊരു മാനസികാവസ്ഥയാണ്.

പൗരബോധമുള്ളതും പൗരബോധമില്ലാത്തതുമായ ചില പ്രവർത്തനങ്ങൾ താഴെ കൊടുത്തിരിക്കുന്നു. അവയിൽ പൗരബോധത്തിനു നേരെ (☑) അട യാളവും പൗരബോധമില്ലായ്മയ്ക്കുനേരെ (☒) അടയാളവും രേഖപ്പെടുത്തുക.

| പ്രസ്താവന | പൗര ബോധം | പൗരബോ ധമില്ലായ്മ |
|---|---|---|
| • എത്ര തിരക്കുണ്ടെങ്കിലും വാഹനമോടിക്കുമ്പോൾ ട്രാഫിക് നിയമങ്ങൾ പാലിക്കണം. | | |
| • വീട്ടിലെ മാലിന്യങ്ങൾ പൊതുവഴിയിൽ നിക്ഷേപിക്കുന്ന തിൽ തെറ്റില്ല. | | |
| • ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കുകയെന്നത് എന്റെയും കടമയാണ്. | | |
| • പ്രകൃതിയെ സംരക്ഷിക്കേണ്ടത് എന്റെ കടമയാണ്. | | |
| • അനീതിക്കെതിരെ പരാതിപ്പെടാൻ പാടില്ല. | | |
| • അത്യാവശ്യ സന്ദർഭങ്ങളിൽ അഴിമതി നടത്താം. | | |
| • വൃദ്ധരെ ബഹുമാനിക്കുകയും സംരക്ഷിക്കുകയും വേണം. | | |

## പൗരബോധം വെല്ലുവിളികൾ



### നമുക്കും പ്രവർത്തനങ്ങൾ ഏറ്റെടുക്കാം...

പൗരബോധമുള്ള വിദ്യാർഥികൾ സമൂഹത്തിന് മാതൃകാപരമായ നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുക്കും. ചിലതു താഴെ കൊടുക്കുന്നു. കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തുമല്ലോ.

- അവയവദാനസമ്മതപത്രം നൽകൽ.
- രക്തദാനത്തിന് തയാറാകൽ.
- എസ്.പി.സി, എൻ.സി.സി, സ്കൗട്ട്സ് & ഗൈഡ്സ്, മറ്റ് ക്ലബ്ബുകൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങളിൽ പങ്കാളിയാകൽ.
- പൊതു ഇടങ്ങൾ വൃത്തിയായി സൂക്ഷിക്കൽ.
- അപകടത്തിൽപ്പെട്ടവർക്കു പ്രഥമ ശുശ്രൂഷ നൽകൽ.
- ഭിന്നശേഷിയുള്ളവരെയും വൃദ്ധരെയും സഹായിക്കൽ.
- 
- 

പൗരബോധത്തിന്റെ ചില മാതൃകകൾ പാഠഭാഗത്തു പരിചയപ്പെട്ടല്ലോ. അവരെപ്പോലെ പ്രവർത്തിക്കാൻ നമുക്കും കഴിയുമോ? എല്ലാവർക്കും ഒരേസമയം സ്വന്തം താൽപ്പര്യങ്ങളും പൊതുതാൽപ്പര്യങ്ങളുമുണ്ട്. ഇതിൽ ഏതിനോടാണ് കൂറുപുലർത്തേണ്ടത്? പൊതുതാൽപ്പര്യങ്ങളെ അവഗണിച്ച് സ്വന്തം താൽപ്പര്യങ്ങൾക്കുവേണ്ടി എന്തും ചെയ്യാൻ തയാറാവുന്നതാണ് പൗരബോധം നേരിടുന്ന പ്രധാന വെല്ലുവിളി. എങ്ങനെ ഈ വെല്ലുവിളികളെ മറികടക്കാം?

- ഓരോരുത്തരും അവരവരുടെ പ്രവർത്തനങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക.
- പൊതുതാൽപ്പര്യങ്ങൾ ഹനിക്കാതെ സ്വന്തം താൽപ്പര്യങ്ങൾക്കു വേണ്ടി പരിശ്രമിക്കുക.

- മറ്റുള്ളവരിൽനിന്നു പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ നമ്മിൽനിന്നു തുടങ്ങുക.
- ജനാധിപത്യത്തിലും സഹിഷ്ണുതയിലും അധിഷ്ഠിതമായി പ്രവർത്തിക്കുക.
- അവകാശങ്ങൾക്കൊപ്പം ചുമതലകൾക്കും തുല്യപരിഗണന നൽകുക.

ഇത്തരത്തിലുള്ള കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നത് പൗരബോധത്തിന്റെ വെല്ലുവിളികൾ മറികടക്കാൻ സഹായിക്കും.

## സാമൂഹ്യശാസ്ത്രപഠനവും പൗരബോധവും

സാമൂഹ്യശാസ്ത്ര പഠനത്തിന് പൗരബോധ രൂപീകരണത്തിൽ പ്രധാന പങ്കു വഹിക്കാൻ കഴിയും. മനുഷ്യനും സമൂഹവുമായി ചേർന്നു നിൽക്കുന്ന പഠന മേഖല എന്ന നിലയിൽ സാമൂഹ്യശാസ്ത്ര പഠനം ഓരോ വ്യക്തിയിലും സമഗ്രമായ മാറ്റം വിഭാവനം ചെയ്യുന്നു. പൗരബോധ രൂപീകരണത്തിന് സാമൂഹ്യശാസ്ത്ര പഠനത്തെ എങ്ങനെ പ്രയോജനപ്പെടുത്താം എന്ന് പരിശോധിക്കാം.

- വൈവിധ്യങ്ങളെ ബഹുമാനിക്കാനും സഹിഷ്ണുതയോടെ പെരുമാറാനും വ്യക്തികളെ പ്രാപ്തരാക്കുന്നു.
- രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക-പാരിസ്ഥിതികപ്രശ്നങ്ങളുടെ വിവിധ പശ്ചാത്തലങ്ങൾ മനസ്സിലാക്കാൻ സഹായിക്കുന്നു.
- വിവിധ പ്രശ്നങ്ങൾക്ക് സമഗ്രമായ പരിഹാരം നിർദേശിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുന്നു.
- സമാധാനത്തിന്റെയും സഹവർത്തിത്വത്തിന്റെയും സന്ദേശം ജനങ്ങളിലെത്തിക്കുന്നു.
- പൗരബോധത്തിന്റെ ഉത്തമമാതൃകകളും പ്രവർത്തനങ്ങളും പരിചയപ്പെടുത്തി വ്യക്തികളെ പൗരബോധമുള്ളവരാക്കുകയും കർമനിരതരാക്കുകയും ചെയ്യുന്നു.

ഉന്നതമായ പൗരബോധവും സാമൂഹിക പ്രതിബദ്ധതയും പ്രകടിപ്പിക്കുന്ന വ്യക്തികളെക്കുറിച്ചുള്ള ഡോക്യുമെന്ററികളും ഷോർട്ട്ഫിലിമുകളും ശേഖരിച്ച് ഡിജിറ്റൽ എക്സിബിഷൻ സംഘടിപ്പിക്കുക.

ഒരു സമൂഹത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും സുസ്ഥിരമായ നിലനിൽപ്പിനും പൗരബോധം അത്യാവശ്യമാണെന്ന് നിങ്ങൾ മനസ്സിലാക്കിയല്ലോ. പക്ഷേ, എല്ലാ വ്യക്തികളിലും പൗരബോധം സൃഷ്ടിക്കുക എന്നത് ശ്രമകരമായ ഒരു ദൗത്യം തന്നെയാണ്. എന്നാൽ മഹത്തായ ഈ ദൗത്യം നിർവഹിക്കുന്നതിനുള്ള എളുപ്പവഴി നമ്മൾ ഓരോരുത്തരും പൗരബോധമുള്ളവരായി ത്തീരുക എന്നുള്ളതാണ്.



## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- പൗരബോധം എന്ന ആശയത്തെ നിർവചിക്കുന്നു.
- പൗരബോധത്തിന്റെ പ്രാധാന്യം വിശദീകരിക്കുന്നു.
- പൗരബോധം രൂപപ്പെടുത്തുന്ന പ്രധാന ഘടകങ്ങൾ പട്ടികപ്പെടുത്തുന്നു.
- പൗരബോധം വളർത്തിയെടുക്കാൻ സഹായിക്കുന്ന വിവിധ മാർഗങ്ങൾ വിശദീകരിക്കുന്നു.
- പൗരബോധവും ധാർമികതയും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുന്നു.
- പൗരബോധം നേരിടുന്ന വെല്ലുവിളികൾ വിശകലനം ചെയ്യുന്നു.
- സാമൂഹ്യശാസ്ത്രപഠനത്തിൽ പൗരബോധം വഹിക്കുന്ന പങ്ക് വിശദമാക്കുന്നു.

## വിലയിരുത്താം

- പൗരബോധം എന്നാലെന്ത്? പൗരബോധം രൂപപ്പെടുത്തുന്ന പ്രധാന ഘടകങ്ങൾ ഏതെല്ലാം?
- പൗരബോധമുള്ള വ്യക്തികളിൽ കാണുന്ന സവിശേഷതകൾ പട്ടികപ്പെടുത്തുക.
- ധാർമികത പൗരബോധം വളർത്തിയെടുക്കുന്നതിൽ വഹിക്കുന്ന പങ്ക് വിശദമാക്കുക.
- പൊതുസമൂഹം നേരിടുന്ന പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിന് പൗരബോധം എങ്ങനെ സഹായിക്കുന്നു? ഉദാഹരണങ്ങൾ സമർഥിക്കുക.
- ഉയർന്ന പൗരബോധം പ്രകടിപ്പിച്ച ഉത്തമമാതൃകകൾക്ക് ചില ഉദാഹരണങ്ങൾ നൽകുക.
- പൗരബോധം വളർത്തിയെടുക്കുന്നതിൽ കുടുംബം, വിദ്യാഭ്യാസം, മാധ്യമങ്ങൾ എന്നിവ വഹിക്കുന്ന പങ്ക് വിശദമാക്കുക.
- പൗരബോധം നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കാനുള്ള മാർഗങ്ങൾ നിർദേശിക്കുക.
- 'സാമൂഹ്യശാസ്ത്രപഠനവും പൗരബോധവും' എന്ന വിഷയത്തിൽ ഒരു കുറിപ്പ് തയാറാക്കുക.

## തുടർപ്രവർത്തനങ്ങൾ

- ഉയർന്ന പൗരബോധം പ്രകടിപ്പിച്ച് ഉത്തമമാതൃകകളായിത്തീർന്ന മഹത്വ്യക്തിത്വങ്ങളെക്കുറിച്ച് വിവരശേഖരണം നടത്തി ആൽബം തയാറാക്കുക.
- പൗരബോധം പ്രകടിപ്പിക്കുന്നതിന് വിവിധ മേഖലകളിൽ വിദ്യാർഥികൾക്ക് ചെയ്യാൻ സാധിക്കുന്ന കാര്യങ്ങൾ കണ്ടെത്തി പട്ടിക തയാറാക്കുക.
- പൗരബോധമില്ലാത്ത സമൂഹം നേരിടുന്ന ഭീഷണികൾ കണ്ടെത്തി റിപ്പോർട്ട് തയാറാക്കുക.



ധ്യായം

11

# സമൂഹശാസ്ത്രം : എന്ത്? എന്തിന്?

പതിവിലും വൈകിയാണ് അപ്പുണ്ണി സ്കൂളിലേക്ക് പുറപ്പെട്ടത്. രാവിലെ കഞ്ഞി കിട്ടാൻ വൈകി. കുറച്ചു ദിവസമായി നേരത്തു ഭക്ഷണമില്ല. വിത്തു മുഴുവൻ എടുത്ത് ചെലവാക്കിക്കഴിഞ്ഞു. പത്തായത്തിലെ നെല്ലു വലിയമ്മാമ്മ വണ്ടിക്കാർക്കു വിറ്റു. നെല്ല് ചോദിക്കാൻ ചെന്നാൽ അമ്മാമ്മ കൊടുക്കുന്നത് കേട്ടാൽ അറയ്ക്കുന്ന ചീത്തവാക്കുകളാണ്. ചുരുക്കം ദിവസങ്ങളിലേ വലിയമ്മാമ വീട്ടിലുണ്ടാകാറുള്ളൂ. പൂന്തോട്ടത്തിലേക്ക് പോയാൽ തിരിച്ചുവരുന്നത് എട്ടോ പത്തോ ദിവസം കഴിഞ്ഞാണ്. അടയ്ക്കപെറിയും നാളികേരമിടലും കഴിഞ്ഞാൽ പോകും. വീട്ടിലെ ചെലവ് നടത്തേണ്ടതു തന്റെ ഉത്തരവാദിത്വമല്ല എന്ന ഭാവമാണ്. വീട്ടിലെ ഭക്ഷണക്കാര്യത്തിൽ കുട്ടമ്മാമയ്ക്കും ശ്രദ്ധയില്ല. നേരത്തിനു വരുമ്പോൾ ഭക്ഷണമില്ലെങ്കിൽ മീനാക്ഷിയേടത്തിയെയാണ് ചീത്ത പറയുക.

അടുത്ത വീടുകളിൽ നിന്നു നെല്ലും അരിയും കടം വാങ്ങാൻ പോകുന്നത് അവരാണ്. ഇടയ്ക്കിടെ അവർ പറയും; 'ഒക്കെന്റെ യോഗം."

നാലുകെട്ട് -

എം.ടി. വാസുദേവൻനായർ

പ്രശസ്ത സാഹിത്യകാരനായ എം.ടി. വാസുദേവൻനായരുടെ 'നാലുകെട്ട്' എന്ന നോവലിലെ ഒരു ഭാഗമാണിത്. കേരളത്തിലെ ചില സമുദായങ്ങളിൽ നിലനിന്നിരുന്ന കൂട്ടുകുടുംബ സമ്പ്രദായത്തിലെ മാറ്റങ്ങൾ ഒരു കുട്ടിയുടെ കാഴ്ചപ്പാടിലൂടെ 'നാലുകെട്ടി'ൽ അവതരിപ്പിക്കുന്നു.

ഇതേ കാര്യത്തെക്കുറിച്ച് സാമൂഹികശാസ്ത്രജ്ഞനായ റോബിൻ ജെഫ്രിയുടെ കണ്ടെത്തൽ പരിശോധിക്കാം.

*സാമ്പത്തികഞെരുക്കം താങ്ങാൻ തറവാടുകൾ കൂടുതൽ കൂടുതൽ ശേഷിയില്ലാത്തവയാകുകയായിരുന്നു. വളരെ വലിയ കൂട്ടുകുടുംബങ്ങൾ അവരുടെ മിച്ച നെല്ലിന്റെ വിലയേറ്റം മൂലം ലാഭം നേടിയിരിക്കാം. എന്നാൽ അതുതന്നെ തറവാട്ടിൽ തമ്മിൽ തല്ലിനും അഭിപ്രായവ്യത്യാസത്തിനും വഴിയൊരുക്കുകയും ചെയ്തിരുന്നു. ചെറുകിട തറവാടുകളെ സംബന്ധിച്ചാണെങ്കിൽ അടിമസമ്പ്രദായം നിർത്തലാക്കിയതും തൊഴിലാളികളുടെ കൂലി കൂട്ടിയതും നെല്ല് വില വർധിച്ചതും ധനവിഭവത്തെ ശോഷിപ്പിച്ചു. അതിനും പുറമെ, തറവാട്ടിലെ അംഗങ്ങൾ കൂട്ടുകുടുംബ താൽപര്യങ്ങളെക്കാളും സ്വന്തം താൽപര്യങ്ങൾക്കു കൂടുതൽ പരിഗണന പ്രകടിപ്പിക്കുകയും ചെയ്തു.*

**റോബിൻ ജെഫ്രി**

*(നായർ മേധാവിത്വത്തിന്റെ പതനം)*

എം.ടിയും ജെഫ്രിയും പ്രതിപാദിക്കുന്ന വിഷയം ഒന്നാണെങ്കിലും അവരുടെ നിരീക്ഷണങ്ങൾ വ്യത്യസ്തങ്ങളാണ്. എം.ടിയുടെ വ്യക്തിപരമായ അനുഭവവും ഭാവനയുമാണ് 'നാലുകെട്ടി'ലെ നിഗമനത്തിന്റെ അടിസ്ഥാനം. എന്നാൽ ശാസ്ത്രീയരീതികളിലൂടെ ശേഖരിച്ച വിവരങ്ങൾ വിശകലനം ചെയ്താണ് ജെഫ്രി തന്റെ നിഗമനത്തിൽ എത്തിച്ചേർന്നത്. ഇരുവരും സ്വീകരിച്ച രീതികളിലെ വ്യത്യാസം പരിശോധിക്കാം.

| നാലുകെട്ട് | നായർ മേധാവിത്വത്തിന്റെ പതനം |
|---|---|
| • നോവൽ എന്ന സാഹിത്യരൂപം | • ഗവേഷണപഠനം |
| • ഭാവനാത്മകം | • വസ്തുനിഷ്ഠം |
| • വൈകാരികപ്രതികരണം | • യുക്തിപരമായ അപഗ്രഥനം |

മുകളിൽ കൊടുത്ത പട്ടികയിൽനിന്നു സർഗരചനയുടെയും സമൂഹശാസ്ത്ര അന്വേഷണത്തിന്റെയും വ്യത്യാസം ബോധ്യമായല്ലോ.

നോവലുകൾ, കഥകൾ, കവിതകൾ തുടങ്ങിയവയിൽ സാമൂഹിക യാഥാർഥ്യങ്ങളുണ്ടെങ്കിലും സാഹിത്യകാരന്റെ അനുഭവവും ഭാവനയുമാണ് ഉൾച്ചേർന്നിട്ടുള്ളത്. അവയിൽ നിന്ന് വസ്തുതകൾ വേർതിരിച്ചെടുക്കാൻ പ്രയാസമാണ്. എന്നാൽ സമൂഹശാസ്ത്രത്തിന്റെ ഭാഗമായ അന്വേഷണങ്ങൾ വസ്തുനിഷ്ഠവും ശാസ്ത്രീയവുമായിരിക്കും.

സർഗരചനയും സമൂഹശാസ്ത്രപഠനവും തമ്മിലുള്ള വ്യത്യാസങ്ങൾ പരിശോധിക്കാം.

| സർഗരചന | സമൂഹശാസ്ത്രപഠനം |
|---|---|
| • ഭാവന (Imagination), സർഗാത്മകത (Creativity) എന്നിവ ഉപയോഗിച്ച് രചന നടത്തുന്നു.<br>• സാമൂഹികസംഭവങ്ങളെ സൗന്ദര്യാത്മക തലങ്ങളിൽ ആവിഷ്കരിക്കുന്നു.<br>• സർഗരചന ആസ്വാദനം ലക്ഷ്യം വയ്ക്കുന്നു. | • സാമൂഹികപ്രതിഭാസങ്ങൾ/വിഷയങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്യുന്നു.<br>• സാമൂഹികാവസ്ഥകളെ കാര്യകാരണ (Cause - effect) ബന്ധത്തിന്റെ അടിസ്ഥാനത്തിൽ അപഗ്രഥിക്കുന്നു.<br>• സമൂഹത്തെ വസ്തുനിഷ്ഠമായി അപഗ്രഥിക്കുന്നു. |

സർഗരചനയും സാമൂഹികശാസ്ത്രപഠനങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ ചർച്ച ചെയ്യൂ.



## സാമൂഹ്യശാസ്ത്രങ്ങളുടെ ലോകം

സങ്കീർണമായ സാമൂഹികജീവിതത്തിന്റെ വിവിധ തലങ്ങളായ സാമ്പത്തിക-രാഷ്ട്രീയ മാറ്റങ്ങളെയും സാമൂഹികജീവിതം വ്യക്തികളിലും സംഘങ്ങളിലും സൃഷ്ടിക്കുന്ന സ്വാധീനങ്ങളെയും കുറിച്ചുള്ള അന്വേഷണത്തിന് വിവിധ വിജ്ഞാനശാഖകൾ രൂപപ്പെട്ടിട്ടുണ്ട്. ചരിത്രം, ഭൂമിശാസ്ത്രം, സാമ്പത്തികശാസ്ത്രം, രാഷ്ട്രതന്ത്ര ശാസ്ത്രം, നരവംശശാസ്ത്രം, മനശ്ശാസ്ത്രം മുതലായവ വിവിധ സാമൂഹ്യശാസ്ത്ര ശാഖകളാണ്. താഴെ പറയുന്ന പട്ടിക വിശകലനം ചെയ്ത് ബന്ധപ്പെട്ട സാമൂഹ്യശാസ്ത്രശാഖയുടെ പേര് കണ്ടെത്താൻ ശ്രമിക്കൂ.

| | |
|---|---|
| സാമ്പത്തികവ്യവഹാരത്തെക്കുറിച്ചുള്ള പഠനം | ........................................ |
| കഴിഞ്ഞകാലത്തെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചുമുള്ള അന്വേഷണം | ........................................ |
| രാഷ്ട്രത്തെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചുമുള്ള പഠനം | ........................................ |
| മനുഷ്യ ഉത്ഭവത്തെക്കുറിച്ചും വംശീയ പരിണാമത്തെക്കുറിച്ചുമുള്ള പഠനം | ........................................ |
| മനുഷ്യമനസ്സിനെക്കുറിച്ചും മാനസികാവസ്ഥകളെക്കുറിച്ചുമുള്ള പഠനം | ........................................ |

നിങ്ങൾ തിരിച്ചറിഞ്ഞ ഓരോ വിജ്ഞാനശാഖയും സമൂഹത്തിലെ ഏതെങ്കിലും പ്രത്യേക മേഖലയാണ് പഠനവിധേയമാക്കുന്നത്. എന്നാൽ ഇവയിൽ നിന്ന് വ്യത്യസ്തമായി മനുഷ്യനും സാമൂഹികചുറ്റുപാടും തമ്മിലുള്ള ബന്ധം സമഗ്രമായി പഠനവിധേയമാക്കുന്ന വിഷയമേഖലയാണ് സമൂഹശാസ്ത്രം.



വിവിധ സാമൂഹ്യശാസ്ത്രശാഖകളുടെ പഠനമേഖലകൾ സംഘചർച്ചയിലൂടെ അവതരിപ്പിക്കാൻ ശ്രമിക്കൂ.

## ആദ്യകാല സമൂഹശാസ്ത്ര ചിന്തകർ



അഗസ്ത് കോംതെ



ഹെർബർട്ട് സ്പെൻസർ

നാം ഫ്രഞ്ച്വിപ്ലവത്തെക്കുറിച്ച് മുൻ അധ്യായങ്ങളിൽ ചർച്ച ചെയ്തല്ലോ. വിപ്ലവാനന്തരം ഫ്രാൻസിലുണ്ടായ സാമൂഹികപ്രശ്നങ്ങളാണ് സമൂഹശാസ്ത്രത്തിന്റെ ഉത്ഭവത്തിലേക്ക് നയിച്ചത്. പത്തൊമ്പതാം നൂറ്റാണ്ട് ചരിത്രത്തിൽ അറിയപ്പെടുന്നത് തന്നെ 'വിപ്ലവയുഗം' എന്ന പേരിലാണ്. സമൂഹശാസ്ത്രത്തിന്റെ ആവിർഭാവത്തിന് വഴിയൊരുക്കിയത് മൂന്ന് വിപ്ലവങ്ങളാണ്.

- ജ്ഞാനോദയം അഥവാ ശാസ്ത്രവിപ്ലവം
- ഫ്രഞ്ച്വിപ്ലവം
- വ്യാവസായികവിപ്ലവം

പത്തൊമ്പതാം നൂറ്റാണ്ടിലെ ഈ വിപ്ലവങ്ങളുടെ പശ്ചാത്തലത്തിൽ പടിഞ്ഞാറൻ യൂറോപ്പിലാണ് സമൂഹശാസ്ത്രം ഉത്ഭവിച്ചത്. ഫ്രഞ്ചുകാരനായ അഗസ്ത് കോംതെ (August Comte) യുടെ ചിന്തകളാണ് സമൂഹശാസ്ത്രപഠനത്തിന് അടിത്തറപാകിയത്. ഇതിനുവേണ്ടി രൂപപ്പെടുത്തിയ വിജ്ഞാനമേഖലയെ ആദ്യം സാമൂഹികഭൗതികശാസ്ത്രമെന്നും (Social Physics) പിന്നീട് സമൂഹശാസ്ത്രം (സോഷ്യോളജി) എന്നും അദ്ദേഹം വിളിച്ചു. അതുകൊണ്ടാണ് അഗസ്ത് കോംതെയെ സമൂഹശാസ്ത്രത്തിന്റെ (Sociology) പിതാവായി കണക്കാക്കുന്നത്.

ചാൾസ് ഡാർവിന്റെ പരിണാമസിദ്ധാന്തതത്ത്വങ്ങൾ സമൂഹപഠനത്തിന് പ്രയോജനപ്പെടുത്തിയ ചിന്തകനാണ് ഹെർബർട്ട് സ്പെൻസർ. ജീവശാസ്ത്രപരമായ പരിണാമം പോലെ തന്നെ മനുഷ്യസമൂഹവും വ്യത്യസ്ത ഘട്ടങ്ങളിലൂടെ പരിണമിച്ചാണ് ഇന്നത്തെ അവസ്ഥയിലെത്തിച്ചേർന്നതെന്ന് അദ്ദേഹം വ്യക്തമാക്കി. കാൾമാക്സ്, എമൈൽ ദുർഖിം, മാക്സ് വെബർ മുതലായ നിരവധി ചിന്തകർ സമൂഹശാസ്ത്രത്തിന്റെ വികാസത്തിന് പ്രധാന സംഭാവനകൾ നൽകിയവരാണ്.

## സമൂഹശാസ്ത്രം ഇന്ത്യയിൽ

ആദ്യകാല സമൂഹശാസ്ത്രജ്ഞരുടെ ശ്രമങ്ങളിൽനിന്നാണ് സമൂഹശാസ്ത്രം പല ദേശങ്ങളിലും എത്തുന്നത്. ഇന്ത്യയിൽ ഇരുപതാം നൂറ്റാണ്ടിന്റെ


ജി.എസ്. ഘുര്യേ എം.എൻ.ശ്രീനിവാസ് ഡി.പി. മുഖർജി

തുടക്കത്തിൽത്തന്നെ സമൂഹശാസ്ത്ര പഠനം ആരംഭിച്ചു. ബോംബെ സർവകലാശാലയിലാണ് ആദ്യത്തെ സമൂഹശാസ്ത്ര പഠനവകുപ്പ് ആരംഭിക്കുന്നത്. ജി.എസ്. ഘുര്യേ, എ.ആർ. ദേശായി, എസ്.സി. ദുബേ, എം. എൻ. ശ്രീനിവാസ്, ഡി.പി. മുഖർജി തുടങ്ങിയവർ ഇന്ത്യയിലെ സമൂഹശാസ്ത്രപഠനത്തിന് പ്രധാന സംഭാവനകൾ നൽകിയവരാണ്.

## സമൂഹശാസ്ത്രം എന്ത്?

**മനുഷ്യജീവിതത്തിന്റെ സാമൂഹികവശങ്ങളെക്കുറിച്ച് നടത്തുന്ന ശാസ്ത്രീയ പഠനമാണ് സമൂഹശാസ്ത്രം.**

മുകളിൽ നൽകിയിരിക്കുന്ന സമൂഹശാസ്ത്രത്തിന്റെ നിർവചനത്തിൽനിന്ന് എന്തെല്ലാം കാര്യങ്ങളാണ് വ്യക്തമാകുന്നത്?

- സമൂഹശാസ്ത്രം മനുഷ്യജീവിതത്തെക്കുറിച്ച് പഠിക്കുന്നു.
- 
- 

മനുഷ്യനും അവന്റെ ചുറ്റുപാടും തമ്മിലുള്ള പരസ്പരബന്ധങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയപഠനമാണ് സമൂഹശാസ്ത്രം. അതുകൊണ്ടാണ് സമൂഹത്തെക്കുറിച്ചുള്ള സമഗ്രമായ പഠനമായി സമൂഹശാസ്ത്രത്തെ കണക്കാക്കുന്നത്.

## സമൂഹശാസ്ത്രപഠനം എന്തിന്?

- സമൂഹത്തെക്കുറിച്ചുള്ള ശരിയായ ധാരണ രൂപീകരിക്കാൻ സഹായിക്കുന്നു.
- സ്വന്തം സമൂഹത്തെയും മറ്റുള്ളവരുടെ സമൂഹത്തെയും വസ്തുനിഷ്ഠമായറിയാൻ സഹായിക്കുന്നു.
- വ്യക്തിയും സാമൂഹികസ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം തിരിച്ചറിയാൻ സഹായിക്കുന്നു.
- സാമൂഹികപ്രശ്നങ്ങളെക്കുറിച്ച് സൂക്ഷ്മമായി പഠിക്കുന്നു.
- സാമൂഹികപ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ കണ്ടെത്താൻ സഹായിക്കുന്നു.
- സാമൂഹികാസൂത്രണത്തിനും വികസനത്തിനും പ്രയോജനപ്പെടുന്നു.
- പിന്നാക്കവിഭാഗങ്ങൾ, ചൂഷിതർ, വിവേചനത്തിനും പീഡനത്തിനും വിധേയരാവുന്നവർ എന്നിവരെക്കുറിച്ചുള്ള പഠനങ്ങൾ സാമൂഹികക്ഷേമ പ്രവർത്തനങ്ങൾക്ക് മാർഗദർശനമായിത്തീരുന്നു.

**സമൂഹശാസ്ത്രപഠനത്തിന്റെ പ്രാധാന്യം ചർച്ചചെയ്യുക.**



## സമൂഹശാസ്ത്രത്തിലെ പഠനമേഖലകൾ

സമൂഹശാസ്ത്രത്തിന്റെ വ്യാപ്തി വളരെയധികം വിപുലമാണ്. വ്യക്തികളും സംഭവങ്ങളും തമ്മിലുള്ള പരസ്പരബന്ധത്തിന്റെ വിശകലനത്തിനു മാത്രമല്ല, ദേശീയപ്രശ്നങ്ങളായ തൊഴിലില്ലായ്മ, ജാതിസംഘർഷം, ഗ്രാമീണരുടെ പ്രശ്നങ്ങൾ, ദാരിദ്ര്യം എന്നിവയെ കേന്ദ്രീകരിച്ചുള്ള പഠനങ്ങളും സമൂഹശാസ്ത്രത്തിന്റെ ഭാഗമാണ്. ഇത്തരത്തിൽ സമൂഹശാസ്ത്രം വിശകലനവിധേയമാക്കുന്ന പ്രധാന മേഖലകൾ താഴെ പറയുന്നവയാണ്.

- സാമൂഹികസ്ഥാപനങ്ങൾ
- സാമൂഹികസംഘങ്ങൾ
- സാമൂഹികബന്ധങ്ങൾ
- സാമൂഹീകരണം
- സാമൂഹികനിയന്ത്രണം
- സമുദായങ്ങൾ
- സാമൂഹികമാറ്റം
- സാമൂഹികപ്രശ്നങ്ങൾ
-
-

ഇത്തരം ആശയമേഖലകളെക്കുറിച്ചുള്ള ശാസ്ത്രീയ അന്വേഷണമാണ് സമൂഹശാസ്ത്രത്തിന്റെ പഠനപരിധിയിൽ വരുന്നത്.

## സമൂഹശാസ്ത്രത്തിലെ പഠനരീതികൾ

വിദ്യാഭ്യാസപരവും പ്രായോഗികവുമായ ആവശ്യങ്ങൾ മുൻനിർത്തി ഇന്ന് ലോകമെങ്ങും സമൂഹശാസ്ത്രപഠനങ്ങൾ നടന്നുവരുന്നു. ഇത്തരം പഠനങ്ങൾക്കായി സമൂഹശാസ്ത്രം വ്യത്യസ്തമായ പഠനരീതികൾ ഉപയോഗിക്കാറുണ്ട്. അവയിൽ ചിലത് പരിശോധിക്കാം.

### സോഷ്യൽ സർവേ

നിങ്ങൾ സെൻസസിനെക്കുറിച്ച് കേട്ടിട്ടുണ്ടല്ലോ.

ഇന്ത്യയിൽ എത്ര വർഷം കൂടുമ്പോഴാണ് സെൻസസ് നടത്തുന്നത്? സെൻസസിന്റെ പ്രത്യേകതകൾ എന്തൊക്കെയാണ്?

രാജ്യത്തെ മൊത്തം ജനങ്ങളെക്കുറിച്ചുള്ള വിവരം ശേഖരിക്കുന്ന ഒരിനം സർവെയാണ് സെൻസസ്. സാമൂഹികവിഷയങ്ങൾ പഠിക്കാൻ ഏറ്റവും അനുയോജ്യമായ ഒരു പഠനരീതിയാണ് സർവേ. തിരഞ്ഞെടുത്ത ഒരു സംഘം ജനങ്ങളിൽനിന്ന് ശേഖരിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ പഠനവിഷയത്തെക്കുറിച്ച് സമഗ്രമായ കാഴ്ചപ്പാട് രൂപീകരിക്കാൻ സർവേ

സഹായിക്കുന്നു. വലിയ ഒരു വിഭാഗം ജനങ്ങളിൽ നിന്ന് വിവരം ശേഖരിക്കേണ്ടി വരുന്ന പഠനത്തിലാണ് സർവേ രീതി ഉപയോഗിക്കുന്നത്.

സമൂഹശാസ്ത്രപഠനങ്ങളിൽ പലപ്പോഴും സെൻസസ് പ്രായോഗികമല്ല. കാരണം, പഠനവിധേയമാക്കുന്ന മൊത്തം വ്യക്തികളിൽനിന്ന് വിവരം ശേഖരിക്കാറില്ല. അവരിൽനിന്നു തിരഞ്ഞെടുക്കുന്ന നിശ്ചിത എണ്ണം ആളുകളിൽനിന്നാണ് വിവരശേഖരണം നടത്തുന്നത്. ഇത്തരം പഠനങ്ങളെ **സാമ്പിൾ സർവേ** എന്നു പറയുന്നു.

സർവേയിൽ വിവരം ശേഖരിക്കാൻ പല മാർഗങ്ങൾ ഉപയോഗിക്കാറുണ്ട്. സോഷ്യൽ മീഡിയയിലൂടെയും ടെലിഫോണിലൂടെയും പലതരത്തിലുള്ള സർവേകൾ നടത്തുന്നത് നിങ്ങൾ കാണാറില്ലേ. എന്നാൽ സാമൂഹിക സർവേയിൽ വിവരങ്ങൾ ശേഖരിക്കാൻ സാധാരണയായി മുൻകൂട്ടി തയാറാക്കിയ ചോദ്യാവലികൾ ഉപയോഗിക്കാറുണ്ട്.

വിവരശേഖരണത്തിനായി ഗവേഷകർ ഉപയോഗിക്കുന്ന ചോദ്യങ്ങളുടെ പട്ടികയാണ് **ചോദ്യാവലി**. ചോദ്യാവലി പ്രതികർത്താക്കൾക്ക് നൽകിക്കൊണ്ടാണ് വിവരശേഖരണം നടത്തുന്നത്. പഠനവിധേയമാക്കുന്ന സംഘത്തെയാണ് പ്രതികർത്താക്കൾ എന്നു പറയുന്നത്. പ്രതികർത്താക്കൾ പൂരിപ്പിച്ച് നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് പഠനം നടത്തുന്നത്.

**നിങ്ങളുടെ സ്കൂളിലെ വിദ്യാർഥികളുടെ വായനശീലത്തെക്കുറിച്ച് ഒരു സർവേ നടത്തണമെന്നിരിക്കട്ടെ. അതിനുള്ള ചോദ്യാവലിയിൽ എന്തെല്ലാം ഉൾപ്പെടുത്താം? ഏത് വിവരമാണ് ശേഖരിക്കേണ്ടതെന്ന് മുൻകൂട്ടി തീരുമാനിക്കണം. താഴെപ്പറയുന്ന വിവരങ്ങൾ ശേഖരിക്കാവുന്നതാണ്.**

- **പൊതുവെ വായനശീലമുള്ളവർ എത്ര ശതമാനം?**
- **പൊതുവെ വായിക്കപ്പെടുന്ന ഗ്രന്ഥങ്ങളും മാസികകളും.**
- **ദിനപത്രവായനയ്ക്ക് ചെലവാക്കുന്ന ശരാശരി സമയം എത്ര?**
- **പുസ്തകവായനയ്ക്ക് ആഴ്ചയിൽ എത്രസമയം ചെലവഴിക്കുന്നു?**
- **പ്രായവിഭാഗമനുസരിച്ചുള്ള വായന.**

**മേൽപ്പറഞ്ഞ വിവരങ്ങൾ ലഭിക്കാൻ സഹായിക്കുന്നവിധം ഒരു ചോദ്യാവലി തയാറാക്കൂ.**



## അഭിമുഖം

വാർത്താമാധ്യമങ്ങളിൽ നടത്തപ്പെടുന്ന അഭിമുഖങ്ങൾ ശ്രദ്ധിക്കാറില്ലേ. സമൂഹശാസ്ത്രത്തിൽ വിവരശേഖരണത്തിന് ഉപയോഗിക്കുന്ന പ്രധാനപ്പെട്ട ഒരു രീതിയാണ് അഭിമുഖം. വാമൊഴിയായി വിവരം ശേഖരിക്കുന്ന ഒരു രീതിയാണിത്. ഗവേഷകനും പ്രതികർത്താവും തമ്മിലുള്ള സംഭാഷണമാണ് അഭിമുഖം. വ്യക്തികളുടെ മനോഭാവം, കാഴ്ചപ്പാട്, വിശ്വാസം, ജീവിതചര്യ തുടങ്ങിയ കാര്യങ്ങൾ സൂക്ഷ്മതലങ്ങളിൽ അറിയുന്നതിനും വിശകലനം നടത്തു



ന്നതിനും ഉപയോഗിക്കുന്ന പഠനരീതിയാണ് അഭിമുഖം. അഭിമുഖത്തിൽ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്:

- ആവശ്യമായ വ്യക്തികളെ കണ്ടെത്തൽ.
- ശേഖരിക്കേണ്ട വിവരങ്ങളെക്കുറിച്ചു ധാരണ രൂപീകരിക്കൽ.
- ഉചിതമായ ചോദ്യങ്ങൾ ഒരുക്കൽ.
- ഫലവത്തായ രീതിയിലുള്ള ആശയവിനിമയം.
- സമയക്രമീകരണം
- ലഭിച്ച വിവരങ്ങൾ ക്രമപ്പെടുത്തലും റിപ്പോർട്ട് തയാറാക്കലും.

അഭിമുഖവും ചോദ്യാവലിയും തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്. അവ പരിശോധിക്കാം.

| അഭിമുഖം | ചോദ്യാവലി |
|---|---|
| • വിവരങ്ങൾ വാമൊഴിയായി ശേഖരിക്കുന്നു. | • വിവരങ്ങൾ രേഖപ്പെടുത്തി നൽകുന്നു. |
| • ഗവേഷകൻ വിവരങ്ങൾ രേഖപ്പെടുത്തുന്നു. | • പ്രതികർത്താക്കൾ വിവരങ്ങൾ രേഖപ്പെടുത്തുന്നു. |
| • | • |
| • | • |

## നിരീക്ഷണം

എല്ലാ ശാസ്ത്രഗവേഷണ രീതികളിലുമെന്നപോലെ സമൂഹശാസ്ത്രപഠനത്തിലെ അടിസ്ഥാനപരമായ രീതിയാണ് നിരീക്ഷണം. അഭിമുഖം പോലുള്ള രീതികൾ പ്രായോഗികമല്ലാത്ത സന്ദർഭങ്ങളിലും മറ്റും നിരീക്ഷണരീതിക്ക് ഉയർന്ന സാധ്യതയുണ്ട്. കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്യുന്ന കാര്യങ്ങൾ സത്യസന്ധമായി രേഖപ്പെടുത്തുന്ന രീതിയാണ് നിരീക്ഷണം. നേരിട്ട് ശേഖരിക്കുന്ന ഇത്തരം വിവരങ്ങൾ കൃത്യമായ വിലയിരുത്തലിന് സഹായിക്കുന്നു. നിരീക്ഷണം രണ്ടു തരത്തിലുണ്ട്.

1. പങ്കാളിത്തനിരീക്ഷണം
2. പങ്കാളിത്തരഹിതനിരീക്ഷണം

നിരീക്ഷകൻ പഠനമേഖലയിൽനിന്നു നേരിട്ട് വിവരം ശേഖരിക്കുന്ന രീതിയാണ് പങ്കാളിത്തനിരീക്ഷണം. സമൂഹശാസ്ത്രത്തിൽ വളരെ പ്രചാരത്തിലുള്ള ഒരു

രീതിയാണിത്. സമൂഹശാസ്ത്രജ്ഞൻ പഠനവിധേയമാക്കുന്ന സംഘത്തിൽ താമസിച്ച് അവരുടെ ജീവിതത്തെക്കുറിച്ച് നേരിട്ട് മനസ്സിലാക്കുന്ന രീതിയാണ് പങ്കാളിത്തനിരീക്ഷണം. ഇതിനായി ഗവേഷകൻ അവരുടെ ഭാഷ, സംസ്കാരം എന്നിവ പഠിക്കുകയും അവരുടെ ദൈനംദിന ജീവിതത്തിൽ പങ്കാളിയാവുകയും ചെയ്യുന്നു. ഇതുവഴി പ്രകടമല്ലാത്ത പെരുമാറ്റരീതികൾ വരെ പഠനവിധേയമാക്കാൻ കഴിയുന്നു. പങ്കാളിത്തനിരീക്ഷണത്തെ ഫീൽഡ് വർക്ക് എന്നും വിളിക്കാറുണ്ട്. ആദിമസമൂഹങ്ങളെക്കുറിച്ചുള്ള പഠനത്തിനായി നരവംശശാസ്ത്രമാണ് (Anthropology) ഈ രീതി ഏറെ ഉപയോഗിച്ചിരുന്നത്.

പങ്കാളിത്തരഹിത നിരീക്ഷണത്തിൽ സമൂഹശാസ്ത്രജ്ഞൻ പഠനസംഘത്തിൽ താമസിച്ച് പഠനം നടത്തുന്നില്ല. പകരം പുറത്തുനിന്ന് നിരീക്ഷണം നടത്തുകയാണ് ചെയ്യുന്നത്.

നിങ്ങളുടെ പ്രദേശത്തുള്ള ഒരു സാമ്പത്തികസ്ഥാപനം (ഉദാ: ബാങ്ക്, ഫാക്ടറി, മാർക്കറ്റ്) സന്ദർശിച്ച് നിരീക്ഷണത്തിലൂടെ അവയുടെ പ്രവർത്തനം രേഖപ്പെടുത്തുക.



## കേസ് സ്റ്റഡി

അപൂർവവും വേറിട്ടതുമായ സാമൂഹികപ്രതിഭാസങ്ങളെക്കുറിച്ചും പ്രശ്നങ്ങളെക്കുറിച്ചും ആഴത്തിൽ പഠിക്കാനാണ് കേസ് സ്റ്റഡി പ്രയോജനപ്പെടുത്തുന്നത്. ഇത്തരം പഠനങ്ങൾ സൂക്ഷ്മവും സമഗ്രവുമായിരിക്കും. ഈ പഠനരീതി ഉപയോഗിച്ച് പഠനവിധേയമാക്കുന്ന വിഷയത്തെ കേസ് എന്നു പറയുന്നു. കേസിനെക്കുറിച്ചുള്ള വിശദമായ പഠനമാണ് കേസ് സ്റ്റഡി. സമൂഹശാസ്ത്രം വിവരശേഖരണത്തിന് കേസ് സ്റ്റഡിയും ഉപയോഗിക്കാറുണ്ട്.

സമൂഹശാസ്ത്രത്തിന്റെ വിവിധ പഠനരീതികളുടെ ഉദാഹരണങ്ങൾ ശേഖരിച്ച് പവർപോയിന്റ് പ്രസന്റേഷനായി അവതരിപ്പിക്കുക.

അനുദിനം സങ്കീർണമായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സമൂഹത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് ആഴത്തിലും പരപ്പിലും പഠിക്കാൻ സമൂഹശാസ്ത്രം മേൽപ്പറഞ്ഞ വിവിധ ഗവേഷണരീതികൾ ഉപയോഗിക്കുന്നു.

സമൂഹത്തിന്റെ ദൈനംദിന പ്രക്രിയകളിൽ പ്രായോഗികക്ഷമതയുള്ള ശാസ്ത്രശാഖയായി സമൂഹശാസ്ത്രം വളർന്നിരിക്കുന്നു. ഗവേഷണപഠനങ്ങളിൽ പരിശീലനം സിദ്ധിച്ച സമൂഹശാസ്ത്രജ്ഞരെ ഭരണ - ആസൂത്രണ മേഖലകളിൽ ആവശ്യമായി വരുന്നു. വാണിജ്യം, നഗരാസൂത്രണം, സാമൂഹികക്ഷേമം, പരസ്യം, വാർത്താവിനിമയം, വിദ്യാഭ്യാസപ്രവർത്തനങ്ങൾ തുടങ്ങി ഒട്ടേറെ മേഖലകളിലേക്ക് സമൂഹശാസ്ത്രത്തിന് പ്രയോഗസാധ്യതകളുണ്ട്.

സമൂഹശാസ്ത്രം സാമൂഹികജീവിതത്തെപ്പറ്റി അടിസ്ഥാനപരമായൊരു ധാരണയുണ്ടാക്കാനും അതുവഴി നമ്മുടെ കാഴ്ചപ്പാടിനെ വിശാലമാക്കാനും സഹായിക്കുന്നു.




## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- സർഗരചനയും സമൂഹശാസ്ത്രപഠനവും തമ്മിലുള്ള വ്യത്യാസം കണ്ടെത്തുന്നു.
- സമൂഹശാസ്ത്രപഠനത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു.
- ആദ്യകാലസമൂഹശാസ്ത്രജ്ഞരുടെ സംഭാവനകൾ തിരിച്ചറിയുന്നു.
- സമൂഹശാസ്ത്രത്തിന്റെ സവിശേഷതകൾ മനസ്സിലാക്കാനും നിർവചിക്കാനും കഴിയുന്നു.
- സമൂഹശാസ്ത്രത്തിലെ പഠനരീതികളായ സോഷ്യൽ സർവേ, അഭിമുഖം, നിരീക്ഷണം, കേസ്സ്റ്റഡി എന്നിവയുടെ പ്രയോഗം തിരിച്ചറിയുന്നു.
- സമൂഹശാസ്ത്രത്തിന്റെ പ്രയോഗസാധ്യതകൾ വ്യക്തമാക്കുന്നു.

## വിലയിരുത്താം

- സർഗരചനയും സമൂഹശാസ്ത്ര പഠനവും ഏതെല്ലാം രീതിയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു?
- സമൂഹശാസ്ത്രം എന്ത്? എന്തിന്? ആദ്യകാല സമൂഹശാസ്ത്രചിന്തകർ ആരെല്ലാം?
- സമൂഹശാസ്ത്രത്തിലെ പ്രധാന മേഖലകൾ ഏതെല്ലാം?

- സമൂഹശാസ്ത്രപഠനത്തിന്റെ പ്രയോജനങ്ങൾ ഏവ?
- സമൂഹശാസ്ത്രപഠനരീതികളായ സോഷ്യൽസർവേ സമൂഹത്തെ മനസ്സിലാക്കാൻ എങ്ങനെയെല്ലാം സഹായിക്കുന്നു.
- നിരീക്ഷണവും അഭിമുഖവും തമ്മിലുള്ള വ്യത്യാസങ്ങളെന്ത്?
- നിങ്ങളുടെ സ്കൂളിൽ സഹപാഠികൾ അഭിമുഖീകരിക്കുന്ന യാത്രാപ്രശ്നങ്ങളെക്കുറിച്ച് വിവരം ശേഖരിക്കാൻ പത്ത് ചോദ്യങ്ങളെങ്കിലുമുള്ള ചോദ്യാവലി തയാറാക്കുക.
- സമൂഹശാസ്ത്രത്തിന്റെ പ്രയോഗസാധ്യതകൾ എന്തെല്ലാം?

## തുടർപ്രവർത്തനങ്ങൾ

- വയോജനങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ അവരുമായി അഭിമുഖം നടത്തി റിപ്പോർട്ട് തയാറാക്കുക.
- സമൂഹശാസ്ത്രചിന്തകരുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയാറാക്കുക.


KERALA
N
Kasaragod
KASARAGOD
KARNATAKA
KANNUR
Kannur
WAYANAD
Kalpetta
KOZHIKODE
Kozhikode
MALAPPURAM
Malappuram
TAMIL NADU
PALAKKAD
Palakkad
Thrissur
THRISSUR
ERNAKULAM
Ernakulam
IDUKKI
Painavu
KOTTAYAM
Kottayam
Alappuzha
PATHANAMTHITTA
ALAPPUZHA
Pathanamthitta
KOLLAM
Kollam
THIRUVANANTHAPURAM
Thiruvananthapuram
LEGEND
State Boundary
District Boundary
State Capital
District Headquarters
Map not to Scale

# INDIA

## States and Union Territories



# ASIA MAP




Map not to Scale

# WORLD MAP




Map not to Scale

# ചരിത്രപൈതൃകം സംരക്ഷിക്കൂ...

വൈവിധ്യപൂർണവും സമ്പന്നവുമായ പൈതൃകമാണ് നമ്മുടെ രാജ്യത്തിനുള്ളത്. ഈ പൈതൃകം പേറുന്ന ചരിത്രസ്മാരകങ്ങളും വസ്തുക്കളും സ്ഥലങ്ങളും യഥോചിതം സംരക്ഷിക്കേണ്ടത് നമ്മുടെ ഏവരുടെയും കർത്തവ്യമാണ്. നമ്മുടെ നാടിന്റെ മഹത്തായ ചരിത്ര പാരമ്പര്യത്തെയും ചരിത്ര സ്മാരകങ്ങളെയും വരുംതല മുറയ്ക്കായി കൈമാറേണ്ടത് നമ്മുടെ ഉത്തരവാദിത്തവുമാണ്.

## ചരിത്രപൈതൃക സംരക്ഷണത്തിനായി നമുക്ക് ചെയ്യാവുന്നത്

- പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ചരിത്രസ്മാരകങ്ങളും മ്യൂസിയങ്ങളും സംരക്ഷിതസ്ഥലങ്ങളും സന്ദർശിക്കാവുന്നതാണ്.
- ഇവയുടെ ചിത്രങ്ങളും വിവരങ്ങളും മറ്റു വിശദാംശങ്ങളും ശേഖരിക്കുകയും അവയെക്കുറിച്ച് പ്രദർശനങ്ങളും ചർച്ചകളും സംഘടിപ്പിക്കാവുന്നതുമാണ്.
- പൈതൃക സംരക്ഷണത്തെക്കുറിച്ച് മറ്റുള്ളവരെ ബോധവാൻമാരാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.
- നാടിന്റെ പൈതൃക സംരക്ഷണം സ്കൂളുകൾക്കും ഏറ്റെടുക്കാവുന്നതാണ്. കൂടാതെ നിങ്ങളുടെ സ്കൂളിന്റെയും പ്രദേശത്തിന്റെയും ചരിത്രം രേഖപ്പെടുത്തി സൂക്ഷിക്കാവുന്നതുമാണ്.
- സ്കൂളിൽ ഒരു ചരിത്രപൈതൃക മ്യൂസിയവും സാമൂഹ്യശാസ്ത്രലാബും സജ്ജമാക്കാവുന്നതാണ്.

## ചെയ്യാൻ പാടില്ലാത്തത്

- ചരിത്രസ്മാരകങ്ങളും ഉറവിടങ്ങളും വികൃതമാക്കുകയോ അവയുടെ മേൽ വരയ്ക്കുകയോ എഴുതുകയോ പോസ്റ്റർ പതിക്കുകയോ ചെയ്യാൻ പാടില്ല.
- ചരിത്രസ്മാരകങ്ങളിലും സ്ഥലങ്ങളിലും അതിക്രമിച്ചു കടക്കാനും അധീനപ്പെടുത്താനും ശ്രമിക്കരുത്.
- ചരിത്രവസ്തുക്കളുടെയും സ്മാരകങ്ങളുടെയും സ്ഥലങ്ങളുടെയും നിലനിൽപിന് ദോഷകരമാവുന്ന ഒരു പ്രവൃത്തിയിലും ഏർപ്പെടരുത്.
- ചരിത്രസ്മാരകങ്ങളും സ്ഥലങ്ങളും ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ യഥാസമയം അധികൃതരെ അറിയിക്കേണ്ടതാണ്.

**സമ്പന്നമായ ചരിത്രപൈതൃകം സംരക്ഷിക്കൂ...**
**വരുംതലമുറയ്ക്കായി അവ കൈമാറൂ...**

Printed by the Chairman & Managing Director
**Kerala Books and Publications Society**
(An Undertaking of the Government of Kerala)
Kakkanad, Kochi-682 030



**State Council of Educational Research and Training (SCERT)**
Vidyabhavan, Poojappura, Thiruvananthapuram
Kerala-695 012. Website www.scert.kerala.gov.in
e-mail scertkerala@gmail.com